ബദ്ർ ആഴ്ചപ്പതിപ്പ് "മസീഹ് മൗഊദ് സ്പെഷ്ൽ പതിപ്പ്"


| | വിഷയങ്ങൾ | പേജ് നമ്പർ |
|---|---|---|
| ❁ | പത്രാധിപക്കുറിപ്പും വിഷയവിവരങ്ങളും | 1 |
| ❁ | വിശുദ്ധഖുർആന്റെ ഉപദേശനിർദ്ദേശങ്ങൾ | 2 |
| ❁ | നബി(സ)തിരുമേനിയുടെ ഉപദേശനിർദ്ദേശങ്ങൾ | 3 |
| ❁ | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾ | 4 |
| ❁ | ഖുത്ബ ജുമുഅ 2018 മാർച്ച് 23 | 5 |
| ❁ | മുഹമ്മദ്(സ)ഉം മിർസാ ഗുലാം അഹ്മദും(അ) ജീവചരിത്രത്തിലെ സംഭവങ്ങളുടെ വെളിച്ചത്തിൽ | 11 |
| ❁ | ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹു)യുടെ ദുആ സ്വീകാരത്തിന്റെ വിശ്വാസവർധകസംഭവങ്ങൾ | 16 |
| ❁ | തോതനുസരിച്ച് ചന്ദ കൊടുക്കേണ്ടതിന്റേയും വസിയ്യത്ത് വ്യവസ്ഥിതിയുടേയും പ്രാധാന്യവും അനുഗ്രഹങ്ങളും | 21 |
| ❁ | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം കാലത്തിന്റെ ആവശ്യകതയുടേയും ദൈവസഹായത്തിന്റേയും വെളിച്ചത്തിൽ | 26 |


لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# സത്യസന്ധമായ വാദം എല്ലാ വശത്തൂടെയും തിളങ്ങുന്നു

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തെക്കുറിച്ച് എത്ര ചർച്ച ചെയ്താലും കുറവായിരിക്കും. ഇന്നും ഭൂമിയുടെ വലിയൊരു ഭാഗം, വലിയൊരു സംഘം ആ മഹാത്മാവിനെ വിശ്വസിക്കുന്നതിൽനിന്ന് പിന്തള്ളപ്പെട്ടിരിക്കുകയാണ്. ഇതിൽ നിരാശപ്പെടേണ്ടതായ ഒരു കാര്യവുമില്ല. പ്രമാണങ്ങൾകൊണ്ടും തെളിവുകൾകൊണ്ടും നമ്മൾ മൈതാനം കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. വിജയത്തിന്റെ ഈ മൈതാനം 125 വർഷമായി നമ്മുടെ കൈയിലാണ്; നമ്മുടെ കൈയിൽ എന്നെന്നും ഇരിക്കുകയും ചെയ്യും. അംഗസംഖ്യയുടെ അടിസ്ഥാനത്തിലുള്ള വിജയത്തിന്റെ നാളും വിദൂരമല്ല. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിന്റെ അംഗസംഖ്യാടിസ്ഥാനത്തിലുള്ള വിജയവും പ്രവചിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: 'അല്ലാഹു ഈ ജമാഅത്തിനെ എല്ലാ രാജ്യങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. ന്യായപൂർത്തിയുടേയും പ്രമാണത്തിന്റേയും അടിസ്ഥാനത്തിൽ എല്ലാ രാജ്യങ്ങളുടെമേലും അതിന് വിജയം നല്കുന്നതാണ്.' ന്യായപൂർത്തിയുടേയും തെളിവുകളുടേയും വിജയം ഞാൻ പറഞ്ഞു കഴിഞ്ഞതുപോലെ ഇപ്പോഴും നമുക്ക് കരസ്ഥമായിട്ടുണ്ട്. അംഗസംഖ്യാപരമായ വിജയത്തിന് എപ്പോഴാണ് അത് കരസ്ഥമാകുക എന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രവചിച്ചിട്ടുണ്ട്. അവിടന്ന് പറഞ്ഞു:

"ഇന്നുമുതൽ മൂന്നു നൂറ്റാണ്ട് തികയുന്നതിനു മുമ്പേ ഈസായെ കാത്തിരിക്കുന്നവർ, അവർ മുസ്ലിംകളാവട്ടെ ക്രിസ്ത്യാനികളാവട്ടെ അങ്ങേയറ്റം നിരാശരായി ആ വ്യാജ വിശ്വാസത്തെ കൈവെടിയുന്നതാണ്. ലോകത്ത് ഒരേയൊരു മതവും ഒരേയൊരു നേതാവുമായിരിക്കുമുണ്ടാകുക. ഞാനൊരു ബീജാവാപം ചെയ്യാൻ വന്നിരിക്കുകയാണ്. അത് എന്റെ കൈയാൽ വിതയ്ക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു; ഇനി അതു വളരുകയും, പുഷ്പിക്കുകയും ചെയ്യുന്നതായിരിക്കും. ആർക്കും അത് തടയാൻ കഴിയുകയില്ല." (തദ്കിറത്തുശ്ശഹാദത്തയ്ൻ, റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 67)

1903-ൽ രചിക്കപ്പെട്ട ഗ്രന്ഥമാണ് തദ്കിറത്തുശ്ശഹാദത്തയ്ൻ. ഇന്ന് ആ പ്രവചനത്തിന് 115 വർഷം കഴിഞ്ഞിരിക്കുന്നു. മൂന്ന് നൂറ്റാണ്ടു തികയാൻ 185 വർഷം ബാക്കിയുണ്ട്. 185 വർഷത്തിനുശേഷം മുഴുലോകത്തും അഹ്മദിയ്യാ ജമാഅത്ത് വിജയിച്ചിരിക്കും. അല്ലാഹു ഇച്ഛിച്ചാൽ അതിനെക്കാൾ കുറച്ചുകാലംകൊണ്ട് അഹ്മദിയ്യത്ത് ലോകത്തിനുമേൽ വിജയം വരിക്കുന്നതായിരിക്കും. നമ്മൾ അല്ലാഹുവിൽനിന്ന് പ്രതീക്ഷിക്കുന്നതും ദുആ ചെയ്യുന്നതും അല്ലാഹുവേ! ഇസ്ലാം-അഹ്മദിയ്യത്തിന്റെ വിജയത്തെ ഏറ്റവും അടുത്തുകൊണ്ടുവരേണമേ എന്നാണ്. ആമീൻ.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവുകൾ നിരവധിയാണ്. അതിലേതാണ് ഞങ്ങൾ വിവരിക്കേണ്ടത്? ഏതാണ് വിവരിക്കാതിരിക്കേണ്ടത്? ഏതു വശത്തൂടെ ചിന്തിച്ചാലും, അതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം പ്രകടമാകുന്നു. ഖാദിയാൻ എന്ന നാട്ടിൽനിന്നുയർന്ന ആ സുദരിദ്രവും ദുർബലവുമായ ആ ശബ്ദം ഇന്ന് ലോകത്തിലെ 212 രാഷ്ട്രങ്ങളിൽ വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. ലോകം ഇന്ന് അഹ്മദിയ്യാ ജമാഅത്തിനെ അറിയാൻ തുടങ്ങിയിരിക്കുന്നു. അതിനെ വളരെ ആദരവോടും ബഹുമാനത്തോടുംകൂടി കാണുന്നു. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് വിവിധ രാജ്യങ്ങളിലെ പാർലമെന്റുകളിൽ ഇസ്ലാമിന്റെ അതിമനോഹരവും സമാധാനപ്രദവുമായ അധ്യാപനത്തിന്റെ വെളിച്ചത്തിൽ നിരവധി പ്രഭാഷണങ്ങൾ നടത്തിക്കഴിഞ്ഞിരിക്കുന്നു. ലോകം അദ്ദേഹത്തെ 'സമാധാനത്തിന്റെ അമ്പാസിഡർ' എന്ന നിലയിൽ അറിയാൻ തുടങ്ങിയിരിക്കുന്നു. ഇന്ന് ലോകത്തിന് അദ്ദേഹത്തിന്റെ നേതൃത്വത്തിന്റേയും അദ്ദേഹത്തിന്റെ അധ്യാപനത്തിന്റേയും അദ്ദേഹത്തിന്റെ മാർഗദർശനത്തിന്റേയും ആവശ്യമുണ്ടെന്ന് അംഗീകരിക്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് 2018 ഒക്ടോബറിൽ അമേരിക്കയിലും ഗ്വാട്ടിമാലയിലും സന്ദർശനം നടത്തുകയുണ്ടായി. 2018 ഒക്ടോബർ 21-ന് ഞായറാഴ്ച ഹുദൂർ അയ്യദഹുല്ലാഹ് വാഷിംഗ്ടണിൽനിന്ന് ഹ്യൂസ്റ്റണിലേക്ക് പുറപ്പെട്ടു. 2.35ന് യുണൈറ്റഡ് എയർലൈണിന്റെ വിമാനം UA484 വാഷിംഗ്ടണിലെ Dullas എയർപോർട്ടിൽനിന്ന് ഹ്യൂസ്റ്റണിലെ ജോർജ് ബുഷ് ഇന്റർനാഷണൽ എയർപോർട്ടിലേക്കും പുറപ്പെട്ടു. വിമാനം പറന്നുയർന്ന് അല്പനേരം കഴിഞ്ഞപ്പോൾ പൈലറ്റ് ക്യാബനിൽനിന്ന് ഇങ്ങനെ വിളംബരമുണ്ടായി: 'ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് നമ്മുടെ വിമാനത്തിൽ യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മൾ അദ്ദേഹത്തെ സ്വാഗതം ചെയ്യുന്നു.' ഇപ്രകാരംതന്നെ പറഞ്ഞു: 'ഹുദൂർ സമാധാനത്തിന്റെ ഒരു ആഗോള അമ്പാസിഡറാണ്. (World Ambassador of Peace). ലോകത്ത് മതസ്വാതന്ത്ര്യത്തിനും സഹിഷ്ണുതയ്ക്കും സമാധാനസംസ്ഥാപനത്തിനുവേണ്ടിയുള്ള പരിശ്രമത്തിൽ വ്യാപൃതനാണ്.'

ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തിന്റെ സത്യസാക്ഷ്യത്തെ സംബന്ധിച്ചാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്; അതായത് അവിടത്തെ സത്യസാക്ഷ്യത്തിന്റെ തെളിവുകൾ നിരവധിയുണ്ടെന്ന്. വിശുദ്ധഖുർആനിലും തിരുഹദീഥുകളിലും വിവരിക്കപ്പെട്ടിട്ടുള്ള പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ, ഉമ്മത്തിലെ പൂർവികരായ മഹാത്മാക്കളുടെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെതന്നെ പുലർന്നുകഴിഞ്ഞിട്ടുള്ള പ്രവചനങ്ങളുടേയും അവിടന്ന് മുഖേന വെളിപ്പെട്ടിട്ടുള്ള ദിവ്യദൃഷ്ടാന്തങ്ങളുടേയും അടയാളങ്ങളുടേയും അടിസ്ഥാനത്തിൽ, അദ്ദേഹത്തിനുശേഷം നുബുവ്വത്തിന്റെ സരണിയിലുള്ള ഖിലാഫത്തിന്റെ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിൽ, അവിടത്തെ ഖലീഫമാരുടെ പുലർന്നുകഴിഞ്ഞ പ്രവചനങ്ങളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും അടയാളങ്ങളുടേയും അടിസ്ഥാനത്തിൽ, ജമാഅത്തിന്റെ അഭിവൃദ്ധിയുടേയും വിപുലീകരണത്തിന്റേയും അടിസ്ഥാനത്തിൽ, ജമാഅത്തുപരമായ സംഘടനകളുടെ അടിസ്ഥാനത്തിൽ, പ്രബോധനത്തിന്റേയും പ്രചാരണത്തിന്റേയും അടിസ്ഥാനത്തിൽ, ഏക ഖിലാഫത്തിൽ സംഘടിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, മുബല്ലിഗുമാരുടേയും മുഅല്ലിമുമാരുടേയും ദാഇഈനെ ഇലല്ലായുടേയും അടിസ്ഥാനത്തിൽ, ലോകത്തിലെ അനവധി രാജ്യങ്ങളിൽ ജൽസാസാലാന സംഘടിപ്പിക്കുന്നതിന്റേയും അതിന്റെ വിജയത്തിന്റേയും അതിന്റെ സ്വാധീനങ്ങളുടേയും അടിസ്ഥാനത്തിൽ, ഇസ്ലാമിനുവേണ്ടി തങ്ങളെ സമർപ്പണം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, വാഖ്ഫീനെ നൗഇന്റെ മഹത്തായ സൈന്യം തയ്യാറാക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ, വരിപ്പണം നല്കുന്നതിന്റേയും സാമ്പത്തികത്യാഗം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ, ശത്രുക്കളുടെ നിന്ദ്യതയുടേയും അപമാനത്തിന്റേയും അപചയത്തന്റേയും നാശത്തിന്റേയും അടിസ്ഥാനത്തിലെല്ലാം അവിടത്തെ സത്യസാക്ഷ്യം പകൽവെളിച്ചംപോലെ സ്ഥാപിതമാകുന്നുണ്ട്.

ശത്രുക്കളുടെ നിന്ദ്യതയും അപമാനവും നാശവും സംബന്ധിച്ചുള്ള സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ച് ഈമാൻ വർധക നിർദേശങ്ങൾ അവതരിപ്പിക്കുകയാണ്.

## ഹദ്റത്ത് മസീഹ് മൗഊദ് മരിക്കുമെന്ന് പ്രവചനം ചെയ്ത എല്ലാവരും മരിച്ചൊടുങ്ങി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ചിലർ മസ്ജിദുകളിൽ എന്റെ മരണത്തിനുവേണ്ടി മൂക്ക്തേച്ചുരച്ചുകൊണ്ടിരുന്നു. ചിലർ, മൗലവി ഗുലാം ദസ്തഗീർ ഖസ്വൂരി തന്റെ ഗ്രന്ഥത്തിലും അലീഗഡുകാരൻ മൗലവി ഇസ്മായീൽ തന്റെ ഗ്രന്ഥത്തിലും എന്നെ സംബന്ധിച്ച് താൻ കള്ളവാദിയാണെങ്കിൽ എന്നെക്കാൾ മുമ്പേ മരിക്കുമെന്നും, എനിക്കുമുമ്പേ മരിക്കുകതന്നെ ചെയ്യുമെന്നും ഖണ്ഡിതമായി പറഞ്ഞു. എന്നാൽ, ആ ഗ്രന്ഥങ്ങൾ ലോകത്ത് പ്രസിദ്ധീകരിച്ചുകഴിഞ്ഞപ്പോൾ അതിവേഗം അവർതന്നെ മരിച്ചൊടുങ്ങി. ഇങ്ങനെ അവരുടെ മരണം കള്ളവാദിയാരാണെന്ന് വിധി പറഞ്ഞു; എന്നിട്ടും ഇവർ പാഠം പഠിക്കുന്നില്ല. ലഘോക്കെക്കാരനായ മുഹ്യിദ്ദീൻ ഞാൻ മരിക്കുമെന്നുള്ള തന്റെ പ്രവചനം പ്രസിദ്ധീകരിച്ചു അയാൾ സ്വയം മരിക്കുകയും ചെയ്തത് മഹത്തായൊരു മുഅ്ജിസത്ത് അഥവാ ദിവ്യദൃഷ്ടാന്തമല്ലേ? മൗലവി ഇസ്മായീൽ പ്രസിദ്ധീകരിച്ചു; അയാളും മരിച്ചു. മൗലവി ഗുലാം ദസ്തഗീർ ഒരു ഗ്രന്ഥമെഴുതി താൻ മരിക്കുന്നതിനുമുമ്പേ ഞാൻ മരിക്കുമെന്ന് വലിയ കോളിളക്കമുണ്ടാക്കി പ്രസിദ്ധീകരിച്ചു, അയാൾ മരിച്ചു. പാതിരി ഹമീദുല്ലാഹ് പിശാവരി, എന്റെ മരണത്തെ സംബന്ധിച്ച് 10 മാസത്തിന്റെ കാലാവധി നിശ്ചയിച്ച് പ്രവചനം ചെയ്തു, അയാൾ മരിച്ചു. ലേഖറാം മൂന്നുവർഷത്തിനുള്ളിൽ ഞാൻ മരിക്കുമെന്ന് കാലാവധി നിശ്ചയിച്ച് പറഞ്ഞു, അയാളും മരിച്ചു.' (തുഹ്ഫ ഗോൾഡവിയ്യ, റൂഹാനീഖസാഇൻ, വാള്യം 17, പേജ് 45)

ശേഷം പേജ് 30 ൽ

**അദ്ദേഹം കളവ് പറയുന്ന ആളാണെങ്കിൽ അദ്ദേഹത്തിന്റെ കളവിന്റെ ദോഷഫലം അദ്ദേഹത്തിന് തന്നെയായിരിക്കും. അഥവാ അദ്ദേഹം സത്യം പറയുന്ന ആളാണെങ്കിൽ അദ്ദേഹം നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുന്ന കാര്യങ്ങളിൽ ചിലത് നിങ്ങളെ ബാധിക്കും.**

## വിശുദ്ധഖുർആന്റെ ഉപദേശനിർദ്ദേശങ്ങൾ

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ اَمْنًا يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ هُمُ الْفٰسِقُوْنَ ۝

(النور:56)

"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോടു അവർക്കുമുമ്പേയുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്; എന്നോടു മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ."(24:56)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"അല്ലയോ പ്രിയപ്പെട്ടവരേ! ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തുകാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തിപ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്. അല്ലാഹു തന്റെ പണ്ടുപണ്ടേയുള്ള ആ സുന്നത്തിനെ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭാവ്യമല്ല. അതുകൊണ്ടു ഞാനിപ്പോൾ വിവരിച്ചുപറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാകരുത്. നിങ്ങൾ അസ്വസ്ഥരാകുകയും അരുത്. എന്തുകൊണ്ടെന്നാൽ നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അതു വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. കാരണം അത് എന്നെന്നും നിലനില്ക്കുന്നതാണ്. അതിന്റെ പരമ്പര ഖിയാമത്തുനാൾവരെ മുറിഞ്ഞുപോകുന്നതല്ല. ഞാൻ പോകാത്തിടത്തോളം രണ്ടാം ഖുദ്റത്ത് വരുന്നതല്ല. ഞാൻ പൊയ്ക്കഴിഞ്ഞാൽ അല്ലാഹു രണ്ടാം ഖുദ്റത്തിനെ നിങ്ങളിലേക്ക് അയക്കും. ആ രണ്ടാം ഖുദ്റത്ത് അല്ലാഹു ബറാഹീനെ അഹ്മദിയ്യായിൽ വാഗ്ദത്തം ചെയ്തതുപ്രകാരം എന്നെന്നും നിങ്ങളിലുണ്ടായിരിക്കും." (അൽവസിയ്യത്ത്, റൂഹാനീ ഖസാഇൻ, വാല്യം 20, പേജ് 305)

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْاَقَاوِيْلِ ۝ لَاَخَذْنَا مِنْهُ بِالْيَمِيْنِ ۝ ثُمَّ لَقَطَعْنَا مِنْهُ الْوَتِيْنَ ۝ فَمَا مِنْكُمْ مِّنْ اَحَدٍ عَنْهُ حٰجِزِيْنَ ۝

(الحاقۃ:45تا48)

"അദ്ദേഹം നമ്മുടെമേൽ ചില വാക്കുകൾ കെട്ടിച്ചുമത്തിയിരുന്നെങ്കിൽ നാം അദ്ദേഹത്തെ വലതുകൈകൊണ്ട് പിടിക്കുമായിരുന്നു. എന്നിട്ട്, അദ്ദേഹത്തിന്റെ ജീവനാഡി നാം അറുത്തുകളയുമായിരുന്നു. അപ്പോൾ അതിനെ തടയുന്നവരാരും നിങ്ങളിലുണ്ടായിരിക്കുകയില്ല." (69: 45-48)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"ഈ നബി തന്റെ മേൽ കളവു പറയുകയും ഏതെങ്കിലും കാര്യം കെട്ടിച്ചുമത്തുകയും ചെയ്തിരുന്നുവെങ്കിൽ, താൻ അദ്ദേഹത്തിന്റെ ജീവനാഡി മുറിച്ചുകളയുമായിരുന്നുവെന്നും ഇത്രയും ദീർഘകാലം അദ്ദേഹം ജീവിച്ചിരിക്കുമായിരുന്നില്ലെന്നും മിന്നിത്തിളങ്ങുന്ന ഒരു വാളുപോലെ അല്ലാഹു വിശുദ്ധഖുർആനിൽ കല്പിക്കുന്നു, നമ്മൾ നമ്മുടെ ഈ മസീഹ് മൗഊദിനെ ഈ മാനദണ്ഡംവച്ചു അളന്നുകൊണ്ട് ബറാഹീനെ അഹ്മദിയ്യാ നോക്കുമ്പോൾ, താൻ അല്ലാഹുവിൽനിന്നുള്ള ആളാണെന്നും ദൈവഭാഷണം തനിക്കു ലഭിക്കുന്നുവെന്നുമുള്ള അദ്ദേഹത്തിന്റെ വാദം ഏകദേശം 30 വർഷമായിട്ടുണ്ടെന്ന് സ്ഥാപിതമാകുന്നതാണ്. ബറാഹീനെ അഹ്മദിയ്യാ പ്രസിദ്ധീകരിച്ചിട്ട് 21 വർഷമായി. ഇത്രയുംകാലം ഈ മസീഹ് നാശമടയാതെ സമാധാനത്തോടെയിരിക്കുന്നത് അദ്ദേഹം സത്യവാനാണെന്നതിന് തെളിവല്ലെങ്കിൽ നഊദുബില്ലാഹ് നബി(സ)തിരുമേനിയുടെ 23 വർഷംവരെ മരണത്തിൽനിന്ന് രക്ഷപ്പെട്ടിരുന്നതും സത്യവാനാണെന്നതിന് തെളിവല്ല. കാരണം അല്ലാഹു ഇവിടെ ഒരു വ്യാജ നുബുവ്വത്ത് വാദിക്ക് 30 വർഷംവരെ അവധി നല്കി. لَوْ تَقَوَّلَ عَلَيْنَا എന്ന വാഗ്ദാനം ഗൗനിച്ചതേ ഇല്ല. ഇങ്ങനെ വരുമ്പോൾ നഊദുബില്ലാഹ് കള്ളവാദിയായിരുന്നിട്ടും നബി(സ)തിരുമേനിക്കും അവധി നല്കുകയായിരുന്നുവെന്ന് അനുമാനിക്കേണ്ടിവരും. എന്നാൽ, നബി(സ) തിരുമേനി വ്യാജനാണെന്നത് അസംഭാവ്യമാണ്. അങ്ങനെ കരുതുന്നത് പോലും അസാഭാവ്യമാണ്.

ഈ നിയമം എല്ലാവർക്കും ബാധകമാണെന്ന് അംഗീകരിക്കുമ്പോഴാണ് ഖുർആനികമായ ഈ തെളിവ് സത്യമാകുന്നതെന്ന് പ്രകടമാണ്. അതായത്, സൃഷ്ടികളെ വഴിപിഴപ്പിക്കുന്നതിന്, ദൈവത്തിൽനിന്നുള്ളവനാണെന്ന് വാദിക്കുന്ന കറ്റുകെട്ടുകാരന് അല്ലാഹു ഒരിക്കലും അവധികൊടുക്കുകയില്ലെന്ന്. കാരണം അങ്ങനെയായാൽ അവന്റ രാജാധിപത്യന്ന് തകരാറുകൾ പറ്റുന്നതായിരിക്കും. സത്യവാനും അസത്യവാനും തമ്മിലുള്ള വ്യത്യാസം പിന്നെ അവശേഷിക്കുകയില്ല." (ഉമീമ തുഹ്ഫയെ ഗോൾഡവിയ, റൂഹാനീഖസാഇൻ, വാല്യം 17, പേജ് 42)

وَقَالَ رَجُلٌ مُّؤْمِنٌ مِّنْ اٰلِ فِرْعَوْنَ يَكْتُمُ اِيْمَانَهٗٓ اَتَقْتُلُوْنَ رَجُلًا اَنْ يَّقُوْلَ رَبِّيَ اللّٰهُ وَقَدْ جَآءَكُمْ بِالْبَيِّنٰتِ مِنْ رَّبِّكُمْ وَاِنْ يَّكُ كَاذِبًا فَعَلَيْهِ كَذِبُهٗ وَاِنْ يَّكُ صَادِقًا يُّصِبْكُمْ بَعْضُ الَّذِيْ يَعِدُكُمْ اِنَّ اللّٰهَ لَا يَهْدِيْ مَنْ هُوَ مُسْرِفٌ كَذَّابٌ ۝ (المؤمن:29)

ഫിർഔനിന്റെ കുടുംബത്തിൽപെട്ട, തന്റെ വിശ്വാസം മറച്ചുവെക്കുകയായിരുന്ന വിശ്വാസിയായ ഒരാൾ പറഞ്ഞു: എന്റെ നാഥൻ അല്ലാഹു ആണെന്ന് പറഞ്ഞതു നിമിത്തം നിങ്ങൾ ഒരാളെ കൊല്ലുകയാണോ? അദ്ദേഹം നിങ്ങളുടെ നാഥനിൽനിന്ന് സ്പഷ്ടമായ തെളിവുകൾ നിങ്ങൾക്ക് കൊണ്ടുവന്നിരിക്കുകയാണല്ലോ. അദ്ദേഹം കളവ് പറയുന്ന ആളാണെങ്കിൽ അദ്ദേഹത്തിന്റെ കളവിന്റെ ദോഷഫലം അദ്ദേഹത്തിന് തന്നെയായിരിക്കും. അഥവാ അദ്ദേഹം സത്യം പറയുന്ന ആളാണെങ്കിൽ അദ്ദേഹം നിങ്ങൾക്ക് മുന്നറിയിപ്പ് നല്കുന്ന കാര്യങ്ങളിൽ ചിലത് നിങ്ങളെ ബാധിക്കും. തീർച്ചയായും അല്ലാഹു അതിരുകടന്ന് പ്രവർത്തിക്കുന്നവനേയും വളരെയേറെ കള്ളം പറയുന്നവനേയും വിജയമാർഗത്തിൽ നയിക്കുകയില്ല." (40:29)

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:**

"അല്ലാഹുവിന്റെ സാത്വികരായ ആളുകൾക്കും അവൻ നിയോഗിക്കുന്നവർക്കുമെതിരിൽ അവരെ ദുർബലരാക്കാൻ എല്ലാത്തരം ശ്രമങ്ങളും നടത്തപ്പെടുന്നു. അത്തരം സന്ദർഭങ്ങളിൽ وَاِنْ يَّكُ صَادِقًا يُّصِبْكُمْ بَعْضُ الَّذِيْ يَعِدُكُمْ എന്നു പറയുന്ന ചില മാന്യപ്രകൃതക്കാരും സൗഭാഗ്യരുമായ ആളുകളും ഉണ്ടാകാറുണ്ട്. സത്യവാന്മാരുടെ സത്യസന്ധതതന്നെ അവർക്ക് വമ്പിച്ച പ്രമാണവും തെളിവുമാകുന്നു. അസത്യവാന്റെ അസത്യംതന്നെ അവനെ നശിപ്പിക്കുന്നു. അതുകൊണ്ട് അവന്റെ എതിരാളികൾ കുറഞ്ഞപക്ഷം അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ സത്യവാനെ തിരിച്ചറിയുന്നതിന് ഈ ഒരു വഴി വെച്ചിരിക്കുകയാണെന്ന് ചിന്തിക്കേണ്ടതാണ്. എന്നാൽ, അഹോ കഷ്ടം! ഇക്കൂട്ടർ വിശുദ്ധഖുർആൻ ഓതുന്നുണ്ട്, പക്ഷേ, തൊണ്ടക്കുഴിക്ക് താഴത്ത് അതിറങ്ങുന്നില്ല." (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 3, തഫ്സീർ സൂറത്തുൽമുഅ്മിൻ, പേജ് 199)

.......☆.......☆.......☆.......

**നബി(സ)തിരുമേനി പറഞ്ഞു:** "ഹറാമിൽനിന്നാണോ ഹലാലിൽനിന്നാണോ താൻ സമ്പാദിക്കുന്നത് എന്നതിന് ഒരു പരിഗണനയും കൊടുക്കാത്ത കാലം ജനങ്ങൾക്ക് വരാനിരിക്കുന്നു. " **(ബുഖാരി,നസാഈ)**

# നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ ഈസബ്നുമർയമിനെ കാണും; ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായിട്ട്! അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും

## നബി(സ)തിരുമേനിയുടെ ഉപദേശനിർദ്ദേശങ്ങൾ

۞ يُوْشِكُ مَنْ عَاشَ مِنْكُمْ اَنْ يَّلْقٰى عِيْسَى بْنَ مَرْيَمَ اِمَامًا مَهْدِيًّا حَكَمًا عَدْلًا يَكْسِرُ الصَّلِيْبَ وَيَقْتُلُ الْخِنْزِيْرَ (مسند احمد، جلد2، صفحہ156)

"നിങ്ങളിൽ ജീവിച്ചിരിക്കുന്നവർ (ഇൻശാഅല്ലാഹ്) ഈസബ്നുമർയമിനെ കാണും. ഇമാം മഹ്ദിയും നീതിമാനായ വിധികർത്താവുമായിട്ട്. അദ്ദേഹം കുരിശിനെ മുറിക്കുകയും പന്നിയെ കൊല്ലുകയും ചെയ്യും." (മുസ്നദ് അഹ്മദ്, വാല്യം 2, പേജ് 156)

۞ عَنْ اَبِيْ هُرَيْرَةَ رَضِيَ اللّٰهُ عَنْهُ عَنِ النَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَالَ : لَا تَقُوْمُ السَّاعَةُ حَتّٰى يَنْزِلَ عِيْسَى بْنُ مَرْيَمَ حَكَمًا مُقْسِطًا وَاِمَامًا عَدْلًا فَيَكْسِرُ الصَّلِيْبَ وَيَقْتُلُ الْخِنْزِيْرَ وَيَضَعُ الْجِزْيَةَ وَيَفِيْضُ الْمَالَ حَتّٰى لَا يَقْبَلَهٗ اَحَدٌ۔

(سنن ابن ماجہ، کتاب الفتن ، باب فتنۃ الدجال وخروج عیسی بن مریم وخروج یاجوج وماجوج)

ഹദ്റത്ത് അബൂഹുറയ്(റ)വിവരിക്കുന്നു: നബി(സ) തിരുമേനി പറഞ്ഞു, 'നീതിമാനായ വിധികർത്താവായി ഈസബ്നുമർയം വരാത്തിടത്തോളം ഖിയാമത്തു വരികയില്ല. (അദ്ദേഹം നിയമിതനാകുമ്പോൾ) അദ്ദേഹം കുരിശിനെ മുറിക്കും. പന്നിയെ കൊല്ലും. ജിസ്‌യ സമ്പ്രദായം നിറുത്തൽ ചെയ്യും. അദ്ദേഹം ധനം വിതരണം ചെയ്യും; പക്ഷേ, ജനങ്ങൾ സ്വീകരിക്കാൻ തയ്യാറാകുകയില്ല. (സുനൻ ഇബ്നുമാജ, കിതാബുൽഫിത്ൻ, ബാബുഫിത്നത്തുദജ്ജാൽ ഖുറൂജ് ഈസബ്നുമർയം വ ഖുറൂജ് യഅ്ജൂജ് വ മഅ്ജൂജ്)

۞ عَنْ حُذَيْفَةَ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : تَكُوْنُ النُّبُوَّةُ فِيْكُمْ مَا شَاءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنْهَاجِ النُّبُوَّةِ مَا شَاءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ مُلْكًا عَاضًّا فَتَكُوْنُ مَا شَاءَ اللّٰهُ اَنْ تَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ مُلْكًا جَبْرِيَّةً فَيَكُوْنُ مَا شَاءَ اللّٰهُ اَنْ يَكُوْنَ ثُمَّ يَرْفَعُهَا اللّٰهُ تَعَالٰى ثُمَّ تَكُوْنُ خِلَافَةٌ عَلٰى مِنْهَاجِ النُّبُوَّةِ ثُمَّ سَكَتَ (مسند احمد، جلد4، صفحہ273، مشکوۃ باب الانذار والتحذیر، حدیقۃ الصالحین، صفحہ928)

ഹദ്റത്ത് ഖുദയ്ഫ(റ) വിവരിക്കുന്നു: നബി(സ) തിരുമേനി പറഞ്ഞു, "നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നതുവരെ നുബുവ്വത്ത് അഥവാ പ്രവാചകത്വം നിലനില്ക്കുന്നതാണ്. പിന്നീട് അവൻ ഇച്ഛിക്കുമ്പോൾ അതിനെ എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാകും. അവൻ ഇച്ഛിക്കുന്നതുവരെ അത് നിലനില്ക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുവോളം അത് നിലനില്ക്കും. അതിനുശേഷം അതെടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുവോളം അത് നിലനില്ക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും. അതിനുശേഷം നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. ഇതിനുശേഷം നബി(സ) തിരുമേനി മൗനംപാലിച്ചു." (മുസ്നദ് അഹ്മദ്, വാല്യം 4, പേജ് 273, മിശ്ക്കാത്ത് ബാബ് അൻ അൻദാർ വത്തഹ്ദീർ, ഹദീഖത്തുസ്സ്വാലിഹീൻ, പേജ് 928)

۞ عَنْ حُذَيْفَةَ بْنِ يَمَانٍ قَالَ : قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : اِذَا مَضَتْ اَلْفٌ وَ مِائَتَانِ وَاَرْبَعُوْنَ سَنَةً يَبْعَثُ اللّٰهُ الْمَهْدِيَّ (النجم الثاقب، جلد2، صفحہ209)

ഹദ്റത്ത് ഹുദയ്ഫ(റ) വിവരിക്കുന്നു: നബി(സ) തിരുമേനി പറഞ്ഞു, "1240 വർഷം കഴിഞ്ഞാൽ അല്ലാഹു മഹ്ദിയെ നിയോഗിക്കുന്നതായിരിക്കും." (അന്നജമുഥ്ഥാഖിബ്, വാല്യം 2, പേജ് 209)

.......☆.......☆.......☆.......

۞ عَنْ اَبِيْ هُرَيْرَةَ رَضِيَ اللّٰهُ عَنْهُ قَالَ : قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : كَيْفَ اَنْتُمْ اِذَا نَزَلَ ابْنُ مَرْيَمَ فِيْكُمْ وَاِمَامُكُمْ مِنْكُمْ وَفِيْ رِوَايَةٍ فَاَمَّكُمْ مِنْكُمْ

(بخاری، کتاب الانبیاء، باب نزول عیسی ابن مریم)(حدیقۃ الصالحین، صفحہ898)

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: നബി(സ)തിരുമേനി പറഞ്ഞു, നിങ്ങളിൽനിന്ന് നിങ്ങൾക്ക് ഇമാമായി ഇബ്നുമർയം നിങ്ങളിൽ ഇറങ്ങുമ്പോൾ നിങ്ങളുടെ സ്ഥിതി എത്രമേൽ നന്നായിരിക്കുകയില്ല. മറ്റൊരു രിവായത്തിൽ നിങ്ങളിൽ നിന്നായ കാരണത്താൽ അദ്ദേഹം നിങ്ങളുടെ ഇമാമത്തിന്റെ നിർബന്ധകടമകൾ നിർവഹിക്കുന്നതായിരിക്കും എന്നുമുണ്ട്. (ബുഖാരി, കിതാബുൽ അമ്പിയാഅ് ബാബു നുസൂലു ഇസബ്നുമർയം, ഹദീഖത്തു സ്വാലിഹീൻ ഹദീഥ് 898)

۞ عَنْ نَافِعٍ قَالَ : ذَكَرَ النَّبِيُّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ ...... أَرَانِيْ اللَّيْلَةَ عِنْدَ الْكَعْبَةِ فِي الْمَنَامِ فَاِذَا رَجُلٌ اٰدَمُ كَاَحْسَنِ مَا يُرٰى مِنْ اُدْمِ الرِّجَالِ تَضْرِبُ لِمَّتُهٗ بَيْنَ مَنْكِبَيْهِ رَجِلُ الشَّعْرِ يَقْطُرُ رَاْسُهٗ مَاءً وَاضِعًا يَدَيْهِ عَلٰى مَنْكِبَيْ رَجُلَيْنِ وَهُوَ يَطُوْفُ بِالْبَيْتِ فَقُلْتُ مَنْ هٰذَا فَقَالُوْا هٰذَا الْمَسِيْحُ ابْنُ مَرْيَمَ ثُمَّ رَاَيْتُ رَجُلًا وَرَاءَهٗ جَعْدًا قِطَطًا اَعْوَرَ عَيْنِ الْيُمْنٰى كَاَشْبَهِ مَنْ رَأَيْتُ بِابْنِ قَطَنٍ وَاضِعًا يَدَيْهِ عَلٰى مَنْكِبَيْ رَجُلٍ يَطُوْفُ بِالْبَيْتِ فَقُلْتُ مَنْ هٰذَا فَقَالُوْا هٰذَا الْمَسِيْحُ الدَّجَّالُ (بخاری، کتاب الانبیاء، باب واذکر فی الکتاب مریم اذانتبذت من اهلها ومسند احمد، جلد2، صفحہ39)(حدیقۃ الصالحین، صفحہ894)

ഹദ്റത്ത് നാഫിഅ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറഞ്ഞു, 'ഒരു രാത്രി ഞാൻ സ്വപ്നം കണ്ടു. ആദരണീയമായ കഅ്ബയുടെ അടുത്ത് ഞാൻ നില്ക്കുകയാണ്. അപ്പോൾ എന്താണ് കാണുന്നത്? ഗോതമ്പിന്റെ നിറമുള്ള സുന്ദരനായ ഒരു മനുഷ്യൻ. നീണ്ടതും ഇടതൂർന്നതുമായ മുടി ചുമലുകൾവരെ കിടക്കുന്നു. അതിൽനിന്ന് വെള്ളത്തുള്ളികൾ ഇറ്റുവീഴുന്നതായി കാണുന്നുണ്ട്. അദ്ദേഹം തന്റെ രണ്ടു കൈയും രണ്ടാളുടെ ചുമലിൽ വെച്ചുകൊണ്ട് ബയ്ത്തുല്ലാഹ് തവാഫ് ചെയ്യുകയാണ്. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ആളുകൾ പറഞ്ഞു: മർയമിന്റെ മകൻ മസീഹാണ്. പിന്നീട് അദ്ദേഹത്തിന്റെ പിന്നിൽ വേറൊരാളെ കണ്ടു. മുടി ചുരുണ്ടതും ചർമം കട്ടിയുള്ളതുമാണ്. വലതുകണ്ണ് അന്ധമാണ്. ഇബ്നു ഖത്വനുമായി സാദൃശ്യമുള്ള രൂപമാണ്. ഒരാളുടെ രണ്ടു ചുമലുകളിലും കൈവച്ചുകൊണ്ട് കഅ്ബയുടെ ചുറ്റും കറങ്ങുന്നു. ഇതാരാണെന്ന് ഞാൻ ചോദിച്ചു. ആളുകൾ പറഞ്ഞു. മസീഹുദ്ദജ്ജാലാണ്. (സ്വപ്നത്തിൽ നബി(സ)തിരുമേനിക്ക് ഈ ദൃശ്യം കാണിക്കപ്പെട്ടു. അതിൽ ത്വവാഫ് ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം മസീഹ് ബയ്ത്തുല്ലായുടെ സംരക്ഷണത്തിനും അതിന്റെ അന്തസ്സ് ഉയർത്തുന്നതിനും വേണ്ടി ശ്രമിക്കുമെന്നാണ്; എന്നാൽ, ദജ്ജാലാവട്ടെ കഅ്ബയെ നശിപ്പിക്കാനും).(ബുഖാരി കിതാബുൽ അമ്പിയാ, ബാബു വദ്കുർ ഫിൽകിതാബി മർയമ ഇദൻതബദത്ത് മിൻ അഹ്ലിഹാ, മുസ്നദ് അഹ്മദ്, വാല്യം 2, പേജ് 39) (ഹദീത്തുസ്സ്വാലിഹീൻ 894)

۞ عَنْ اَنَسِ بْنِ مَالِكٍ رَضِيَ اللّٰهُ عَنْهُ اَنَّ رَسُوْلَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَالَ : لَا الْمَهْدِيُّ اِلَّا عِيْسَى بْنُ مَرْيَمَ۔

(ابن ماجہ، باب شدۃ الزمان، صفحہ257، مصری مطبع علمیہ1313ھ، کنز العمال، جلد7، صفحہ186)

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ഈസയല്ലാതെ മഹ്ദിയില്ല. അതായത് മസീഹ് തന്നെയായിരിക്കും മഹ്ദി. കാരണം മഹ്ദിക്ക് വേറിട്ടൊരു അസ്തിത്വമില്ല. (ഇബ്നുമാജ, ബാബു ശിദ്ദത്തുസ്സമാൻ, പേജ് 257, മിസ്വ്രി, ഇൽമിയ്യ പ്രസ്, ഹിജ്റ 1313, കൻസുൽഉമ്മാൽ, വാല്യം 7, പേജ് 186)

# അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അങ്ങനെതന്നെ ചെയ്തു; ഈ സാധുവിനെ 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ അയക്കുകയും കുരിശുമതത്തെ തകർക്കുന്നതിന് ആ ദിവ്യമായ ആയുധം എനിക്ക് നല്കുകയും ചെയ്തു.

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾ**

## എന്റെ ഒരു വിശ്വാസവും അല്ലാഹുവും അവന്റെ റസൂലും പറഞ്ഞിട്ടുള്ളതിന് വിരുദ്ധമല്ല.

"അല്ലാഹുവാണ! ഞാൻ കാഫിറല്ല. لا اله الا الله محمد رسول الله എന്നതാണ് എന്റെ വിശ്വാസം. لٰكِنْ رَّسُوْلَ اللّٰهِ وَخَاتَمَ النَّبِيّٖنَ എന്നതാണ് നബി(സ)തിരുമേനിയുടെ മേൽ എന്റെ ഈമാൻ. ഞാൻ എന്റെ ഈ വിവരണത്തിന്റെ സുസ്ഥിതിയിൽ എത്രത്തോളം അല്ലാഹുവിന്റെ നാമങ്ങളുണ്ടോ അത്രയും പ്രാവശ്യം, എത്രത്തോളം വിശുദ്ധഖുർആനിൽ അക്ഷരങ്ങളുണ്ടോ അത്രയും പ്രാവശ്യം, എത്രത്തോളം നബി(സ)തിരുമേനിയ്ക്ക് അല്ലാഹുവിന്റെ പക്കൽ സമ്പൂർണതകളുണ്ടോ അത്രയും പ്രാവശ്യം ഞാൻ സത്യം ചെയ്തുപറയുന്നു. എന്റെ ഒരു വിശ്വാസവും അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതിനുവിരുദ്ധമല്ല. ആരെങ്കിലും അങ്ങനെ ധരിക്കുന്നുവെങ്കിൽ അത് അയാളുടെ തെറ്റായ ധാരണയാണ്. ഇനിയും ആരെങ്കിലും എന്നെ കാഫിറെന്നു കരുതുകയും കുഫ്ർ ഫത്വ നല്കുന്നതിൽനിന്ന് പിന്മാറാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും ഓർമിച്ചുകൊള്ളുക, മരണശേഷം അവർ ചോദിക്കപ്പെടുന്നതായിരിക്കും. പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തു ഞാൻ പറയുന്നു: അല്ലാഹുവിലും അവന്റെ റസൂലിലുമുള്ള എന്റെ ദൃഢവിശ്വാസം എത്രത്തോളമാണെന്നാൽ, ഇക്കാലഘട്ടത്തിലെ മുഴുവൻ വിശ്വാസത്തേയും ത്രാസിന്റെ ഒരു തട്ടിലും എന്റെ വിശ്വാസം മറുതട്ടിലും വെക്കുകയാണെങ്കിൽ അല്ലാഹുവിന്റെ കൃപയാൽ എന്റെ തട്ടിനായിരിക്കും ഘനക്കൂടുതൽ." (കറാമത്തുസ്സ്വാദിഖീൻ, റൂഹാനീ ഖസായിൻ, വാള്യം 7, പേജ് 67)

## അല്ലാഹുവിനെ സത്യം ചെയ്ത് ഞാൻ പറയുന്നു. ഞാനും എന്റെ ജമാഅത്തും മുസ്ലിമാണ്.

"ഞാൻ സത്യമായും പറയുന്നു, അല്ലാഹുവിനെക്കൊണ്ടു സത്യം ചെയ്തു പറയുന്നു: ഞാനും എന്റെ ജമാഅത്തും മുസ്ലിമാണ്. ഒരു സത്യവാനായ മുസ്ലിം എങ്ങനെയാണോ വിശ്വസിക്കേണ്ടത് അതേ രീതിയിൽ നബി(സ)തിരുമേനിയിലും വിശുദ്ധഖുർആനിലും വിശ്വസിക്കുന്നു. ഇസ്ലാമിനു വെളിയിൽ ഒരു അണുവോളം ചുവടുവെക്കുന്നത് നാശത്തിന് കാരണമാകുമെന്ന് ഞാൻ ദൃഢഗാഢമായി വിശ്വസിക്കുന്നു. എന്റെ മതമെന്താണെന്നാൽ, എത്രത്തോളം കൃപാവരങ്ങളും അനുഗ്രഹങ്ങളും ഒരാൾക്ക് കരസ്ഥമാക്കാൻ കഴിയുമോ എത്രത്തോളം ദൈവസാമീപ്യം കരസ്ഥമാക്കാൻ കഴിയുമോ അത് നബി(സ) തിരുമേനിയെ സത്യസന്ധമായി അനുസരിക്കുകയും സമ്പൂർണമായും സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ടുമാത്രമേ കരസ്ഥമാക്കാനൊക്കുകയുള്ളു; ഇല്ലെങ്കിൽ ഇല്ല. അവിടത്തെ കൂടാതെ നന്മയുടെ ഒരു വഴിയും ഇപ്പോഴില്ല." (ലക്ചർ ലുധിയാന, റൂഹാനീ ഖസാഇൻ, വാള്യം 20 പേജ് 260)

## അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് ഈ സാധുവിനെ 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ അയച്ചു.

"അല്ലാഹു തികച്ചും വഴികേടിന്റേയും കുഴപ്പങ്ങളുടേയും നേരത്ത് ഈ സാധുവിനെ 14-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ അല്ലാഹുവിന്റെ സൃഷ്ടിയുടെ പരിഷ്കരണത്തിന് മുജദ്ദിദാക്കി അയച്ചു. കാരണം ഇക്കാലഘട്ടത്തിൽ ഇസ്ലാമിന് കനത്ത നഷ്ടമുണ്ടാക്കിയത് ക്രൈസ്തവപാതിരിമാരുടെ കുഴപ്പമായിരുന്നു. അതുകൊണ്ട് അല്ലാഹു ഈ സാധുവിന്റെ പേര് മസീഹ് മൗഊദ് എന്നു വെച്ചു. ഈ നാമം അതായത് മസീഹ് മൗഊദ്(അ)എന്ന നാമം നബി(സ) തിരുമേനി പറഞ്ഞിട്ടുള്ളതാണ്. കുരിശിന്റെ ആധിപത്യകാലത്ത് ഈ നാമത്തിൽ ഒരു മുജദ്ദിദ് വരുന്നതായിരിക്കുമെന്ന് അല്ലാഹുവിൽനിന്ന് വാഗ്ദാനം നിശ്ചയിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ കൈയാൽ കുരിശുമുറിക്കൽ വിധിക്കപ്പെട്ടിരിക്കുന്നു." (കിതാബുൽ ബരിയ്യ, റൂഹാനീ ഖസാഇൻ വാള്യം 13,പേജ് 358)

## അല്ലാഹുവിൽനിന്ന് ദീനിന്റെ പരിഷ്കരണത്തിന് വരേണ്ട വ്യക്തി ഞാൻ തന്നെയാകുന്നു.

ഈ കാലഘട്ടത്തിലെ അവസ്ഥയും, ഭൂമിയിൽ പല തരത്തിലുള്ള വഴികേടും പാപങ്ങളും മാർഗഭ്രംശങ്ങളും നിറഞ്ഞിരിക്കുന്നതും കണ്ട് അല്ലാഹു എന്നെ സത്യപ്രചാരണത്തിനും സംസ്കരണത്തിനും അയച്ചിരിക്കുന്നുവെന്ന കാര്യം വിവരിക്കേണ്ടത് അത്യാവശ്യമാണ്. ഇക്കാലത്ത് ജനങ്ങൾ ഹിജ്റ 13-ാം നൂറ്റാണ്ട് അവസാനിച്ച് 14-ാം നൂറ്റാണ്ടിൽ പ്രവേശിച്ച അവസരമായിരുന്നു. അപ്പോൾ ഞാൻ ദൈവകല്പന പ്രകാരം എഴുത്തു മുഖേനയുള്ള വിജ്ഞാപനങ്ങളും പ്രസംഗങ്ങളും കൊണ്ട്, ഈ നൂറ്റാണ്ടിന്റെ തലയ്ക്കൽ അല്ലാഹുവിൽനിന്ന് ദീനിന്റെ പുനരുദ്ധാരണത്തിനും ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടുപോയ സത്യവിശ്വാസം നിലനിറുത്തുന്നതിനും, വരാനുള്ള ആൾ ഞാൻ തന്നെയാണെന്ന് വിളംബരപ്പെടുത്താൻ തുടങ്ങി. അല്ലാഹുവിൽ നിന്ന് ശക്തി കരസ്ഥമാക്കിക്കൊണ്ട് അവന്റെ കൈയിൽ നിന്നുള്ള ആകർഷണം കൊണ്ടുമാത്രം, ജനങ്ങളെ സംസ്കരണം, തഖ്വ, സന്മാർഗം എന്നിവയിലേക്ക് വലിച്ചടുപ്പിക്കാനും അവരുടെ വിശ്വാസപരവും കർമപരവുമായ പിഴവുകൾ ദൂരീകരിക്കാനും വേണ്ടിയാണ് ഞാൻ വന്നത്. അതിനുശേഷം ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ ഉമ്മത്തിൽ വളരെ മുമ്പേതന്നെ വാഗ്ദാനം ചെയ്യപ്പെട്ട മസീഹും 1300 വർഷങ്ങൾക്കുമുമ്പേ നബി(സ)തിരുമേനി സുവിശേഷം നൽകിയതും ഇസ്ലാമിന്റെ അധഃപതനത്തിന്റേയും മാർഗ്ഗഭ്രംശത്തിന്റേയും കാലത്ത്, അല്ലാഹുവിൽനിന്ന് നേരിട്ട് മാർഗദർശനം ലഭിച്ചതും ആ ആകാശീയ ഭക്ഷണത്തളികയെ പുതിയരൂപത്തിൽ മനുഷ്യരുടെ മുമ്പിൽ സമർപ്പിക്കുന്നതിന് അല്ലാഹുവിന്റെ തഖ്ദീർ നിശ്ചയിച്ചതുമായ ആ അവസാനത്തെ മഹ്ദിയും ഞാൻ തന്നെയാണെന്ന് ഭാഷണാമൃതം മുഖേന എന്റെമേൽ വിശദമായി വ്യക്തമാക്കപ്പെട്ടു. ഭാഷണാമൃതങ്ങളും ദൈവിക സംബോധനകളും തുടർച്ചയായി ഇക്കാര്യത്തിൽ ഉണ്ടാവുകയും ഒരു സംശയത്തിനും ഇടയില്ലാത്തവിധം ഇക്കാര്യം സ്പഷ്ടമാക്കുകയും ചെയ്തു. ഓരോ വഹ്‌യും ഒരു ഉരുക്കാണിപോലെ ഹൃദയത്തിൽ ആഴ്ന്നിറങ്ങുകയും എല്ലാ ഭാഷണാമൃതങ്ങളും മഹത്തായ പ്രവചനങ്ങളാൽ പൂരിതവും പ്രകാശമാനമായ പകൽപോലെ പൂർത്തിയാവുകയും ചെയ്തു. അവയുടെ തുടർച്ചയും ആധിക്യവും ദിവ്യശക്തികളുടെ പ്രഭാവവും, ഇതെല്ലാംതന്നെ യാതൊരു പങ്കുകാരനുമില്ലാത്ത ദൈവത്തിന്റെ വചനങ്ങളാണെന്ന് ഏറ്റുപറയാൻ എന്നെ നിർബന്ധിതനാക്കി. അവന്റെ വചനങ്ങളാണ് വിശുദ്ധ ഖുർആനിലുമുള്ളത്. ഞാനിവിടെ തൗറാത്തിന്റെയും ഇഞ്ചീലിന്റെയും പേരെടുത്തു പറയുന്നില്ല. കാരണം, തൗറാത്തും ഇഞ്ചീലും മാറ്റത്തിരുത്തലുകൾ ചെയ്യുന്നവരുടെ കൈയേറ്റങ്ങൾക്ക് വിധേയമായതിനാൽ ഇപ്പോൾ ഈ ഗ്രന്ഥങ്ങളെ ദൈവിക വചനങ്ങളെന്ന് പറയാൻ സാധ്യമല്ല. ചുരുക്കത്തിൽ അല്ലാഹുവിൽനിന്ന് എന്റെ മേൽ ഇറങ്ങിയ സ്പഷ്ടവും വ്യക്തവുമായ ആ വഹ്‌യുകൾ മുഖേന ഞാൻ എന്റെ ദൈവത്തെയാണ് കണ്ടിരിക്കുന്നത്. ആ വഹ്‌യുകൾ ദിവ്യഅടയാളങ്ങൾ മുഖേന ഹഖുൽയഖീന്റെ(ദൃഢജ്ഞാനം) സ്ഥാനത്ത് എത്തി. എന്നുമാത്രമല്ല, അതിന്റെ ഓരോ ഭാഗവും അല്ലാഹുവിന്റെ വചനങ്ങളായ വിശുദ്ധ ഖുർആനുമായി ഒത്തുനോക്കുമ്പോൾ അവയ്ക്കനുസൃതമായിട്ടുള്ളതാണെന്ന് വ്യക്തമാവുകയും ചെയ്തു. അതിനെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് മഴപോലെ ദിവ്യഅടയാളങ്ങൾ വർഷിച്ചു. ആ ദിവസങ്ങളിൽതന്നെ റമളാൻ മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണവും സംഭവിച്ചു. ഈ മഹ്ദിയുടെ കാലത്ത് റമളാൻ മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാകുമെന്ന് എഴുതപ്പെട്ടിട്ടുണ്ട്. അതേപോലെ, അക്കാലത്ത് പഞ്ചാബിൽ വ്യാപകമായി പ്ലേഗ് രോഗം പടർന്നുപിടിച്ചു. വിശുദ്ധ ഖുർആനിൽ ഇക്കാര്യം വിവരിക്കുകയും മുൻകാലത്തെ നബിമാർ ആ കാലഘട്ടത്തിൽ മാരകരോഗങ്ങൾ പൊട്ടിപ്പുറപ്പെടുമെന്ന വിവരവും നൽകിയിട്ടുണ്ട്. ഒരു ഗ്രാമവും പട്ടണവും ആ കെടുതിയിൽനിന്ന് രക്ഷ പ്രാപിക്കുകയില്ല എന്നും പറഞ്ഞിട്ടുണ്ട്. ആകയാൽ, അങ്ങനെതന്നെ സംഭവിച്ചു." (തദ്ക്കിറത്തുശ്ശഹാദത്തയ്ൻ റൂഹാനീ ഖസാഇൻ വാള്യം 20 പേജ് 3-4)

.......☆.......☆.......☆.......

# ഖുത്ബ ജുമുഅ

## ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് മസീഹ് മൗഊദിന്റെ നിയോഗോദ്ദേശ്യത്തിന്റേയും ആവശ്യകതയുടേയും സ്ഥനത്തിന്റേയും ചർച്ചയും ജമാഅത്തംഗങ്ങൾക്ക് ഉപദേശവും.

**ചെറിയൊരു നാട്ടിൽനിന്ന് ഉയർന്ന ശബ്ദം അല്ലാഹുവിന്റെ കൃപയാൽ ഇന്ന് ലോകത്തിന്റെ 210 രാജ്യത്ത് വ്യാപിച്ചിരിക്കുന്നു. ഇത് അവിടത്തെ സത്യസാക്ഷ്യത്തിനുള്ള തെളിവും കൂടിയാണ്. അഹ്മദിയ്യത്ത് ചെന്നെത്തുമെന്ന് 30, 40 വർഷം മുമ്പേ സങ്കല്പിക്കാൻ പോലും സാധിക്കാത്ത പ്രദേശങ്ങളിൽപോലും സന്ദേശമെത്തിയെന്നു മാത്രമല്ല, അത്ഭുതപ്പെട്ടുപോകുമാറുള്ള ദൃഢവിശ്വാസികളേയും അല്ലാഹു അവിടെ സൃഷ്ടിച്ചിരിക്കുന്നു.**

**നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചിട്ടുണ്ടെങ്കിൽ ആ വിശ്വാസത്തിനോടും ബയ്അത്തിനോടുമുള്ള കടമയും നിറവേറ്റുന്നുണ്ടോയെന്ന് നമ്മളിൽ ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ടതാണ്.**

**മസീഹ് മൗഊദ് സ്പെഷ്യൽ പതിപ്പിന് ഉചിതമായ സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബി നസ്്രിഹിൽ അസീസ് 2018 മാർച്ച് 23 ന് ചെയ്ത ഖുത്ബ ജുമുഅ മാന്യവായനക്കാർക്കു മുമ്പിൽ സമർപിക്കുകയാണ്.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -

اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -

صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് മാർച്ച് 23 ആണ്. അഹ്മദിയ്യാ ജമാഅത്തിൽ ഈ ദിവസം ‘മസീഹ് മൗഊദ് ദിനം’ എന്ന പേരിൽ അറിയപ്പെടുന്നു. ഈ ദിവസം മസീഹ് മൗഊദ് ദിന യോഗവും സംഘടിപ്പിക്കുന്നു. വരുന്ന രണ്ടു ദിവസങ്ങൾ ശനി, ഞായർ ംലലസലിറ ആണ്. ധാരാളം ജമാഅത്തുകൾ ഈ ദിനങ്ങളിൽ യോഗങ്ങൾ സംഘടിപ്പിക്കുന്നതായിരിക്കും. അതിൽ അതിന്റെ ചരിത്രവും പശ്ചാത്തലവും മുഴുവൻ കാര്യങ്ങളും വിവരിക്കപ്പെടുന്നതാണ്.

ഇപ്പോൾ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദേശങ്ങൾ കേൾപ്പിക്കുന്നതാണ്; അതിൽ അദ്ദേഹം വാഗ്ദത്ത മസീഹ് അഥവാ മസീഹ് മൗഊദിന്റെ നിയോഗോദ്ദേശ്യവും ആവശ്യകതയും സ്ഥാനവും വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വാദത്തിനുശേഷം നാമമാത്ര മുസ്ലിം ഉലമാ സാധാരണ മുസ്ലിംകളെ അദ്ദേഹത്തിന്നെതിരെ ഇളക്കിവിടുന്നതിനുവേണ്ടി കഠിനമായി ശ്രമിച്ചു. ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ സഹായത്താൽ അദ്ദേഹത്തിന്റെ ജമാഅത്ത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. സത്പ്രകൃതക്കാരായവർ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക വാഗ്ദാനങ്ങളനുസരിച്ചുള്ള തന്റെ വരവിനെ കുറിച്ചും താൻ തന്നെയാണ് മസീഹ് മൗഊദ് എന്ന് വിളംബരം ചെയ്തുകൊണ്ടും പറയുന്നു:

“യഥാർഥമായ തൗഹീദും നബി(സ) തിരുമേനിയുടെ വിശുദ്ധിയും ബഹുമാനവും ആദ്ധ്യാത്മകതയും ദൈവഗ്രന്ഥവും അല്ലാഹുവിൽനിന്നായ കാരണത്താൽ, അക്രമത്തിന്റേയും അധികാരത്തിന്റേയും വഴിയിലൂടെ ആക്രമണം ചെയ്യപ്പെട്ടപ്പോൾ അല്ലാഹുവിന്റെ ആത്മീയരോഷത്തിന്റെ തേട്ടമായിരുന്നില്ലേ അതിനെ തകർക്കാനുള്ളയാളെ ഇറക്കുക എന്നത്?” (കാരണം നബി(സ)തിരുമേനിക്കെതിരിൽ അക്കാലത്ത് ക്രിസ്ത്യാനികളുടെ ഭാഗത്തുനിന്ന് ആക്രമണം ഉണ്ടായിക്കൊണ്ടിരിക്കുകയായിരുന്നു). “താൻ ചെയ്ത *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വഇന്നാ ലഹൂ ല ഹാഫിളൂൻ*(15:10) എന്ന വാഗ്ദാനം അല്ലാഹു മറന്നുപോയോ? തീർച്ചയായും ഓർത്തുകൊള്ളുക! അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണ്. അവൻ തന്റെ വാഗ്ദാനമനുസരിച്ച് ലോകത്ത് ഒരു താക്കീതുകാരനെ അയച്ചു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ പ്രതികാരനടപടികളാൽ അദ്ദേഹത്തിന്റെ സത്യം വെളിപ്പെടുത്തുകയും ചെയ്യും.” അദ്ദേഹം പറയുന്നു: “ഞാൻ നിങ്ങളോടു സത്യമായും സത്യമായും പറയുന്നു, ‘ഞാൻ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് മസീഹു മൗഊദായി വന്നിരിക്കുന്നു; ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കുക. ഇഷ്ടമില്ലെങ്കിൽ നിഷേധിക്കുക. എന്നാൽ, നിങ്ങൾ നിഷേധിക്കുന്നതുകൊണ്ട് ഒന്നും സംഭവിക്കാനില്ല. അല്ലാഹു ഉദ്ദേശിച്ചത് നടക്കുകതന്നെ ചെയ്യും. കാരണം അല്ലാഹു ആദ്യമേതന്നെ ബറാഹീനെ അഹ്മദിയ്യായിൽ *സദഖല്ലാഹു വ റസൂലുഹൂ വ കാന വഅ്ദൻ മഫ്ഊലാ* എന്ന് പറഞ്ഞിരിക്കുന്നു.”(മൽഫൂദാത്ത് വാള്യം 1 പേജ് 206, 1985 ലണ്ടൻ പതിപ്പ്) അതായത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാര്യം സത്യമായി പുലരുകയും അല്ലാഹുവിന്റെ വാഗ്ദാനം പൂർത്തിയാകുകയും ചെയ്തു.” പിന്നീട് ഒരവസരത്തിൽ പറഞ്ഞു:

“പ്രവാചകത്വത്തിന്റെ സരണിയിൽ (മിൻഹാജുന്നുബുവ്വ) ഈ ജമാഅത്തിനെ അളക്കുകയും ആരോടൊപ്പമാണ് സത്യമെന്ന് നോക്കുകയും ചെയ്യുക. സാങ്കല്പികമായ തത്ത്വങ്ങളും പദ്ധതികളുംകൊണ്ട് ഒരു പ്രയോജനവുമില്ല. സാങ്കല്പികമായ കാര്യങ്ങൾ കൊണ്ട് ഞാനെന്നെ സാക്ഷ്യപ്പെടുത്തുന്നില്ല. ഞാനെന്റെ വാദത്തെ നുബുവ്വത്തിന്റെ സരണിയുടെ നിലവാരത്തിലാണ് സമർപിക്കുന്നത്. അപ്പോൾ പിന്നെ ഈ അടിസ്ഥാനപരമായ തത്ത്വമനുസരിച്ച് അതിന്റെ സത്യത അളക്കാതിരിക്കാൻ എന്തു കാരണമാണുള്ളത്?”

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ഞാൻ പറയുന്ന കാര്യങ്ങൾ ഹൃദയം തുറന്ന് കേൾക്കുന്നവർ ഫലമെടുക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു; വിശ്വസിക്കുകയും ചെയ്യും. പക്ഷേ, മനസ്സിൽ ലുബ്ധും പകയും വെച്ചുപുലർത്തുന്നവർക്ക് ഞാൻ പറയുന്ന കാര്യങ്ങൾ ഒരു ഫലവും ചെയ്യുകയില്ല. അവരുടെ ഉദാഹരണം കോങ്കണ്ണന്റേതാണ്.”(ഒന്നിനെ അവൻ രണ്ടായി കാണുന്നു). “അവൻ ഒന്നിനുപകരം രണ്ട് കാണുന്നു. അവനെത്ര ഉദാഹരണങ്ങൾ നല്കിയാലും ഒന്നല്ല; രണ്ടുതന്നെയാണ്. അവൻ അംഗീകരിക്കുകയേ ഇല്ല.” (അവിടന്ന് ഉദാഹരണം നല്കുന്നു:) പറയുന്നു:“കോങ്കണ്ണനായ ഒരു സേവകനുണ്ടായിരുന്നു.”(കോങ്കണ്ണൻ ആരുടേയോ സേവകനായിട്ടുണ്ടായിരുന്നു). “മുതലാളി അയാളോടു ഉള്ളിൽനിന്ന് കണ്ണാടി എടുത്തുകൊണ്ടുവരാൻ പറഞ്ഞു. അയാൾ പോയി, തിരിച്ചുവന്ന് ഉള്ളിൽ രണ്ടു കണ്ണാ

ടിയുണ്ട്, ഏതാണ് കൊണ്ടുവരേണ്ടതെന്ന് ചോദിച്ചു. ഒന്നേയുള്ളു, രണ്ടില്ലെന്ന് മുതലാളി പറഞ്ഞു. താൻ കളവാണോ പറയുന്നതെന്ന് കോങ്കണ്ണൻ ചോദിച്ചു. മുതലാളി ഒന്നു പൊട്ടിച്ചു കളയാൻ അയാളോടു പറഞ്ഞു. പൊട്ടിച്ചപ്പോൾ അയാൾക്കു മനസിലായി യഥാർഥത്തിൽ തന്റെ തെറ്റായിരുന്നുവെന്ന്." അവിടന്ന് പറയുന്നു: "എന്നാൽ, എനിക്കെതിരിലുള്ള കോങ്കണ്ണന്മാർക്ക് ഞാൻ എന്തു മറുപടിയാണ് കൊടുക്കേണ്ടത്?" അദ്ദേഹം പറയുന്നു: "ഇവർ വീണ്ടും വീണ്ടും എന്തെങ്കിലും അവതരിപ്പിക്കുന്നുണ്ടെങ്കിൽ അത് ഹദീഥുകളുടെ കൂമ്പാരമാണ്. അതിലാണെങ്കിൽ അവർക്കുതന്നെയുമുള്ളത് അനുമാനത്തിന്റെ സ്ഥാനമാണ്. അവയുടെ ഗുണദോഷങ്ങളുടെ കാര്യങ്ങളിൽ ജനങ്ങൾ അവരെ പരിഹസിക്കുന്ന ഒരു കാലം വരുമെന്ന് അവർക്കറിയുകയില്ല." (ഇവർ പറയുന്ന അടിസ്ഥാനരഹിതമായ കാര്യങ്ങൾകേട്ട് ആളുകൾ ചിരിക്കുന്നതാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്നോടു എന്റെ വാദത്തിനുള്ള തെളിവ് ചോദിക്കുക എന്നത് എല്ലാ ഓരോ സത്യാന്വേഷിയുടേയും അവകാശമാണ്."(ശരിയായ കാര്യമാണ്, തെളിവു ചോദിക്കേണ്ടതാണ്. അതിന് എല്ലാവർക്കും അവകാശമുണ്ട്.) "നബിമാർ സമർപിച്ചിട്ടുള്ള തുതന്നെയാണ് അതിൽ നാമും സമർപിക്കുന്നത്." അവിടന്ന് പറയുന്നു: "ഖുർആനിലെ ആയത്തുകൾ, തിരുഹദീഥുകൾ ബുദ്ധിപരമായ തെളിവുകൾ. അതായത് പരിഷ്കർത്താവിനെ അന്വേഷിക്കുന്നവനാഗ്രഹിക്കുന്ന വർത്തമാനകാല ആവശ്യങ്ങൾ! പിന്നീടുള്ളത് എന്റെ കൈയാൽ അല്ലാഹു വെളിപ്പെടുത്തിയ അടയാളങ്ങളാണ്. ഞാൻ ഒരു രേഖാചിത്രം ക്രമീകരിച്ചിട്ടുണ്ട്." അവിടന്ന് പറയുന്നു: "ഞാൻ ഒരു രേഖാചിത്രം ക്രമീകരിച്ചിട്ടുണ്ട്. അതിൽ 150 നടുത്ത് അടയാളങ്ങൾ നല്കിയിരിക്കുന്നു. അതിന് കോടിക്കണക്കിനാളുകൾ സാക്ഷികളാണ്. വ്യർഥമായ കാര്യങ്ങൾ സമർപിക്കുക എന്നത് നന്മയല്ല." അവിടന്ന് പറയുന്നു: "വാഗ്ദത്ത മസീഹ് നീതിമാനായ വിധികർത്താവായിവരുമെന്ന് നബി(സ) തിരുമേനി പറഞ്ഞത് അതുകൊണ്ടാണ്."(അതായത് വാഗ്ദത്ത മസീഹ് നീതിമാനായ വിധികർത്താവായിട്ടായിരിക്കും വരുന്നത്). "അദ്ദേഹത്തിന്റെ വിധി സ്വീകരിക്കുക."(അദ്ദേഹം വിധി പറയുന്ന ആളായിരിക്കും. അദ്ദേഹത്തിന്റെ വിധി സ്വീകരിക്കേണ്ടതാണ്).

ഹൃദയത്തിൽ ദുഷ്ടത കുടികൊള്ളുന്നവർ വിശ്വസിക്കാൻ ആഗ്രഹിക്കാത്തതുകൊണ്ട് വ്യർഥമായ തെളിവുകളും ആക്ഷേപങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ, അവർ ഓർത്തുകൊള്ളട്ടെ, അവസാനം അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ശക്തിമത്തായ പ്രതികാര നടപടികളാൽ എന്റെ സത്യത വെളിപ്പെടുത്തുന്നതായിരിക്കും. ഞാൻ കറ്റുകെട്ടിപ്പറയുകയാണെങ്കിൽ അവൻ ക്ഷണത്തിൽ എന്നെ നശിപ്പിക്കുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്നാൽ, എന്റെ എല്ലാ പ്രവർത്തനവും അല്ലാഹുവിന്റെ സ്വന്തം പ്രവർത്തനമാണ്. ഞാൻ അവനിൽനിന്നു വന്നിരിക്കുന്നു. എന്നെ നിഷേധിക്കൽ അവനെ നിഷേധിക്കലാണ്. അതുകൊണ്ട് അവൻ സ്വയം എന്റെ സത്യം വെളിപ്പെടുത്തുന്നതായിരിക്കും."(മൽഫൂദാത്ത് വാല്യം 4 പേജ് 34 –35, 1985 ലണ്ടൻ പതിപ്പ്)

മസീഹ് മൗഊദിനെ നിഷേധിക്കുമ്പോൾ നബി(സ)തിരുമേനിയേയും നിർബന്ധമായും നിഷേധിക്കേണ്ടിവരുമെന്ന കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്നെ നിഷേധിക്കൽ, എന്നെ നിഷേധിക്കലല്ല പ്രത്യുത അത് അല്ലാഹുവിനേയും അവന്റെ റസൂലിനേയും നിഷേധിക്കലാണ്. കാരണം ആരാണോ എന്നെ നിഷേധിക്കുന്നത് അവൻ എന്നെ നിഷേധിക്കുന്നതിനുമുമ്പേ മആദല്ലാഹ് അല്ലാഹുവിനെ കള്ളനാക്കുകയാണ് ചെയ്യുന്നത്. ബാഹ്യവും ആഭ്യന്തരവുമായ കുഴപ്പങ്ങൾ അതിരുകടന്നത് കണ്ടിട്ടും *ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ല ഹാഫിളൂൻ* (62:4) എന്ന് വാഗ്ദാനം ചെയ്തിട്ടും പരിഷ്കരണത്തിനുള്ള ഒരു കാര്യവും അവൻ ചെയ്തില്ലത്രെ! അല്ലാഹു ഖിലാഫത്ത് വാഗ്ദാനം ചെയ്തിട്ടുള്ള വചനത്തിൽ മൂസവി പരമ്പരപോലെ മുഹമ്മദീ പരമ്പരയിലും ഖലീഫമാരുടെ പരമ്പര സ്ഥാപിക്കുന്നതാണെന്ന കാര്യത്തിൽ ബാഹ്യമായി അവർ വിശ്വസിക്കുമ്പോഴാണിത്. എന്നാൽ, മആദല്ലാഹ് അവൻ വാഗ്ദാനം പൂർത്തിയാക്കിയില്ലത്രെ. ഈ ഉമ്മത്തിൽ ഇക്കാലത്താണെങ്കിൽ ഒരു ഖലീഫയുമില്ലതാനും. ഇതു മാത്രമല്ല മറിച്ച് വിശുദ്ധ ഖുർആൻ നബി(സ) തിരുമേനിയെ മൂസായ്ക്ക് സദൃശനായി പറഞ്ഞിരിക്കുന്നു. ഇതും ശരിയായില്ലെന്ന് പറഞ്ഞ് അക്കാര്യവും നിഷേധിക്കേണ്ടതായി വരും. മആദല്ലാഹ്! കാരണം ഈ പരമ്പരയുടെ സാദൃശ്യവും സാമ്യവും പൂർത്തിയാകുന്നതിന് മൂസവി പരമ്പരയിൽ പതിനാലാം നൂറ്റാണ്ടിൽ ഒരു മസീഹ് വന്നതുപോലെ ഈ പതിനാലാം നൂറ്റാണ്ടിൽ ഈ ഉമ്മത്തിൽനിന്ന് ഒരു മസീഹ് ഉണ്ടാകേണ്ടത് നിർബന്ധമായിരുന്നു. ഇപ്രകാരം വിശുദ്ധ ഖുർആന്റെ *ആഖരീന മിൻഹും ലമ്മാ യൽഹഖൂബിഹിം*(62:4) എന്ന ആയത്തും നിഷേധിക്കേണ്ടതായി വരും. ഇതിൽ അഹ്മദിന്റെ ആഗതനാകുന്ന പ്രതിച്ഛായയെ കുറിച്ചുള്ള വിവരമാണുള്ളത്. ഇപ്രകാരം വിശുദ്ധ ഖുർആനിലെ നിരവധി വചനങ്ങളുണ്ട്. അവയെല്ലാം നിർബന്ധമായും നിഷേധിക്കേണ്ടിവരും. എന്നല്ല അൽഹംദു മുതൽ വന്നാസ് വരെയുള്ള വിശുദ്ധ ഖുർആൻ മുഴുവൻ കൈയൊഴിയേണ്ടിവരുമെന്ന് ഞാൻ ഖണ്ഡിതമായും പറയുന്നു. എന്നെ നിഷേധിക്കുന്നത് നിസാര കാര്യമാണോ എന്ന് ഇനി ചിന്തിക്കുക. ഇത് ഞാൻ സ്വയമേവ അല്ല പറയുന്നത്. സത്യമിതാണെന്ന് അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തുകൊണ്ടാണ് പറയുന്നത്. അതായത് ആരാണോ എന്നെ ഉപേക്ഷിക്കുകയും എന്നെ നിഷേധിക്കുകയും ചെയ്യുന്നത് അവൻ നാവുകൊണ്ട് നിഷേധിക്കുന്നില്ലെങ്കിലും കർമംകൊണ്ട് അവൻ മുഴുവൻ ഖുർആനേയും നിഷേധിക്കുകയും അല്ലാഹുവിനെ ഉപേക്ഷിക്കുകയും ചെയ്തു. അതിലേക്ക് എനിക്കുണ്ടായ ഒരു ഇൽഹാമിലും സൂചനയുണ്ട്." (അല്ലാഹു അദ്ദേഹത്തോടു പറഞ്ഞു:) *"അൻത മിന്നീ വ അന മിൻക."* അവിടന്ന് പറയുന്നു: എന്നെ നിഷേധിക്കുന്നതുകൊണ്ട് അല്ലാഹുവിനെ നിഷേധിക്കൽ അനിവാര്യമായിവരുന്നു എന്നതിൽ സംശയമില്ല. എന്നെ വിശ്വസിക്കുന്നതുകൊണ്ട് അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയും അല്ലാഹുവിന്റെ അസ്തിത്വത്തിൽ ശക്തമായ ഈമാൻ ഉണ്ടാകുകയുമാണ് ചെയ്യുന്നത്. പിന്നെ എന്നെ നിഷേധിക്കൽ യഥാർഥത്തിൽ എന്നെ നിഷേധിക്കലല്ല. ഇത് നബി(സ)തിരുമേനിയെ നിഷേധിക്കലാണ്. അതുകൊണ്ട് ഇപ്പോൾ ആരും മനസ്സിൽ അല്പം ചിന്തിക്കുന്നതിനും അവർ ആരെയാണ് നിഷേധിക്കുന്നതെന്ന് അതിനോടു മതവിധി ചോദിക്കുന്നതിനും മുമ്പേ എന്നെ കളവാക്കുന്നതിനും നിഷേധിക്കുന്നതിനും തന്റേടം കാണിക്കരുത്."

മസീഹ് മൗഊദ് അഥവാ വാഗ്ദത്ത മസീഹിനെ നിഷേധിക്കുന്നതുകൊണ്ട് നബി(സ) തിരുമേനിയെ നിർബന്ധമായും നിഷേധിക്കേണ്ടി വരുന്നതെങ്ങനെയെന്നും അതിന്റെ കാരണമെന്താണെന്നും കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"എങ്ങനെയാണ് നബി(സ)തിരുമേനിയെ നിഷേധിക്കലാകുന്നത്?" (അതായത് മസീഹ് മൗഊദിനെ നിഷേധിക്കുന്നതുകൊണ്ട് നബി(സ)തിരുമേനിയെ നിഷേധിക്കലെങ്ങനെയാണ് ആകുന്നത്?) അവിടന്ന് പറയുന്നു: "കാരണം ഓരോ നൂറ്റാണ്ടിന്റേയും തലയ്ക്കൽ മുജദ്ദിദ് അഥവാ പരിഷ്കർത്താവ് വരുമെന്ന് നബി(സ)തിരുമേനി വാഗ്ദാനം ചെയ്തിരുന്നു. അത് (അല്ലാഹുവിൽ അഭയം) കളവായി പുലർന്നു. പിന്നീട് നബി(സ) തിരുമേനി ഇമാമുക്കും മിൻകും എന്നു പറഞ്ഞിരുന്നു. അതും (അല്ലാഹുവിൽ അഭയം) കളവായിത്തീർന്നു. കുരിശിന്റെ കുഴപ്പങ്ങളുടെ കാലത്ത് ഒരു മസീഹും മഹ്ദിയും വരുമെന്ന് സുവാർത്ത അറിയിച്ചിരുന്നു. അതും (അല്ലാഹുവിൽ അഭയം) തെറ്റായിപ്പോയി. കാരണം കുഴപ്പങ്ങൾ നിലവിലുണ്ടായിക്കഴിഞ്ഞിരിക്കുന്നു എന്നാൽ, വരേണ്ട ഇമാം വന്നില്ല. ഇക്കാര്യങ്ങൾ ഒരുവൻ സമ്മതിക്കുമ്പോൾ പ്രാവർത്തികമായ നിലയിൽ അവൻ നബി(സ)തിരുമേനിയെ നിഷേധിക്കുന്നവനാകുകയല്ലേ? ചെയ്യുന്നത്." അവിടന്ന് പറയുന്നു: "എന്നെ നിഷേധിക്കൽ നിസാരകാര്യമല്ലെന്ന് ഞാൻ തുറന്നുപറഞ്ഞുകൊള്ളുന്നു. എന്നെ കാഫിറെന്ന് പറയുന്നതിനുമുമ്പേ സ്വയം കാഫിറാകേണ്ടിവരും. എന്നെ നിർമതനെന്നും വഴിപിഴച്ചവനെന്നും പറയുന്നതിന് മുമ്പേ സ്വന്തം വഴികേടും ഭാഗ്യഹീനതയും ആദ്യം അംഗീകരിക്കേണ്ടതായി വരും. ഞാൻ ഖുർആനും ഹദീഥും ഉപേക്ഷിക്കുന്നവനാണെന്ന് പറയുന്നതിനുമുമ്പേ സ്വയം ഖുർആനും ഹദീഥും ഉപേക്ഷിച്ചുകളയേണ്ടിവരും. അവർതന്നെ അതുപേക്ഷിക്കും. (അതായത് ഞാൻ ഉപേക്ഷിക്കുകയില്ല. ഞാൻ തള്ളിക്കളയുന്നവനാണെന്ന് പറയുന്നവൻ തന്നെ അത് ഉപേക്ഷിക്കുന്നതാണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഞാൻ വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥിന്റേയും സാക്ഷിയും സാക്ഷാത്കാരവുമാകുന്നു. ഞാൻ വഴിപിഴച്ചവനല്ല. മറിച്ച് മഹ്ദിയാകുന്നു. ഞാൻ കാഫിറല്ല. മറിച്ച് അന അവ്വലുൽ മുഅ്മിനീന്റെ ശരിയായ സാക്ഷാത്കാരമാകുന്നു. ഞാൻ എന്തൊന്നു പറയുന്നുവോ, അല്ലാഹു എന്നിൽ എന്തൊന്ന് വെളിപ്പെടുത്തിയോ അത് സത്യമാകുന്നു. വിശുദ്ധഖുർആനേയും നബി(സ)തിരുമേനിയേയും സത്യമായി വിശ്വസിക്കുന്ന അല്ലാഹുവിൽ ദൃഢവിശ്വാസമുള്ളവർക്ക് ഈ തെളിവ് മതിയായതാണ്. അതായത് എന്റെ നാവിൽനിന്ന് കേട്ട് മൗനമവലംബിക്കുക. പക്ഷേ, തന്റേടിയ്ക്കും കടിഞ്ഞാണില്ലാത്തവനും എന്തു ചികിത്സയാണുള്ളത്? അല്ലാഹു സ്വയം അവന് മനസ്സിലാക്കിക്കൊടുത്തുകൊള്ളും."(അവിടന്ന്

ഈ എല്ലാ കാര്യങ്ങളും അവിടെ വന്ന ഒരു അതിഥിയ്ക്ക് മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു)അവിടന്ന് പറഞ്ഞു: "എന്റെ കാര്യത്തിൽ ധിറുതിയോടെ പ്രവർത്തിക്കരുത്. മറിച്ച് സദുദ്ദേശ്യത്തോടും നിഷ്ക്കളങ്ക മനസ്സോടും കൂടി ചിന്തിക്കുക."(മൽഫൂദാത്ത് വാല്യം 4 പേജ് 14–16 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് ഒരു അവസരത്തിൽ പറഞ്ഞു: "അതിനാൽ, അവരുടെ മനസ്സിൽ പിശുക്കും പിടിവാശിയുമില്ലെങ്കിൽ ഞാൻ പറയുന്ന കാര്യങ്ങൾ കേൾക്കുകയും എന്റെ പിന്നാലെ വരികയും ചെയ്യട്ടെ. എന്നിട്ട് നോക്കട്ടെ അല്ലാഹു അവരെ അന്ധകാരത്തിൽ വിടുകയാണോ അതല്ല പ്രകാശത്തിലേക്ക് കൊണ്ടുവരുകയാണോ? എന്ന്. സഹനത്തോടും സത്യമനസ്സോടും എന്റെ പിന്നാലെ വരുന്നവർ നശിപ്പിക്കപ്പെടുകയില്ലെന്നും പ്രത്യുത അവർ അനശ്വരമായ ജീവിതത്തിൽ ഭാഗഭാക്കാകുമെന്നും ഞാൻ ദൃഢമായും വിശ്വസിക്കുന്നു." (അതായത് ഈ ലോകത്തും ബഹുമാനമുള്ളവരാകും പരലോകത്തും അല്ലാഹു അവരിൽ അനുഗ്രഹം ചൊരിയും).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഹൃദയം ശുദ്ധിയുള്ളവരുടേയും ദൈവഭയമുള്ളവരുടേയും മുമ്പിൽ വീണ്ടും പ്രത്യക്ഷപ്പെടുമെന്നതിനെ സംബന്ധിച്ച് ഹദ്റത്ത് ഈസായുടെ തീരുമാനം സമർപിക്കുകയാണ്. അവർ എനിക്കു മനസ്സിലാക്കിതരട്ടെ, യഹൂദികളുടെ ചോദ്യത്തിന് കൊടുത്ത മറുപടിയിൽ അതായത് മസീഹിനെക്കാൾ മുമ്പേ ഏലിയാവു വരേണ്ടതു നിർബന്ധമല്ലേ? മസീഹ് എന്തൊന്ന് പറഞ്ഞുവോ അത് സത്യമല്ലേ? മലാക്കി നബിയുടെ ഏടിൽ ഏലിയാവ് വരുമെന്ന് എഴുതിയിട്ടുണ്ടെന്ന് പറഞ്ഞ് യഹൂദികൾ തങ്ങളുടെ ഗ്രന്ഥം സമർപിച്ചിരുന്നു; ഏലിയാവിന്റെ സദൃശ്യൻ വരുമെന്നല്ല." (ഏലിയാവ് തന്നെ വരുമെന്നാണ് പറഞ്ഞിട്ടുള്ളത്, സദൃശൻ വരുമെന്നല്ല. അദ്ദേഹത്തെപോലെ ആരെങ്കിലും വരുമെന്ന് എങ്ങും എഴുതിയിട്ടില്ല)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "വരേണ്ടുന്നയാൾ യോഹന്നാൻ അഥവാ യഹ്യാ നബിയാണെന്നും ഇഷ്ടമെങ്കിൽ വിശ്വസിക്കുക എന്നും യേശുമിശിഹ പറയുന്നു. ഇനി ഏതെങ്കിലും നീതിമാന്റെ മുന്നിൽ വിധിക്കായി സമർപിക്കുക. എന്നിട്ട് നോക്കുക ആർക്ക് അനുകൂലമായാണ് വിധിക്കുന്നതെന്ന്. (ബാഹ്യമായ കാര്യത്തിൽ വിധി പറയിക്കണമെങ്കിൽ, ഏതെങ്കിലും ജഡ്ജിയുടെ മുമ്പിൽ സമർപിക്കുക. എന്നിട്ട് നോക്കുക, അദ്ദേഹം ആർക്കനുകൂലമായാണ് വിധിക്കുന്നതെന്ന്) അദ്ദേഹം തീർച്ചയായും യഹൂദികൾക്കനുകൂലമായി വിധിക്കുന്നതായിരിക്കും (കാരണം ബാഹ്യമായി എഴുതിയിട്ടുള്ളതനുസരിച്ചായിരിക്കും വിധി പുറപ്പെടുവിക്കുന്നത്. എന്നാൽ, അവിടന്ന് പറയുന്നു. ഈ വിധി ശരിയല്ല. എന്തുകൊണ്ടെന്നാൽ) അല്ലാഹുവിൽ വിശ്വസിക്കുന്ന ഒരു മുഅ്മിൻ, അല്ലാഹുവിന്റെ ദൂതന്മാർ എങ്ങനെയാണ് വരുന്നതെന്ന് അറിയുന്നു. യേശുമിശിഹ എന്തൊന്ന് പറയുകയും ചെയ്യുകയും ചെയ്തുവോ അത് ശരിയാണെന്നും സത്യമാണെന്നും അവൻ ദൃഢമായും വിശ്വസിക്കുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇപ്പോൾ അതേ കാര്യം തന്നെയാണുള്ളത്. മറിച്ചാണെങ്കിൽ പറഞ്ഞുതരിക? ദൈവഭയമുണ്ടെങ്കിൽ തന്റേടത്തോടെ ഈ വാദം കളവാണെന്ന് പറയുമ്പോൾ ശരീരം വിറകൊള്ളേണ്ടതാണ്. അഹോ കഷ്ടം! ഫിർഔനിന്റെ ജനതയിലുണ്ടായിരുന്ന വ്യക്തിയുടെ ഈമാൻ പോലും ഇക്കൂട്ടരിൽ ഇല്ല; ഇയാൾ വ്യാജവാദിയാണെങ്കിൽ സ്വയം നശിച്ചുകൊള്ളുമെന്ന് അയാൾ പറഞ്ഞു. എന്നെ സംബന്ധിച്ച് ദൈവഭക്തിയോടുകൂടി പ്രവർത്തിച്ചിരുന്നുവെങ്കിൽ കുറഞ്ഞത് അങ്ങനെയെങ്കിലും പറയുകയും അല്ലാഹു എന്നെ പിന്തുണയ്ക്കുകയും സഹായിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണോ അതല്ല ഈ ജമാഅത്തിനെ ഉന്മൂലനം ചെയ്തുകൊണ്ടിരിക്കുകയാണോ എന്ന് നോക്കുകയും ചെയ്യുമായിരുന്നു." (മൽഫൂദാത്ത് വാല്യം 4 പേജ് 30–31, 1985 ലണ്ടൻ പതിപ്പ്)

ഇന്നും അല്ലാഹുവിന്റെ കൃപയാൽ ഒരു ചെറിയ സ്ഥലത്തുനിന്നുയർന്ന ആ ശബ്ദം ലോകത്തിലെ 210 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ഇത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള തെളിവുമാണ്. അഹ്മദിയ്യത്ത് എത്തിപ്പെടുമെന്ന് 30,40 വർഷംമുമ്പേ സങ്കല്പിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ സന്ദേശമെത്തിയെന്നു മാത്രമല്ല, അത്ഭുതപ്പെട്ടുപോകുമാറുള്ള ദൃഢവിശ്വാസികളെ അല്ലാഹു അവിടെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഒരു സംഭവം പറയാം.

ബെനിൻ ആഫ്രിക്കയിലെ ഒരു ചെറിയ രാജ്യമാണ്. അവിടെ 2012–ൽ ഒരു ജമാഅത്ത് നിലവിൽവന്നു. അവിടെ ഇബ്റാഹിം സാഹിബ് അഹ്മദിയ്യത്ത് സ്വീകരിച്ചു. അതിനുമുമ്പേ അദ്ദേഹം മുസ്‌ലിമായിരുന്നു. നല്ല അറിവുമുണ്ടായിരുന്നു. അഹ്മദിയ്യത്തു സ്വീകരിച്ചതിനുശേഷം ആത്മാർഥതയിലും കൂറുപുലർത്തുന്നതിലും വളരെ അഭിവൃദ്ധിപ്പെടാൻ തുടങ്ങി. അദ്ദേഹം തന്റെ ബന്ധുക്കൾക്ക്, സഹോദരൻ തുടങ്ങിയവർക്ക് തബ്ലീഗ് ചെയ്യാൻ തുടങ്ങി. തബ്ലീഗുകൊണ്ട് പൊറുതിമുട്ടി, അദ്ദേഹത്തിന്റെ സഹോദരൻ അദ്ദേഹവുമായി വഴക്കിടാൻ തുടങ്ങി. പക്ഷേ, അദ്ദേഹം തബ്ലീഗ് ചെയ്തുകൊണ്ടേ ഇരുന്നു. അദ്ദേഹത്തിന്റെ ശ്രമത്താൽ ചുറ്റുവട്ടത്തുള്ള മൂന്നു ഗ്രാമം അഹ്മദിയ്യത്തിൽ ചേർന്നു. അപ്പോൾ അദ്ദേഹത്തിന്റെ സഹോദരൻ തന്റെ ഒരു കൂട്ടുകാരനുമൊത്ത് അദ്ദേഹത്തെ കൊല്ലാൻ പദ്ധതിയിട്ടു. ഇബ്റാഹിം സാഹിബ് പറയുന്നു: 'അദ്ദേഹം സ്വപ്നം കണ്ടു. തന്റെ മൂത്ത സഹോദരനും അദ്ദേഹത്തിന്റെ സുഹൃത്തും വലിയ കുഴിയെടുത്ത് അതിലെന്തോ ഇട്ടുകൊണ്ടിരിക്കുന്നു.' സ്വപ്നം കണ്ട് മൂന്നു ദിവസത്തിനുശേഷം മൂത്ത സഹോദരന്റെ കൂട്ടുകാരൻ പെട്ടെന്ന് രോഗിയാവുകയും മരിക്കുകയും ചെയ്തു. അപ്പോൾ തന്റെ സഹോദരൻ(ഇബ്റാഹീം സാഹിബ്) കൂട്ടുകാരനെതിരിൽ കൂടോത്രം ചെയ്തതാണെന്ന് പറയാൻ തുടങ്ങി. കുറച്ചു കാലത്തിനുശേഷം ഇബ്റാഹിം സാഹിബ് പറയുന്നു: 'തന്റെ സഹോദരൻ ഒരു മരത്തിനോടു ചേർന്നുനിന്ന് സ്വയം അളക്കുന്നതായിട്ട് ഞാൻ വീണ്ടും ഒരു സ്വപ്നം കണ്ടു.' അവിടെ ഒരു സമ്പ്രദായമുണ്ട്. ആരെങ്കിലും മരണപ്പെട്ടാൽ മരത്തിന്റെ ചെറിയ കമ്പ് ഒടിച്ച് മയ്യിത്ത് അളന്നാണ് അയാളുടെ ഖബ്ർ കുഴിക്കുന്നത്. ഇബ്റാഹിം സാഹിബ് പറയുന്നു; കുറച്ചു ദിവസത്തിനുശേഷം മൂത്ത സഹോദരന്റെ ഗർഭിണിയായ ഭാര്യ സുഖമില്ലാതായി. രണ്ടു ദിവസത്തിനുള്ളിൽ മരിക്കുകയും ചെയ്തു. അയാളുടെ മക്കൾക്കെല്ലാം രോഗം പിടിപെടാൻ തുടങ്ങി. അയാൾക്കാണെങ്കിൽ ഒരു മാറ്റവും വരുന്നുണ്ടായിരുന്നില്ല. ഇയാൾ കൂടോത്രം ചെയ്യുന്നയാളാണെന്ന് സഹോദരൻ പറഞ്ഞുപരത്താൻ തുടങ്ങി. അവിടെത്തെ പ്രാദേശിക ചീഫിന് പരാതി കൊടുക്കുകയും തന്നെ സഹായിക്കണമെന്ന് പറയുകയും ചെയ്തു. അദ്ദേഹം കുറച്ചു പണം കൊണ്ടുവരാൻ ആവശ്യപ്പെട്ടു. താൻ ചികിത്സിക്കാമെന്നും പറഞ്ഞു. സഹോദരൻ അദ്ദേഹത്തിന് പണം കൊണ്ടുകൊടുത്തു. ഇബ്റാഹിം സാഹിബിനെ ചീഫ് വിളിപ്പിച്ചു. താങ്കൾ ഇത് എന്തുതമാശയാണ് കാണിക്കുന്നതെന്ന് പറഞ്ഞ് ദ്വേഷപ്പെട്ടു. 'താങ്കൾ പുതിയ മതം സ്വീകരിച്ചിരിക്കുകയാണെന്നും അത് ഉപേക്ഷിക്കണമെന്നും തൗബ ചെയ്യണമെന്നും ഇല്ലെങ്കിൽ നാളെ താങ്കൾ സൂര്യ നെ കാണുകയില്ലെന്നും' ചീഫ് പറഞ്ഞു. ഇബ്റാഹിം സാഹിബ് പറഞ്ഞു: 'മതം എന്തായാലും ഉപേക്ഷിക്കാൻ പറ്റുകയില്ല. പിന്നെ മരിക്കുന്ന കാര്യമാണ്. ജീവിതവും മരണവുമെല്ലാം അല്ലാഹുവിന്റെ കൈയിലാണ്.' അപ്പോൾ ചീഫ് പറഞ്ഞു: "ഈ പ്രദേശത്തെ ദൈവം ഞാനാണ്. ഞാനാഗ്രഹിക്കുന്നത് ഞാൻ ചെയ്തിരിക്കും. മരിക്കുമെന്ന് ഞാൻ ആരോടെങ്കിലും പറഞ്ഞാൽ അവൻ മരിച്ചിരിക്കും. തീർച്ചയായും അവൻ മരിക്കും." ഇബ്റാഹിം സാഹിബ് പറഞ്ഞു: 'ശരി, താങ്കൾ താങ്കളുടെ പാരമ്പര്യപരമായ ആളുകളോടു പറഞ്ഞിട്ടുണ്ടാകും. പക്ഷേ, ഞാൻ ഇതിനെക്കുറിച്ച് താങ്കളോടൊന്നും പറയുന്നില്ല. പക്ഷേ, ദീൻ ഉപേക്ഷിക്കുന്ന പ്രശ്നമില്ല. കാരണം യാഥാർഥ്യമിതാണ്. സത്യഇസ്‌ലാം ഇതാണ്." അപ്പോൾ അയാൾക്ക് കൂടുതൽ ദ്വേഷമായി. ഇവനെ മുറിയിലടയ്ക്കാൻ അയാൾ കല്പിച്ചു. ഇബ്റാഹിം സാഹിബ് അവരോടു പറഞ്ഞു: 'നിങ്ങൾ എന്റെയിടയിൽ വന്നു വീഴരുത്. ഇക്കാര്യം വിട്ടുകളയുക. അവർ അത്യാഗ്രഹികളായിരുന്നു. കുറച്ചു പൈസവാങ്ങി അവർ അദ്ദേഹത്തെ വിട്ടു. അടുത്ത ദിവസം ആ ചീഫിന് തളർവാദം പിടിപെട്ടതായി അറിയാൻ കഴിഞ്ഞു. അനങ്ങാനും അടങ്ങാനും കഴിഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞ് മരിക്കുകയും ചെയ്തു. ഇതു കണ്ട് അദ്ദേഹത്തിന്റെ ശത്രുവായ മൂത്ത സഹോദരൻ ഞങ്ങളെ തമ്മിൽ രഞ്ജിപ്പിലാക്കുക എന്ന് കുടുംബക്കാരോടു പറഞ്ഞു. ഇബ്റാഹീം സാഹിബ് പറഞ്ഞു: 'എനിക്കാരോടും വഴക്കില്ലതന്നെ. ഞങ്ങൾ എങ്ങനെയുള്ള രഞ്ജിപ്പിലാണെന്നാൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനംതന്നെ ഇതാണ്.' ഈ ദൃഷ്ടാന്തത്തിന് ആ പ്രദേശങ്ങളിൽ വളരെ സ്വാധീനമുണ്ടായി. വലിയ ചർച്ചയായി. അഹ്മദിയ്യത്തിന്റെ സത്യത സ്ഥാപിതമായി. ഇക്കാര്യങ്ങളാണ് ഇന്നും ദൈവകൃപയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അനുകൂലമായി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"നോക്കൂ! ഞാൻ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്തു പറയുന്നു. ആയിരക്കണക്കിന് അടയാളങ്ങൾ എന്റെ സത്യസാക്ഷ്യത്തിന് വെളിപ്പെട്ടു. വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. ഇത് നിലച്ചുപോകുകയില്ല."(നിലച്ചുപോയിട്ടില്ല. അവിടന്ന് പറയുന്നു ഇനിയുമുണ്ടാകുന്നതാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇത് മനുഷ്യന്റെ പദ്ധതിയായി

രുന്നെങ്കിൽ ഇത്രമാത്രം സഹായവും പിന്തുണയും ഇതിനുണ്ടാകുമായിരുന്നില്ല." (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാല്യം 22 പേജ് 48) ഇത് അല്ലാഹുവിന്റെ പദ്ധതിയായതുകൊണ്ടാണ് സഹായം ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

ഒരു അവസരത്തിൽ പരിഷ്ക്കർത്താവിന്റെ ആവശ്യകതയേയും മസീഹ് മൗഊദ്(അ)ന്റെ ആവശ്യകതയേയും കുറിച്ച് വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'എല്ലാ ഓരോ ധാന്യവിളയും കൊയ്തെടുക്കുന്നതിന് ഒരു കാലം വരാറുണ്ട്. അപ്രകാരംതന്നെ ഇപ്പോൾ കുഴപ്പങ്ങൾ ഇല്ലാതാക്കേണ്ടതിനുള്ള കാലം വന്നെത്തിയിരിക്കുന്നു.' (ലോകത്തുണ്ടായിട്ടുള്ള കുഴപ്പങ്ങളും വ്യാപിച്ചിട്ടുള്ള ദോഷങ്ങളും അകറ്റുന്നതിനുള്ള സമയം വന്നെത്തിയിരിക്കുന്നു). അവിടന്ന് പറയുന്നു: 'സത്യവാനെ അങ്ങേയറ്റം നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്തിരിക്കുന്നു.' അവിടന്ന് പറയുന്നു: 'നഊദുബില്ലാഹ് ഈച്ചയ്ക്കും കടന്നലിനും കൊടുക്കുന്ന വിലപോലും നബി(സ)തിരുമേനിക്ക് നല്കുന്നില്ല. കടന്നലിനേയും മനുഷ്യൻ ഭയപ്പെടാറുണ്ട്. ഉറുമ്പിനേയും ഭയക്കുന്നു. പക്ഷേ, നബി(സ) തിരുമേനിയെ ചീത്തപറയുന്നതിന് ഒരു അറപ്പുമില്ല. കദ്ദബൂ ബിആയാത്തിനാ എന്നതിന്റെ സാക്ഷാത്കാരമായിക്കൊണ്ടിരിക്കുന്നു. വായ തുറക്കാവുന്നത്ര അവർ തുറന്നു. വായ പൊളിച്ചുകൊണ്ട് ചീത്തവിളിച്ചു. ഇപ്പോൾ അല്ലാഹു അത് അകറ്റുന്നതിനുള്ള സമയം കൊണ്ടുവന്നിരിക്കുന്നു. അത്തരം നേരത്ത് ഒരാളെ അവൻ എപ്പോഴും സൃഷ്ടിക്കാറുണ്ട്. അയാൾ അവന്റെ മഹത്ത്വവും പ്രതാപവും സംരക്ഷിക്കാൻ ആവേശം ഉൾക്കൊള്ളുന്ന ആളായിരിക്കും. അത്തരം വ്യക്തിക്ക് ആഭ്യന്തരമായ സഹായം ലഭിക്കുന്നു. യഥാർഥത്തിൽ അല്ലാഹുതന്നെയാണ് എല്ലാം ചെയ്യുന്നത്. എന്നാൽ, അത് സൃഷ്ടിക്കുക എന്നത് ഒരു നടപടിക്രമത്തിന്റെ പൂർത്തിയാക്കലായിരിക്കും. *വലൻതജിദ ലിസുന്നത്തില്ലാഹി തബ്ദീലാ.* ഇപ്പോൾ ആ നേരം വന്നിരിക്കുന്നു. അല്ലാഹു തന്റെ നടപടി ക്രമമനുസരിച്ച് എന്നെ അയച്ചിരിക്കുന്നു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിന്റെ ശക്തിപ്രഭാവമായ ഗ്രന്ഥങ്ങളിൽ ദൃഷ്ടി പായിക്കുമ്പോൾ മനസ്സിലാകുന്നത് കാര്യം അതിരുകടക്കുമ്പോൾ ആകാശത്തിൽ തയ്യാറെടുപ്പുണ്ടാകുന്നുവെന്നാണ്. തയ്യാറെടുപ്പിന്റെ സമയം വന്നിരിക്കുന്നു എന്നതാണ് അതിന്റെ ലക്ഷണം. സത്യവാനായ നബിയുടേയും റസൂലിന്റേയും മുജദ്ദിദിന്റേയും വലിയ അടയാളമെന്നത് അദ്ദേഹം യഥാർഥ നേരത്ത് വരിക എന്നതാണ്; ആവശ്യമുള്ള നേരത്ത് വരിക. ആകാശത്ത് എന്തെങ്കിലും തയ്യാറെടുപ്പ് നടക്കേണ്ട സമയമല്ലേ എന്ന് ആളുകൾ സത്യം ചെയ്ത് ചോദിക്കണം!' (അവിടന്ന് ചോദിക്കുന്നു. ഇത് സമയമല്ലേ എന്ന് സത്യം ചെയ്ത് പറയുക. അക്കാലത്തും ചോദിച്ചിരുന്നു. ഇന്നും തങ്ങൾക്ക് പരിഷ്കർത്താവിനെ ആവശ്യമുണ്ടെന്ന് ജനങ്ങൾ പറയുന്നു. പാക്കിസ്താനിലാണെങ്കിൽ മൗലവിമാർ സ്വയം ഇതു പറയുന്നുണ്ട്. പക്ഷേ, മസീഹ് മൗഊദിനെ നിഷേധിക്കുന്നു). അവിടന്ന് പറയുന്നു: 'എന്നാൽ, ഓർക്കുക, അല്ലാഹു താൻതന്നെയാണ് സകലവും ചെയ്യുന്നത്. നാമും നമ്മുടെ ജമാഅത്തും എല്ലാവരും മുറിയ്ക്കുള്ളിൽ കയറിയിരുന്നാലും ജോലി നടക്കുന്നതായിരിക്കും. ദജ്ജാലിന് അധഃപതനമുണ്ടാകും. *തിൽക്കൽഅയ്യാമു നുദാവിലുഹാ ബയ്ന ന്നാസി.* (ഇങ്ങനെ ദിവസങ്ങൾ പരസ്പരം മാറ്റി മറിക്കുന്നു) ഇതിന്റെ പൂർണത വിളിച്ചോതുന്നത് ദജ്ജാലിന്റെ അധഃപതനസമയം അടുത്തിരിക്കുന്നുവെന്നാണ്. ഏതെങ്കിലും കാര്യത്തിന് ഉന്നതി കരസ്ഥമായാൽ, പാരമ്യതയിലെത്തിയാൽ, താൻ ശക്തവാനായിരിക്കുന്നുവെന്നും എല്ലാ പുരോഗതിയും തന്റെ കൈയിൽ വന്നിരിക്കുന്നുവെന്നും മനസ്സിലാക്കാൻ തുടങ്ങുമ്പോൾ അവിടെനിന്ന് അധഃപതനമുണ്ടാകാൻ തുടങ്ങുന്നു. ഇപ്രകാരം ഇപ്പോൾ ആ ശക്തികളുടെ അധഃപതനവും ആരംഭിച്ചിരിക്കുന്നു.' (അവർ ഇസ്ലാം വിരുദ്ധശക്തികളാണെങ്കിലും വേണ്ടില്ല, ഹദ്റത്ത് മസീഹ് മൗഊദിനെതിരിൽ, അഹ്മദിയ്യത്തിനെതിരിൽ ഉള്ളവരാണെങ്കിലും വേണ്ടില്ല) അവിടന്ന് പറയുന്നു: 'അവരുടെ ഉയർച്ച പ്രകടിപ്പിക്കുന്നത്, ഇനി അധഃപതനം കാണുമെന്നാണ്." (അങ്ങേയറ്റം ഉച്ചിയിലെത്തിയിരിക്കുന്നു; ഇനി അത് താഴേക്കുവരാൻ തുടങ്ങുമെന്ന് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു). 'അവരുടെ ജനസാന്ദ്രത അവരുടെ നാശത്തിന്റെ അടയാളമാണ്.' (അവരുടെ ശക്തിയും ജനസാന്ദ്രതയും വളരെ കൂടുതലാണെന്ന് അവർ മനസ്സിലാക്കുന്നു; അപ്പോൾ ഇവർ നാശത്തിന്റെ അടയാളമായിത്തീരുന്നതാണ്). 'അതേ, തണുത്ത കാറ്റ് വീശാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ പ്രവൃത്തി പതുക്കെയാണ് നടക്കുന്നത്.' (ശരിതന്നെയാണ്. അടയാളം ആരംഭിച്ചിരിക്കുന്നു. അല്ലാഹുവിന്റെ പ്രവൃത്തി മെല്ലെയാണുണ്ടാകുന്നത്. അത് ഇൻശാഅല്ലാഹ് നടക്കുന്നതായിരിക്കും). അവിടന്ന് പറയുന്നു: 'നമ്മുടെ പക്കൽ ഒരു തെളിവും ഇല്ലായിരുന്നെങ്കിൽതന്നെയും കാലത്തിന്റെ അവസ്ഥകളിൽ ദൃഷ്ടി പായിച്ച് മസീഹ് ഇപ്പോഴും എന്തുകൊണ്ട് കുരിശ് ഉടയ്ക്കാൻ വന്നില്ല എന്ന് അന്വേഷിച്ചു നടക്കേണ്ടത് മുസ്ലിംകൾക്ക് അനിവാര്യമായിരുന്നു. അദ്ദേഹത്തെ തങ്ങളുടെ വഴക്കുകൾക്കു വേണ്ടി വിളിക്കരുതായിരുന്നു.' (ഇസ്ലാമിന്റെ ആത്മീയരോഷമായിരുന്നു, ഇസ്ലാമിന്റെ പ്രതിരോധത്തിന് വിളിക്കുക എന്നത്. മസീഹിനെ അന്വേഷിക്കുക എന്നത്. അല്ലാതെ തങ്ങളുടെ വഴക്കുകൾ പരിഹരിക്കുന്നതിന് വിളിക്കരുതായിരുന്നു). 'കാരണം അദ്ദേഹത്തിന്റെ ജോലി കുരിശ് ഉടയ്ക്കുക എന്നതാണ്. കാലത്തിന്റെ ആവശ്യവും അതുതന്നെയാണ്.' (മൽഫൂദാത്ത്, വാല്യം 1, പേജ് 396-398, 1985 ലണ്ടൻ പതിപ്പ്)

ഇപ്രകാരംതന്നെ ഒരിടത്ത് പറയുന്നു: 'നിരീശ്വരത്വവും കൂടുതൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അതിനെ ഖണ്ഡിക്കുന്നതിനുമാണ് വന്നിട്ടുള്ളത്.' (മൽഫൂദാത്ത്, വാല്യം 7, പേജ് 28, 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറയുന്നു: 'അതുകൊണ്ടാണ് അദ്ദേഹത്തിന്റെ പേര് മസീഹ് മൗഊദ് എന്നുള്ളത്. മുല്ലാമാർക്ക് മനുഷ്യകുലത്തിന്റെ ക്ഷേമവും നന്മയുമാണ് ഉദ്ദേശ്യമെങ്കിൽ അവർ ഒരിക്കലും ഇങ്ങനെ ചെയ്യുമായിരുന്നില്ല; നമ്മളോടു ചെയ്തുകൊണ്ടിരിക്കുന്നതുപോലെ. നമുക്കെതിരെ ഫത്‌വ എഴുതി അവരെന്താണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് അവർ ചിന്തിക്കേണ്ടിയിരിക്കുന്നു. ഏതൊന്നിനോടു അല്ലാഹു ഉണ്ടാകാൻ പറഞ്ഞുവോ അതിനോടു ഉണ്ടാകരുത് എന്നു പറയാൻ ആർക്കാണ് കഴിയുക?' (ഫത്‌വ എഴുതിയിട്ട് എന്തു ഫലമുണ്ടായി. ജമാഅത്ത് മുമ്പേപോലെ അഭിവൃദ്ധിപ്പെട്ടുകൊണ്ടേയിരിക്കുന്നു. കാരണം അല്ലാഹു ഉണ്ടാകാൻ തീരുമാനിച്ചാൽ അതുണ്ടാകുന്നു. പിന്നീട് ആർക്കും അതിനെ തടയാൻ കഴിയില്ല).

അവിടന്ന് പറയുന്നു: 'നമ്മുടെ എതിരാളികളും നമ്മുടെ ജോലിക്കാരാണ്. ഏതെങ്കിലും രീതിയിൽ അവർ പൂർവദിക്കിലും പശ്ചിമദിക്കിലും നമ്മുടെ സന്ദേശമെത്തിക്കുന്നു.' (മൽഫൂദാത്ത്, വാല്യം 1, പേജ് 398, 1985 ലണ്ടൻ പതിപ്പ്)

എതിർത്തുകൊണ്ടിരിക്കുന്നവർ, അവരുടെ എതിർപ്പു മുഖേന അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയാണ്. കാരണം ആ രീതിയിലും ജനങ്ങൾ ഇതിലേക്ക് ശ്രദ്ധിക്കുന്നു. ധാരാളമാളുകൾ കത്തെഴുതാറുണ്ട്. ബന്ധപ്പെടാറുണ്ട്; ഇന്ന മൗലവിയുടെ എതിർപ്പുകാരണത്താൽ അല്ലെങ്കിൽ ഇന്ന സ്ഥലത്ത് താങ്കൾക്കെതിരിൽ സംസാരം നടന്ന കാരണത്താൽ ഞങ്ങൾക്ക് അന്വേഷിക്കണമെന്ന് തോന്നി. അന്വേഷിക്കാൻ നടക്കുകയും ചെയ്തു. ഇപ്പോഴാണെങ്കിൽ ഇന്റർനെറ്റ് മുഖേന എല്ലായിടത്തും ജമാഅത്തിന്റെ സാഹിത്യങ്ങൾ ലഭ്യമാണ്. ഒരുപാട് കാര്യങ്ങൾ ലഭിക്കുന്നതാണ്. താരതമ്യപഠനവും നടത്താവുന്നതാണ്. അന്വേഷിച്ച് തങ്ങൾ ജമാഅത്തിൽ ചേരാനാഗ്രഹിക്കുന്നുവെന്ന് അവർ പറയുന്നു. മൗലവിമാരുടെ, എതിരാളികളുടെ ഈ മാർഗവും തബ്ലീഗിനുള്ള ഒരു മാർഗമായിത്തീർന്നുകൊണ്ടിരിക്കുന്നു. തങ്ങൾ ഇസ്ലാമിന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവരാണെന്നും മുമ്പേ തന്നെ ഇത്രയധികം കക്ഷികൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു, ഇനി ഇപ്പോൾ പുതിയൊരു കക്ഷിയുടെ ആവശ്യമെന്താണെന്നും താങ്കളുടെ ജമാഅത്തിൽ ചേരേണ്ട ആവശ്യമെന്താണെന്നുമുള്ള ആക്ഷേപത്തിന് മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ചിലപ്പോൾ നമ്മുടെ അഹ്മദിയും ആക്ഷേപകരുടെ ഈ ആക്ഷേപംകേട്ട് മൗനം പാലിക്കാറുണ്ട്. അക്കാലഘട്ടത്തിലും, ഇപ്പോഴും എന്തു മറുപടി പറയാനാണെന്നോർത്ത് മിണ്ടാതിരിക്കാറുണ്ട്.' അവിടന്ന് പറയുന്നു: 'ഈ ജമാഅത്തിന്റെ ആവശ്യമെന്താണെന്ന് പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്ന ധാരാളമാളുകളുണ്ട്. തങ്ങൾ നമസ്കരിക്കുകയും നോമ്പുപിടിക്കുകയും ചെയ്യുന്നില്ലേ എന്ന് അവർ ചോദിക്കുന്നു. ഈ രീതിയിലാണ് അവർ വഞ്ചിക്കുന്നത്. അജ്ഞരായ ചിലയാളുകൾ അത്തരം കാര്യങ്ങൾകേട്ട് വഞ്ചിതരാകുന്നതിൽ അത്ഭുതപ്പെടാനില്ല. അവരോട് ചേർന്നുകൊണ്ട് ഞങ്ങൾ നമസ്കരിക്കുന്നു, നോമ്പു പിടിക്കുന്നു. സ്തോത്രങ്ങൾ ചൊല്ലുന്നു. പിന്നെന്തിന് കുഴപ്പമിട്ടുവെന്ന് ചോദിക്കാം.' (പുതിയ ഒരു കക്ഷി ഉണ്ടാക്കി എന്തിനാണ് ഭിന്നിപ്പുണ്ടാക്കിയത്. ഞങ്ങൾ നമസ്കരിക്കുകയും നോമ്പു പിടിക്കുകയും ചെയ്യുന്നു. അപ്പോൾ നിങ്ങളിൽ ചേരേണ്ട ആവശ്യമെന്താണ്. പുതിയ കുഴപ്പമുണ്ടാക്കേണ്ട ആവശ്യമെന്താണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർക്കുക! ഇത്തരം കാര്യങ്ങൾ വിവരക്കുറവും ദൈവജ്ഞാനം ഇല്ലാത്തതിന്റേയും

ഫലമാണ്. ഇതെന്റെ ജോലിയല്ല. ഈ ഭിന്നിപ്പ് ഇട്ടിട്ടുണ്ടെങ്കിൽ അത് ഈ ജമാഅത്ത് രൂപീകരിച്ച അല്ലാഹുവാണ് ഇട്ടിട്ടുള്ളത്.' (ഈ ജമാഅത്ത് ഞാൻ രൂപീകരിച്ചിട്ടില്ല. ഇത് അല്ലാഹുവാണ് രൂപീകരിച്ചിട്ടുള്ളത്) 'കാരണം വിശ്വാസപരമായ അവസ്ഥ ബലഹീനമായി ക്ഷീണിച്ച് ഏതുവരെയെത്തിയെന്നാൽ, ഈമാനിക ശക്തി തികച്ചും ഇല്ലാതായിപോയിരിക്കുന്നു. യഥാർഥമായ ഈമാനിന്റെ ആത്മാവ് ഊതാൻ അല്ലാഹു ആഗ്രഹിക്കുന്നു. ഈ ജമാഅത്തു മുഖേനയാണ് അവൻ അത് ആഗ്രഹിച്ചിട്ടുള്ളത്. ഈ പരിതഃസ്ഥിതിയിൽ അവരുടെ ആക്ഷേപം നിരർഥവും പാഴ്‌വേലയുമാണ്. അതുകൊണ്ട് ഓർക്കുക. അത്തരം ദുർബോധനം ഒരിക്കലുമൊരിക്കലും ആരുടെ മനസ്സിലും വരാൻ പാടില്ല. ചിന്തയോടും ആലോചനയോടുംകൂടി പ്രവൃത്തിക്കുകയാണെങ്കിൽ ഈ ദുർബോധനം ഉണ്ടാകുകയേയില്ല. ആലോചിച്ചു പ്രവൃത്തിക്കാത്ത കാരണത്താലാണ് ദുർബോധനമുണ്ടാകുന്നത്. അവർ ബാഹ്യമായ അവസ്ഥ കണ്ട് വേറേയും മുസ്‌ലിംകളുമുണ്ടെന്ന് പറയുന്നു. ഇത്തരം ദുർബോധനംകൊണ്ട് മനുഷ്യൻ പെട്ടെന്ന് നാശമടയുന്നു.' പറഞ്ഞു: 'ബാഹ്യമായി നമ്മുടെ ജമാഅത്തിൽപെട്ടവരെന്ന് തോന്നുന്ന ചിലയാളുകളുടെ കത്തുകൾ ഞാൻ കാണുകയുണ്ടായി. (അവർ ബയ്അത്ത് ചെയ്തിട്ടുണ്ട്). മറ്റു മുസ്‌ലിംകളും ബാഹ്യമായി നമസ്കരിക്കുന്നു, കലിമ ചൊല്ലുന്നു, നോമ്പു പിടിക്കുന്നു, സൽകർമം ചെയ്യുന്നു, സൽപ്രകൃതക്കാരാണെന്ന് തോന്നുന്നു, പിന്നെ ഈ പുതിയ ജമാഅത്തിന്റെ ആവശ്യമെന്താണെന്ന് ചോദിക്കുന്നുവെന്ന് അവർ പറയുന്നു.' അവിടന്ന് പറയുന്നു: 'അവർ നമ്മുടെ ജമാഅത്തിലായിരുന്നിട്ടും അത്തരം ദുർബോധനങ്ങളും ആക്ഷേപങ്ങളും കേട്ട് തങ്ങൾക്ക് അതിന് മറുപടി കൊടുക്കാൻ കഴിഞ്ഞില്ലെന്ന് എഴുതുന്നു. അത്തരം കത്തുകൾ വായിച്ച്, അങ്ങനെയുള്ള ആളുകളെ ഓർത്ത് എനിക്ക് വിഷമവും സഹതാപവും തോന്നുന്നു. അവർ നമ്മുടെ യഥാർഥ ഉദ്ദേശ്യവും ഇച്ഛയും മനസ്സിലാക്കിയില്ല. അവർ നോക്കുന്നത് ആചാരപരമായ നിലയിൽ ഈയാളുകൾ തങ്ങളെപോലെ ഇസ്‌ലാമിക ചിഹ്നങ്ങൾ അനുഷ്ഠിക്കുന്നുവെന്നും, ദൈവകടമകൾ നിറവേറ്റുന്നുവെന്നുമാണ്. വാസ്തവത്തിൽ യാഥാർഥ്യത്തിന്റെ ചൈതന്യം അവരിൽ ഉണ്ടാകുന്നില്ല." (വെറും ബാഹ്യമായ നിലയിൽ ചെയ്യരുത്. മറിച്ച്, യഥാർഥമായ നിലയിൽ ആരാധനാകർമങ്ങൾ നിർവഹിക്കേണ്ടതാണ്. മറ്റു നിർബന്ധകടമകളും നിർവഹിക്കപ്പെടേണ്ടതാണ്). അതുകൊണ്ട് ഇക്കാര്യങ്ങളും ദുർബോധനങ്ങളും ഇന്ദ്രജാലംപോലെ പ്രവർത്തിക്കുന്നു." (ദുർബോധനങ്ങൾ ഉണ്ടാകുന്നു. അവർ ചെയ്യുന്ന കാര്യങ്ങളുടെ സ്വാധീനം പിന്നീട് അവരുടെമേൽ ഇന്ദ്രജാലം പോലെ ഫലിക്കുന്നു). മനുഷ്യനെ പാപത്തിന്റെ മരണത്തിൽനിന്ന് രക്ഷപ്പെടുത്തുന്ന യഥാർഥ വിശ്വാസം തങ്ങൾ ഉണ്ടാക്കാനാഗ്രഹിക്കുന്നുവെന്ന് അവർ ആ നേരത്ത് ചിന്തിക്കുകയില്ല; അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും പിൻപറ്റുന്നവരിൽ അക്കാര്യമുണ്ടാകുകയില്ല. അവരുടെ ദൃഷ്ടി ബാഹ്യത്തിലാണ്. യാഥാർഥ്യത്തിൽ അവരുടെ ദൃഷ്ടിപതിയുന്നില്ല. അവരുടെ കൈയിലുള്ളത് പുറന്തോടാണ്. അതിൽ കാമ്പില്ല." (മൽഫൂദാത്ത്, വാള്യം 6, പേജ് 237-239, 1985 ലണ്ടൻപതിപ്പ്) ബാഹ്യമായ കർമം മുസ്‌ലിംകൾ ചെയ്യുന്നുണ്ടെന്നതിൽ സംശയമില്ല, പക്ഷേ, അവരിൽ റൂഹില്ല, തഖ്‌വ ഇല്ല)

മുസ്‌ലിംകൾ എന്നു പറയുന്നവരുടെ കർമങ്ങൾ, സൽകർമങ്ങളാണെങ്കിൽ എന്തുകൊണ്ട് അതിന് പരിശുദ്ധഫലമുണ്ടാകുന്നില്ല എന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "ഇക്കൂട്ടർ (അതായത് ചില മുസ്‌ലിംകൾ) തങ്ങളിൽ എന്തുകാര്യമാണ് ഇസ്‌ലാമിനെതിരായിട്ടുള്ളതെന്ന് മനസ്സിലാക്കുന്നില്ല. ഞങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് പറയുകയും നമസ്കരിക്കുകയും നോമ്പുപിടിക്കുകയും സക്കാത്ത് നല്കുകയും ചെയ്യുന്നു." (അതായത് തങ്ങൾ എല്ലാ കാര്യങ്ങളും ഇസ്‌ലാമനുസരിച്ചാണ് ചെയ്യുന്നതെന്ന് അനഹ്മദികളായ മുസ്‌ലിംകൾ പറയുന്നു. നിങ്ങളുമായി ചേർന്നുകൊണ്ട് കൂടുതൽ ഇസ്‌ലാമിന്റെ യാഥാർഥ്യം മനസ്സിലാക്കേണ്ടതായ ഒരു കാര്യവുമില്ല. കാരണം ഞങ്ങൾ ലാഇലാഹ ഇല്ലല്ലാഹ് പറയുന്നു. നമസ്കരിക്കുന്നു. നോമ്പുപിടിക്കുന്നു. സക്കാത്ത് കൊടുക്കുന്നു. അവിടന്ന് പറയുന്നു, ഇതൊന്നുമല്ല) പറഞ്ഞു: "എന്നാൽ, അവരുടെ എല്ലാ കർമങ്ങളും, സൽകർമങ്ങളുടെ നിറമുള്ളതല്ലെന്നാണ് ഞാൻ പറയുന്നത്. മറിച്ച്, ഒരു പുറന്തോടുപോലെയാണ്. അതിൽ കാമ്പില്ല. അഥവാ ഇത് സൽക്കർമമാണെങ്കിൽ എന്തുകൊണ്ട് അവയ്ക്ക് പരിശുദ്ധഫലമുണ്ടാകുന്നില്ല? സൽകർമമുണ്ടാകുന്നത് അത് എല്ലാത്തരം കുഴപ്പങ്ങളിൽനിന്നും കലർപ്പുകളിൽനിന്നും പരിശുദ്ധമായിരിക്കുമ്പോഴാണ്. പക്ഷേ, അവരിൽ ഇക്കാര്യമെവിടെയാണുള്ളത്? മുഅ്മിനും മുത്തഖിയുമായ ഒരു മനുഷ്യൻ, സൽകർമങ്ങൾ ചെയ്യുന്നവൻ, സത്യവാന്മാരുടെ ശത്രുവായിരിക്കുമെന്ന് ഒരിക്കലും എനിക്ക് വിശ്വസിക്കാൻ കഴിയുകയില്ല. വാസ്തവത്തിൽ ഇക്കൂട്ടർ അല്ലാഹുവിനെ ഭയപ്പെടാതെ നമ്മെ നിരീശ്വരവാദിയെന്ന് പറയുന്നു. അല്ലാഹു എന്നെ നിയോഗിച്ചയച്ചിരിക്കുന്നുവെന്ന് ഞാൻ സത്യം ചെയ്ത് പറഞ്ഞിട്ടുള്ളതാണ്. അല്ലാഹുവിനെ കുറിച്ച് എന്തെങ്കിലും മഹത്ത്വം അവരുടെ മനസ്സിലുണ്ടായിരുന്നെങ്കിൽ അവർ നിഷേധിക്കുമായിരുന്നില്ല. താൻ അല്ലാഹുവിന്റെ പേരിന് ദോഷമുണ്ടാക്കുന്നവനാകുമോ എന്ന് ഭയപ്പെടുമായിരുന്നു. പക്ഷേ, ഇതുണ്ടാകുന്നത് അവരിൽ യഥാർഥമായ ഈമാൻ അല്ലാഹുവിലുണ്ടാകുമ്പോഴാണ്. രക്ഷാശിക്ഷയുടെ നാളിനെ ഭയപ്പെടുമ്പോഴാണ്. *ലാ തഖ്ഫു മാ ലയ്സലക്ക ബിഹീ ഇൽമുൻ* (നിനക്ക് അറിവില്ലാത്തതിനെ നീ പിന്തുടരരുത്) എന്നതനുസരിച്ച് അവരുടെ കർമങ്ങൾ ഉണ്ടാകുമ്പോഴാണ്." (മൽഫൂദാത്ത്, 17:37, വാള്യം 1, പേജ് 343, 1985 ലണ്ടൻ പതിപ്പ്)

മസീഹ് മൗഊദിന്റെ ആഗമനോദ്ദേശ്യം ആന്തരികവും ബാഹ്യവുമായ ഫിത്നകളിൽനിന്നും ആക്രമണങ്ങളിൽനിന്നും ഇസ്‌ലാമിനെ സുരക്ഷിതമാക്കുകയാണ്. നബി(സ)തിരുമേനിയും ഇക്കാര്യത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നബി(സ) തിരുമേനി അവസാനകാലത്തെ കുറിച്ച് പറഞ്ഞു, 'അക്കാലത്ത് രണ്ടുതരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകും. ഒന്ന് ആഭ്യന്തരമായിട്ടുള്ളത്. ഒന്ന് ബാഹ്യമായിട്ടുള്ളത്. ആന്തരികമായിട്ടുള്ള കുഴപ്പം മുസ്‌ലിംകൾ സത്യമാർഗത്തിൽ നിലകൊള്ളുകയില്ലെന്നുള്ളതാണ്. അവർ സാത്താനികകർമത്തിനും കൈകടത്തലിനും വിധേയരായിരിക്കും." (സൽക്കർമങ്ങൾ അവരിലുണ്ടാകുകയില്ല). "ചൂതുകളി, വ്യഭിചാരം, മദ്യപാനം തുടങ്ങി എല്ലാത്തരം കുഴപ്പങ്ങളിലും കലഹങ്ങളിലും അകപ്പെട്ട് അല്ലാഹുവിന്റെ പരിധിയിൽനിന്ന് പുറത്തുപോകുന്നതാണ്. അല്ലാഹുവിന്റെ വിലക്കുകൾ വകവെക്കുന്നില്ല. നോമ്പും നമസ്കാരവും ഉപേക്ഷിക്കുന്നു. വിധിവിലക്കുകളെ അപമാനിക്കുന്നു. ദൈവകല്പനകളെ പരിഹസിക്കുന്നു." (ഇത് ആഭ്യന്തരമായ കുഴപ്പമാണ്, അതായത് മുസ്‌ലിംകളുടെ കർമപരമായ അവസ്ഥ മോശമായിരിക്കുന്നു. ഭൂരിപക്ഷമുസ്‌ലിംകളുടേയും അവസ്ഥ ഇതാണ്. നിങ്ങൾ നോക്കുക, ലോകത്ത് മുസ്‌ലിംകൾ പരസ്പരം എങ്ങനെയാണ് അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്). "പുറത്തുനിന്നുള്ള കുഴപ്പം നബി(സ)തിരുമേനിയുടെ പരിശുദ്ധ വ്യക്തിത്വത്തിനുമേൽ കള്ളാരോപണം ഉന്നയിക്കുമെന്നതാണ്." (ഇതും ഇക്കാലത്ത് ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു). "എല്ലാതരത്തിലുള്ള ഹൃദയഭേദകമായ ആക്രമണങ്ങൾകൊണ്ടും ഇസ്‌ലാമിനെ നിന്ദിക്കാനും നശിപ്പിക്കാനും ശ്രമമുണ്ടാകുന്നതാണ്. യേശുവിന്റെ ദൈവത്വം വിശ്വസിപ്പിക്കുന്നതിനും കുരിശിലെ ശപ്തമരണത്തിൽ വിശ്വസിപ്പിക്കുന്നതിനും എല്ലാവിധത്തിലുള്ള തന്ത്രങ്ങളും ഉപായങ്ങളും നടപ്പിൽ കൊണ്ടുവരുന്നതായിരിക്കും. ചുരുക്കത്തിൽ ഈ രണ്ട് ആഭ്യന്തരവും ബാഹ്യവുമായ വൻഫിത്നകൾ ദൂരീകരിക്കുന്നതിന് ഒരാൾ നബി(സ)തിരുമേനിയുടെ ഉമ്മത്തിൽനിന്ന് നിയോഗിക്കപ്പെടുമെന്ന് ആ മഹാത്മാവിന് സുവിശേഷം കിട്ടി. അദ്ദേഹം ആഭ്യന്തര ഫിത്നയേയും കുരിശുമതത്തിന്റെ യാഥാർഥ്യത്തേയും തകർക്കുന്നയാളായിരിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മസീഹുബ്നു മർയമായിരിക്കും. ആഭ്യന്തരമായ ഭിന്നിപ്പുകളേയും വഴികേടുകളേയും അകറ്റി സന്മാർഗത്തിന്റെ സത്യമായ വഴിയിൽ നിറുത്തുന്ന കാരണത്താൽ മഹ്ദിയുമായിരിക്കും. ഇതേ സന്തോഷവാർത്തയാണ് വ ആഖരീനമിൻഹും എന്നതിൽ സൂചിപ്പിച്ചിട്ടുള്ളത്." (മൽഫൂദാത്ത്, വാള്യം 1, പേജ് 444-445, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹു മൗഊദ്(അ)നെ വിശ്വസിച്ച നമ്മുടെ അല്ലാഹുവുമായുള്ള ബന്ധത്തിന്റേയും തഖ്‌വയുടെയും നിലവാരം മറ്റു മുസ്‌ലിംകളെക്കാൾ ഉയർന്നതായിരിക്കേണ്ടതാണ്. നമ്മുടെ കർമപരമായ അവസ്ഥ മറ്റുള്ളവരെക്കാൾ മികച്ചതായിരിക്കേണ്ടതാണ്. അവിടന്ന് പൊതുവെ വരച്ചുകാണിച്ചിട്ടുള്ള ചിത്രം നമ്മുടെ ചിത്രം ആകാൻപാടില്ല. നമ്മുടെ കർമപരമായ അവസ്ഥ മറ്റുള്ളവരെക്കാൾ ഉത്തമമായിരിക്കേണ്ടതാണ്. നമ്മുടെ കർമം എപ്പോഴും അല്ലാഹുവിന്റെ തൃപ്തിയ്ക്കനുസരിച്ചും നല്ലതുമായിരിക്കേണ്ടതാണ്. ഇക്കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"ബയ്അത്ത് ചെയ്തുകൊണ്ട് ഈ ജമാഅത്ത് സത്യമാണെന്ന് വിശ്വസിച്ചാൽ മാത്രം പോരാ" (സത്യം വിശ്വസിച്ചു, അത്രമതി) "ഇത്രമാത്രം വിശ്വസിക്കുന്നതുകൊണ്ട് അവന് ബർക്കത്ത് ഉണ്ടാകുമോ?" പറയുന്നു: "സൽകർമങ്ങൾ ചെയ്യത്തിടത്തോളം കേവ

ലം വിശ്വാസംകൊണ്ട് അല്ലാഹു സന്തോഷിക്കുകയില്ല. ഈ ജമാഅത്തിൽ പ്രവേശിച്ച സ്ഥിതിക്ക് നല്ലവരാകാൻ ശ്രമിക്കുക. മുത്തഖിയാകുക. എല്ലാ തിന്മകളിൽനിന്നും രക്ഷപ്പെടുക. ഈ സമയം ദുആകളിൽ കഴിക്കുക. രാവും പകലും താണുകേണ്ട് അപേക്ഷിക്കുക. പരീക്ഷണത്തിന്റെ സമയം വരുമ്പോൾ; അല്ലാഹുവിന്റെ കോപവും ജ്വലിച്ചുയർന്നിട്ടുണ്ടാകും. അത്തരം നേരത്ത് ദുആ ചെയ്യുക, കേണപേക്ഷിക്കുക, ദാനധർമങ്ങൾ കൊടുക്കുക. നാവുകൾ മൃദുലമാക്കി വെക്കുക. ഇസ്തിഗ്ഫാർ മാമൂലാക്കി മാറ്റുക. നമസ്കാരങ്ങളിൽ ദുആകൾ ചെയ്യുക. 'നിയ്യത്തുകൾ ചെയ്തുകൊണ്ട് ആരും മരിക്കാറില്ല' എന്ന ചൊല്ല് പ്രശസ്തമാണ്. കേവല വിശ്വാസം മനുഷ്യന് പ്രയോജനപ്പെടുകയില്ല. മനുഷ്യൻ വിശ്വസിച്ചുകൊണ്ട് പിന്നീടതിനെ പിമ്പുറം തള്ളിക്കളഞ്ഞാൽ അവന് അത് ഫലം ചെയ്യുകയില്ല. പിന്നീട് ബയ്അത്തുകൊണ്ട് പ്രയോജനമൊന്നുമുണ്ടായില്ല എന്നു പരാതിപ്പെടൽ നിരർഥമാണ്. അല്ലാഹു കേവലം പറച്ചിൽകൊണ്ട് തൃപ്തനാകുകയില്ല."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "സൽകർമം എന്താണ്? വിശുദ്ധ ഖുർആനിൽ അല്ലാഹു വിശ്വാസത്തോടൊപ്പം സൽകർമവും വെച്ചിരിക്കുന്നു. അണുവോളം കുഴപ്പമില്ലാത്തതിനാണ് സൽകർമമെന്നു പറയുന്നത്. ഓർത്തുകൊള്ളുക! മനുഷ്യന്റെ കർമത്തിൽ എപ്പോഴും കള്ളൻ കിടക്കുന്നുണ്ടാകും. ആ കള്ളനാരാണ്?" (കർമങ്ങളിൽ എങ്ങനെയുള്ള കള്ളനാണുള്ളത്?). "അതാണ് പ്രദർശനപരത, ഡംഭ്. ഡംഭ് എന്നു പറഞ്ഞാൽ കർമം ചെയ്ത് സ്വയം സന്തോഷിക്കുക. പലതരത്തിലുള്ള ദുഷ്കർമങ്ങളും പാപവും അവനിൽനിന്നുണ്ടാകുന്നതിനാൽ കർമങ്ങൾ നിഷ്ഫലമായിപ്പോകുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "സൽകർമം എന്ന് പറയുന്നത് അതിൽ അക്രമം, ഡംഭ്, പ്രദർശനപരത, അഹങ്കാരം, അവകാശധ്വംസനം തുടങ്ങിയവയുടെ വിചാരംപോലും ഉണ്ടാകുകയില്ല. പരലോകത്ത് മനുഷ്യൻ സൽകർമംകൊണ്ട് രക്ഷപ്പെടുന്നതുപോലെ ഇഹലോകത്തും രക്ഷപ്പെടുന്നു. അതായത് പരലോകത്തിലും സൽകർമം കാരണത്താൽ രക്ഷപ്പെടാനുള്ള സാഹചര്യമുണ്ടാകും. നല്ല കർമങ്ങളുണ്ടെങ്കിൽ അല്ലാഹു തൃപ്തിപ്പെടുന്നതായിരിക്കും. സമ്മാനങ്ങൾ നല്കി അനുഗ്രഹിക്കുന്നതായിരിക്കും. ഇപ്രകാരം ഇഹലോകത്തും നല്ല കർമങ്ങളുണ്ടെങ്കിൽ ഭൗതികമായ ധാരാളം പ്രയാസങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും മനുഷ്യൻ രക്ഷപ്പെടുന്നതാണ്. വീടു മുഴുവൻ ഒരാളെങ്കിലും സൽകർമിയായിട്ടുണ്ടെങ്കിൽ മുഴുവൻ വീട്ടുകാരും രക്ഷപ്പെട്ടിരിക്കുന്നതാണ്. നിങ്ങളിൽ സൽക്കർമം ഉണ്ടാകാത്തിടത്തോളം ഫലം ചെയ്യുകയില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. ഒരു വൈദ്യൻ കുറിപ്പടി എഴുതിക്കൊടക്കുന്നു. അതിന്റെ ഉദ്ദേശ്യം എന്തൊന്ന് അതിലെഴുതിയിരിക്കുന്നുവോ അത് വാങ്ങി കഴിക്കുക എന്നാണ്." (ഉപയോഗിക്കുക). "അവൻ ആ മരുന്നുകൾ ഉപയോഗിക്കാതിരിക്കുകയും കുറിപ്പടി വാങ്ങി സൂക്ഷിച്ചു വെക്കുകയുമാണെങ്കിൽ അവനെന്ത് ഫലമുണ്ടാകാനാണ്? ഈ നേരത്ത് നിങ്ങൾ തൗബ ചെയ്തിരിക്കുകയാണ്. ഈ തൗബകൊണ്ട് നിങ്ങൾ നിങ്ങളെ എത്രമാത്രം ശുദ്ധീകരിച്ചുവെന്ന് ഭാവിയിൽ അല്ലാഹു കാണാനാഗ്രഹിക്കുന്നു. അല്ലാഹു തഖ്‌വ മുഖേന വ്യത്യാസമുണ്ടാക്കികാണിക്കാൻ ആഗ്രഹിക്കുന്ന കാലമാണിത്. അല്ലാഹുവിനെ കുറിച്ച് പരാതിപ്പെടുന്ന ധാരാളമാളുകളുണ്ട്. തങ്ങളുടെ ആത്മാവിനെ അവർ നോക്കുന്നില്ല. സ്വന്തം ആത്മാവിന്റെ അക്രമംതന്നെയാണ് മനുഷ്യനിലുണ്ടാകുന്നത്; അല്ലാഹു കാരുണ്യവാനും ഉദാരനുമാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ചിലയാളുകളുണ്ട്. ചിലർക്കാണെങ്കിൽ പാപത്തെകുറിച്ച് അറിവും ഉണ്ടാകുകയില്ല. അവർക്ക് പാപത്തെ കുറിച്ച് അറിയാം. അതുകൊണ്ട് അല്ലാഹു എന്നെന്നേക്കുമായി പൊറുക്കലിനെ തേടിക്കൊണ്ടിരിക്കാനുള്ള ഏർപാടുണ്ടാക്കി."(എപ്പോഴും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്). "മനുഷ്യൻ എല്ലാ ഓരോ പാപത്തിനും, അത് പുറമെനിന്നുള്ളതാണെങ്കിലും ഉള്ളിൽനിന്നുള്ളതാണെങ്കിലും അറിഞ്ഞുകൊണ്ടുള്ളതാണെങ്കിലും അറിയാതെ ചെയ്യുന്നതാണെങ്കിലും കൈയും കാലും നാവും മൂക്കും ചെവിയും കണ്ണും കൊണ്ടുള്ളതാണെങ്കിലും എല്ലാ തരത്തിലുള്ള പാപങ്ങളിൽനിന്നും ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്." (അതായത് പാപമുണ്ടാകുന്ന ഒന്നും ചെയ്യാൻ പാടില്ല.) "ശരീരത്തിന്റെ എല്ലാ ഓരോ ഭാഗവും പാപങ്ങളിൽ നിന്ന് രക്ഷപ്പെട്ടിരിക്കാൻ ഇസ്തിഗ്ഫാർ ചെയ്യുക." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഇക്കാലത്ത് ആദം(അ) ചെയ്ത ദുആ ചെയ്യേണ്ടതാണ്. അത് ഏതു ദുആയാണ്? *റബ്ബനാ ളലംനാ അൻഫുസനാ വഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ*(7:24) ഈ ദുആ ആദ്യമെതന്നെ സ്വീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. അശ്രദ്ധരായി ജീവിക്കരുത്. അശ്രദ്ധനായി ജീവിക്കാത്ത മനുഷ്യൻ ശക്തിക്കതീതമായ വിപത്തിൽ അകപ്പെടുമെന്ന് ഒരിക്കലും കരുതാവതല്ല. കല്പന കൂടാതെ ഒരു വിപത്തും വരുന്നില്ല. എനിക്ക് ഈ ദുആ ഇൽഹാമുണ്ടായി. *റബ്ബി കുല്ലുശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർ നീ വർഹംനീ* എല്ലാം അവന്റെ കൈയിലാണുള്ളത്. ഇത് നമ്മുടെ വിശ്വാസമാണ്; കാര്യഹേതുക്കൾ കൊണ്ടുചെയ്താലും, കാര്യഹേതുക്കൾ കൂടാതെ ചെയ്താലും!" (മൽഫൂദാത്ത് വാല്യം 4 പേജ് 274–276, 1985 ലണ്ടൻ പതിപ്പ്) അല്ലാഹു എന്തെങ്കിലും മാർഗമുണ്ടാക്കുകയോ ഉണ്ടാക്കാതിരിക്കുകയോ ചെയ്യുന്നു. അവന്റെ കൈയിലാണ് സകലതുമുള്ളത്. അതുകൊണ്ട് ദുആ ചെയ്യേണ്ടതാണ്. ഈ രണ്ടു ദുആയും ശ്രദ്ധിക്കുകയും മനസ്സിലാക്കുകയും ചെയ്യുക."

നമ്മളിലെ ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചിട്ടുള്ളവരാണെങ്കിൽ ആ വിശ്വാസത്തോടും ബയ്അത്തിനോടുമുള്ള കടമ നിറവേറ്റുന്നവരുമാണോ? എന്റെ പരിശോധനയിൽ നമ്മളിൽ ധാരാളമാളുകൾ നമസ്കാരങ്ങളും മുഴുവനും അനുഷ്ഠിക്കാത്തവരാണെന്ന കാര്യം മുന്നിൽ വന്നിട്ടുണ്ട്. നമസ്കാരത്തിലേക്ക് ശ്രദ്ധതന്നെയില്ല. ഇസ്തിഗ്ഫാറിലേക്ക് ചിലർക്ക് ഒട്ടുംതന്നെ ശ്രദ്ധയില്ല. പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയില്ല. ഇതാണ് അവസ്ഥയെങ്കിൽ നമ്മൾ സൽകർമകാരികളാണെന്ന് നമുക്കെങ്ങനെയാണ് പറയാൻ കഴിയുക? മറ്റുള്ളവർ നിഷേധിച്ചുകൊണ്ട് പാപികളായിക്കൊണ്ടിരിക്കുന്നു. നമ്മൾ വിശ്വസിച്ചുകൊണ്ട് നമ്മളിൽ മാറ്റമുണ്ടാക്കാതെ, ചെയ്ത പ്രതിജ്ഞ നിറവേറ്റാത്ത കാരണത്താൽ പാപികളായിക്കൊണ്ടിരിക്കുന്നു. അതിനാൽ വളരെ ആശങ്കയോടെ നമ്മളിൽ ഓരോരുത്തരും ആത്മപരിശോധനനടത്തേണ്ട ആവശ്യമാണുള്ളത്. നമ്മൾ കേവലം ആചാരപരമായ നിലയിൽ മസീഹ് മൗഊദ് ദിനം കൊണ്ടാടുന്നവർ ആകാതിരിക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പ്രത്യുത മസീഹു മൗഊദിനെ വിശ്വസിച്ചതിന്റെ കടമ നിറവേറ്റുന്നവരാകട്ടെ. ഉള്ളിൽനിന്നും പുറമെനിന്നുമുള്ളതായ എല്ലാത്തരം കുഴപ്പങ്ങളിൽനിന്നും രക്ഷപ്പെടുന്നവരാകട്ടെ. അല്ലാഹു എപ്പോഴും നമ്മെ അവന്റെ അഭയത്തിൽ വെക്കുമാറാകട്ടെ. എല്ലാ വിപത്തുകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും രക്ഷപ്പെടുത്തുമാറാകട്ടെ.

## ഉപദേശനം
## ഹദ്റത്ത് അമീറുൽ മുഅ്മിനീൻ

"നിങ്ങൾക്ക് ഇരുലോകത്തും വിജയം കരസ്ഥമാകണമെന്നും ജനങ്ങളുടെ ഹൃദയങ്ങൾ കീഴടക്കണമെന്നും ആഗ്രഹിക്കുന്നെങ്കിൽ പരിശുദ്ധി സ്വായത്തമാക്കുക. നിങ്ങൾ സ്വയം നിങ്ങളെ നന്നാക്കുകയും മറ്റുള്ളവർക്ക് നിങ്ങളുടെ ശ്രേഷ്ഠമായ സ്വഭാവങ്ങളുടെ മാതൃക കാണിക്കുകയും ചെയ്യുക; അപ്പോഴായിരിക്കും നിങ്ങൾ വിജയിക്കുന്നത്."

(ജുമുഅ ഖുത്വ്ബ 2016 ജനുവരി 1)

*ത്വാലിബെ ദുആ:*
M.K. Abdul Azeez &Family,
Ahmadiyya Jama'ath Mannarkad (Kerala)

## ഖിയാമത്തിന്റെ അടയാളങ്ങൾ:

1. പൊതുസ്വത്തിൽ അഴിമതി വ്യാപിക്കുക. 2.സൂക്ഷിപ്പുമുതലിനെ യുദ്ധമുതലുകളെപ്പോലെ ഉപയോഗിക്കുക. 3.സക്കാത്ത് നല്കപ്പെടാതെ കടമായി ശേഷിപ്പിക്കുക. 4. ദീനിയല്ലാത്ത ലക്ഷ്യങ്ങൾക്കുവേണ്ടി അറിവ് പഠിക്കുക. 5. ഭാര്യയ്ക്കുവഴങ്ങി ഉമ്മയെ ഉപദ്രവിക്കുക. 6. സ്നേഹിതനെ അടുപ്പിക്കുകയും പിതാവിനെ അകറ്റുകയും ചെയ്യുക. 6. മസ്ജിദുകളിൽ ശബ്ദം ഉയരുക. 7. ഒരു ജനതയുടെ നേതാവ് അവരിൽ ഏറ്റവും നിന്ദ്യനും ഗോത്രങ്ങളെ നയിക്കുന്നവൻ തെമ്മാടിയുമാകുക. 8. ഉപദ്രവത്തെ ഭയന്ന് ഒരു വ്യക്തി ആദരിക്കപ്പെടുക. 9. നർത്തകികളും വാദ്യോപകരണങ്ങളും പ്രത്യക്ഷപ്പെടുക. 10. മദ്യപാനം വ്യാപകമാകുക. 11. ഈ ഉമ്മത്തിലെ അവസാനക്കാർ പൂർവികരെ ശപിക്കുക. ഇത്രയും കാര്യങ്ങൾ സംഭവിച്ചാൽ തീക്കാറ്റ്, ഭൂകമ്പം, ഭൂമിയിലേക്ക് താഴ്ത്തപ്പെടൽ, കോലം മറിക്കപ്പെടൽ, ആകാശത്തിൽനിന്നുള്ള ഏറ് എന്നിവയേയും മറ്റു പലദൃഷ്ടാന്തങ്ങളേയും അവർ പ്രതീക്ഷിച്ചുകൊള്ളട്ടെ. ചരടിനു മാലപോലെ തുടരെത്തുടരെ പ്രസ്തുത ദൃഷ്ടാന്തങ്ങളും വന്നുകൊണ്ടിരിക്കും. **(മുസ്‌ലിം, അബൂദാവൂദ്, തുർമുദി)**

2018 ജൽസാ സാലാന ഖാദിയാൻ പ്രസംഗത്തിൽ നിന്ന്

# മുഹമ്മദുനബിയും(സ) മിർസാ ഗുലാം അഹ്മദും(അ) ജീവചരിത്രത്തിലെ സംഭവങ്ങളുടെ വെളിച്ചത്തിൽ

**മുനീർ അഹ്മദ് ഖാദിം (അഡീഷണൽ നാളിർ ഇസ്‌ലാഹ് വ ഇർശാദ് ജനൂബി ഹിന്ദ് ഖാദിയാൻ)**

ഒരിക്കൽ, ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ ജീവിതരീതിയെ സംബന്ധിച്ച് എന്തെങ്കിലും പറഞ്ഞുതരികയെന്ന് ഒരാൾ ഹദ്റത്ത് ആഇശ(റ)യോട് പറഞ്ഞു. അപ്പോൾ ഹദ്റത്ത് ആഇശ(റ) പറഞ്ഞത് *കാനഖുലുക്കുഹുൽ ഖുർആൻ* എന്നാണ്. അതായത് നബി(സ)തിരുമേനിയുടെ പരിശുദ്ധമായ ജീവിതത്തെക്കുറിച്ച് അറിയണമെങ്കിൽ ഖുർആൻ വായിച്ചുനോക്കുക. തങ്ങളുടെ ജീവിതം തികച്ചും ഖുർആന് അനുസൃതമായിരുന്നു.

ഇതുപോലെ ആർക്കെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത ജീവിതത്തെക്കുറിച്ച് അറിയണമെങ്കിൽ, നബി(സ) തിരുമേനിയുടെ ജീവിതചരിത്രം പാരായണം ചെയ്യേണ്ടതാണ്. കാരണം അവിടത്തെ ജീവിതം തന്റെ യജമാനരും പ്രേമഭാജനവുമായ മുഹമ്മദ് നബി(സ)യുടെ പരിശുദ്ധജീവിത ചരിത്രത്തിന്റെ നിഴൽ തന്നെയാണെന്ന് കാണാം.

മസീഹ് മൗഊദ്(അ) ഒരു സന്ദർഭത്തിൽ പറയുകയുണ്ടായി: *മൻ ഫർറഖ ബയ്നീ വ ബയ്നൽ മുസ്തഫാ മാ അറഫനീ വമാ റആ* അതായത് ആരെങ്കിലും എനിക്കും മുഹമ്മദ് മുസ്തഫാ(സ)യ്ക്കുമിടയിൽ വ്യത്യാസം കൽപിക്കുകയാണെങ്കിൽ അവൻ എന്നെ തിരിച്ചറിയുകയോ എന്റെ യാഥാർഥ്യത്തെ സംബന്ധിച്ച് മനസ്സിലാക്കുകയോ ചെയ്തിട്ടില്ല. ഇമാം മഹ്ദി തികച്ചും നബി(സ)തിരുമേനിയുടെ പ്രതിച്ഛായ ആയിരിക്കുമെന്നുതന്നെയാണ് ഉമ്മത്തിലെ പൂർവികരായ മഹാത്മാക്കളും പറഞ്ഞിരുന്നത്. ഹദ്റത്ത് ശാഹ് വലിയുല്ലാഹ് മുഹമ്മദ് ദഹ്‌ലവി സാഹിബ് തന്റെ ഗ്രന്ഥമായ അൽഖയ്റുൽ കഥീറിൽ പറയുന്നു: “മുഹമ്മദി ഉമ്മത്തിൽ അവതീർണരാകുന്ന മസീഹിൽ സയ്യിദുൽ മുർസലീൻ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ പ്രകാശത്തിന്റെ പ്രതിച്ഛായ ഉണ്ടായിരിക്കണമെന്നത് അനിവാര്യമാണ്. വാഗ്ദത്ത മസീഹ് അവതീർണരാകുമ്പോൾ അദ്ദേഹം കേവലം ഉമ്മത്തിലെ ഒരു വ്യക്തി മാത്രമായിരിക്കുമെന്നുള്ള പൊതുജനങ്ങളുടെ ചിന്താഗതി തികച്ചും തെറ്റാണ്. ഇതിനു നേർവിപരീതമായി ആ മഹാത്മാവ് സമ്പൂർണ മുഹമ്മദീനാമത്തിലെ പൂർണവ്യാഖ്യാനമായിരിക്കുകയും അദ്ദേഹത്തിന്റെതന്നെ പ്രതിച്ഛായ ആയിരിക്കുകയും ചെയ്യുന്നതാണ്. അദ്ദേഹത്തിനും ഇതര ഉമ്മത്തിലെ വ്യക്തികൾക്കുമിടയിൽ വലിയ വ്യത്യാസമുണ്ടായിരിക്കുന്നതാണ്.

കുടുംബജീവിതത്തിന്റെ വീക്ഷണത്തിലൂടെ നോക്കുമ്പോൾ വാഗ്ദത്ത മസീഹ്(അ)ന്റെ ജീവചരിത്രം നബി(സ)തിരുമേനിയുടെ ജീവചരിത്ര ത്തിന്റെ തനിപകർപാണെന്ന് കാണാം. *ആശറൂഹുന്ന ബിൽമഅ്റൂഫി* ഭാര്യമാരോട് സൽസ്വഭാവത്തിൽ വർത്തിക്കുക എന്നത് വിശുദ്ധഖുർആന്റെ അധ്യാപനമാണെങ്കിൽ *ഖയ്റുക്കും ഖയ്റുക്കും ലിഅഹ്‌ലിഹീ വ അന ഖയ്റുക്കും ലിഅഹ്‌ലീ* നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ കുടുംബത്തോട് സൽസ്വഭാവത്തോടെ വർത്തിക്കുന്നവനാണ് എന്നും ഞാൻ ഇക്കാര്യത്തിൽ നിങ്ങളെക്കാൾ ഏറ്റവും ഉത്തമനാണെന്നും നബി(സ)തിരുമേനി പറയുകയും ചെയ്തിരിക്കുന്നു.

ഈ വീക്ഷണത്തിലൂടെ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ കുടുംബജീവിതത്തിലേക്ക് കണ്ണോടിക്കുമ്പോൾ അത് തികച്ചും നബി(സ)തിരുമേനിയുടെ ജീവിതമാതൃക അനുസരിച്ചായിരുന്നുവെന്ന് കാണാം. ആ മഹാത്മാവ് പറയുന്നു: ‘എനിക്ക് എന്റെ ആദരണീയനായ മുഹമ്മദു മുസ്തഫാ(സ)തിരുമേനി ആത്മീയതയുടെ സ്ഥായിയായതും സമ്പൂർണവുമായ പ്രതാപത്തിന്റേയും പരിപൂർണതയുടേയും തെളിവ് നൽകിയിരിക്കുന്നു. അതായത് ഞാൻ അദ്ദേഹത്തെ പിൻപറ്റുകയും അദ്ദേഹത്തെ സ്നേഹിക്കുകയും ചെയ്ത കാരണത്താൽ ദൈവികമായ അടയാളങ്ങൾ എന്റെമേൽ ഇറക്കുന്നതായും ഹൃദയത്തെ ദൃഢതയുടെ പ്രകാശംകൊണ്ട് നിറയ്ക്കുന്നതായും ദർശിച്ചിരിക്കുന്നു. പരോക്ഷമായ അടയാളങ്ങൾ ആ പ്രകാശങ്ങൾ മുഖേന എത്രമാത്രം കണ്ടിരിക്കുന്നുവെന്നാൽ ഞാൻ എന്റെ ദൈവത്തെ തന്നെ ദർശിക്കുകയുണ്ടായി.

ഖമറുൽ അമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: ‘ചെറുതിൽ ചെറുതായ കാര്യങ്ങളിൽപോലും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയെ അനുധാവനം ചെയ്യൽ ഹദ്റത്ത് മസീഹ്(അ)ന്റെ ചര്യയായിരുന്നു.’ (സീറത്തുൽ മഹ്ദി, 2)

ഒരു വ്യക്തിയുടെ കുടുംബജീവിതത്തെ സംബന്ധിച്ച് അയാളുടെ ഏറ്റവും അടുത്ത ബന്ധുക്കൾക്കാണ് ഏറ്റവും നല്ല സാക്ഷ്യം നൽകാൻ സാധിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാര്യാസഹോദരൻ ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ) പറയുന്നു: ‘എന്റെ ഓർമയിൽ ഒരിക്കലും ഹുദൂർ(അ) ഹദ്റത്ത് ഉമ്മുൽമുഅ്മിനോടു നീരസം പ്രകടിപ്പിക്കുന്നത് ഞാൻ കാണുകയോ കേൾക്കുകയോ ചെയ്തിട്ടില്ല. എന്നുമാത്രമല്ല മാതൃകാ ദമ്പതികൾ എങ്ങനെയായിരിക്കണമോ ആ നിലയിലാണ് എക്കാലത്തും കണ്ടിട്ടുള്ളത്.” (സീറത്ത് ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബീഗം സാഹിബ പേജ് 231)

തന്റെ ഭർത്താവ് കൺട്രാക്ടർ ഹദ്റത്ത് മുഹമ്മദ് അക്ബർ സാഹിബിന്റെ വഫാത്തിനുശേഷം മാഈ ഇമാം ബീബി സാഹിബ ഹുദൂർ(അ)ന്റെ വീട്ടിലാണ് താമസിച്ചുവന്നിരുന്നത്. അവർ പറയുന്നു: ‘ഒരു കാര്യത്തിലും ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് സാഹിബിനോട് നീരസം കാണിക്കുന്നതായി ഞങ്ങളൊരിക്കലും കണ്ടിട്ടില്ല. അമ്മാജാൻ എന്നും ഹദ്റത്ത് സാഹിബിനെ ആദരിക്കുകയും അദ്ദേഹത്തെ സാന്ത്വനിപ്പിക്കുകയും ചെയ്തിരുന്നു.’

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പറഞ്ഞു: “ഈ ലോകം അലങ്കാരവസ്തുക്കൾ മാത്രമാണ്. ഒരു സൽസ്വഭാവിയായ സ്ത്രീയേക്കാൾ ശ്രേഷ്ഠമായ മറ്റൊരു ഭൗതിക അലങ്കാരവസ്തുവും ഇല്ലതന്നെ.” (ഹദീഖത്തുൽ സ്വാലിഹീൻ)

തന്റെ പരിശുദ്ധരായ സഹധർമിണിമാരോട് ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെയധികം നല്ലനിലയിൽ പെരുമാറിയിരുന്നു. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ആകട്ടെ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദങ്ങളിൽ ദൃഢവിശ്വാസവും വെച്ചുപുലർത്തിയിരുന്നു. തന്റെ ഭർത്താവ് രണ്ടാമതൊരു വിവാഹം കഴിക്കുക എന്നത് ഒരു സഹധർമിണിയും ഇഷ്ടപ്പെടാറില്ല. എന്നാൽ, ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ) വിളംബരം ചെയ്ത മുഹമ്മദീ ബീഗത്തെ പറ്റിയുള്ള പ്രവചനം പൂർത്തിയാവണമെന്നും മുഹമ്മദീ ബീഗവുമായുള്ള ആ മഹാത്മാവിന്റെ വിവാഹം നടക്കണമെന്നും ഹൃദ്യമായി ആഗ്രഹിച്ചിരുന്നു. ഹദ്റത്ത് അമ്മാജാനോട്(റ) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു പ്രത്യേകമായ സ്നേഹബന്ധം ഉണ്ടായിരുന്നു. *വ അന ഖയ്റുക്കും ലിഅഹ്‌ലീ* എന്ന അനുഗൃഹീത ഹദീഥിന്റെ സാക്ഷാത്കാരമായിരുന്നു ആ മഹാത്മാവ്; ഹദ്റത്ത് അമ്മാജാനോടുള്ള ഈ സ്നേഹം കാരണത്താലും കുടുംബത്തോടു നല്ല നിലയിൽ പെരുമാറേണ്ടതാണെന്ന ഹദറ്ത്ത് മസീഹ് മൗഊദ്(അ)ന്റെ ആവർത്തിച്ചാവർത്തിച്ചുള്ള ഉപദേശം കൊണ്ടും തന്റെ ഭാര്യയോടും അവരുടെ ബന്ധുക്കളോടും നല്ല സഹവാസം വെക്കാത്തവൻ തന്റെ ജമാഅത്തിൽപ്പെട്ടവനല്ല എന്ന ആജ്ഞകൊണ്ടും! (കശ്തിയെ നൂഹ് പേജ് 19)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബരിള്വാനുല്ലാഹി അലയ്ഹിം തങ്ങളുടെ വീടുകളിൽ അവരുടെ ഭാര്യമാരോടു നല്ല രീതയിൽ പെരുമാറുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ)നോടു ഏതോ കുടുംബപ്രശ്നത്തിൽ തന്റെ ഭാര്യയ്ക്ക് അഭിപ്രായ വ്യത്യാസമുണ്ടാകുകയും കുറച്ച് നീരസം പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഭാര്യ ഇക്കാര്യം ഹദ് റത്ത് അബ്ദുൽകരീം(റ)ന്റെ ഭാര്യയോട് സൂചിപ്പിച്ചു. ഹദ്റത്ത് അബ്ദുൽകരീം സാഹിബ്(റ) കാര്യങ്ങൾ വളരെ നല്ലവണ്ണം മനസ്സിലാക്കുന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന് തമാശ പറയുന്ന ശീലവുമുണ്ടായിരുന്നു. അദ്ദേഹം മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബിന്റെ ഭാര്യയിൽനിന്ന് ഇത് കേട്ടപ്പോൾ മുഫ്തി സാഹിബിനോട് പറഞ്ഞു: ‘മുഫ്തി സാഹിബ് തന്റെ ഭാര്യയെ എങ്ങനെയെങ്കിലും തൃപ്തിപ്പെടുത്തുക; നിങ്ങൾക്കറിയില്ലേ ഇപ്പോൾ രാജ്ഞിയുടെ ഭരണമാണെന്ന്.’ ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സൂചിപ്പിച്ചത് ഒരുഭാഗത്ത് ഇന്ത്യയിൽ വിക്ടോറിയ രാജ്ഞിയുടെ

രാജഭരണവും, മറുഭാഗത്ത് കുടുംബകാര്യങ്ങളിൽ ഹദ്റത്ത് അമ്മാജാന്റെ അഭിപ്രായങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പരിഗണിക്കാറുണ്ടെന്നുമുള്ളതാണ്. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബിന്റെ ഈ യുക്തിഭദ്രമായ തമാശകലർന്ന വാക്കുകൾ ഹദ്റത്ത് മുഫ്തി സാഹിബ് മനസ്സിലാക്കുകയും തന്റെ ഭാര്യയെ അനുനയിപ്പിക്കുകയും ചെയ്തു. അങ്ങനെ വീട്ടിലെ അന്തരീക്ഷം സന്തോഷനിർഭരമായിതീർന്നു. (ദിക്റെ ഹബീബ് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്)

ഇവിടെ നിങ്ങൾ ഓർക്കേണ്ടതുണ്ട്. നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലും ആ മഹാത്മാവ് സ്ത്രീകൾക്ക് എത്രമാത്രം അനുവദനീയമായ സ്വാതന്ത്ര്യം നൽകിയിരുന്നുവെന്നാൽ, അക്കാലഘട്ടത്തിലെ പശ്ചാത്തലത്തിൽ ചില സ്വഹാബാക്കൾ ആ സ്വാതന്ത്ര്യത്തെ അനുവദനീയമായി കരുതിയിരുന്നില്ല. 'ഇപ്പോൾ സ്ത്രീകൾ തങ്ങൾക്കു സമം എത്തിയിരിക്കുന്നുവെന്ന്' അവർ പറയുമായിരുന്നു. ഒരു കാലഘട്ടത്തിൽ സ്ത്രീകൾക്ക് പുരുഷന്മാരുടെ ഇടയിൽ ഇടപഴകുവാനോ സംസാരിക്കാനോ ധൈര്യമുണ്ടായിരുന്നില്ല. താൻ അങ്ങേയറ്റം സ്നേഹിക്കുന്ന അല്ലാഹുവിന്റെ റസൂലിന്റെ മാതൃകയ്ക്ക് വിധേയനായി ഹദ്റത്ത് മസീഹ് മൗഊദും(അ) ആ അനുഗൃഹീത മാതൃകകളെ സമർപിച്ചപ്പോൾ കൂടെയുള്ള സ്വഹാബാക്കൾ അതിനെ രാജ്ഞിയുടെ ഭരണത്തോട് ഉപമിക്കാൻ നിമിത്തമായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അമ്മാജാനോടുള്ള സൽപെരുമാറ്റം അക്കാലത്തെ സമ്പ്രദായത്തിനും നാട്ടുനടപ്പിനും എത്രമാത്രം വിരുദ്ധമായിരുന്നുവെന്നാൽ ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബിന്റെ വാക്കുകളിൽനിന്നും വ്യക്തമാകുന്നതാണ്. അദ്ദേഹം പറയുന്നു: മസീഹ് മൗഊദിന്റെ വീട്ടിൽ താമസിച്ചിരുന്ന സേവകരായ സ്ത്രീകൾ സാധാരണക്കാരായിരുന്നു. അവർ അവിടെ കണ്ടിരുന്ന കാര്യങ്ങൾ വളച്ചൊടിക്കലൊന്നും കൂടാതെ തുറന്നുപറയുന്ന പ്രകൃതക്കാരായിരുന്നു. സാധാരണ കാണപ്പെടുന്നതിൽ നിന്ന് വിരുദ്ധമായ പെരുമാറ്റങ്ങൾ കാണുമ്പോൾ അവർ ഏറെ അത്ഭുതത്തോടെ അക്കാര്യം പറയുമായിരുന്നു. അവർ വളരെ അത്ഭുതത്തോടെ 'മിർസാ സാഹിബ് തന്റെ ഭാര്യയുടെ വാക്കുകൾ വളരെയധികം പരിഗണിക്കുന്നു' എന്നു പറയുന്നത് ഞാൻ പലപ്പോഴും കേട്ടിട്ടുണ്ട്,

ഭാര്യമാരോട് വളരെ നല്ല രീതിയിൽ പെരുമാറണമെന്ന് ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'പുരുഷനായിരിക്കെ സ്ത്രീകളോട് ഏറ്റുമുട്ടുക എന്നത് തികഞ്ഞ നാണമില്ലാത്ത പണിയാണെന്നാണ് നമുക്ക് തോന്നിയിട്ടുള്ളത്. നമ്മെ അല്ലാഹു പുരുഷനായിട്ടാണ് പടച്ചിട്ടുള്ളത്. യഥാർഥത്തിൽ ഇത് നമ്മുടെമേലുള്ള അനുഗ്രഹപൂർത്തീകരണമാണ്. സ്ത്രീകളോട് അനുകമ്പയോടും ലാളിത്യത്തോടും പെരുമാറുക എന്നത് അതിന്റെ നന്ദിപ്രകടനമാകുന്നു.' (സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), പേജ് 45, ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഭാര്യയെ എത്രമാത്രം സമാധാനിപ്പിക്കാറുണ്ടായിരുന്നു എന്നതിനുള്ള ഒരുദാഹരണം ഒരു സംഭവത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

ശ്രദ്ധിക്കുക! നമ്മളിൽ എത്രപേർക്ക് ഈ സംഭവത്തിൽ ഗുണപാഠമുണ്ട്. നമ്മൾ ചില പ്പോഴൊക്കെ ഭക്ഷണത്തിൽ കുറച്ച് ഉപ്പ് അധികമോ കുറവോ ആയാൽ ഭാര്യമാരോട് കലഹിക്കാൻ തുടങ്ങുന്നു. നബി(സ)തിരുമേനി ഒരിക്കലുംതന്നെ ഭക്ഷണത്തിലുണ്ടാകുന്ന കുറ്റവും കുറവും പറയാറുണ്ടായിരുന്നില്ലെന്നും എല്ലായ്പ്പോഴും ഭക്ഷണമുണ്ടാക്കിയ ആളെ പ്രശംസിക്കുകയും സന്തോഷിപ്പിക്കുകയുമാണ് ചെയ്തിരുന്നതെന്നും ഹദീഥിൽ വന്നിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(റ)ന്റെ കാര്യങ്ങളെല്ലാം ഹദ്റത്ത് അമ്മാജാൻ(റ) വളരെ ശ്രദ്ധാപൂർവ്വം നിറവേറ്റുമായിരുന്നു. എന്നിരുന്നാലും അതിഥികളുടെ ആധിക്യം കാരണത്താൽ ചിലപ്പോഴൊക്കെ മനഃപൂർവ്വമല്ലാതെയും അറിയാതെയും ചില കുറവുകൾ വരുമായിരുന്നു. അദ്ദേഹത്തിന്റെ ജോലിയുടെ ആധിക്യത്താലും അസുഖം കാരണത്താലും പ്രത്യേകപരിചരണത്തിന്റെയും ഭക്ഷണത്തിന്റെയും ആവശ്യമുണ്ടെന്ന കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് കൂറും സ്നേഹവുമുള്ള സ്വഹാബാക്കളും മനസ്സിലാക്കിയിരുന്നു. ഇതുപോലൊരു സാഹചര്യത്തിലെ സംഭവം ഇപ്രകാരം വിവരിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അബ്ദുൽ കരീം സാഹിബ്(റ) എഴുതുന്നു: "പിൽക്കാലത്ത് മുർത്തദ്ദായിപ്പോയ ലാഹോറിലെ മുൻശി അബ്ദുൽ ഹഖ് സാഹിബ് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു, 'താങ്കളുടെ ജോലികൾ അതിരില്ലാത്തതാണ്. താങ്കളുടെ തലയിൽ ചുമതലയുടെ ഭാരമാണ്. അതുകൊണ്ടു തന്നെ ആരോഗ്യം വളരെയധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. താങ്കൾക്ക് എല്ലായ്പ്പോഴും പോഷകാഹാരങ്ങളാണ് ആവശ്യം.' ഇതിനു മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'താങ്കൾ പറയുന്നതൊക്കെ ശരി തന്നെയാണ്. ഞാനും ഈ കാര്യം ചില അവസരങ്ങളിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ, സ്ത്രീകൾ തങ്ങളുടേതായിട്ടുള്ള പ്രവർത്തനങ്ങളിൽ മുഴുകുന്നതുകൊണ്ട് ഈ കാര്യങ്ങൾ അവർ വിട്ടുകളയുന്നു.' ഇതുകേട്ടപ്പോൾ മുൻശി അബ്ദുൽ ഹഖ് സാഹിബ് പറഞ്ഞു: 'താങ്കൾ അവരെ ശകാരിക്കാത്തതുകൊണ്ടും അധികാരം കാണിക്കാത്തതുകൊണ്ടുമാണിങ്ങനെ സംഭവിക്കുന്നത്. ഞാൻ ഭക്ഷണകാര്യത്തിൽ വളരെയധികം കണിശത പാലിക്കുന്നയാളാണ്. അതിൽ വല്ല പോരായ്മയും സംഭവിക്കുകയോ എന്റെ വാക്കുകൾ ലംഘിക്കുകയോ ചെയ്താൽ ഭാര്യയെ നല്ലവണ്ണം ശരിയാക്കും.' ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള സ്നേഹത്താൽ അബ്ദുൽ കരീം സാഹിബ് ഇതുതന്നെയാണ് മസീഹ് മൗഊദ്(അ)ഉം തന്റെ കാര്യത്തിൽ അനുവർത്തിക്കേണ്ടതെന്ന് കരുതിക്കൊണ്ട് മറ്റൊന്നും ചിന്തിക്കാതെ മുൻശിസാഹിബിന്റെ വാക്കുകളെ പിൻതാങ്ങുകയുണ്ടായി. അത് കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "നമ്മുടെ സഹോദരന്മാർ ഇത്തരം ദുഃസ്വഭാവത്തിൽ നിന്ന് വിട്ടുനിൽക്കേണ്ടതാണ്."

ഹദ്റത്ത് അബ്ദുൽ കരീം സാഹിബ് പറയുന്നു: 'ആ സമയത്ത് ഞാൻ എത്രമാത്രം ലജ്ജിതനാണെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിൽ ജമാഅത്തിനെ പ്രബോധിപ്പിച്ചുകൊണ്ട് പറയുന്നു: 'തന്റെ ഭാര്യയോടും അവരുടെ ബന്ധുമിത്രാദികളോടും നല്ലരീതിയിൽ വർത്തിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) മുകളിൽ പറഞ്ഞ ഇക്കാര്യം എത്രമാത്രം തന്റെ ജീവിതത്തിൽ പകർത്തിയിരുന്നു എന്ന് ഞാൻ വിവരിക്കുന്ന ഈ സംഭവത്തിൽനിന്ന് മനസ്സിലാക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഭാര്യാമാതാവിനെ എപ്രകാരമാണ് സമാധാനിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്തിരുന്നതെന്ന് പരിശോധിക്കാം.

സ്നേഹത്തിന്റെ ഈ കർമപരമായ മാതൃക ഹദ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയാണ് അവതരിപ്പിച്ചത്. അത് താഴെകൊടുക്കുന്ന സംഭവത്തിൽനിന്ന് മനസ്സിലാകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഭാര്യാമാതാവിനെ എങ്ങനെയാണ് സന്തോഷിപ്പിച്ചിരുന്നതെന്നും ഒരു അവസരത്തിൽ ഉമ്മയും മകളും തമ്മിൽ സ്നേഹപിണക്കമുണ്ടായപ്പോൾ എങ്ങനെയാണ് രഞ്ജിപ്പിലാക്കിയതെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകൾ ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ) പറയുന്നു:

'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൃഷ്ടിയിൽ ഹദ്റത്ത് അമ്മാജാന് അതിരറ്റ വിലയും നിലയുമാണുണ്ടായിരുന്നത്. അമ്മാജാനെ വളരെയധികം സന്തോഷിപ്പിക്കുകയും ശ്രദ്ധിക്കുകയും ചെയ്തിരുന്നു. അതിന്റെ ചിത്രം എന്റെ മനസ്സിൽ ഇന്നുവരെയുണ്ട്. എന്നാൽ, ഒരുതവണ ആവശ്യമെന്നുകണ്ടപ്പോൾ അവിടന്ന് ഹദ്റത്ത് അമ്മാജാന് തർബിയ്യത്ത് കൊടുത്തതും ഞാൻ കണ്ടു. ഒരു സംഭവം പറയുകയാണ്. ഈയൊരു കാര്യമേ ഹദ്റത്ത് നവാബ് മുബാറക്ക ബീഗം സാഹിബ(റ) കണ്ടിട്ടുള്ളൂ. മറ്റൊന്നും ഒരിക്കലും കണ്ടിട്ടില്ല. ഹദ്റത്ത് അമ്മാജാൻ(റ) തന്നെയും ഒരു ഉത്തമമാതൃകയായിരുന്നു. തർബിയ്യത്തു കൊടുക്കേണ്ട ആവശ്യമുണ്ടായിട്ടില്ല. വ്യക്തമായ ദൃശ്യം ഓർമയുണ്ട്. താഴത്തെ മുറിയുടെ മുന്നിലുള്ള സ്ഥലത്ത് നാനിഅമ്മ (അമ്മാജാന്റെ ഉമ്മ) ഇരിക്കുകയായിരുന്നു. ഏതോ സേവക അവർ പറഞ്ഞത് അനുസരിച്ചില്ല. ഏതോ കാര്യം പറഞ്ഞു, അതിൽനിന്ന് തെറ്റുധാരണയുണ്ടായി. നാനി അമ്മാ(റ) ഹദ്റത്ത് അമ്മാജാനോട് നീരസപ്പെട്ടു. ആ നേരത്ത്, എനിക്കോർമയുണ്ട്. ഹദ്റത്ത് നാനി അമ്മാ(റ) ദ്വേഷത്തോടെ പറയുകയായിരുന്നു, പെൺകുട്ടി (ഹദ്റത്ത് അമ്മാജാനെ, നാനിഅമ്മാ(റ) പെൺകുട്ടി(ലഡ്കി) എന്നു പറഞ്ഞുകൊണ്ടാണ് സം ബോധന ചെയ്തിരുന്നത്) എന്തായാലും എന്റെ മകൾ തന്നെയാണല്ലോ! അതേ, എന്റെ ഹദ്റത്ത് എന്റെ തലയിലെ കിരീടമാണെന്നതിൽ സംശയമില്ല. തുടങ്ങി പലതും പറഞ്ഞു.

"ഇത്രയുമായപ്പോൾ എന്താണ് കണ്ടത്, ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് അമ്മാജാനെ തന്റെ മുന്നിൽ നടത്തിക്കൊണ്ടു വരുന്നു. ഹദ്റത്ത് അമ്മാജാന്റെ രണ്ടുതോളിലും അദ്ദേഹത്തിന്റെ പരിശുദ്ധകൈകളുണ്ട്. ഹദ്റത്ത് അമ്മാജാന്റെ കണ്ണുകളിൽനി

ന്ന് കണ്ണീർ ഒഴുകുകയാണ്. അദ്ദേഹം നിശബ്ദനായി ഇങ്ങനെ ഹദ്റത്ത് അമ്മാജാനെയുംകൊണ്ട് മുന്നോട്ടുവന്നു. ഇതുപോലെ ഹദ്റത്ത് അമ്മാജാന്റെ തോളുകളിൽ കൈവെച്ചുകൊണ്ട് നാനീജാന്റെ കാലുകളിൽ അമ്മാജാന്റെ തല കുനിപ്പിച്ചു. പിന്നീട് നാനീജാൻ ഹദ്റത്ത് അമ്മാജാനെ തന്റെ കൈകളിൽ വാരിയെടുത്ത് കെട്ടിപ്പുണരുന്നതാണ് കണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തിരിച്ചുപോകുകയും ചെയ്തു; ഇക്കാലഘട്ടത്തിലെ കുട്ടികളേ! അല്പം ചിന്തിക്കുക! ഇന്ന് ഭൂരിഭാഗം മക്കളും മാതാവിനെ വിലവെക്കാത്തവരായിരിക്കും. അഹ്മദീ പെൺകുട്ടികളേ! സഹോദരിമാരേ! ഞാൻ കണ്ട ഈ ചിത്രം നിങ്ങളുടെ സാങ്കല്പിക നേത്രങ്ങളിൽ ഒന്നു കൊണ്ടുവരിക. ആ ദീനിന്റെ രാജാവിന് തന്റെ അല്ലാഹുവിൽനിന്ന് ഖദീജ എന്ന ഓമനപ്പേരുകൊണ്ട് ധന്യയായ ഭാര്യ അമ്മാജാനെ– അദ്ദേഹം വളരെ ബഹുമാനിച്ചിരുന്ന ഭാര്യയെ, അവരുടെ മാതാവിന്റെ നിസ്സാരമായ നീരസം കേട്ട് സഹിക്കാൻ കഴിഞ്ഞില്ല. ഭാര്യയെ നേരിട്ട് കൊണ്ടുവന്ന് അവരുടെ ഉമ്മയുടെ കാലുകളിൽ കുനിപ്പിച്ചു. നിന്റെ സ്ഥാനം വലുതാണെന്നും എന്നാൽ, ഇതു നിന്റെ ഉമ്മായാണെന്നും മനസ്സിലാക്കിക്കൊടുത്തു. നിനക്കും ജന്നത്തുള്ളത് ഇവരുടെ കാലടികീഴിലാണ്. *അല്ലാഹുമ്മ സല്ലിഅലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ വഅലാ അബ്ദിക്കൽ മസീഹിൽ മൗഊദ്.'* (തഹ്രീറാത്തെ മുബാറക്ക, പേജ് 214–215)

വീടുകളിൽ എപ്പോഴെങ്കിലും യാത്രയ്ക്കുള്ള അവസരമുണ്ടാകുകയാണെങ്കിൽ അതും സൽപെരുമാറ്റത്തിന്റേതാവണം. എടുത്തുചാട്ടം നിമിത്തം അത്തരം അവസരത്തിൽ ചിലപ്പോൾ സ്ത്രീകൾക്ക് ദുഷ്സ്വഭാവക്കാരുടെ പല കാര്യങ്ങളും കേൾക്കേണ്ടതായിവരുന്നു; താമസിപ്പിച്ചു, പെട്ടെന്നു ചെയ്യുക, എപ്പോഴും നിന്റെ ശീലം ഇങ്ങനെതന്നെയാണ് എന്നു തുടങ്ങി പലതും. പക്ഷേ, നമ്മുടെ പ്രിയപ്പെട്ട മസീഹ് മൗഊദ്(അ)ന്റെ ശീലം തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയെ പൂർണമായും അനുധാവനം ചെയ്തുകൊണ്ട് ഇങ്ങനെയുള്ളതായിരുന്നു. യാത്രയ്ക്കുള്ള സാധനങ്ങളെല്ലാം അവിടന്ന് സ്വയമെടുത്തുവെക്കുമായിരുന്നു. വീട്ടുകാരെ കാത്തിരിക്കുമായിരുന്നു. ആദ്യം അവരെ വണ്ടിയിൽ കയറ്റുകയും എല്ലാവിധത്തിലും അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുമായിരുന്നു.

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) തന്റെ ഗ്രന്ഥമായ 'ദിക്റെ ഹബീബിൽ' പറയുന്നു: 'യാത്ര ചെയ്യേണ്ട അവസരം വരുമ്പോൾ ഹുദൂർ ചെയ്തിരുന്നത്, സ്വയം കൂടെപ്പോയി ഹദ്റത്ത് അമ്മാജാൻ(റ)നേയും അവരുടെ കൂടെയുള്ള സ്ത്രീകളേയും സ്ത്രീകളുടെ ബോഗിയിൽ ഇരുത്തുമായിരുന്നു. ഇറങ്ങേണ്ട സ്റ്റേഷനിൽ എത്തുമ്പോൾ ലേഡീസ് കമ്പാർട്ട്മെന്റിന്റെ അടുത്തെത്തി തന്റെ മുമ്പിൽ അമ്മാജാനെ ഇറക്കുമായിരുന്നു. യാത്രയ്ക്കിടയിലും തന്റെ കൂടെയുള്ള ഖുദ്ദാമിനെ പറഞ്ഞുവിട്ട് ഹദ്റത്ത് അമ്മാജാന്റെ കാര്യങ്ങൾ അന്വേഷിക്കുമായിരുന്നു.'

ഒരു യാത്രയെ സംബന്ധിച്ച് അങ്ങേയറ്റം അത്ഭുതകരമായൊരു സംഭവം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) എഴുതിയിരിക്കുന്നു. അദ്ദേഹം പറയുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) യാത്രയിലായിരുന്നു. സ്റ്റേഷനിലെത്തിയപ്പോൾ വണ്ടി വരാൻ സമയമുണ്ടെന്ന് അറിഞ്ഞു. അവിടന്ന് ഭാര്യയുമൊത്ത് (ഹദ്റത്ത് ഉമ്മുൽമുഅ്മിനീന്റെ കൂടെ) സ്റ്റേഷനിൽ ഉലാത്താൻ തുടങ്ങി. മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടിയുടെ സ്വഭാവം കടുപ്പമുള്ളതായിരുന്നു. എന്റെ അടുത്തുവന്ന് അദ്ദേഹം പറഞ്ഞു: 'ധാരാളമാളുകൾ ഇവിടെയുണ്ട്. അന്യരായ ആളുകൾ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരിക്കുന്നു. ഭാര്യയെ എവിടെയെങ്കിലും മാറ്റി ഇരുത്താൻ അങ്ങ് ഹദ്റത്ത് സാഹിബിനോട് പറയുക.' ഞാൻ പറഞ്ഞു: 'ഞാൻ പറയുകയില്ല. താങ്കൾതന്നെ പോയി പറഞ്ഞുനോക്കുക.' ഈ സാധു നേരിട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുത്തുപോയി പറഞ്ഞു: 'ഹദ്റത്ത്! ആളുകൾ ധാരാളമുണ്ട്. ഭാര്യയെ വേറൊരു സ്ഥലത്തിരുത്തുക.' ഹദ്റത്ത് സാഹിബ് പറഞ്ഞു: 'താങ്കൾ പോകുക, ഞാൻ ഇത്തരം പർദയിൽ വിശ്വസിക്കുന്നവനല്ല.'

മൗലവി നൂറുദ്ദീൻ സാഹിബ് പറയുന്നു: "അതിനുശേഷം മൗലവി അബ്ദുൽ കരീം സാഹിബ് തല കിഴക്കോട്ടാക്കി എന്റെ അടുത്തുവന്നു. ഞാൻ ചോദിച്ചു: മൗലവി സാഹിബേ! മറുപടി കൊണ്ടുവന്നുവോ?" (സീറത്തുൽ മഹ്ദി, ഭാഗം 1, നിവേദനം 77, പേജ് 55)

ഭാര്യയും ഭർത്താവും തമ്മിൽ സ്വരചേർച്ച ഇല്ലായെങ്കിൽ പ്രശ്നങ്ങളുണ്ടാകുന്നു. ഭാര്യ തന്റെ സ്വഭാവമനുസരിച്ച് ആയിരിക്കണമെന്ന് ഭർത്താവ് ആഗ്രഹിക്കുന്നു. ഭാര്യയാണെങ്കിൽ ഭർത്താവിന്റെ സ്വഭാവം മാറ്റാനാഗ്രഹിക്കുന്നു. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈമാൻ വർധക സംഭവം കേട്ടാലും. എങ്ങനെയാണ് തന്റെ ഭാര്യയ്ക്കുവേണ്ടി അവിടന്ന് തന്റെ ശീലത്തിൽ മാറ്റമുണ്ടാക്കിയതെന്ന്. ഇരുട്ടത്ത് ഉറങ്ങുക എന്നതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശീലം. അവിടന്ന് ഭാര്യയ്ക്കുവേണ്ടി വെളിച്ചത്തുറങ്ങുന്നതു ശീലമാക്കി.

ഹദ്റത്ത് അമ്മാജാൻ(റ) പറയുന്നു: 'വെളിച്ചത്ത് ഉറങ്ങുക എന്നതായിരുന്നു അമ്മാജാന്റെ ശീലം. വെളിച്ചമില്ലെങ്കിൽ ഉറക്കം വരുമായിരുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശീലം ഇരുട്ടത്ത് ഉറങ്ങുക എന്നതായിരുന്നു. ഹദ്റത്ത് അമ്മാജാൻ ഉറങ്ങുന്നതുവരെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉറങ്ങുമായിരുന്നില്ല. അമ്മാജാൻ ഉറങ്ങിക്കഴിഞ്ഞാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിളക്കണച്ച് ഉറങ്ങുമായിരുന്നു. അമ്മാജാൻ ഇടയ്ക്കുണർന്ന് തിരിഞ്ഞുകിടക്കുമ്പോൾ ഇരുട്ടായിരിക്കും കാണുക. വിളക്ക് തെളിക്കാൻ പറയും. അവസാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട് പ്രകാശമുള്ളതാക്കാൻ ഏർപ്പാടുണ്ടായി.

ഇതുസംബന്ധമായി ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഹദ്റത്ത് അമ്മാജാൻ(റ) പറഞ്ഞു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വെളിച്ചത്ത് ഉറക്കം വരാതിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന് ഓരോ കോണിലും വെളിച്ചമില്ലെങ്കിൽ ഉറക്കം വരികയില്ല.' (സീറത്ത് ഹദ്റത്ത് സയ്യിദ നുസ്റത്ത് ജഹാൻ ബീഗം(റ), പേജ് 410)

ഇസ്ലാമിക സമൂഹത്തെ മനോഹരമാക്കുന്നതിന്റേയും വീടുകളെ സ്വർഗസമാനമാക്കുന്നതിന്റേയും ഉത്തരവാദിത്വം ഭാര്യാഭർത്താക്കന്മാരിൽ ഒരുപോലെയാണുള്ളത്. നിസാരകാര്യങ്ങളിൽ മനസ്സിൽ വെറുപ്പുണ്ടാക്കുന്നതും നിസാരകാര്യങ്ങൾ പെരുപ്പിച്ച് വീട്ടിന്റെ അന്തരീക്ഷം മോശമാക്കുന്നതും താഴെക്കിടയിലുള്ള ജഹാലത്താണ്. വിവാഹമെന്ന് പറയുന്നത് ഒരു പരിശുദ്ധബന്ധമാണ്. അതിനെ സ്നേഹത്തിനും പ്രീതിക്കും പരസ്പര സമാധാനത്തിനും ശാന്തിക്കും വേണ്ടിയാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ശ്രദ്ധാർഹമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്റെ പക്കൽ ഈ നിഅ്മത്ത് (അനുഗ്രഹം) മിക്ക നിഅ്മത്തുകളുടേയും അടിസ്ഥാനപരമായ കാര്യമാണ്. കാരണം മുഅ്മിൻ ഉന്നത ദർജയും തഖ്വ തേടുന്നവനും ആഗ്രഹിക്കുന്നവനുമാണ്. എന്നല്ല പ്രേമിയും അസൂയാലുവുമാണ്. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ ഭാര്യാഭർത്താക്കന്മാരിൽ സ്നേഹവും ആത്മാർഥതയും ചേർച്ചയും ഒരുപോലെ നിലകൊള്ളുന്ന വീടുകൾ സ്വർഗംപോലെ പരിശുദ്ധവും അനുഗ്രഹങ്ങൾകൊണ്ട് നിറഞ്ഞതുമായിരിക്കും.' (മക്തൂബാത്തെ അഹ്മദ്, വാല്യം 2, മക്തൂബ് 37, പേജ് 50)

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഇൽഹാം *ഖുസുർരിഫ്ഖ ഖുസുർരിഫ്ഖ ഫഇന്നർരിഫ്ഖ റഅ്സുൽഖയ്റാത്ത* മൃദുലത കാണിക്കുക, മൃദുലത കാണിക്കുക. എല്ലാ നന്മകളുടേയും വേര് മൃദുലതയാകുന്നു.

ഈ വെളിപാടിൽ എല്ലാ ജമാഅത്തംഗങ്ങൾക്കും പാഠമുണ്ട്. നിങ്ങളുടെ ഭാര്യമാരോടു മൃദുലതയോടും അലിവോടുംകൂടി പെരുമാറുക. അവർ അവരുടെ വേലക്കാരികളല്ല. വാസ്തവത്തിൽ നിക്കാഹ് പുരുഷനും സ്ത്രീയും തമ്മിലുള്ള ഒരു ഉടമ്പടിയാണ്. നിങ്ങളുടെ ഉടമ്പടികളിൽ ചതിയന്മാരാകാതിരിക്കാൻ ശ്രമിക്കുക. അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. *വ ആശിറൂഹുന്ന ബിൽ മഅ്റൂഫി* നിങ്ങളുടെ ഭാര്യമാരോടു സൽപെരുമാറ്റത്തോടെ ജീവിക്കുക. ഹദീഥിൽ വന്നിട്ടുണ്ട്. *ഖയ്റുക്കും ഖയ്റുക്കും ലി അഹ്‌ലിഹി* നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യമാരോടു നല്ലനിലയിൽ പെരുമാറുന്നവനാണ്. അതുകൊണ്ട് ആത്മീയമായും ഭൗതികമായും നിങ്ങളുടെ ഭാര്യമാരോടു നന്മ ചെയ്യുക. അവർക്കുവേണ്ടി ദുആ ചെയ്യുക. ത്വലാഖിൽനിന്ന് പിന്തിരിയുക. ത്വലാഖ് കൊടുക്കുന്നതിൽ ധിറുതി കാണിക്കുന്നവൻ അല്ലാഹുവിന്റെ പക്കൽ അങ്ങേയറ്റം വൃത്തികെട്ടവനാണ്. അല്ലാഹു ബന്ധിച്ചതിനെ അഴുക്കുപാത്രത്തെപ്പോലെ തകർത്തെറിയരുത്." (ഉമീമതുഹ്ഫ ഗോൾഡവിയ, റൂഹാനീഖസാഇൽ, വാല്യം 17, പേജ് 75, അടിക്കുറിപ്പ്, തദ്ക്കിറ, പേജ് 396–398)

വീണ്ടും പറഞ്ഞു: "ഇപ്രകാരം സ്ത്രീകളോടും കുട്ടികളോടുമുള്ള ബന്ധങ്ങളിലും സാമൂഹികജീവിതത്തിലും ആളുകൾക്ക് തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. നേരായപാതയിൽ നിന്ന് തെറ്റി പ്പോയിട്ടുണ്ട്. വിശുദ്ധഖുർആനിൽ എഴുതിയിരിക്കുന്നു, *ആശിറൂഹുന്ന ബിൽ*

*മഗ്ഫിറ.* എന്നാൽ, ഇപ്പോൾ അതിന്നെതിരിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്." പറഞ്ഞു: "ഇതുസംബന്ധമായി രണ്ടുതരത്തിലുള്ള ആളുകളെ കാണാം. ഒരുതരക്കാർ സ്ത്രീകളെ തികച്ചും മോശമാക്കി തള്ളിയവരാണ്." (അതായത് നാണംകെട്ട് ജീവിക്കാൻ പൂർണസ്വാതന്ത്ര്യം നല്കിയവരാണ്). അവരുടെമേൽ ദീനിന്റെ ഒരു സ്വാധീനവും ഉണ്ടാകാറില്ല. അവർ പരസ്യമായി ഇസ്ലാമിന്നെതിരിൽ പ്രവർത്തിക്കുന്നു. ആരും അവരോടു ചോദിക്കാനില്ല. ചിലരുണ്ട്. അവർ സ്ത്രീകളെ കെട്ടഴിച്ചുവിട്ടിട്ടില്ലെങ്കിലും അതിന്നെതിരിൽ നിയന്ത്രണവും കടുപ്പവും എത്രമാത്രം പ്രയോഗിക്കുന്നുവെന്നാൽ അവരും മൃഗങ്ങളും തമ്മിൽ വ്യത്യാസമൊന്നും ഇല്ലാതായിരിക്കുന്നു. വേലക്കാരികളോടും മൃഗങ്ങളോടും പെരുമാറുന്നതിനേക്കാൾ മോശമായി പെരുമാറുന്നു. മർദിക്കുകയാണെങ്കിൽ താൻ ഒരു ജീവനുള്ളതിനെയാണല്ലോ ഇങ്ങനെ മർദിക്കുന്നതെന്ന് ഓർക്കുന്നതുപോലുമില്ല. വളരെ നിന്ദ്യമായ നിലയിലാണ് അവരോടു പെരുമാറുന്നത്. ഇവിടെ പഞ്ചാബിൽ പ്രസിദ്ധമായൊരു ചൊല്ലുണ്ട്; അതായാത് സ്ത്രീകളെ ചെരിപ്പിനോടു ഉപമിക്കുന്നു; ഒന്നു ഊരി, വേറൊന്ന് ഇട്ടു. ഇതു വളരെ ഭയാനകമായ കാര്യമാണ്. ഇസ്ലാമിക ചിഹ്നങ്ങൾക്ക് വിരുദ്ധമാണ്. നബി(സ) തിരുമേനി എല്ലാ കാര്യങ്ങളിലും സമ്പൂർണ മാതൃകയാണ്. അവിടത്തെ ജീവിതം നോക്കുക അവിടന്ന് ഭാര്യമാരുമൊത്ത് എങ്ങനെയാണ് ജീവിച്ചിരുന്നത്. സ്ത്രീകളെ നേരിടുന്നതിനുവേണ്ടി എഴുന്നേറ്റു നില്ക്കുന്നവൻ എന്റെ നോട്ടത്തിൽ ഭീരുവും പൗരുഷം ഇല്ലാത്തവനുമാണ്." (മൽഫൂദാത്ത്, വാല്യം 2, പേജ് 396, അൽഹക്കം 1903, ഏപ്രിൽ 10)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സത്യസന്ധരും യാഥാർഥ്യരുമായ രണ്ടു സ്നേഹിതന്മാരെപോലെയുള്ള ബന്ധമായിരിക്കണം ഭാര്യമാരും ഭർത്താക്കന്മാരും തമ്മിലുണ്ടാകേണ്ടത്. മനുഷ്യന്റെ ശ്രേഷ്ഠമായ സ്വഭാവത്തിന്റേയും അല്ലാഹുവുമായുള്ള ബന്ധത്തി ന്റേയും ആദ്യത്തെ സാക്ഷി ഇതേ ഭാര്യമാർ തന്നെയാണ്. അവരുമായി ഭർത്താക്കന്മാരുടെ ബന്ധം നല്ലതല്ലെങ്കിൽ പിന്നെങ്ങനെയാണ് അല്ലാഹുവുമായി രാജിയാകാൻ കഴിയുക. നബി(സ) തിരുമേനി പറഞ്ഞു: *ഖയ്റുക്കും ഖയ്റുക്കും ലിഅഹ്ലിഹി.* നിങ്ങളിലുത്തമൻ നിങ്ങളുടെ ഭാര്യമാരോട് നല്ലരീതിയിൽ പെരുമാറുന്നവനാണ്." (മൽഫൂദാത്ത്, വാല്യം 3, പേജ് 300-301)

കുടുംബജീവിതം സമാധാനപൂരിതമാക്കാനുള്ള മറ്റൊരു വശം കുട്ടികളുടെ ശിക്ഷണവുമാണ്. ഭാര്യാ-ഭർത്താക്കന്മാരിൽ സ്നേഹവും ചേർച്ചയുമുണ്ടെങ്കിൽ പരസ്പരം ആദരിക്കുന്നതിനുള്ള വികാരവും മതാധ്യാപനവുമുണ്ടെങ്കിൽ തീർച്ചയായും സന്താനങ്ങളിലും അതിന്റെ സ്വാധീനമുണ്ടാകും. നബി(സ) തിരുമേനി പറഞ്ഞു: *അക്രിമൂ ഔലാദക്കും വഅഹ്സിനൂ അദബ* നിങ്ങളുടെ മക്കളെ ആദരിക്കുക. അവരെ നല്ല മര്യാദകൾ പഠിപ്പിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സ്വയം നല്ലവരാകുക. മക്കൾക്ക് നന്മയുടേയും ദൈവഭക്തിയുടേയും ഒരു സൽമാതൃക കാഴ്ചവെക്കുക. അവരെ ദൈവഭക്തരും ഉദാരരുമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയും പ്രാർഥിക്കുകയും ചെയ്യുക. ധനം സമാഹരിക്കുന്നതിനുവേണ്ടി എത്രത്തോളം പരിശ്രമിക്കുന്നുവോ അത്രത്തോളം ഇതിനുവേണ്ടിയും പരിശ്രമിക്കുക. അതു മക്കൾക്ക് ഉന്നതമായ മാതൃകയും പാഠവും ആയിരിക്കേണ്ടതാണ്. അതിനുവേണ്ടി സ്വയം പരിഷ്കരണം നടത്തുക എന്നതാണ് ഒന്നാമത്തെ ആവശ്യം. നിങ്ങൾ ഉന്നതനിലയിലുള്ള മുത്തഖിയും സാത്വികനും ആയിത്തീരുകയാണെങ്കിൽ, അല്ലാഹുവിനെ തൃപ്തിപ്പെടുത്തുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ മക്കളോടും നല്ലനിലയിൽ പെരുമാറുമെന്ന് ഉറപ്പായും പ്രതീക്ഷിക്കുകയാണ്." (മൽഫൂദാത്ത്, വാല്യം 8, 1985 ലണ്ടൻ പതിപ്പ്, പേജ് 109-110)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിലെ മനോഹരമായ വശമാണ് അവിടന്ന് കുട്ടികളിൽ എപ്പോഴും സത്യസന്ധതയും വിശ്വസ്തതയും ഉണ്ടാക്കിയിരുന്നുവെന്നത്. അവരുടെ തർബിയ്യത്തിന് കടുപ്പം കാണിക്കുന്നതിനു പകരം ദുആയും കർമപരമായ മാതൃകയും അത്യാവശ്യമായി മനസ്സിലാക്കിയിരുന്നു. കുടുംബപരമായ ഒരു ചെറിയ സംഭവം ഇക്കാര്യത്തിൽ നല്ലവണ്ണം വെളിച്ചം വീശുന്നുണ്ട്. ഹദ്റത്ത് മുൻശീ സഫ്ർ അഹ്മദ് സാഹിബ് കപൂർത്തലവി(റ) വിവരിക്കുന്നു: 'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കിടക്കുകയായിരുന്നു. സയ്യിദ് ഫള്ൽ അഹ്മദ് ശാഹ് സാഹിബ് ഹുദൂറിന്റെ കാലുകൾ തിരുമ്മുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉറങ്ങിപ്പോയി. ഇവിടെ പോക്കറ്റിൽ എന്തോ ഘനമുള്ള സാധനമുണ്ടെന്ന് ഫള്ൽ അഹ്മദ് സാഹിബ് ആംഗ്യം കാണിച്ച് എന്നോടു പറഞ്ഞു. ഞാൻ കൈയിട്ട് അതെടുത്തു; ഹുദൂറിന്റെ കണ്ണുകൾ തുറന്നു. അതു കുറച്ച് കല്ലുകളായിരുന്നു. ഞാൻ കളയാൻ ഭാവിച്ചു. ഹുദൂർ അപ്പോൾ പറഞ്ഞു: "ഇത് മിയാൻ മഹ്മൂദ് കളിച്ചുകൊണ്ടിരിക്കുമ്പോൾ എന്റെ പോക്കറ്റിലിട്ടതാണ്. അതു കളയണ്ട. എന്റെ പോക്കറ്റിൽതന്നെ ഇടുക. കാരണം അവൻ എന്നെ വിശ്വസ്തനാണെന്ന് കരുതിയാണ് തന്റെ കളിവസ്തുക്കൾ എന്റെ പോക്കറ്റിലിട്ടത്. അവൻ ചോദിച്ചാൽ ഞാൻ എവിടന്ന് എടുത്തുകൊടുക്കാനാണ്."

പിന്നീട് അത് പോക്കറ്റിൽതന്നെയിട്ടു. ഈ നിസ്സാരമായ സംഭവം വിളിച്ചോതുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കർമപരമായ മാതൃകകൊണ്ട് തന്റെ മക്കളുടെ ഉള്ളിൽ കുട്ടിക്കാലം മുതൽതന്നെ സത്യസന്ധതയും സന്മാർഗവും വിശ്വസ്തതയും ഉണ്ടാക്കാൻ എത്രമാത്രം ആഗ്രഹിച്ചിരുന്നുവെന്നാണ്.

ഇപ്രകാരംതന്നെ അവിടത്തെ ജീവിതത്തിന്റെ മറ്റൊരു വശമാണ് കുട്ടികൾ ആവർത്തിച്ചാവർത്തിച്ച് ബുദ്ധിമുട്ടിക്കുമ്പോഴും തിരക്കുണ്ടെങ്കിൽത്തന്നെയും അവിടന്ന് ആവലാതിപ്പെടുകയില്ലെന്നത്.

ഹദ്റത്ത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മായീൽ സാഹിബ്(റ) പറയുന്നു: 'ബശീർ അഹ്മദ് സാഹിബ് കുട്ടിയായിരിക്കുമ്പോൾ ഒരു കാലത്ത് പഞ്ചസാര തിന്നുന്നത് നല്ല ശീലമായിത്തീർന്നു. എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽവരും. കൈനീട്ടിക്കൊണ്ടു പറയും "അബ്ബാജീ ശർക്കര" ഹദ്റത്ത് സാഹിബ് ഗ്രന്ഥമെഴുതുന്ന തിരക്കിലായിരിക്കും. ആ ജോലിവിട്ട് അവിടന്ന് പെട്ടെന്നെഴുന്നേറ്റ് വീട്ടിൽപോയി ശർക്കര എടുത്തുകൊടുക്കും. പിന്നീട് എഴുത്തിൽ മുഴുകും. കുറച്ചുനേരത്തിനുശേഷം മിയാ സാഹിബ് വീണ്ടും കൈനീട്ടി ചോദിച്ചുകൊണ്ടു വരും. പറയും 'അബ്ബാജീ ശർക്കര.' വീണ്ടും അവിടന്ന് എഴുന്നേറ്റുപോയി അതെടുത്തു കൊടുക്കും. ആ ദിനങ്ങളിൽ ഒരുദിവസം ഇങ്ങനെ നിരവധി തവണ വന്ന് കുസൃതി കാണിക്കുമായിരുന്നു. എന്നാൽ, ഹദ്റത്ത് സാഹിബ് എത്ര തിരക്കാണെങ്കിലും അത് നിറവേറ്റിക്കൊടുത്തിട്ടേ ജോലിയിൽ മുഴുകൂ. ഒന്നുംതന്നെ പറയുമായിരുന്നില്ല." (സീറത്തുൽ മഹ്ദി, പേജ് 823-824)

ഹദ്റത്ത് മസീഹ് മൗഊദ്(അ) കുട്ടികളെ ശാരീരികമായി ശിക്ഷിക്കുന്നതിനും എതിരായിരുന്നു. അവിടന്ന് പറയുമായിരുന്നു. സദ്മാതൃകയും സ്നേഹവുംകൊണ്ട് കുട്ടികൾക്ക് ശിക്ഷണം നല്കേണ്ടതാണ്.

ഇതുസംബന്ധമായി ഖമറുൽ അമ്പിയാ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: 'മൗലവി ശേർ അലി സാഹിബ്(റ) എന്നോടു പറഞ്ഞു: "ഹദ്റത്ത് മസീഹ് മൗഊദ്(അ) കുട്ടികളെ ശാരീരികമായി ശിക്ഷിക്കുന്നതിന് വളരെ എതിരായിരുന്നു. ഏതെങ്കിലും ഉസ്താദ് കുട്ടിയെ തല്ലിയെന്നു കേട്ടാൽ അവിടന്ന് ദ്വേഷപ്പെടുമായിരുന്നു. പറയുമായിരുന്നു. ബുദ്ധിമാനായ ഉസ്താദ് യുക്തിയോടുകൂടി പ്രവർത്തിക്കുമ്പോൾ ആ ജോലി അനർഹനും അജ്ഞനുമായ ഉസ്താദ് അടിച്ചുകൊണ്ടെടുക്കാനാഗ്രഹിക്കുന്നു. ഒരിക്കൽ മദ്രസയിലുള്ള ഒരു ഉസ്താദ് ഒരു കുട്ടിയെ കുറച്ചു ശിക്ഷിച്ചു. ഇനി അത് ആവർത്തിച്ചാൽ മദ്രസയിൽനിന്ന് ഉസ്താദിനെ പറത്താക്കുന്നതാണെന്ന് അപ്പോൾ അവിടന്ന് കർശനമായി പറഞ്ഞു." (സീറത്തുൽ മഹ്ദി, ഭാഗം 2, പേജ് 398)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരവസരത്തൽ ഇങ്ങനേയും പറഞ്ഞു: "എന്റെ പക്കൽ കുട്ടികളെ ഇങ്ങനെ തല്ലുന്നത് ശിർക്കിൽപെട്ടതാണ്." (ചിലപ്പോൾ ചില പിതാക്കന്മാർക്ക് കുട്ടികളെ ശിക്ഷിക്കാൻ വളരെ താൽപര്യമുണ്ടാകും). "തത്ത്വദീക്ഷയില്ലാതെ അടിക്കുന്നവൻ സന്മാർഗത്തിലും ശിക്ഷണത്തിലും തന്നെ സ്വയം അല്ലാഹുവിന് പങ്കാളിയാക്കാനാഗ്രഹിക്കുന്നു. കോപമുള്ള ഒരു മനുഷ്യൻ ഏതെങ്കിലും കാര്യത്തിൽ ശിക്ഷിക്കാനാഗ്രഹിക്കുമ്പോൾ കോപാഗ്നിയിൽ വർധിച്ച് വർധിച്ച് ശത്രുവിന്റെ നിറത്തിലായി ത്തീരുന്നു. കുറ്റത്തിനുള്ള ശിക്ഷയേക്കാൾ മൈലുകൾ താണ്ടിപ്പോകുന്നു. ആത്മാഭിമാനിയും ആത്മനി യന്ത്രണം കൈവിട്ടുപോകാത്തവനും പൂർണമായ സഹനശീലനും ക്ഷമാശീലനും ശാന്തനും ഗാംഭീര്യമുള്ളവനുമാണെങ്കിൽ ശിക്ഷിക്കാനുള്ള അർഹതയുണ്ട്." (കോപത്തിന് അടിപ്പെടുന്നവനല്ലെങ്കിൽ, നന്നാകണമെന്ന ഉദ്ദേശ്യത്തോടെ ശിക്ഷിക്കാൻ അർഹതയുണ്ട്). "ഏതെങ്കിലും നേരത്ത് ഉചിതമായ നിലയിൽ ഒരുപരിധിവരെ കുട്ടിയെ ശിക്ഷിക്കുകയോ മാപ്പുകൊടുക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ, കോപത്തിന് അടിപ്പെടുന്നവനും ബുദ്ധിയില്ലാത്തവനും കുട്ടികളുടെ ശിക്ഷണത്തിന് ഒരിക്കലും അർഹനല്ല."

പിന്നീട് പറഞ്ഞു: "എപ്രകാരം, എത്രത്തോളം ശിക്ഷ നല്കുന്നതിന് ശ്രമിക്കുന്നുവോ

അഹോ കഷ്ടം! ദുആയിൽ മുഴുകിയിരുന്നെങ്കിൽ, കുട്ടികൾക്കുവേണ്ടി ഉരുകുന്ന ഹൃദയത്തോടെ ദുആ ചെയ്യുന്നത് ഒരു ഭാഗമാക്കിയിരുന്നെങ്കിൽ. കാരണം മാതാപിതാക്കളുടെ കുട്ടികൾക്കുവേണ്ടിയുള്ള ദുആക്ക് ഒരു പ്രത്യേക സ്വീകാര്യത നല്കപ്പെട്ടിരിക്കുന്നു." (മൽഫൂദാത്ത്, വാല്യം 1, പേജ് 308-309, അൽഹക്കം, 1900, ജനുവരി 17)

സാധാരണരീതിയിലുള്ള നഷ്ടം എന്തെങ്കിലും ഉണ്ടാകുന്ന കാരണത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) കുട്ടികളെ ശിക്ഷിക്കാറില്ലായിരുന്നു എന്നതും അവിടത്തെ ജീവിതത്തിലെ ഒരു സുന്ദരവശമായിരുന്നു; അവിടന്ന് മാപ്പുനല്കുമായിരുന്നു.

ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ്(റ) അൽഹക്കം പത്രത്തിൽ എഴുതുന്നു: 'മഹ്മൂദ് (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഥ്ഥാനി(റ) 4 വയസ്സുള്ള കുട്ടിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സാധാരണപോലെ ഉള്ളിൽ ഇരിക്കുകയായിരുന്നു. മിയാ മഹ്മൂദ് വിളക്കുമായി അവിടെ വന്നു. അദ്ദേഹത്തിനോടൊപ്പം കുട്ടികളുടെ ഒരു കൂട്ടവും ഉണ്ടായിരുന്നു. ആദ്യം പരസ്പരം കളിക്കുകയും വഴക്കിടുകയും ചെയ്തു. പിന്നീട് മനസ്സിൽ തോന്നിയതുപോലെ എഴുതിവച്ച ലേഖനത്തിന് തീ കൊളുത്തി. സന്തോഷിക്കുകയും കൈയടിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുത്തിൽ മുഴുകിയിരിക്കുകയാണ്. തല ഉയർത്തിനോക്കുന്നതേയില്ല. ഇത്രയുമായപ്പോൾ തീയണഞ്ഞു കഴിഞ്ഞിരുന്നു. വിലപിടിച്ച ലേഖനം ചാരമായി മാറി. കുട്ടികളുടെ മറ്റെന്തോ കാര്യം തന്നിലേക്ക് വലിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) മുമ്പേയും പിമ്പേയുമുള്ള വാക്യങ്ങൾ കൂട്ടിച്ചേർക്കുന്നതിനുവേണ്ടി മുമ്പേ എഴുതിവച്ച ലേഖനം നോക്കേണ്ടതായിവന്നു. ആരോടു ചോദിച്ചാലും എല്ലാവരും മൗനമായി നില്ക്കുന്നതു കണ്ടു. അവസാനം ഒരു കുട്ടി പറഞ്ഞു: 'മിയാൻ സാഹിബ് ആ കടലാസുകൾ കത്തിച്ചുകളഞ്ഞു.' സ്ത്രീകളും കുട്ടികളും വീട്ടിലെ എല്ലാവരും വിരലുകടിച്ച് ഇനി എന്താണ് സംഭവിക്കുക എന്ന് അത്ഭുതത്തോടെ നോക്കിനില്ക്കുകയായിരുന്നു. യഥാർഥത്തിൽ മോശമായ അവസ്ഥയും വെറുക്കപ്പെട്ട ദൃശ്യവും കാണുമെന്നുള്ള പ്രതീക്ഷയിലായിരുന്നു. അതുതന്നെയാണ് വേണ്ടതും. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: 'നന്നായി! അതിൽ അല്ലാഹുവിന്റെ എന്തെങ്കിലും ഇഷ്ടമുണ്ടായിരുന്നിരിക്കണം. ഇനി അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ഇതിനേക്കാൾ ഉത്തമമായ വിഷയം നമുക്ക് മനസ്സിലാക്കിത്തരും." (സീറത്തു മസീഹ് മൗഊദ്(അ), ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ്(റ))

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭൗതിക വിദ്യാഭ്യാസത്തിനും നിത്യവുമുള്ള പഠിത്തത്തിലും ശാരീരികമായ ശിക്ഷയെ അനുവദനീയമല്ലെന്ന് മനസ്സിലാക്കിയിരുന്നതോടൊപ്പം ദീനിന്റെ പവിത്രതയും ആത്മരോഷവും കാണിക്കേണ്ട അവസരത്തിൽ അവിടന്ന് ശാരീരിക ശിക്ഷയും നല്കിയിട്ടുണ്ട്; കുട്ടിക്കാലത്തു തന്നെ കുട്ടികളിൽ ദീനിനോടു ആദരവും ബഹുമാനവും മതപരമായ ആത്മാഭിമാനവും നിലനില്ക്കുന്നതിനുവേണ്ടിയായിരുന്നു അത്.

ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ) പറഞ്ഞ അത്തരം ഒരു സംഭവം ഹദ്റത്ത് മിയാ ബശീർ അഹ്മദ്(അ) വിവരിക്കുന്നു: 'ഒരിക്കൽ നിങ്ങളുടെ സഹോദരൻ പരേതനായ മുബാറക്ക് അഹ്മദിന്റെ അശ്രദ്ധകൊണ്ട് വിശുദ്ധഖുർആനെ അപമാനിക്കുംവിധമുള്ള സംഭവമുണ്ടായി. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എങ്ങനെ ദ്വേഷം വന്നുവെന്നാൽ, അവിടത്തെ മുഖം ചെമന്നുതുടുത്തു. അദ്ദേഹം വലിയ ദ്വേഷത്തിൽ മുബാറക് അഹ്മദിന്റെ ചുമലിൽ ഒരു അടികൊടുത്തു. അതുകൊണ്ട് ആ മൃദുലമായ ശരീരത്തിൽ അവിടത്തെ വിരലുകൾ പതിഞ്ഞു. ആ ദ്വേഷാവസ്ഥയിൽ അവിടന്ന് പറഞ്ഞു: 'അവനെ ഈ സമയത്ത് എന്റെ മുമ്പിൽനിന്ന് കൊണ്ടുപോകുക.' ഹദ്റത്ത് മിയാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു. പരേതനായ മുബാറക് അഹ്മദ് എല്ലാ സഹോദരങ്ങളിലുംവെച്ച് ഏറ്റവും ചെറുതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തുതന്നെ വഫാത്തായി. ഹദ്റത്ത് സാഹിബിന് മുബാറക് അഹ്മദിനോടു അതിരറ്റ സ്നേഹമായിരുന്നു. അദ്ദേഹം വഫാത്തായപ്പോൾ മസീഹ് മൗഊദ്(അ) സ്മാരകശിലയിൽ എഴുതിയ പദ്യത്തിൽ ഈ വരിയുമുണ്ട്.

*ജിഗർ കാ ടുക്കഡാ മുബാറക് അഹ്മദ്*
*ജോ പാക് ശക്കൽ ഔർ പാക് ഖൂ ഥാ*
*വൊ ആജ് ഹംസെ ജുദാ ഹുവാ ഹെ*
*ഹമാരെ ദിൽകൊ ഹസീൻ ബനാക്കർ.*

കരളിന്റെ കഷണമായ മുബാറക് അഹ്മദ്, പരിശുദ്ധമായ രൂപലാവണ്യമുള്ളവനും ശുദ്ധപ്രകൃതനുമായിരുന്നു. നമ്മുടെ മനസ്സിനെ ദുഃഖത്തിലാഴ്ത്തി അവൻ ഇന്ന് നമ്മളിൽനിന്ന് വേറിട്ടുപോയി.

പക്ഷേ, ആ അവസരത്തിൽ ഹദ്റത്ത് മ സീഹ് മൗഊദ്(അ)ന് വിശുദ്ധഖുർആനോടുള്ള അനാദരവ് സഹിക്കാൻ പറ്റിയില്ല; ശിക്ഷ കൊടുക്കേണ്ടത് നിർബന്ധമെന്ന് മനസ്സിലാക്കി. (സീറത്തുൽ മഹ്ദി, ഭാഗം 2, പേജ് 325)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതചരിത്രത്തിലെ ഒരു സുന്ദരമായ വശം ഇങ്ങനെയുണ്ട്. അവിടന്ന് നബി(സ)തിരുമേനിയുടെ സുന്നത്തിന്റെ വെളിച്ചത്തിൽ ചില അവസരങ്ങളിൽ ഗുണപാഠമുൾക്കൊള്ളുന്ന കഥകൾ കേൾപ്പിച്ച് കേൾപ്പിച്ച് തന്റെ വീട്ടുകാർക്ക് ശിക്ഷണം നൽകുമായിരുന്നു. ഒരവസരത്തിൽ അതിഥികളുടെ ആധിക്യംകണ്ട് വീട്ടുകാർക്ക് കുറച്ച് പ്രയാസങ്ങളുടെ ലക്ഷണങ്ങൾ അവിടന്ന് കണ്ടു. അപ്പോൾ അവിടന്ന് ഒരു ഗുണപാഠമുള്ള കഥ കേൾപ്പിച്ചു. ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്(റ) വിവരിക്കുന്നു:

"1901-ൽ ഞാൻ ഹിജ്റത്ത് ചെയ്ത് ഖാദിയാനിൽ വന്നപ്പോൾ എന്റെ ഭാര്യയേയും മക്കളേയും ഒപ്പം കൂട്ടിയിരുന്നു. ഒരു രാത്രിയിലെ സ്മരണയാണ്. കുറച്ച് അതിഥികൾ വന്നു. അവരുടെ താമസത്തിനുള്ള ഏർപ്പാട് ചെയ്യാൻ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ പ്രയാസപ്പെടുകയായിരുന്നു. വീടു മുഴുവൻ കപ്പൽപോലെ അതിഥികളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഇനിയുള്ളവരെ എവിടെ കിടത്തും. ആ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിഥികളെ ആദരിക്കേണ്ടതിനെ സംബന്ധിച്ച് ഹദ്റത്ത് ബീബി സാഹിബായെ പക്ഷികളുടെ ഒരു കഥ കേൾപ്പിച്ചു. ഞാൻ അവരുടെ മുറിയോടു ചേർന്നുള്ള മുറിയിലായിരുന്നു താമസിച്ചിരുന്നത്. വാതിലുണ്ടാക്കിയിരുന്നത് പഴയരീതിയിലായിരുന്നു. അതിന്റെ ഉള്ളിലൂടെ ശബ്ദതടസ്സമൊന്നും കൂടാതെ അത് കേൾക്കാമായിരുന്നു. അതുകൊണ്ട് ഞാൻ കഥ മുഴുവൻ കേട്ടു: 'നോക്കുക! ഒരിക്കൽ വനത്തിൽ ഒരു യാത്രക്കാരന് വൈകുന്നേരമായി. രാത്രി കൂരിരുട്ടായിരുന്നു. അടുത്തൊന്നും ആൾതാമസമുള്ള സ്ഥലമൊന്നും അയാൾ കണ്ടില്ല. ആ പാവം രാത്രി കഴിക്കുന്നതിന് ഒരു മരത്തിന്റെ ചുവട്ടിൽ ഇരുന്നു. ആ മരത്തിൽ ഒരു പക്ഷിക്കൂടുണ്ടായിരുന്നു. പക്ഷി തന്റെ ആൺപക്ഷിയോടു സംസാരിക്കാൻ തുടങ്ങി. നോക്കൂ, ഈ യാത്രക്കാരൻ നമ്മുടെ കൂടിന്റെ കീഴെ തറയിൽ ഇരിക്കുകയാണ്. ഇയാൾ ഇന്ന് നമ്മുടെ അതിഥിയാണ്. അദ്ദേഹത്തെ സൽക്കരിക്കുക എന്നത് നമ്മുടെ നിർബന്ധ കടമയാണ്. ആൺപക്ഷി പെൺപക്ഷിയുടെ അഭിപ്രായത്തോടു യോജിച്ചു. രണ്ടുപേരും കൂടിയാലോചിച്ച് തീരുമാനമെടുത്തു. തണുപ്പുള്ള രാത്രിയാണ്. നമ്മുടെ അതിഥിയ്ക്ക് തീ കായേണ്ട ആവശ്യമുണ്ട്. നമ്മുടെ കൈയിൽ ഒന്നുമില്ല. നമ്മൾ നമ്മുടെ കൂടുപൊളിച്ച് താഴേക്കിടാം; അയാൾ അത് കത്തിച്ച് തീ കായട്ടെ. അവർ അങ്ങനെതന്നെ ചെയ്തു. കൂടു മുഴുവൻ പൊളിച്ച് നാര് നാരാക്കി താഴേക്കിട്ടു. അതിനെ യാത്രക്കാരൻ വിലപിടിച്ച വസ്തുവായി കണ്ടു. അയാൾ അതെല്ലാം പെറുക്കികൂട്ടി തീയിട്ട് തീകാഞ്ഞു. അപ്പോൾ പക്ഷികൾ വീണ്ടും കൂടിയാലോചിച്ചു. തീ നമ്മൾ നമ്മുടെ അതിഥിക്ക് എത്തിച്ചുകൊടുത്തു. തീ കായാനുള്ള സാധനം ലഭ്യമാക്കി. ഇനി എന്തെങ്കിലും അയാൾക്ക് തിന്നാൻ കൊടുക്കണം. നമ്മുടെ കൈയിൽ ഒന്നുംതന്നെയില്ല. നമ്മൾ സ്വയം ആ തീയിൽ പോയി വീഴുക. യാത്രക്കാരൻ നമ്മുടെ മാംസം ചുട്ടുതിന്നുകൊള്ളട്ടെ. ആ പക്ഷികൾ അങ്ങനെതന്നെ ചെയ്തു. ആതിഥ്യമര്യാദ നിറവേറ്റി." (ദിക്റെ ഹബീബ്, പേജ് 85-87, ഹദ്റത്ത് മുഫ്തി മുഹമ്മദ് സ്വാദിഖ് സാഹിബ്)

ഇത് തന്റെ വീട്ടുകാർക്കുവേണ്ടിയുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവർത്തനരീതിയും ശൈലിയും ഉപദേശവുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിന്റെ ഒരു മനോഹരമായ വശം, കുട്ടികളോടുള്ള അവിടത്തെ സ്നേഹം അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമായിരുന്നു എന്നതാണ്. ഹദ്റത്ത് മൗലാനാ അബ്ദുൽ കരീം സാഹിബ്(റ) നിവേദനം: "അവിടന്ന് കുട്ടികളുടെ പരിപാലനവും സംരക്ഷണവും എങ്ങനെയായിരുന്നു ചെയ്തിരുന്നതെന്നാൽ കാണുന്നവർക്ക് അവിടത്തെക്കാൾ മറ്റാർക്കും കുട്ടികളോടു സ്നേഹമില്ലെന്ന് തോന്നുമായിരുന്നു. രോഗം പിടിപെട്ടാൽ എത്രത്തോളം ശ്രദ്ധിക്കുമായിരുന്നുവെന്നാൽ രോഗശുശ്രൂഷയിലും ചികിത്സയിലും മറ്റൊരു ചിന്തയും അദ്ദേഹത്തിനില്ലെന്ന് തോന്നുമായിരുന്നു. എന്നാൽ, സൂക്ഷ്മദൃക്കിന് മനസ്സിലാകുമായിരുന്നു ഇതെല്ലാം അല്ലാഹുവിനുവേണ്ടിയാണെന്ന്. അല്ലാഹുവിനുവേണ്ടി അവന്റെ ബലഹീനരായ സൃഷ്ടികളോടുള്ള ദാക്ഷിണ്യവും പരിപാലനവും ലക്ഷ്യമാ

ശേഷം പേജ് 20 ൽ

2018 ജൽസാ സാലാന ഖാദിയാൻ പ്രസംഗത്തിൽ നിന്ന്

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ ദുആ സ്വീകാരത്തിന്റെ വിശ്വാസവർധക സംഭവങ്ങൾ

(മുഹമ്മദ് ഹമീദ് കൗഥർ, നാളിർ ദഅ്‌വത്തെ ഇലല്ലാഹ് മർക്കസിയ ഖാദിയാൻ)

خُذۡ مِنۡ اَمۡوَالِهِمۡ صَدَقَةً تُطَهِّرُهُمۡ وَتُزَكِّيۡهِمۡ بِهَا وَصَلِّ عَلَيۡهِمۡ ؕ اِنَّ صَلٰوتَكَ سَكَنٌ لَّهُمۡ ؕ وَاللّٰهُ سَمِيۡعٌ عَلِيۡمٌ ﴿۱۰۳﴾ *(9:103)*

ഗയ്ർ മുംകിൻ കൊ മുംകിൻ മെ ബദൽ ദേത്തി ഹെ
ഏ മേരേ ഫിൽസഫിയോ സോരെ ദുആ ദേഘോ തൂ

അല്ലയോ തത്വചിന്തകരേ! അസാധ്യമായതിനെ സാധ്യമാക്കിത്തീർക്കുന്ന ദുആയുടെ ശക്തി ഒന്നു കണ്ടുനോക്കൂ.

മുകളിൽ ചേർത്തിരിക്കുന്ന ഖുർആനിക വചനത്തിന്റെ അർഥം ഇപ്രകാരമാണ്: നീ അവരുടെ ധനത്തിൽനിന്ന് ദാനധർമങ്ങൾ വാങ്ങുക. അതുവഴി നീ അവരെ ആത്മീയമായി ശുദ്ധീകരിക്കുകയും അവരുടെ അഭിവൃദ്ധിക്കുള്ള മാർഗങ്ങൾ ഒരുക്കുകയുമാണ് ചെയ്യുന്നത്. നീ അവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും നിന്റെ പ്രാർഥന അവർക്ക് മനഃസമാധാനം നൽകുന്നതാണ്. നിന്റെ പ്രാർഥന അല്ലാഹു നല്ലതുപോലെ കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

ഉപര്യുക്ത വചനത്തിൽ അല്ലാഹു മുഹമ്മദു മുസ്തഫാ(സ)യ്ക്ക് ഇങ്ങനെ കല്പന നല്കിയിരിക്കുന്നു: *വ സ്വല്ലി അലയ്ഹിം ഇന്ന സ്വലാത്തക്ക സകനുൻല്ലഹും* നീ അവർക്കുവേണ്ടി ദുആയും ചെയ്തുകൊണ്ടിരിക്കുക. കാരണം നിന്റെ പ്രാർഥന അവരുടെ സമാധാനത്തിന് ഹേതുകമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഖലീഫ യഥാർഥത്തിൽ നബിയുടെ പ്രതിച്ഛായയാകുന്നു. ഒരു മനുഷ്യനും സ്ഥായിയായ നിലയിലുള്ള നിലനിൽപില്ല. അതിനാ ൽ ദൈവദൂതന്മാരുടെ അസ്തിത്വം മറ്റെല്ലാ അസ്തിത്വത്തെക്കാളും ആദരണീയവും പ്രാധാന്യമർഹിക്കുന്നതുമായതുകൊണ്ട് ഖിയാമത്തുന്നാൾവരെ അവരുടെ പ്രതിച്ഛായ നിലനിറുത്താൻ അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നു. അങ്ങനെ ലോകം ഒരുകാലത്തും നുബുവ്വത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഒഴിച്ചുനിറുത്തപ്പെടാതിരിക്കാനാണ് അല്ലാഹു ഖിലാഫത്ത് നിശ്ചയിച്ചിരിക്കുന്നത്." (ശഹാദത്തുൽ ഖുർആൻ റൂഹാനീ ഖസാഇൻ വാള്യം 6, പേജ് 353)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:- "താൻ സ്വീകരിച്ചിട്ടുള്ളവരോടുള്ള അല്ലാഹുവിന്റെ ബന്ധം സുഹൃത്തുക്കളോടെന്നപോലെയാണ്. ചിലപ്പോൾ അവരുടെ ദുആ സ്വീകരിക്കുന്നു. ചിലപ്പോൾ തന്റെ ഉദ്ദേശ്യങ്ങളെ അവരെക്കൊണ്ട് അംഗീകരിപ്പിക്കുന്നു. സുഹൃദ്ബന്ധത്തിൽ ഈ അവസ്ഥ നിങ്ങൾ കാണാറുണ്ട്. ഒരു സുഹൃത്ത് ചിലപ്പോൾ തന്റെ സുഹൃത്തിന്റെ വാക്കുകൾ അംഗീകരിക്കുകയും അയാളുടെ താൽപര്യങ്ങൾക്കനുസൃതമായി പ്രവൃത്തിക്കുകയും ചെയ്യുന്നു. ചില സമയത്ത് തന്റെ കാര്യം അയാളെക്കൊണ്ട് അംഗീകരിപ്പിക്കുകയും ചെയ്യുന്നു.

വിശുദ്ധഖുർആനിൽ ഒരിടത്ത് വിശ്വാസികളുടെ ദുആ സ്വീകരിക്കുമെന്ന് വാഗ് ദാനം ചെയ്തുകൊണ്ട് പറയുന്നു:

اُدۡعُوۡنِیۡۤ اَسۡتَجِبۡ لَکُمۡ എന്നോട് പ്രാർഥിക്കുക ഞാൻ നിങ്ങളുടെ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. വേറൊരുഭാഗത്ത് തന്റെ വിധിനിർണയങ്ങളിൽ തൃപ്തിപ്പെടാനും സന്തോഷിക്കുവാനും പഠിപ്പിക്കുന്നു. പറയുന്നു:

وَلَنَبۡلُوَنَّكُمۡ بِشَىۡءٍ مِّنَ الۡخَـوۡفِ وَالۡجُـوۡعِ وَنَقۡصٍ مِّنَ الۡاَمۡوَالِ وَالۡاَنۡفُسِ وَالثَّمَرٰتِ ؕ (2:156)

ഈ രണ്ട് വചനങ്ങളും ഒരു സ്ഥലത്ത്‌വച്ച് പാരായണം ചെയ്യുമ്പോൾ ദുആയെ സംബന്ധിച്ച അല്ലാഹുവിന്റെ ചര്യ എന്താണെന്നും അല്ലാഹുവും ദാസനും തമ്മിലുള്ള പരസ്പരബന്ധം എപ്രകാരമുള്ളതാണെന്നും മനസ്സിലാവുന്നതാണ്." (ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസാഇൻ വാള്യം 22 പേജ് 21)

വീണ്ടും പറയുന്നു:

لَعَلَّكَ بَاخِعٌ نَّفۡسَكَ اَلَّا يَكُوۡنُوۡا مُؤۡمِنِيۡنَ ﴿۴﴾ (26:4)

അതായത് അവർ വിശ്വസിക്കാത്തതുകൊണ്ട് നീ നിന്നെതന്നെ നശിപ്പിച്ചുകളയുമോ? ഈ വചനത്തിൽനിന്ന് മനസ്സിലാകുന്നത് നബി(സ)തിരുമേനി സത്യനിഷേധികളുടെ അവിശ്വാസം കാരണം വളരെ വേദനയോടും പ്രയാസത്തോടും കൂടി ദുആ ചെയ്തുകൊണ്ടിരുന്നുവെന്നാണ്. എത്ര മാത്രമെന്നാൽ ദുഃഖഭാരത്താൽ മരിച്ചു പോകുമെന്ന് തോന്നുമായിരുന്നു. അതുകൊണ്ടാണ് ഈ ആളുകൾ വിശ്വാസത്തിന് വില കൽപിക്കാത്തവരാണെന്നും അവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വേറൊന്നാണെന്നും അല്ലാഹു പറഞ്ഞത്. അതിനാൽ അവർക്കുവേണ്ടി ഇത്രത്തോളം ദുഃഖത്തിലും ഹൃദയവേദനയിലും കഴിയേണ്ടതില്ല."( ഉമീമ ബറാഹീനെ അഹ്മദിയ്യ ഭാഗം 5, പേജ് 62, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 226)

ഇവിടെ ഒരു വിശദീകരണം ആവശ്യമാണ്. അതായത് നമ്മുടെ ചില സഹോദരിസഹോദരന്മാർ തങ്ങളുടെ ചില ഉദ്ദേശ്യങ്ങളുടെ പൂർത്തീകരണത്തിന് അമീറുൽ മുഅ്മിനോട് ദുആയ്ക്ക് അപേക്ഷിക്കാറുണ്ട്. എന്നാൽ, ചില ഘട്ടങ്ങളിൽ അവർ ഉദ്ദേശിച്ചത് പൂർത്തീകരിക്കപ്പെടാറില്ല. അത്തരം സഹോദരങ്ങളോട് പറയാനുള്ളത് നിങ്ങൾ അമീറുൽ മുഅ്മിനോട് ദുആയ്ക്ക് അപേക്ഷിച്ച് കൊണ്ടേയിരിക്കുക എന്നാണ്. നിങ്ങൾ സ്വയം ഹൃദയവേദനയോടെ ദുആ ചെയ്തുകൊണ്ടിരിക്കുകയും എല്ലാ കാര്യങ്ങളും അല്ലാഹുവിൽ അർപിക്കുകയും ചെയ്യുക. അല്ലയോ ദുആ കേൾക്കുന്നവനായ ഞങ്ങളുടെ പ്രിയങ്കരനായ അല്ലാഹുവേ! എന്ന് വിളിച്ചുകൊണ്ട് ദുആ ചെയ്യുക.

ഹോ ഫള്‌ല് തേരാ യാ റബ്ബ് യാ കോയി ഇബ്തലാ ഹൊ
റാളീ ഹെ ഹം ഉസീമെ ജിസ് മെ തേരീ രിളാ ഹൊ
(കലാമെ മഹ്മൂദ്)

"അല്ലയോ രക്ഷിതാവേ, നിന്റെ പക്കൽനിന്നുള്ള അനുഗ്രഹമോ പരീക്ഷണമോ ആയിക്കൊള്ളട്ടെ ഏതൊന്നിലാണോ നിന്റെ തൃപ്തിയുള്ളത് അതിൽ ഞങ്ങൾ സംതൃപ്തരാണ്."

ഈ പ്രപഞ്ചത്തിന്റെ മുഴുവൻ സംവിധാനവും അല്ലാഹുവിന്റെ കല്പനയാലാണ് പ്രവർത്തിക്കുന്നത്. വായുവും കൊടുങ്കാറ്റും, മഴയും എല്ലാം അല്ലാഹുവിന്റെ കല്പന പ്രകാരമാണ് ചലിക്കുന്നത്. മഴ ചില സമുദായത്തിനും പ്രദേശത്തിനും കാരുണ്യമായി വർഷിക്കപ്പെടുന്നു. ചിലർക്ക് നൂഹിന്റെ സമുദായത്തിൽ സംഭവിച്ചതുപോലെ ശിക്ഷയായി ഭവിക്കുന്നു. കാറ്റ് അല്ലാഹുവിന്റെ കല്പനയാലാണ് ചലിക്കുന്നതും നിശ്ചലമാകുന്നതും. വായുവിനേയും, കൊടുങ്കാറ്റിനേയും മഴയേയും ചലിപ്പിക്കാനോ തടഞ്ഞുനിറുത്താനോ ലോകത്തിലൊരു ശക്തിക്കും സാധ്യമല്ല. വലിയ വലിയ ശക്തരായിട്ടുള്ള രാജ്യങ്ങളിൽ നാശകരമായ വെള്ളപ്പൊക്കം ഉണ്ടാകുന്നു. കൊടുങ്കാറ്റടിക്കുന്നു. എന്നാൽ, അതിന് മുമ്പിൽ ഭരണാധികാരികൾ നിസ്സഹായരായിപ്പോകുന്നു. അവരുടെ എല്ലാ പരിപാടികളും പദ്ധതികളും താറുമാറായിപോകുന്നു.

ചിലപ്പോൾ അഹ്മദിയ്യാ ജമാഅത്തിനും ഇത്തരം പ്രകൃതിക്ഷോഭങ്ങളെ നേരിടേണ്ടതായി വരാറുണ്ട്. മഴയും കൊടുങ്കാറ്റും കാരണം തങ്ങളുടെ ജമാഅത്തീപ്രോഗ്രാമുകൾ അതിന്റെ പൂർത്തീകരണത്തിലേക്ക് എത്തിക്കാൻ സാധിക്കുകയില്ലെന്ന് സംഘാടകർ മനസ്സിലാക്കുന്നു. അത്തരം അവസ്ഥയിൽ തങ്ങളുടെ ആകുലതയും വിഷമങ്ങളും തങ്ങളുടെ പ്രിയങ്കരനായ അമീറുൽ മുഅ്മിനീന്റെ സമക്ഷത്തിൽ അവതരിപ്പിച്ചുകൊണ്ട് ദുആയ്ക്ക് അപേക്ഷിക്കുന്നു. അല്ലാഹു ഹുദൂറിന്റെ ദുആകൾ സ്വീകരിച്ചുകൊണ്ട് ജമാഅത്തിന്റെ പരിപാടിയിൽ വിഘ്നം വരാത്തനിലയിൽ കൊടുങ്കാറ്റിനേയും മഴയേയും തടയുന്നു. ഹദ്റത്ത് ഇബ്റാഹിം(അ)നെ തീയിലേക്ക് വലിച്ചെറിഞ്ഞപ്പോൾ 'അല്ലയോ തീയേ, നീ തണുക്കുക. ഇബ്റാഹീമിനുമേൽ രക്ഷയ്ക്ക് കാരണമാവുക' എന്ന് കല്പന നൽകിയതുപോലെ അല്ലാഹു ആ കൊടുങ്കാറ്റിനും കല്പന നല്കുന്നു.

കൊടുങ്കാറ്റും മഴയും നിലച്ചതുമായി ബന്ധപ്പെട്ട് അമീറുൽമുഅ്മിനീന്റെ ദുആ സ്വീകാര്യതയുടെ ചില സംഭവങ്ങൾ കേൾപ്പിക്കുകയാണ്.

**1.** 2004-ൽ അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) ആഫ്രിക്കൻ പര്യടനവേളയിൽ നൈജീരിയായിൽനിന്ന് ബെനിനിൽ അസ്ർ നമസ്കാരത്തിന് മിഷൻ ഹൗസിലെത്തി. അപ്പോൾ കോരിച്ചൊരിയുന്ന മഴയായിരുന്നു. മുറ്റത്ത് നമസ്കാരത്തിന് പന്തലിട്ടിരുന്നു. അതിന്റെ നാലുഭാഗവും തുറന്ന നിലയിലായിരുന്നു. മഴ കാരണം നമസ്കരിക്കുന്നത് പോയിട്ട് അവിടെ നിൽക്കാൻപോലും കഴിഞ്ഞിരുന്നില്ല.

അമീറുൽ മുഅ്മിനീൻ പുറത്തു വന്ന് നമസ്കാരത്തെ സംബന്ധിച്ച് ചോദിച്ചപ്പോൾ പുറത്ത് ശക്തമായ മഴയാണെന്നും പന്തലിട്ടുണ്ടെങ്കിലും നമസ്കരിക്കാൻ പറ്റാത്ത അവസ്ഥയാണെന്നും അമീർ സാഹിബ് പറഞ്ഞു. അമീറുൽ മുഅ്മിനീൻ ആകാശത്തേക്ക് നോക്കി. എന്നിട്ട് പറഞ്ഞു 10 മിനിറ്റിനുശേഷം നമസ്കരിക്കാം. ശേഷം ഹുദൂർ അകത്തേക്ക് പോയി.

രണ്ട് മൂന്ന് മിനിറ്റ് ആയപ്പോഴേക്കും മഴ നിലച്ചു. ആകാശം തെളി ഞ്ഞു. നോക്കിക്കൊണ്ടിരിക്കെ വെയിൽ വന്നു. നമസ്കാരത്തിന് നിശ്ചയിച്ച അതേ പന്തലിൽ നമസ്കാരം നടന്നു. തദ്ദേശീയരായ സഹോദരങ്ങൾ വളരെ അത്ഭുതപ്പെട്ടു. അവർ പറയുന്നത് ഇവിടെ മഴ തുടങ്ങിയാൽപിന്നെ മണിക്കൂറുകൾ തുടർച്ചയായി പെയ്തുകൊണ്ടിരിക്കുമെന്നാണ്. പക്ഷേ, ഹുദൂർ 10 മിനിറ്റ് പറഞ്ഞപ്പോൾ 3 മിനിറ്റിൽത്തന്നെ മഴ നിലച്ചിരിക്കുന്നുവെന്ന് മാത്രമല്ല മേഘംപോലും അപ്രത്യക്ഷമായിരിക്കുന്നു.

**2.** ഇതേപോലെ കനഡ സന്ദർശനവേളയിൽ കാൽഗിരി മസ്ജിദിന് ശിലാകർമം നടക്കാനുണ്ടായിരുന്നു. ഒരു ദിവസം മുമ്പേ അമീർ സാഹിബ് ഹുദൂർ തിരുമനസ്സിനോട് പറഞ്ഞു, കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിൽനിന്നുള്ള അറിയിപ്പനുസരിച്ച് ശക്തമായ കാറ്റിനും മഴക്കും സാധ്യതയുണ്ട്. നാളെ രാവിലെ മസ്ജിദിന് ശിലാകർമം നടക്കേണ്ടതാണ്. അതിഥികൾ വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഹുദൂർ ദുആ ചെയ്യണമെന്ന് പറഞ്ഞ് അപേക്ഷിച്ചു.

ഹുദൂർ കുറച്ച് നേരത്തെ മൗനത്തിനുശേഷം പറഞ്ഞു: 'നമ്മൾശിലാകർമംനിർവഹിക്കാൻപോകുന്ന മസ്ജിദ് അല്ലാഹുവിന്റെ ഭവനമാണ്. കാലാവസ്ഥയും അല്ലാഹുവിന്റെ കൈകളിലാണുള്ളത് അതു കൊണ്ട് അത് അല്ലാഹുവിന് വിട്ടുകൊടുക്കുക. അല്ലാഹു അനുഗ്രഹിക്കുന്നതാണ്.' അടുത്തദിവസം മഴയുടെ അടയാളം പോലുമുണ്ടായിരുന്നില്ല. തെളിഞ്ഞ കാലാവസ്ഥയായിരുന്നു. ശിലാകർമം ഭംഗിയായി നടന്നു. രണ്ടു മണിക്കൂർ നേരത്തെ പ്രോഗ്രാമായിരുന്നു. പ്രോഗ്രാം കഴിഞ്ഞതിനുശേഷം ഹുദൂർ കാറിൽ കയറി ഇരുന്നു. കാറിന്റെ ഡോർ അടഞ്ഞതും ശക്തമായ കാറ്റും മഴയും ആരംഭിച്ചു. തുടർച്ചയായി മൂന്നുനാലു മണിക്കൂർ മഴ പെയ്തു. ഈ അടയാളം ഹുദൂറിന്റെ ദുആയുടെ ഫലമായിരുന്നു. അവിടെ കൂടിയ ഓരോ വ്യക്തിയുടേയും ഹൃദയം ആ അടയാളം കണ്ട് അല്ലാഹുവിന്റെ സന്നിധിയിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

**3.** 2008-ൽ ചില കാരണങ്ങളാൽ ഖാദിയാൻ ജൽസ സാലാന ഡിസംബർ മാസത്തിൽ നിശ്ചയിച്ചദിനങ്ങളിൽനടത്താൻസാധിച്ചിരുന്നില്ല.പിന്നീട് 2009 മെയ് 25,26,27 തിയതികളിലാണ് സംഘടിപ്പിച്ചത്. സമാപന ദിവസമായിരുന്നു ഹുദൂറിന്റെ പ്രഭാഷണം. സാധാരണ പഞ്ചാബിൽ മെയ് മാസത്തിൽ ശക്തമായ പൊടിക്കാറ്റടിക്കാറുണ്ട്. സമാപനസമ്മേളനം ആരംഭിച്ചതും ശക്തമായ പൊടുക്കാറ്റടിക്കാൻ തുടങ്ങി. കാലാവസ്ഥാ നിരീക്ഷണകേന്ദ്രം കൊടുങ്കാറ്റും മഴയും ഉണ്ടാകാൻ സാധ്യതയുള്ളതായി അറിയിപ്പ് നൽകിയിരുന്നു. ജൽസാഗാഹിൽ അഹ്മദികളെ കൂടാതെ ഹിന്ദു, സിക്ക്, ക്രിസ്ത്യൻ സഹോദരങ്ങളും സന്നിഹിതരായിരുന്നു. കാറ്റ് ശക്തിപ്രാപിച്ചുകൊണ്ടേയിരുന്നു. ജൽസാഗാഹിലെ സകല വസ്തുക്കളും കാറ്റിൽ പറന്നുപോകുമെന്ന പ്രതീതിയുളവായിരുന്നു. വൈദ്യുതിയുടേയും എം.ടി.എയുടേയും സംവിധാനം തകിടം മറിയുമെന്ന് തോന്നിയിരുന്നു. ഈ വിവരം ഹുദൂറിനെ അറിയിച്ചുകൊണ്ട് കാലാവസ്ഥ അനുകൂലമാകാൻ ദുആയ്ക്ക് അപേക്ഷിച്ചു. തിലാവത്തിനും പദ്യത്തിനും ശേഷം പ്രഭാഷണത്തിന്റെ ആരംഭത്തിൽ ഹുദൂർ പറഞ്ഞു: ഖാദിയാനിൽ ശക്തമായ പൊടിക്കാറ്റു വീശുന്നതായി വിവരം കിട്ടിയിരിക്കുന്നു. ജൽസ നല്ലനിലയിൽ സമാപിക്കുന്നതിന് ദുആ ചെയ്യുക."

ഹുദൂറിന്റെ ദുആ അല്ലാഹു സ്വീകരിച്ചു. രണ്ട് മൂന്ന് മിനിറ്റിനുള്ളിൽ കാറ്റ് നിലച്ചു. കാലാവസ്ഥ തൃപ്തികരമായ അവസ്ഥയിലായി. ശ്രോതാക്കൾ വളരെ സമാധാനത്തോടെ ഹുദൂറിന്റെ പ്രഭാഷണം ശ്രവിച്ചു. ഇത് ഹുദൂറിന്റെ ദുആ സ്വീകരിക്കപ്പെട്ടതാണെന്ന് നമ്മുടെ സഹോദരങ്ങളെ കൂടാതെ ഹിന്ദു സിക്ക് സഹോദരങ്ങളും പറയുകയുണ്ടായി.

**4.** അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)യുടെ ദുആ സ്വീകാരത്തിന്റെ മറ്റൊരു സംഭവം ഘാനയുമായി ബന്ധപ്പെട്ടതാണ്:

ഹുദൂർ 2004-ലെ പര്യടനവേളയിൽ ഘാനയിലെ ഭൂമിയിൽനിന്ന് എണ്ണ പുറപ്പെടുമെന്ന് ഘാനക്കാർക്ക് സുവാർത്ത നൽകിയിരുന്നു. 2008-ൽ ഖിലാഫത്ത് ജൂബിലി വേളയിൽ വീണ്ടും ഹുദൂർ അവിടെ പോയപ്പോൾ ഘാനയുടെ പ്രസിഡണ്ട് കൂടിക്കാഴ്ചാവേളയിൽ ഹുദൂറിനോട് പറഞ്ഞു: 'നമ്മുടെ രാജ്യത്തിന് വേണ്ടിയുള്ള ഹുദൂറിന്റെ ദുആകൾ സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ തവണത്തെ പര്യടനവേളയിൽ ഈ ഭൂമിയിൽ എണ്ണയുണ്ട് എന്നും ഇവിടെനിന്നും എണ്ണ ലഭിക്കുന്നതാണെന്നും അങ്ങ് പറഞ്ഞിരുന്നു. കഴിഞ്ഞ വർഷം മുതൽ ഘാനയിൽനിന്ന് എണ്ണ ലഭിക്കാൻ തുടങ്ങിയിരിക്കുന്നു. ഹുദൂറിന്റെ ദുആ വളരെ മഹത്വത്തോടെ സ്വീകരിക്കപ്പെട്ടിരിക്കുന്നു.

ഘാനയിലെ പ്രസിദ്ധമായ നാഷണൽ പത്രമായ Daily Graphic 2008 ഏപ്രിൽ 17-ലെ ലക്കത്തിൽ ഒന്നാമത്തെ പേജിൽ ഹുദൂറുമായുള്ള പ്രസിഡണ്ടിന്റെ കൂടിക്കാഴ്ചയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകൊണ്ടെഴുതി. "2004-ലെ പര്യടനവേളയിൽ ഘാനയിലെ ഭൂമിയിൽനിന്നും എണ്ണ ലഭിക്കുമെന്ന് ഖലീഫത്തുൽ മസീഹ് വളരെ ശക്തമായനിലയിൽ ദൃഢവിശ്വാസത്തോടെ പറയുകയുണ്ടായി. ഈ ദൃഢവിശ്വാസം കഴിഞ്ഞവർഷം മുതൽ യാഥാർഥ്യമായിരിക്കുന്നു. ഘാനയുടെ മണ്ണിൽനിന്ന് എണ്ണ ലഭിക്കാൻ തുടങ്ങിരിക്കുന്നു. (അൽഫദ്ൽ ദുആ സ്പെഷ്യൽ 2015 ഡിസംബർ 28,പേജ് 43-45)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മരിച്ചവർക്ക് ജീവിക്കാൻ ആകുമെങ്കിൽ അത് ദുആ മുഖേനയാണ്. തടവുകാർക്ക് മോചിതരാകാൻ കഴിയുമെങ്കിൽ അതും ദുആ മുഖേനയാണ്."(ലക്ചർ സിയാൽക്കോട്ട്, റൂഹാനീ ഖസാഇൻ വാല്യം 20, പേജ് 234)

ഹുദൂറിന്റെ ദുആ മുഖേന അല്ലാഹു തടവുകാരുടെ മോചനത്തിനുള്ള സംവിധാനവും ചെയ്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ സമർപ്പിക്കുകയാണ്.

ഒരു അറബ് രാജ്യത്ത് നമ്മുടെ മുഖ്ലിസായ ഒരു അറബ് അഹ്മദി സഹോദരനെ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചു എന്ന ഒറ്റ കാരണത്താൽ പോലീസ് അറസ്റ്റ് ചെയ്തു. അദ്ദേഹത്തെ ഭാരമുള്ള കാൽവിലങ്ങുകളണിയിച്ച് ജയലിലിട്ടു. ജാമ്യം നിഷേധിച്ചു. സന്ദർശനം നിഷേധിക്കപ്പെട്ടു. അങ്ങേയറ്റം ക്രൂരമായ നിലയിൽ പെരുമാറി. അദ്ദേഹത്തിനുവേണ്ടി കേസെടുക്കാൻ പ്രദേശത്തെ വക്കീൽമാർ ആരും തയ്യാറായില്ല. ബാഹ്യത്തിൽ മോചനത്തിനുള്ള എല്ലാ വഴികളും അടഞ്ഞതായി കാണപ്പെട്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് നിരന്തരം അദ്ദേഹത്തിന്റെ മോചനത്തിന് ദുആ ചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം ഹുദൂർ പറഞ്ഞു: 'ഇൻശാഅല്ലാഹ് ഇദ്ദേഹം മോചിതനാകുന്നതാണ്. ഒരു ഭാഗത്ത് ഹുദൂറിന്റെ ദുആകളും മറുഭാഗത്ത് മോചനത്തിന് സാധ്യമായ എല്ലാ മാർഗങ്ങളും അടഞ്ഞുകിടക്കുകയും!

ഹുദൂറിന്റെ ദുആ സ്വീകരിക്കപ്പെട്ടത് ഇപ്രകാരമായിരുന്നു: ആ രാജ്യത്തിന്റെ ഭരണാധികാരി ഒരു പ്രത്യേക ചടങ്ങിൽവെച്ച് ചില തടവുകാരെ മോചിപ്പിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. അതിൽ ഒന്നാമത്തെ പേര് നവഅഹ്മദിയായ ആ തടവുകാരന്റേതായിരുന്നു. ഇത് എങ്ങനെ സംഭവിച്ചു? ആർക്കും അറിയില്ല. എന്നാൽ, നമുക്കറിയാം. ഖലീഫയുടെ ചുണ്ടുകളിൽനിന്ന് 'ഇൻശാഅല്ലാഹ് ഇദ്ദേഹം മോചിതനാകുന്നതാണ്' എന്ന വാക്കുകൾ പുറപ്പെട്ടു കഴിഞ്ഞിരുന്നു.

മഹത്തായ അടയാളങ്ങൾ മഹത്തരമായ ആത്മാർഥതയാണ് ആവശ്യപ്പെടുന്നത്. ഈ സഹോദരന് വേണ്ടി കാലത്തിന്റെ ഖലീഫയുടെ ദുആ സ്വീകാര്യതയുടെ അടയാളം വെറുതെ പ്രകടമായതായിരുന്നില്ല. മറിച്ച്, അദ്ദേഹത്തിന് ഖലീഫത്തുൽ മസീഹിനോടുണ്ടായിരുന്ന നിഷ്കളങ്കവും ആത്മാർഥവുമായ ബന്ധമായിരുന്നു. അദ്ദേഹത്തിനെ തടവിലാക്കിയപ്പോൾ വീണ്ടും വീണ്ടും പറയപ്പെട്ടത് അഹ്മദിയ്യത്തിൽനിന്ന് പശ്ചാത്തപിക്കുകയാണെങ്കിൽ മോചിപ്പിക്കാമെന്നായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ മറുപടി 'ഞാൻ ജീവൻ നൽകും എന്നാലും അഹ്മദിയ്യത്ത് കൈവെടിയുകയില്ല' എന്നായിരുന്നു.

അറബ് സഹോദരൻ ജയിലിൽവെച്ച് അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹിനെഴുതി: "എന്റെ പ്രദേശത്ത് 9 മലകളുണ്ട്. ആ പ്രദേശത്തെ പത്താമത്തെ മല ഞാനാകുന്നു. ഏതെങ്കിലും ഭീഷണിക്കോ പ്രലോഭനത്തിനോ എന്റെ ഈമാനിൽ ചാഞ്ചല്യമുണ്ടാക്കാൻ സാധ്യമല്ല."

അദ്ദേഹത്തിന്റെ ഈ ആത്മാർഥതയുടെ ഫലമായാണ് കാലത്തിന്റെ ഖലീഫയുടെ ദുആ അദ്ദേഹത്തിനുവേണ്ടി സ്വീകരിക്കപ്പെട്ടത്. ആകാശത്തിൽ ദൈവത്തിന്റെ വിധി ആ രാജാവിന്റെ പേനകൊണ്ട് ആ നവഅഹ്മദിയായ അറബ് സഹോദരന്റെ പേര് ഒന്നാമതായി എഴുതിപ്പിക്കുകയും ഭൗതികമായ എല്ലാ മാർഗങ്ങളും അടഞ്ഞു പോയിട്ടും നിഷ്കളങ്കനായ ആ വ്യക്തിയുടെ മോചനത്തിനുള്ള സാഹചര്യങ്ങൾ ആകാശത്തുനിന്ന് ഒരുക്കുകയും ചെയ്തു.

ടുണീഷ്യ(Tunisia)വാസിയായ ഒരു സഹോദരൻ മുസഫ്ഫർ അസ്സഊദ് സാഹിബിനെ മതപരമായ കാര്യങ്ങളോടുണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രതിപത്തി കാരണം ഭീകരവാദത്തിന്റെ വകുപ്പുകൾ ചുമത്തി ജയിലിലടച്ചു. പലതവണ അദ്ദേഹം മോചിപ്പിക്കപ്പെടുകയും തടവിലാക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം ജമാഅത്തിനെ കുറിച്ച് കേട്ടു. അന്വേഷണത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ വിശ്വസിച്ചു. അവസാന പ്രാവശ്യം ജയിലിൽ പോകുമ്പോൾ ഇദ്ദേഹം മനസാ അഹ്മദി ആയിക്കഴിഞ്ഞിരുന്നു. അങ്ങനെ ജയിലിലേക്ക് പോവുമ്പോൾ അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന് ഇപ്രകാരം എഴുതി: ആരോപണങ്ങൾ സങ്കീർണമാണ്. എങ്കിലും അല്ലാഹു തന്റെ ഫദ്ൽകൊണ്ട് മോചനത്തിനുള്ള സംവിധാനം ഒരുക്കുന്നതിനായി ദുആ ചെയ്താലും.'

അല്ലാഹുവിന്റെ ഖുദ്റത്ത് നോക്കുക. ഏഴ് ആഴ്ചയ്ക്കുശേഷം ടുണീഷ്യയിലുണ്ടായ വിപ്ലവത്തിന്റെ ഫലമായി അവിടത്തെ പ്രസിഡണ്ടിന് ആ നാട്ടിൽനിന്ന് ഓടിപ്പോവേണ്ടതായി

വന്നു. ആ അവസരത്തിൽ തടവുകാർ കലഹമുണ്ടാക്കി. ജയിലിലെ പാറാവുകാർ അവരുടെമേൽ തുരുതുരാ വെടിയുതിർത്തു. ഈ അവസ്ഥ 8 മണിക്കൂറോളം നീണ്ടുനിന്നു. അതിന്റെ ഫലമായി നൂറുക്കണക്കിന് തടവുകാർ കൊല്ലപ്പെട്ടു." മുസഫ്ഫർ സാഹിബ് പറയുന്നു: 'ജയിലിൽ അന്നത്തെ രാത്രി ഒരു ഖിയാമത്തുപോലെയായിരുന്നു. നേരം വെളുത്തപ്പോൾ പട്ടാളക്കാർ ജയിലിന്റെ വാതിലുകൾ തുറന്നു. ജീവൻ രക്ഷപ്പെട്ട തടവുകാരോട് നിങ്ങൾ സ്വതന്ത്രരാണെന്ന് പറഞ്ഞു.

മൂന്ന് മാസത്തിനുശേഷം രാജ്യത്തിന്റെ അവസ്ഥയിൽ മാറ്റമുണ്ടായി. ഗവർമ്മെന്റിൽ നിന്നുള്ള ഒരു കല്പനപ്രകാരം മുഴുവൻ തടവുകാർക്കും പൊതുമാപ്പ് നൽകപ്പെടുന്നതായ വിളംബരമുണ്ടായി. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രം ഞാനും ഒരുവിധ ഭയവുമില്ലാതെ സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു. എന്റെ മോചനം, രാജ്യത്തുണ്ടായ വിപ്ലവം കാരണമാണ് ഉണ്ടായതെന്ന് ഒരുപക്ഷേ ആരെങ്കിലും മനസ്സിലാക്കും. എന്നാൽ, ഇക്കാര്യത്തെ സംബന്ധിച്ച എന്റെ അഭിപ്രായം ഇതിൽ നിന്ന് വിഭിന്നമാണ്. എന്റെ മോചനം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്)യുടെ ദുആയുടെ ഫലമായിട്ടാണ് നടന്നത് എന്ന് പൂർണമായ ദൃഢവിശ്വാസത്തോടെ പറയാൻ എനിക്ക് സാധിക്കുന്നതാണ്. ഞാൻ എന്റെ അറസ്റ്റിന്റെ സമയത്തും ജയിലിൽ പോവുമ്പോഴും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് (അയ്യദഹുല്ലാഹ്)ന് ദുആയ്ക്ക് വേണ്ടി കത്തെഴുതിയിരുന്നു. അതിനാൽ ജയിലുണ്ടായ വെടിവെപ്പിൽ അല്ലാഹു എന്നെ രക്ഷിക്കുകയും ജയിലിന്റെ വാതിലുകൾ എനിക്കായി തുറക്കുകയും ചെയ്തു. ഞാൻ ജയിൽ മോചിതനായി വീട്ടിലെത്തിയപ്പോൾ ഹുദൂറിൽ നിന്ന് എന്റെ കത്തിനുള്ള മറുപടിയും എത്തിയിട്ടുണ്ടായിരുന്നു. ഞാനത് തുറന്ന് വായിച്ചു. അതിൽ അല്ലാഹു അത്ഭുതകരമായ നിലയിൽ മോചനം നൽകുമാറാകട്ടെ എന്ന് ഹുദൂർ എഴുതിയിരുന്നു. അത് വായിച്ചപ്പോൾ എന്റെ മോചനം കാലത്തിന്റെ ഖലീഫയുടെ ദുആ സ്വീകാര്യതയുടെ ഫലമായിട്ടായിരുന്നു മറ്റൊരു കാരണത്താലുമല്ല എന്ന് എനിക്ക് ദൃഢബോധ്യം വന്നു.'

ചന്ദ്രമാസങ്ങൾക്കും വർഷങ്ങൾക്കും ഇസ്ലാമിൽ പ്രത്യേക മഹത്വമുണ്ട്. ചന്ദ്ര വർഷത്തിന്റെ അടിസ്ഥാനത്തിൽ ഹിജറ 14ാം നൂറ്റാണ്ടിന്റെ 26-ാം വർഷത്തിൽ വിശുദ്ധ ഖുർആന്റേയും സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടേയും പ്രവചനങ്ങളനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വഫാത്തിനുശേഷം ഖാദിയാൻ മണ്ണിൽ 1326 റബിയുൽ ആഖിർ 25ന് അഹ്മദിയ്യാ മുസ്ലിം ഖിലാഫത്തിന് തുടക്കം കുറിച്ചു. 1426 ചന്ദ്രവർഷത്തിൽ ഈ മഹത്തായ ഐതിഹാസിക സംഭവമുണ്ടായപ്പോൾ ഒരു നൂറ്റാണ്ട് പൂർണമാകാൻപോകുകയായിരുന്നു. അങ്ങനെ ചന്ദ്രവർഷം 1426 അനുസരിച്ച് ക്രിസ്ത്വബ്ദം 2005 ആരംഭത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദുഹുല്ലാഹുത്തആല ഖാദിയാൻ ജൽസസാലാനയിൽ പങ്കെടുക്കാനുള്ള തീരുമാനമെടുത്തു. പരിപാടി അനുസരിച്ച് ഹുദൂർ ഒരു മാസം ഖാദിയാനിൽ താമസിക്കണമായിരുന്നു. എല്ലാ പ്രഭാഷണങ്ങളും ജുമുഅ ഖുത്ബ കളും ഖാദിയാനിൽനിന്ന് മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന നേരിട്ട് തൽസമയ സംപ്രേഷണം ചെയ്യണമെന്ന് ഹുദൂർ നിർദേശിച്ചിരുന്നു. അതുവരെ നേരിട്ട് സംപ്രേഷണം ചെയ്യാനുള്ള ഒരു ഏർപാടും ഉണ്ടായിരുന്നില്ല. അതിനെസംബന്ധിച്ച് ഒരു സങ്കല്പവും ഉണ്ടായിരുന്നില്ല.

ഹുദൂറിൽനിന്ന് നിർദേശമുണ്ടായതിനുശേഷം ജമാഅത്തിന്റെ പ്രവർത്തകർ ന്യൂഡൽഹിയ്ക്ക് അടുത്ത് 'നവേദാ' നഗരത്തിലുള്ള ഒരു ടി.വി ബ്രോഡ്കാസ്റ്റിംഗ് കമ്പനിയുമായി പ്രോഗ്രാം സംപ്രേഷണംചെയ്യുന്നതുമായിബന്ധപ്പെട്ട്കരാറുണ്ടാക്കി. എന്നാൽ, ഈ സംപ്രേഷണങ്ങൾ ഇന്ത്യാ ഗവൺമെന്റിന്റെ ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ അനുമതി കൂടാതെ നടക്കുമായിരുന്നില്ല. അതുകൊണ്ട് 2005 ജൂലായ് മാസത്തിൽതന്നെ അനുവാദത്തിനുള്ള അപേക്ഷ കൊടുത്തു കഴിഞ്ഞിരുന്നു. നടപടികളും പിന്നാലെ കൂടലുമായി ആറുമാസത്തിലേറെ കാലം കഴിഞ്ഞുപോയി. എന്നാൽ, ഒരു പ്രതീക്ഷയും കാണാൻ കഴിഞ്ഞില്ല.അവസാനം ഹുദൂർ ഖാദിയാനിൽ വരുന്നതിന് ദില്ലിയിലെത്തി. 2005 ഡിസംബർ 15 ന് ഹുദൂർ ദില്ലിയിൽനിന്ന് ഖാദിയാനിലേക്ക് വരണമായിരുന്നു. അതുവരെ മന്ത്രാലയത്തിൽനിന്ന് അനുവാദം കിട്ടിയിരുന്നില്ല. ഈ എല്ലാ വിവരങ്ങളും ഹുദൂറിനെ അറിയിച്ചു. ഹുദൂർ ഖാദിയാനിലേക്ക് പുറപ്പെടുന്നതിന് ഒരു ദിവസം മുമ്പേ പറഞ്ഞു: 'പ്രോഗ്രാം നേരിട്ട് സംപ്രേഷണം ചെയ്യാൻ അനുവാദം കിട്ടുന്നതുവരെ ഞാൻ ഖാദിയാനിൽ പോകുകയില്ല.'

*മാലിക്കുൽ മുൽക്കും വക്കീലും* കാര്യങ്ങൾ നേരെ നടത്തുന്നവനുമായ അല്ലാഹു ഹുദൂറിന്റെ ദുആ സ്വീകരിച്ചു. അവനെ എങ്ങനെയുള്ള സാഹചര്യമാണ് ഒരുക്കിയതെന്നാൽ അതേ ദിവസം വൈകുന്നേരം 5 മണിക്ക് അനുവാദം കിട്ടി. അങ്ങനെ എല്ലാ പ്രഭാഷണങ്ങളും ജുമുഅ ഖുത്ബകളും ഖാദിയാനിൽനിന്ന് മുസ്ലിം ടെലിവിഷൻ അഹ്മദിയ്യാ മുഖേന ആദ്യമായി നേരിട്ട് സംപ്രേഷണം ചെയ്യപ്പെട്ടു. അനുവാദം നല്കേണ്ടവരുടെ മനസ്സിൽ അനുവാദം നല്കണമെന്നുള്ള വിചാരം ഉണ്ടാക്കുക എന്നത് ആരുടേയും കഴിവിൽപ്പെട്ടതായിരുന്നില്ല. കേവലം ഹുദൂർ അയ്യദഹുല്ലായുടെ ദുആകളും അല്ലാഹുവിന്റെ കൃപയും കൊണ്ടു മാത്രമാണ് ഇതു നടന്നത്. അൽഹംദു ലില്ലാഹ്

## രോഗികൾക്ക് ശമനം:

അല്ലാഹുതആല വിശുദ്ധഖുർആനിൽ ഹദ്റത്ത് ഇബ്റാഹിം(അ)ന്റെ *വഇദാ മരിള്ത്തു ഫഹുവ യശ്ഫീൻ* 'ഈ വാക്കുകൾ ഞാൻ രോഗിയാവുമ്പോൾ അവൻ എനിക്ക് രോഗശമനം നല്കുന്നു' (26:81)എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ലോകത്തുള്ള ഡോക്ടർമാരും വൈദ്യന്മാരും മറ്റു ചികിത്സകർക്കുമൊക്കെ മരുന്ന് നൽകാൻ സാധിക്കുന്നതാണ്. എന്നാൽ, രോഗശമനം നൽകാൻ അല്ലാഹുവിനു മാത്രമേ സാധിക്കുകയുള്ളൂ. ചില രോഗികളെ സംബന്ധിച്ച് ഡോക്ടർമാർ ഇനി ചികിത്സയില്ല എന്ന് വിധിയെഴുതി. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ ദുആയുടെ ഫലമായി അവരുടെ രോഗം സുഖപ്പെട്ടു.

ഫലസ്തനീലെ ഉമർ അബൂ അർഖൂബ് സാഹിബ് പറയുന്നു: അദ്ദേഹത്തിന്റെ രോഗത്തെ സംബന്ധിച്ച് അഞ്ച് ഡോക്ടർമാർ പഠനം നടത്തുകയും അവസാനം അദ്ദേഹത്തിന് ക്യാൻസർ ബാധിച്ചിരിക്കുന്നുവെന്ന നിഗമനത്തിലെത്തുകയും ചെയ്തു. രോഗം ചെറുകുടലിൽനിന്ന് ആമാശയം, ശ്വാസകോശം മുതലായവയെ ബാധിക്കുകയും ചെയ്തിരിക്കുന്നു. ലക്ഷണമനുസരിച്ച് വെറും 3 മാസം മാത്രമേ ജീവിക്കുകയുള്ളൂ എന്നും വിധിയെഴുതി.

ഉമർ അബൂ അർഖൂബ് സാഹിബ് പറയുന്നു: ഈ മാരകരോഗത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ മകൾ അറിഞ്ഞപ്പോൾ ആ ദിനങ്ങളിൽ ലണ്ടനിലേക്ക് പോയിരുന്ന ബഹുമാന്യനായ ശരീഫ് ഔദേ സാഹിബുമായി ഫോണിൽ ബന്ധപ്പെടുകയും രോഗശമനത്തിനായി ഹുദൂറിനോടു ദുആയ്ക്ക് അപേക്ഷിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. പ്രിയങ്കരനായ ഹുദൂർ എന്റെ രോഗശാന്തിക്ക് ദുആ ചെയ്തു. ഇവിടെ ഡോക്ടർമാർ എന്നെ ഫലസ്തീനിലെ ഖ്വാഹിരിയ്യായിൽനിന്ന് അൽഖുദ്സിലെ ഒരു ഫ്രഞ്ച് ഹോസ്പിറ്റലിലെ ക്യാൻസർ സ്പെഷലിസ്റ്റ് ഡോക്ടരുടെ അടുത്തേക്ക് അയച്ചു. അവർ ആവശ്യമായ മുഴുവൻ ചെക്കപ്പുകളും ചെയ്തു. റിപ്പോർട്ട് കണ്ടതിനു ശേഷം താങ്കൾ പൂർണമായും സുഖം പ്രാപിച്ചിരിക്കുന്നുവെന്നും ക്യാൻസറിന്റെ ഒരു അടയാളംപോലും താങ്കളിൽ ബാക്കിയായിട്ടില്ലെന്നും പറഞ്ഞു.

ഉമർ അബൂ അർഖൂബ് സാഹിബ് പറയുന്നു: 'അല്ലാഹു നമ്മുടെ നേതാവ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) എനിക്കുവേണ്ടി ചെയ്ത ദുആകൾ സ്വീകരിക്കുകയും എനിക്ക് എളുപ്പത്തിൽ പരിപൂർണ സുഖം നൽകുകയും ചെയ്തു.' അൽഹംദുലില്ലാഹി അലാ ദാലിക്.

ആഫ്രിക്കൻ രാജ്യമായ നൈജീരിയയിലെ നമ്മുടെ മുറബ്ബി സ്വഗീർ അഹ്മദ് സാഹിബ് ഖമറിന് കഠിനമായ രോഗം ബാധിച്ചു. അദ്ദേഹത്തിന്റെ തലച്ചോറിൽ രക്തം കട്ടപിടിച്ച കാരണത്താൽ കോമയിലായി. മൂന്ന് നാല് ദിവസം കോമയിൽതന്നെ തുടർന്നു. അദ്ദേഹത്തിന്റെ ആരോഗ്യത്തെ സംബന്ധിച്ച് ഹുദൂറിന് ദിവസവും റിപ്പോർട്ട് നല്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ പൂർണ സുഖത്തിന് ഹുദൂർ അയ്യദഹുല്ലാഹ് ദിവസവും ദുആ ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന് ഒരു ഹോമിയോ മരുന്ന് ഉടനെ നൽകണമെന്ന് ഒരു ദിവസം ഹുദൂർ പറഞ്ഞു. അയൽരാജ്യമായ ബുർക്കിനോഫാസോയിൽനിന്ന് ആ മരുന്നുമായി നമ്മുടെ ഒരു അഹ്മദി ഡോക്ടർ അവിടെ എത്തുകയും തീവ്രപരിചരണ വിഭാഗത്തിൽ കയറി ആ മരുന്ന് അദ്ദേഹത്തിന്റെ ചുണ്ടുകളിൽ ഇറ്റിച്ചുകൊടുക്കുകയും ചെയ്തു.''

ഡോക്ടർ സാഹിബ് പറയുന്നു: 'ആ മരുന്ന് അദ്ദേഹത്തിന്റെ ചുണ്ടുകളിൽ ഇറ്റിച്ചതും അദ്ദേഹത്തിന്റെ ശരീരത്തിൽ ചലനമുണ്ടായി. കുറച്ചു നേരത്തിനുശേഷം കണ്ണുകൾ തുറന്നു. അടുത്ത ദിവസം പൂർണമായും ബോധം തെളിഞ്ഞു. എഴുന്നേറ്റ് ഇരിക്കുകയും ചെയ്തു. കാലത്തിന്റെ ഖലീഫയുടെ ദുആയുടെ ഫലമായി ഒരു മൃതപ്രായൻ ജീവനുള്ളവനായി മാറി.'

ഇക്കാലഘട്ടത്തിലെ മുസ്ലിംകളിൽ ഭൂരിഭാഗമാളുകളും അല്ലാഹു ദുആ സ്വീകരിക്കുകയില്ല എന്ന ചിന്താഗതി വെച്ചുപുലർത്തുന്നവരാണ്. അത്തരമാളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ ഫലമായി രോഗം ഭേദപ്പെട്ടവരുടെ സംഭവങ്ങൾ വായിച്ചു നോക്കട്ടെ. ചില രോഗികൾക്ക് ചികിത്സയില്ല, ഏതാനും ദിവസത്തെ അതിഥിയാണ് എന്ന് ഡോക്ടർമാർ വിധിപറയുന്നു. എന്നാൽ, അദ്ദേഹത്തിനുവേണ്ടിയുള്ള ഖലീഫയുടെ ദുആകൾ അല്ലാഹു സ്വീകരിച്ചുകൊണ്ട് ഒരുതരത്തിൽ പറഞ്ഞാൽ മരിച്ചവർക്ക് വീണ്ടും ജീവൻ നൽകുന്നു.

## ദുആ സ്വീകാര്യതയുടെ അടയാളം:

ജർമനി ജൽസ സാലാനയിൽ ബൾഗേരിയയിൽ നിന്നുള്ള ഒരു സുഹൃത്ത് ഏറ്റം(Etem) സാഹിബ് തന്റെ കുടുംബസമേതം പങ്കെടുക്കുകയുണ്ടായി. അദ്ദേഹം കുറച്ചുവർഷം മുമ്പേ ക്രൈസ്തവ മതത്തിൽനിന്ന് ഇസ്ലാം സ്വീകരിച്ചതായിരുന്നു. എന്നാൽ, തനിക്ക് 3 പെൺമക്കളാണുള്ളതെന്നും ഒരു ആൺകുട്ടി ലഭിക്കുകയാണെങ്കിൽ അഹ്മദിയാവുന്നതാണെന്നും അദ്ദേഹത്തിന്റെ ഭാര്യ പറഞ്ഞു. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന് ദുആയ്ക്ക് വേണ്ടി കത്തെഴുതി. അടുത്തവർഷം അവർ വീണ്ടും ജൽസാസാലാനയിൽ പങ്കെടുക്കാൻ വന്നപ്പോൾ 7 മാസം ഗർഭിണിയായിരുന്നു. കൂടിക്കാഴ്ചാ വേളയിൽ അവർ കുട്ടിക്ക് പേരിടാൻ പറഞ്ഞപ്പോൾ ഹുദൂർ അയ്യദഹുല്ലാഹ് 'ജാഹിദ്' എന്ന ആൺകുട്ടിയുടെ പേര് മാത്രം നിർദേശിച്ചു. ജൽസ സാലാനയിൽനിന്ന് തിരിച്ചുപോയതിനുശേഷം 'പെൺകുട്ടിയാണെന്നാണ് ഡോക്ടർമാർ പറയുന്നത് അതുകൊണ്ട് പെൺകുട്ടിക്കുള്ള പേരിന് ഹുസൂറിന് കത്തെഴുതണമെന്ന് മുറബ്ബി സാഹിബിനോടു അവർ പറഞ്ഞു.

അപ്പോൾ മുറബ്ബിസാഹിബ് പറഞ്ഞു, 'ആൺകുട്ടിയാണെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതാണെന്ന് നിങ്ങൾ പറഞ്ഞിരുന്നല്ലോ? ഹുദൂറും ആൺകുട്ടിക്കുള്ള പേര് മാത്രമാണ് നിർദേശിച്ചിരിക്കുന്നത്. അതുകൊണ്ട് ഇൻശാ അല്ലാഹ് ആൺകുട്ടിതന്നെയായിരിക്കും. ഡോക്ടർമാർ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളട്ടെ, അവരുടെ മെഷീൻ എന്ത് വേണമെങ്കിലും കാണിച്ചുകൊള്ളട്ടെ, നിങ്ങളുടെ കുട്ടി ആൺകുട്ടി തന്നെയായിരിക്കും. എന്തുകൊണ്ടെന്നാൽ ഹുദൂർ ആൺകുട്ടിക്കാണ് പേരിട്ടിക്കുന്നത്.' ഇത് കേട്ടതും താൻ നേരത്തേ അഹ്മദിയായിരിക്കുന്നുവെന്ന് അവർ പറഞ്ഞു.

പ്രസവം നടന്നപ്പോൾ അല്ലാഹു അവർക്ക് ആൺകുഞ്ഞിനെ നൽകി. അവർ ജൽസ സാലാനാ വേളയിൽ ആ കുഞ്ഞുമായി വന്നിരുന്നു. 'നോക്കൂ, ഇത് കാലത്തിന്റെ ഖലീഫയുടെ ദുആ സ്വീകാര്യതയുടെ അടയാളമാണെന്ന്' അവർ ആളുകളോട് പറഞ്ഞുകൊണ്ടിരുന്നു.' (അൽഫള്ൽ, ദുആ സ്പെഷ്യൽ, 2015 ഡിസംബർ 28. പേജ് 43-45)

ഇന്ത്യാ വിഭജനകാലത്ത് അഹ്മദികളിൽ വലിയൊരു വിഭാഗത്തിന് കിഴക്കൻ പഞ്ചാബിൽനിന്ന് പടിഞ്ഞാറൻ പഞ്ചാബിലേക്ക് ഹിജ്റത്ത് ചെയ്യേണ്ടതായി വന്നു. അതിന്റെ ഫലമായി കിഴക്കൻ പഞ്ചാബിലെ ജമാഅത്തിന്റെ ചില ചരിത്രപ്രസിദ്ധവും പവിത്രവുമായ സ്ഥലങ്ങൾ താൽക്കാലികമായി ജനശൂന്യമായി. അവയിലൊന്ന് ലുധിയാനയിലെ 'ദാറുൽബയ്അത്ത്' ആയിരുന്നു. ചരിത്രപ്രസിദ്ധവും പവിത്രവുമായ ആ സ്ഥലത്തുവെച്ചാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) 1889 മാർച്ച് 23ന് അഹ്മദിയ്യാ ജമാഅത്തിന് അടിത്തറ പാകിയത്. ഈ ചരിത്രസ്ഥലം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ ഉടമസ്ഥതയിലുള്ളതാണ്. എന്നാൽ, അവിടെ അഹ്മദികളാരും ഇല്ലാത്തതിനാൽ കെട്ടിടവും കാലിയായിപ്പോയി. കുറച്ചുകാലത്തിനുശേഷം ഒരു അമുസ്ലിം സുഹൃത്തിന്റെ അഭ്യർഥന പ്രകാരം അദ്ദേഹം എത്രയും പെട്ടെന്നുതന്നെ താമസത്തിനുള്ള സംവിധാനം ചെയ്യണമെന്ന വ്യവസ്ഥയിൽ 'ദാറുൽ ബയ്അത്ത്' തുച്ഛമായ വാടകയ്ക്ക് നൽകി. എന്നാൽ അദ്ദേഹം തന്റെ വാഗ്ദാനം ലംഘിച്ചു. വ്യവസ്ഥ പാലിച്ചില്ല. കാലാന്തരേണ സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായ്ക്ക് അവരെ ഒഴിപ്പിക്കാനായി കോടതിയെ സമീപിക്കേണ്ടി വന്നു. ഏകദേശം 30 വർഷത്തോളം കേസ് നടന്നുകൊണ്ടിരുന്നു. എന്നാൽ, കോടതിയുടെ തീരുമാനം വരാത്ത കാരണത്താൽ ജമാഅത്ത് 'ദാറുൽ ബയ്അത്തിൽ' നിന്ന് ഒഴിച്ചുനിറുത്തപ്പെട്ടു. 2005 ഡിസംബർ അവസാനത്തിൽ ഹുദൂർ (അയ്യദഹുല്ലാഹ്) ഖാദിയാനിൽ വന്നപ്പോൾ വിനീതൻ(ലേഖകൻ) ദാറുൽ ബയ്അത്തിലെ ആളുകളെ ഒഴിപ്പിക്കുന്നതിന് ഹുദൂറിനോടു ദുആയ്ക്ക് അപേക്ഷിച്ചു. 'ഹുദൂർ! ഇപ്പോഴത്തെ അവസ്ഥയെന്താണെന്നാൽ, അവിടെ താമസിക്കുന്ന ജമാഅത്തംഗങ്ങൾക്കുപോലും ദുആ ചെയ്യാൻ അകത്ത് കയറാൻ അനുമതി നൽകുന്നില്ലെന്ന് ഞാൻ പറഞ്ഞു.' ഹുസൂർ അയ്യദഹുല്ലാഹ് പറഞ്ഞു, 'എന്നോട് മുമ്പേയും കുറച്ച് സഹോദരന്മാർ ഇക്കാര്യത്തെ സംബന്ധിച്ച് പറഞ്ഞിരുന്നു.' ഹുദൂർ അല്പനേരത്തെ മൗനത്തിനുശേഷം പറഞ്ഞു: "ഇൻശാ അല്ലാഹ്, അല്ലാഹു അനുഗ്രഹിക്കുന്നതാണ്."

ഹുദൂറിന്റെ അനുഗൃഹീത നാവിൽനിന്ന് പുറപ്പെട്ട ഈ ദുആയുടെ വചനങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെട്ടു. ദൈവികാനുഗ്രഹങ്ങൾ ഇറങ്ങാൻ തുടങ്ങി. ആളെ ഒഴിപ്പിക്കുന്നതിനുള്ള മാർഗതടസ്സങ്ങൾ ഓരോന്നായി നീങ്ങി. എതിർകക്ഷി കേസിൽ പരാജയപ്പെട്ടു. എങ്കിലും ജമാഅത്ത് അയാളോടു ഔദാര്യപൂർവ്വം പെരുമാറി. അയാൾക്ക് തന്റെ താമസസൗകര്യം മറ്റേതെങ്കിലും സ്ഥലത്ത് ഏർപ്പെടുത്തുന്നതിനും ദാറുൽ ബയ്അത്തിൽനിന്നും പിണങ്ങി ഇറങ്ങാതിരിക്കുന്നതിനും ജമാഅത്ത് ഒരു വൻതുക തന്നെ അയാൾക്ക് നൽകി. ഹുദൂറിന്റെ ദുആയുടെ പ്രത്യേക ശ്രദ്ധയുടെ ഫലമായി അല്ലാഹു അവരുടെ ഹൃദയത്തിൽ രഞ്ജിപ്പിന് താൽപര്യം ഉണ്ടാക്കുകയും അങ്ങനെ അദ്ദേഹം തന്റെ ഇഷ്ടപ്രകാരം തന്നെ നന്ദി രേഖപ്പെടുത്തിക്കൊണ്ട് 'ദാറുൽ ബയ്അത്തിൽ' നിന്ന് പോവുകയും ചെയ്തു. അല്ലാഹു അവരുടെ താമസത്തിനും ഉത്തമ സംവിധാനമൊരുക്കികൊടുത്തു.

2006 ജനുവരി 15ന് ഹുസൂർ ഖാദിയാനിൽനിന്ന് യാത്ര പുറപ്പെട്ടു. കൃത്യം ഒരുമാസത്തിനുശേഷം 2006 ഫെബ്രുവരി 15ന് ദാറുൽ ബയ്അത്തിന്റെ കൈവശാവകാശം സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന് ലഭിച്ചു എന്നത് സ്മരണാർഹമാണ്. 59 വർഷത്തിനുശേഷം 'ദാറുൽബയ്അത്ത്' ജമാഅത്തിന് ലഭിക്കുകയും സന്ദർശകർക്ക് ദുആ ചെയ്യുവാനും നമസ്കരിക്കുവാനുമായി തുറന്നുകൊടുക്കുവാൻ സാധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നത് ഹുദൂറിന്റെ ദുആയുടെ ഫലമാണ്. അൽഹംദുലില്ലാഹ് ഇപ്പോഴും ആ പരമ്പര തുടർന്നുവരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് ഖിലാഫത്ത് സ്ഥാനത്ത് ഉപവിഷ്ഠനാവുന്നതിന് മുമ്പേ ഹുദൂറിന്റെ ദുആകൾ സ്വീകരിക്കപ്പെട്ട ചില സംഭവങ്ങൾ വിവരിച്ചിട്ടുണ്ട്. അതിലൊന്ന് ഇപ്രകാരമാണ്.

ഹുദൂർ പറയുന്നു: എനിക്ക് 17 വയസ്സ് പ്രായമുള്ള കാലം. എന്റെ പിതാവ് ഹദ്റത്ത് സാഹിബ് സാദാ മിർസാ മൻസ്വൂർ അഹ്മദ് സാഹിബിൽ നിന്ന് എനിക്ക് ചിലത് വാങ്ങാനുണ്ടായിരുന്നു. എന്നാൽ, ഞാൻ നേരിട്ടുപോയി അത് വാങ്ങാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് എന്റെ പിതാവിന്റെ ഹൃദയത്തിൽ അക്കാര്യത്തെ സംബന്ധിച്ച ശ്രദ്ധ ഉണ്ടാക്കുന്നതിനും അങ്ങനെ അദ്ദേഹം എന്റെ ആവശ്യം പൂർത്തിയാക്കുന്നതിനുമായി ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തു. അല്ലാഹു എന്റെ ദുആ സ്വീകരിച്ചു. 20, 25 മിനിറ്റുകൾക്കുശേഷം എന്നെ വിളിക്കുകയും എന്റെ ആഗ്രഹം നിറവേറ്റിത്തരികയും ചെയ്തു.' അൽ ഹംദു ലില്ലാഹി അലാ ദാലിക്.

മറ്റൊരു സംഭവം വിവരിച്ചുകൊണ്ട് ഹുദൂർ പറയുന്നു: 'നിഷ്കളങ്കമായ നിലയിൽ അല്ലാഹുവിനെ ആരാധിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു ദുആകൾ സ്വീകരിക്കുന്നതാണ്.' ഹുദൂർ പറയുന്നു: 'എന്റെ വിദ്യാഭ്യാസ കാലത്ത് ഒരിക്കൽ കണക്കു പരീക്ഷ ഞാൻ ശരിക്ക് എഴുതിയില്ല. പരീക്ഷാഹാളിൽനിന്ന് പുറത്ത് വന്നപ്പോൾ എനി ക്കു തോന്നി ഞാൻ തോറ്റുപോകുമെന്ന്. എങ്ങനെയെങ്കിലും പാസാകുന്നതിന് ഞാൻ വളരെയധികം ദുആകൾ ചെയ്തുകൊണ്ടിരുന്നു. റബ് വയിലെ മസ്ജിദ് മുബാറക്കിന്റെ ഒരു മൂലയിൽ ഒരു ദിവസം ഞാൻ വളരെയധികം ദുആ ചെയ്തു. ആ ദുആകൾ എന്റെ ഹൃദയത്തിൽനിന്ന് പുറപ്പെട്ടതായിരുന്നു. 'ആ ദുആകൾ അല്ലാഹു സ്വീകരിച്ചിരിക്കുന്നുവെന്നും ഞാൻ വിജയിക്കുന്നതാണെന്നും എനിക്ക് ദൃഢബോധ്യം വന്നു.' റിസൽട്ട് വന്നപ്പോൾ ഞാൻ അപ്രതീക്ഷിതമായ നിലയിൽ വിജയിച്ചിട്ടുണ്ടായിരുന്നു. എഡ്യുക്കേഷൻ ബോർഡ് വിദ്യാർഥികൾക്ക് ഗ്രേഡ് മാർക്ക് നൽകാൻ തീരുമാനിച്ചിരുന്നുവെന്നും അതിന്റെ ഫലമായി എനിക്ക് എക്സ്ട്രാ മാർക്ക് ലഭിച്ചുവെന്നും അങ്ങനെയാണ് ഞാൻ പാസായതെന്നും കുറച്ചുകാലത്തിനുശേഷമാണ് അറിയാൻ കഴിഞ്ഞത്.

ഹുദൂറിന്റെ ദുആ സ്വീകാര്യതയുടെ ഈമാൻ ദൃഢീകരിപ്പിക്കുന്ന സംഭവങ്ങൾ ഒരുപാടുണ്ട്. സമയപരിധി കാരണം ഏതാനും ചില സംഭവങ്ങൾ മാത്രമാണ് വിവരിക്കാൻ സാധിച്ചത്. ഇക്കാലഘട്ടത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ ദുആകളാണ് അല്ലാഹു കേൾക്കുകയും സ്വീകാര്യത നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നത്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്) ജമാഅത്തംഗങ്ങളെ സംബോധന ചെയ്തുകൊണ്ട് പറയുന്നു:

"ഓർമിക്കുക ദുആ ശക്തമായ ഒരായുധമാണ്. അതിന്റെ അനുഗ്രഹങ്ങൾ അതിമഹത്തരമാണ്. അതുകൊണ്ട് നിങ്ങളുടെ എല്ലാ പ്രവൃത്തികളിലും വിജയം കരസ്ഥമാക്കുന്നതിന് ദുആകളിൽ ശക്തിചെലുത്തുക. നിങ്ങളുടെ ദുആകളുടെ വ്യാപ്തി വിശാലമാക്കുക. നിങ്ങളുടെ ദുആകളിൽ നിങ്ങളെയും നിങ്ങളുടെപ്രിയപ്പെട്ടവരെയുംഉൾപ്പെടുത്തുക.ഖിലാഫത്തിന്റെ പ്രബലതയ്ക്കും ജമാഅത്തിന്റെ പുരോഗതിയ്ക്കും ദുആ ചെയ്യുക. ഉമ്മത്തിനു വേണ്ടി ദുആ ചെയ്യുക. നിങ്ങളുടെ നാടിന്റെ സമാധാനത്തിനും സമ്പൽസമൃദ്ധിക്കും ദുആകൾ ചെയ്തുകൊണ്ടിരിക്കുക. ദുആയുടെ അനുഗ്രഹങ്ങളെ സംബന്ധിച്ച് നിങ്ങളുടെ കുടുംബക്കാരോടും പറയുക. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും സ്വീകാര്യയോഗ്യമായ ദുആകൾ ചെയ്യുവാനുള്ള തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ (അൽഫള്ൽ ദിനപത്രം 2015 ഡിസംബർ 28 പേജ് 3)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

പേജ് 15 ൽ നിന്ന്

യിരുന്നു. അവിടത്തെ ആദ്യത്തെ മകൾ ഇസ്മത്ത് സാഹിബയ്ക്ക് ലുധിയാനയിൽ കോളറ ബാധിച്ചു. അവിടന്ന് അവരുടെ ശുശ്രൂഷയിൽ എത്രമാത്രം നിമഗ്നനായിരുന്നുവെന്നാൽ, അവളെ കൂടാതെ അദ്ദേഹത്തിന് ജീവിക്കാൻ കഴിയുകയില്ലെന്ന് തോന്നിയിരുന്നു. ഒരു ലൗകികന് പൊതുവെ കുട്ടികളിൽ എത്രത്തോളം ആശയുള്ളവനും ആസക്തിയുള്ളവനുമാകാൻ കഴിയുമോ ഇതിനേക്കാളുപരി ആകാനെ സാധിക്കുകയില്ല. എന്നാൽ, ആ കുട്ടി മരിച്ചപ്പോൾ അതൊരു പ്രശ്നമേ അല്ലെന്ന വിധത്തിൽ അവളിൽനിന്ന് വേറിട്ടു; അങ്ങനെയൊരു കുട്ടി ഉണ്ടായിരുന്നുവെന്ന് ആരോടും പറഞ്ഞതുപോലുമില്ല."

ഇപ്രകാരം തന്നെ സാഹിബ് സാദ മിർസാ മുബാറക് അഹ്മദ് സാഹിബിന്റെ രോഗത്തിന്റെ ദിനങ്ങളിലും അവിടന്ന് കുട്ടികളുടെ പരിപാലനത്തിന്റേയും ആരോഗ്യത്തിന്റേയും നമ്മളിലർപ്പിതമായ നിർബന്ധകടമകൾ എന്തൊക്കെയാണെന്ന് രാവും പകലും തന്റെ കർമംകൊണ്ട് നമുക്ക് കാണിച്ചുതന്നു. (സീറത്തു മസീഹ് മൗഊദ്(അ) ഹദ്റത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ)

കുട്ടികളുടെ ശിക്ഷണത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരെ കുട്ടിക്കാലത്തു തന്നെ വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതിനും ചെറുപ്രായത്തിൽതന്നെ അവർ വിശുദ്ധഖുർആൻ ഓതിതീർക്കുമ്പോൾ പരിപാടി സംഘടിപ്പിക്കുന്നതിനും സുന്നത്തും നടപ്പിൽ വരുത്തി. ജമാഅത്തിൽ 1897 മുതൽ ഈ സമ്പ്രദായം നടപ്പിലുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് അഥ്ഥാനി(റ) വിശുദ്ധഖുർആൻ ഓതി പൂർത്തിയാക്കിയപ്പോൾ ഹുദൂർ(അ) അദ്ദേഹത്തിന്റെ ആമീൻ പരിപാടി സംഘടിപ്പിച്ചു. അതിനുവേണ്ടി വെളിയിൽനിന്നും ആളുകളെ ക്ഷണിച്ചു. ആ അവസരത്തിൽ അവിടന്ന് സൽക്കാരത്തിനുള്ള ഏർപ്പാട് ചെയ്തു. ആ അവസരത്തിനൊത്ത് ഒരു പദ്യവും രചിച്ചു. അത് മഹ്മൂദ് കി ആമീൻ എന്ന ശീർഷകത്തിൽ പ്രസിദ്ധമാണ്. അതിലെ ആദ്യത്തെ രണ്ടുവരികൾ ഇങ്ങനെയാണ്

തൂനെ യെ ദിൻ ദിഖായാ മഹ്മൂദ് പഢ് കെ ആയാ
ദിൽ ദേഖ് കർ യെ ഇഹ്സാൻ തേരീ ഥനാ മെ ഗായാ
സ്വദ്ശുക്ർ ഹെ ഖുദായാ, സ്വദ്ശുക്ർ ഹെ ഖുദായാ
യെ റോസ് കർ മുബാറക് സുബ്ഹാന മൻയ്യറാനീ

ഈ അനുഗൃഹീത സുന്നത്തിന്റെ ഫലമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിൽ വിശുദ്ധഖുർആന്റെ പഠനത്തിനും ശിക്ഷണത്തിനുമുള്ള ഒരു വാതിൽ തുറക്കുകയായിരുന്നു. അൽഹംദുലില്ലാഹ് ഇപ്രകാരം ഓരോ അഹ്മദീ വീട്ടിലും ശിക്ഷണത്തിനുള്ള ഒരു പ്രധാനപ്പെട്ട നിർബന്ധകടമ നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മഹത്തായ ഉപദേശം, ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് 2004 ജൂലൈ 2ന് ചെയ്ത ഖുത്ബയിൽ എടുത്തുദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു:

"ഭർത്താക്കന്മാരുടേത് ഒരു നേതാവെന്ന നിലയിലുള്ള ഉത്തരവാദിത്വമാണ്. മുത്തഖിയാകുന്നതിനും കുടുംബത്തിന്റെ നേതാവായ മുത്തഖിയാകുന്നതിനും സ്വയം നമസ്കാരം അനുഷ്ഠിക്കുക. രാത്രിയിൽ എഴുന്നേല്ക്കുക. കുറഞ്ഞപക്ഷം സുബ്ഹി നമസ്കാരത്തിന് എന്തായാലും എഴുന്നേല്ക്കുക. നിങ്ങളുടെ ഭാര്യയേയും കുട്ടികളേയും എഴുന്നേല്പിക്കുക. ഇങ്ങനെ ആരാധകരെക്കൊണ്ട് നിറഞ്ഞിട്ടുള്ള വീട് അല്ലാഹുവിന്റെ കൃപകളും അനുഗ്രഹങ്ങളും സമാഹരിച്ചെടുക്കുന്നതായിരിക്കും. പക്ഷേ, ഓർക്കുക! ദുആയോടു കൂടിയുള്ള ശ്രമമുണ്ടാകുമ്പോഴായിരിക്കും അത് ഫലപ്രദവും വിജയം ലഭിക്കുന്നതും ആയിരിക്കുക. വെറും എഴുന്നേല്പിച്ചും തലകുത്തി മറിയുന്നതുകൊണ്ടുമല്ല. മറിച്ച് തങ്ങൾക്കുവേണ്ടിയും തങ്ങളുടെ ഭാര്യാമക്കൾക്കുവേണ്ടിയും ദുആകളും നിരന്തരം ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. അതിനാൽ നമസ്കാരങ്ങളിലും നിങ്ങളുടെ ഭാര്യാമക്കൾക്കുവേണ്ടി ധാരാളം ദുആ ചെയ്യുക."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു വിശുദ്ധഖുർആനിൽ *അസ്‌ലിഹ്‌ലീ ഫീ ദുർരിയ്യത്തീ* എന്ന ദുആ പഠിപ്പിച്ചിരിക്കുന്നു. എന്റെ ഭാര്യാമക്കളെ നന്നാക്കിത്തീർക്കേണമേ. സ്വന്തം അവസ്ഥയിലുള്ള പരിശുദ്ധമാറ്റത്തിനു ചെയ്യുന്ന ദുആയോടൊപ്പം സ്വന്തം മക്കൾക്കും ഭാര്യയ്ക്കും വേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. കാരണം അധികപരീക്ഷണവും മക്കൾ മുഖേനയാണുണ്ടാകുന്നത്; അധികവും ഭാര്യ കാരണത്താലും. ചുരുക്കിപ്പറഞ്ഞാൽ അവർ കാരണത്താലും മിക്ക മനുഷ്യരിലും വിപത്തുകളും വിഷമങ്ങളും വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് അവരുടെ പരിഷ്കരണത്തിലേക്കും പൂർണമായും ശ്രദ്ധിക്കേണ്ടതാണ്. അവർക്കുവേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്." (മൽഫൂദാത്ത്, വാല്യം 5, പേജ് 456-457, 1908 മാർച്ച് 2)

വീണ്ടും അവിടന്ന് പറഞ്ഞു: 'എന്റെ രീതി എന്താണ്? എങ്ങനെയാണ് ഞാൻ ദുആ ചെയ്തുകൊണ്ടിരിക്കുന്നത്? പറഞ്ഞു: ഞാൻ പതിവായി ചില പ്രാർഥനകൾ നിത്യവും ചെയ്യാറുണ്ട്. ആദ്യം എന്റെ ആത്മാവിനു വേണ്ടി ദുആ ചെയ്യുന്നു; അവന്റെ ആദരവും പ്രതാപവും വെളിപ്പെടുന്ന രീതിയിലുള്ള ജോലി എന്നെക്കൊണ്ട് ചെയ്യിക്കുന്നതിനുവേണ്ടി; അവന്റെ തൃപ്തിക്ക് പൂർണമായും തൗഫീഖ് നല്കപ്പെടുന്നതിനുവേണ്ടി. രണ്ടാമത്തേത് എന്റെ വീട്ടിലുള്ളവർക്കുവേണ്ടി ദുആ ചെയ്യുന്നു; അവരിൽനിന്ന് കൺകുളിർമ ലഭിക്കുന്നതിനുവേണ്ടി; അവർ അല്ലാഹുവിന്റെ ഇഷ്ടങ്ങളുടെ വഴിയിലൂടെ നടക്കുന്നതിനുവേണ്ടി. (അതായത് കണ്ണുകൾക്ക് അവർ കുളിർമയാകുന്നതിനും അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് നടക്കുന്നവരാകുന്നതിനും). മൂന്നാമതായി ഞാനെന്റെ മക്കൾക്കുവേണ്ടി ദുആ ചെയ്യുന്നു; അവരെല്ലാം ദീനീ സേവകരാകുന്നതിനുവേണ്ടി. നാലാമതായി എന്റെ ആത്മാർഥരായ സ്നേഹിതന്മാർക്കുവേണ്ടി, ഓരോ പേരുമെടുത്തു ദുആ ചെയ്യുന്നു. അഞ്ചാമതായി ഈ ജമാഅത്തുമായി ബന്ധപ്പെട്ട എനിക്കറിയുന്നവരും അറിയാത്തവരുമായ എല്ലാവർക്കും വേണ്ടി ദുആ ചെയ്യുന്നു. (മൽഫൂദാത്ത്, വാല്യം 1, പേജ് 309, അൽഹക്കം 1900 ജനുവരി 17)

"അല്ലാഹു നമുക്ക് യഥാർഥ അർഥത്തിൽ നമ്മുടെ നിർബന്ധകടമകൾ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ഭാര്യാമക്കളിൽനിന്ന് നമുക്ക് സമാധാനമുണ്ടാകുന്ന അവസ്ഥ ഉണ്ടാക്കിത്തരുമാറാകട്ടെ. കണ്ണിന് കുളിർമ നിലനിറുത്തുമാറാകട്ടെ. അല്ലാഹുവിന് ആരാധന നിർവഹിക്കുന്നവരാക്കട്ടെ. നന്മകളിൽ നിലകൊള്ളുന്നവരാക്കട്ടെ."(ഖുത്ബാത്തെ മസ്റൂർ)

## നബി(സ)തിരുമേനി പറഞ്ഞു:

ഇബ്നു മസ്ഊദ്(റ)ൽനിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: അവസാന കാലത്ത് ചെറുപ്പക്കാരും ബുദ്ധിഹീനരുമായ ഒരു വിഭാഗം പ്രത്യക്ഷപ്പെടും. അവർ ഖുർആൻ ഓതുമെങ്കിലും അത് അവരുടെ തൊണ്ടക്കുഴിവിട്ട് ഇറങ്ങുകയില്ല. ഏറ്റവും നല്ല ജനങ്ങളുടെ വാക്കുകൾ അവർ സംസാരിക്കും. അമ്പ്, എയ്യപ്പെട്ട ഉന്നത്തിൽനിന്ന് ഊരിപ്പോകുന്നതുപോലെ ദീനിൽനിന്ന് അവർ ഊരിപ്പോകുന്നതാണ്." **(തുർമുദി)**

## കലാമുൽ ഇമാം:-

**'വ്യാപാരമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് അവരെ തടയുകയില്ല' എന്ന് അല്ലാഹു പറഞ്ഞവരാണ് നിങ്ങളുടെ മാതൃക. (മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**Muhammad Safwan (Ahmadiyya Jama'ath Kaknad, Kerala)**

## ദുആയ്ക്ക് അപേക്ഷ

കൊടുവായൂർ ജമാഅത്തിലെ മുഅല്ലിം നിസാർ അഹ്മദ് സാഹിബ് തന്റെ കുടുംബത്തിന്റെ ആത്മീയവും ഭൗതികവുമായ അനുഗ്രഹത്തിനും ഇപ്പോൾ ജനിച്ച തന്റെ മകന്റെ ആരോഗ്യത്തിനും ആയുസ്സിനും ദീനീസേവകനായിത്തീരുന്നതിനും ദുആയ്ക്ക് അപേക്ഷിക്കുകയും ചെയ്യുന്നു.

(ഇൻസ്പെക്ടർ ബദ്ർ)

2018 ജൽസാ സാലാന ഖാദിയാൻ പ്രസംഗത്തിൽ നിന്ന്

# തോതനുസരിച്ച് ചന്ദ കൊടുക്കേണ്ടതിന്റേയും വസിയ്യത്ത് വ്യവസ്ഥിതിയുടേയും പ്രാധാന്യവും അനുഗ്രഹങ്ങളും

(കെ. ത്വാരിഖ് അഹ്മദ്, സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് )

يٰۤاَيُّهَا الَّذِيْنَ اٰمَنُوْا لَا تُلْهِكُمْ اَمْوَالُكُمْ وَلَاۤ اَوْلَادُكُمْ عَنْ ذِكْرِ اللّٰهِ ۚ وَمَنْ يَّفْعَلْ ذٰلِكَ فَاُولٰٓئِكَ هُمُ الْخٰسِرُوْنَ ۝١٠ وَاَنْفِقُوْا مِنْ مَّا رَزَقْنٰكُمْ مِّنْ قَبْلِ اَنْ يَّاْتِيَ اَحَدَكُمُ الْمَوْتُ فَيَقُوْلَ رَبِّ لَوْلَاۤ اَخَّرْتَنِيْۤ اِلٰۤى اَجَلٍ قَرِيْبٍ ۙ فَاَصَّدَّقَ وَاَكُنْ مِّنَ الصّٰلِحِيْنَ ۝١١ (63:10,11)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“ഈ കാലം എത്ര അനുഗൃഹീതമാണ്. ആരോടും ജീവൻ ആവശ്യപ്പെടുന്നില്ല. ഈ കാലം ജീവൻ കൊടുക്കാനുള്ളതുമല്ല. മറിച്ച് കഴിവനുസരിച്ച് ധനം ചെലവഴിക്കാനുള്ളതാണ്.”

കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിൽ പറയുന്നു: “ഓരോരുത്തരുടേയും സത്യത അവരുടെ സേവനം കൊണ്ടാണ് തിരിച്ചറിയപ്പെടുന്നത്. പ്രിയമുള്ളവരേ! ഇത് ദീനിനും ദീനിന്റെ ലക്ഷ്യങ്ങൾക്കുമായി സേവനം ചെയ്യേണ്ട സമയമാണ്. ഈ സമയത്തെ വിലമതിക്കുക. ഇത് പിന്നീട് കൈവരികയില്ല.” (റൂഹാനീ ഖസാഇൻ വാല്യം 19, പേജ് 83)

തോതനുസരിച്ചുള്ള ചന്ദയുടേയും വസിയ്യത്ത് വ്യവസ്ഥിതിയുടേയും പ്രാധാന്യത്തേയും അനുഗ്രഹത്തേയും കുറിച്ച് ചില കാര്യങ്ങളാണ് ഞാൻ ഇവിടെ പറയുന്നത്.

സൂറഃ മുനാഫിഖൂനിലെ 10,11 വചനങ്ങളാണ് മുകളിൽ രേഖപ്പെടുത്തിയത്. അതിന് ഖലീഫത്തുൽ മസീഹ് നാലാമൻ നൽകിയ അർഥം ഇപ്രകാരമാണ്:

“വിശ്വസിച്ചവരേ! നിങ്ങളുടെ സമ്പത്തോ സന്താനങ്ങളോ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാതിരിക്കട്ടെ. വല്ലവരും അങ്ങനെ ചെയ്യുന്നതായാൽ അവർ നഷ്ടപ്പെട്ടവർ തന്നെയാണ്.

‘നിങ്ങളിലൊരാൾക്ക് മരണം വന്നെത്തുകയും അപ്പോൾ അവൻ എന്റെ നാഥാ അടുത്തൊരു അവധിവരെ എനിക്ക് നീ ഇളവ് നൽകിയെങ്കിൽ എത്ര നന്നായേനേ, എങ്കിൽ ഞാൻ ദാനധർമങ്ങൾ ചെയ്യുകയും സദ്വൃത്തരിൽപെട്ടവനായിത്തീരുകയും ചെയ്യുമായിരുന്നല്ലോ എന്ന് പറയുകയും ചെയ്യുന്നതിന് മുമ്പേ നാം നിങ്ങൾക്ക് നൽകിയിട്ടുള്ള വിഭവങ്ങളിൽനിന്ന് നിങ്ങൾ (അല്ലാഹുവിന്റെ മാർഗത്തിൽ) ചെലവഴിക്കുക.”

ഈ ആയത്തുകളിൽ അല്ലാഹു മഹത്തായ ഒരു കാര്യം എടുത്തുപറഞ്ഞിരിക്കുകയാണ്. അതായത് മനുഷ്യൻ ഈ ലോകത്തുനിന്ന് വിടപറയാൻ നേരത്ത്, തനിക്കീ ജീവിതത്തിൽ അല്പം സാവകാശം കിട്ടിയിരുന്നെങ്കിൽ താൻ തനിക്ക് പ്രിയപ്പെട്ടതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ നിർല്ലോഭം ചെലവഴിക്കുമായിരുന്നെന്നും തന്റെ പക്കലുള്ളതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ച് എങ്ങനെയെങ്കിലും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുമായിരുന്നുവെന്നുമുള്ള അതിയായ അഭിവാഞ്ഛ അവനെ അലട്ടിക്കൊണ്ടിരിക്കുന്നതാണ്.

മനുഷ്യന് തന്റെ അവസാന നേരത്ത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന കാര്യം ഓർമവരുന്നതെന്തുകൊണ്ടാണെന്ന ചോദ്യം വളരെ പ്രസക്തമാണ്. അല്ലാഹുവിന്റെ പ്രീതിയാർജിക്കാനുള്ള ഉത്തമവും ഫലപ്രദവുമായ ഒരു പോംവഴി അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവ് ചെയ്യുന്നതാണെന്ന് പെട്ടെന്ന് അവന് ബോധ്യമാവുന്നതിന്റെ രഹസ്യമെന്താണ്?

നബി(സ)തിരുമേനി മനുഷ്യന്റെ ഈ അവസ്ഥ വിവരിച്ചുകൊണ്ട് ഇങ്ങനെ പറയുന്നു: ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം: “ഒരാൾ അല്ലാഹുവിന്റെ പ്രവാചകന്റെ അടുത്തു വന്നു പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ! ദാനധർമങ്ങളിൽ ഏറ്റവും പുണ്യമേറിയത് ഏതാണ്?’ നബി(സ)തിരുമേനി പ്രതിവചിച്ചു: ‘നീ ആരോഗ്യവാനായിരിക്കുക, ധനം വിട്ടുകൊടുക്കാൻ നിനക്ക് മടിയുണ്ടായിരിക്കുക, ദാരിദ്ര്യത്തെ കുറിച്ച് ഭയവും ധനം സമ്പാദിച്ചാൽ കൊള്ളാമെന്ന് നിനക്ക് ആഗ്രഹവും ഉണ്ടായിരിക്കുക. ഈ പരിതഃസ്ഥിതിയിൽ നല്കുന്ന ദാനമാണ് ഏറ്റവും പുണ്യകരം. അന്നേരം ഈ ദാനത്തെ പിന്നിലേക്ക് നീക്കി വെക്കരുത്. അങ്ങനെ ജീവിതം തൊണ്ടക്കുഴിയിൽ എത്തുന്ന നേരം നീ പറയും, ഇത്ര ഇന്നവനു കൊടുക്കണം, ഇത്ര ഇന്നവനു കൊടുക്കണം എന്നെല്ലാം. യഥാർഥത്തിലോ ആ ധനം ആഘട്ടത്തിൽ ഇന്നവന്റേതായി കഴിഞ്ഞിരിക്കുകയാണ്.” (ബുഖാരി, കിതാബുസ്സക്കാത്ത്)

തന്റെ ദാസരുടെ എല്ലാ അവസ്ഥകളെക്കുറിച്ചും നന്നായി അറിയുന്ന നമ്മുടെ രക്ഷിതാവ് അവരുടെ അവസാന നേരത്തെ നൈരാശ്യത്തിൽനിന്ന് രക്ഷ നൽകുന്നതിനായിട്ടാണ് അത്യന്തം സഹതാപത്തോടുകൂടി ഇങ്ങനെ പറയുന്നത്.

وَمَاذَا عَلَيْهِمْ لَوْ اٰمَنُوْا بِاللّٰهِ وَالْيَوْمِ الْاٰخِرِ وَاَنْفَقُوْا مِمَّا رَزَقَهُمُ اللّٰهُ ؕ وَكَانَ اللّٰهُ بِهِمْ عَلِيْمًا ۝٤٠ اِنَّ اللّٰهَ لَا يَظْلِمُ مِثْقَالَ ذَرَّةٍ ۚ وَاِنْ تَكُ حَسَنَةً يُّضٰعِفْهَا وَيُؤْتِ مِنْ لَّدُنْهُ اَجْرًا عَظِيْمًا ۝٤١ (4:40-41)

“അവർ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും അല്ലാഹു അവർക്ക് നൽകിയതിൽനിന്ന് ചെലവഴിക്കുകയും ചെയ്തിരുന്നുവെങ്കിൽ അവർക്ക് എന്ത് ദോഷമാണ് സംഭവിക്കുമായിരുന്നത്. അല്ലാഹു അവരെക്കുറിച്ച് നല്ലപോലെ അറിയുന്നവനാണ്. അല്ലാഹു ആരോടും ഒരിക്കലും ഒരു അണുഅളവും അനീതി പ്രവർത്തിക്കുകയില്ല. അത് (ഒരാളുടെ കർമം) നല്ലതാണെങ്കിൽ അവൻ അത് ഇരട്ടിപ്പിക്കുകയും തന്റെ പക്കൽനിന്ന് മഹത്തായ പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്.’

അതിനാൽ പര്യവസാനം നന്നായിത്തീരുന്നതിന് അല്ലാഹു തന്ന ആരോഗ്യത്താലും കഴിവിനാലും സാമ്പത്തിക കാര്യങ്ങളിൽ അല്ലാഹുവിനോടുള്ള തന്റെ കണക്കുകൾ ശരിയാക്കിവെക്കുന്നവൻ സൗഭാഗ്യവാനും പ്രതിഫലാർഹനുമാണ്. എന്നാൽ, ഖുർആൻ പ്രസ്താവിച്ചതുപോലെ മരണാസന്ന സമയത്ത് സാമ്പത്തികത്യാഗത്തെക്കുറിച്ചുള്ള അവബോധം നഷ്ടത്തിലാവരുടെ രീതിയാണ്– തങ്ങളെ നാശത്തിലേക്ക് തള്ളിവിടുന്നതിന് ഹേതുവാണ്.

അല്ലാഹു വിശുദ്ധഖുർആനിൽ മുഖ്യ ആരാധനയായ നമസ്കാരത്തോടൊപ്പംതന്നെ സാമ്പത്തികത്യാഗത്തെ കുറിച്ചുള്ള കല്പനയായ സക്കാത്തും പറഞ്ഞു എന്നതിൽനിന്ന് സാമ്പത്തികത്യാഗത്തിന്റെ പ്രാധാന്യം എത്രകണ്ട് ഉണ്ടെന്ന് വ്യക്തമാകുന്നതാണ്. വിശുദ്ധഖുർആനിൽ സാമ്പത്തികത്യാഗത്തെക്കുറിച്ചുള്ള വിവരണം രണ്ടുതരം ചന്ദയുടെ രൂപത്തിലാണ് വിവരിച്ചിട്ടുള്ളത്. ഒന്ന് നിർബന്ധമാക്കപ്പെട്ടതും മറ്റൊന്ന് ഐച്ഛികമായതും. നബി(സ)തിരുമേനി നിർബന്ധചന്ദയായ സക്കാത്തിനെ ഇസ്‌ലാമിന്റെ അടിസ്ഥാന സ്തംഭങ്ങളിൽ ഒന്നായി വിശേഷിപ്പിച്ചിരിക്കുന്നു. സക്കാത്ത് കൂടാതെ ദീനീ ആവശ്യങ്ങൾ മുൻനിറുത്തി അല്ലാഹുവിന്റെ പ്രവാചകന്റെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് സാമ്പത്തികത്യാഗങ്ങളിൽ അധികമധികം പങ്കാളിയാവുന്നവരാണ് യഥാർഥത്തിൽ ആരാധനയുടെ കടമ നിർവ്വഹിക്കുന്നവരും അല്ലാഹുവിന്റെ പ്രീതിയാർജിക്കുന്നവരും ആയിത്തീരുന്നത്.

അല്ലാഹുവിന്റെ മാർഗത്തിൽ സാമ്പത്തിക ത്യാഗങ്ങൾക്കുള്ള ആഹ്വാനങ്ങൾക്ക് എല്ലാ നബിമാരുടെ കാലത്തും അവരുടെ അനുയായികൾ ലബ്ബയ്ക്ക് പറഞ്ഞിട്ടുണ്ട്. എന്നാൽ, ഏതൊരു ആവേശത്തോടെയാണോ നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ഈ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞത് അതിന്റെ സ്മരണകൾ ഇന്നും ഇനി ഖിയാമത്തുനാൾവരേയും നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിച്ചുനിറുത്തുന്നതാണ്. നബി(സ) തിരുമേനിയുടെ പ്രവചനങ്ങളിൽനിന്ന് മനസ്സിലാകുന്നത് ഇസ്‌ലാമിന്റെ ആഗോളവിജയം മഹ്ദിയും മസീഹും മുഖേനയായിരിക്കുമെന്നാണ്. ഈ മഹത്തായ ലക്ഷ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളോടു സാമ്പത്തികത്യാഗം ആവശ്യപ്പെടുന്നുണ്ട്. നിർബന്ധമാക്കപ്പെട്ടവർ സക്കാത്ത് നൽകുന്നതോടൊപ്പം വസിയ്യത്ത് സംവിധാനത്തിൻകീഴിൽ വരുമാനത്തിൽനിന്നും സ്വത്തിൽനിന്നും ധനം വഖഫ് ചെയ്യാൻ അദ്ദേഹം ആഹ്വാനം നടത്തുകയും അതിൽ പങ്കാളികളാകുന്ന ആത്മാർഥർക്ക് സ്വർഗം സുവാർത്ത നൽകുകയുമുണ്ടായി. വസിയ്യത്ത് വ്യവസ്ഥിതിയിൽ ഉൾപ്പെടാത്ത അഹ്മദികൾ അവർ

പുരുഷന്മാരായാലും സ്ത്രീകളായാലും ഈ ലക്ഷ്യപൂർത്തീകരണത്തിന് തങ്ങളുടെ വരുമാനത്തിന്റെ 16-ൽ ഒരുഭാഗം (അതായത് ചന്ദആം) നൽകേണ്ടത് നിർബന്ധമാണ്. അതോടൊപ്പം വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കാളിയാവാനുള്ള ആഗ്രഹം വെച്ചുപുലർത്തുകയും അതിന്റെ അനുഗ്രഹത്താൽ കൃത്യമായി വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കാളിയാവാൻ ഭാഗ്യം ലഭിക്കുന്നതിന് ദുആ ചെയ്യുകയും വേണ്ടതാണ്.

തോതനുസരിച്ച് ചന്ദ നൽകുന്നതുകൊണ്ടുള്ള അനുഗ്രഹത്താൽ അല്ലാഹു വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കാളിയാവാൻ സൗഭാഗ്യം നൽകുന്നു. അതിനാൽ ഇവിടെ ഞാൻ യഥാക്രമം തോതനുസരിച്ചുള്ള ചന്ദയെക്കുറിച്ചും ശേഷം വസിയ്യത്ത് വ്യവസ്ഥിതിയുടെ പ്രാധാന്യത്തേയും അനുഗ്രഹത്തേയും കുറിച്ച് ചില കാര്യങ്ങൾ പറയുന്നതാണ്.

സക്കാത്തിനുശേഷം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള ഓരോ പുരുഷനും സ്ത്രീയും ദൈവപ്രീതിയാർജിക്കുന്നതിനും ജമാഅത്തിന്റെ ഉന്നമനത്തിനുമായി തോതനുസരിച്ച് തങ്ങളുടെ വരുമാനത്തിന്റെ 16-ൽ ഒരുഭാഗം നൽകേണ്ടത് അനിവാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നിർബന്ധചന്ദകളെക്കുറിച്ച് നൽകിയിട്ടുള്ള ശക്തമായ നിർദ്ദേശം ഇതാണ്:

"ഇനിമുതൽ അല്ലാഹുവുമായി പുതിയതും സത്യസന്ധവും ആയ കരാറിൽ ഏർപ്പെടുകയും കഴിവതും ഉപേക്ഷ കൂടാതെ ഓരോ മാസവും തങ്ങളുടെ സാമ്പത്തിക സഹായം കൊണ്ട് ദീനീപരമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കുകയും ഉന്നതമായ ആത്മധൈര്യം ഉള്ളവരുമാണ് ഈ പ്രസ്ഥാനത്തിൽ പ്രവേശിക്കാൻ യോഗ്യരായിട്ടുള്ളവർ."

തോതനുസരിച്ച് ചന്ദ നൽകണമെന്നുള്ള അഭിവാഞ്ചയും ആവേശവും ഹൃദയത്തിൽ ഉണ്ടാകണമെങ്കിൽ അല്ലാഹു ആവർത്തിച്ചു പറഞ്ഞിട്ടുള്ള اَنْفِقُوْا مِمَّا رَزَقْنٰكُمْ (2:255) എന്ന വചനത്തിലടങ്ങിയ കാര്യം മനസ്സിലാക്കിയിരിക്കേണ്ടതാണ്. അത് മനസ്സിലാക്കാത്തതിന്റെ അഭാവമാണ് സകല ലുബ്ധുകളും സാമ്പത്തികത്യാഗങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള ഉപായങ്ങളും ഉരുത്തിരിഞ്ഞുവരുന്നത്. നാം നിങ്ങൾക്ക് നൽകിയതിൽനിന്ന് ചെലവു ചെയ്യുക എന്ന പ്രസ്തുത വചനത്തിന്റെ വിശദീകരണം പരിമിതമായ സമയത്തിൽ സാധ്യമല്ല. അതുകൊണ്ട് കാലത്തിന്റെ ഇമാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽതന്നെ ഞാൻ ഒതുങ്ങിനിൽക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "രണ്ടു കാര്യങ്ങളോടു ഒരേ സമയം നിങ്ങൾക്ക് സ്നേഹിക്കാൻ കഴിയുകയില്ലയെന്നത് വ്യക്തമാണ്; ധനത്തേയും സ്നേഹിക്കണം, ദൈവത്തേയും സ്നേഹിക്കണം എന്നത്. നിങ്ങൾക്ക് ഒന്നിനെ മാത്രമേ ഒരുനേരത്ത് സ്നേഹിക്കാൻ കഴിയൂ. എന്നാൽ, ദൈവത്തെ സ്നേഹിക്കുന്നവരാണ് സൗഭാഗ്യവാന്മാർ. നിങ്ങളിലാരെങ്കിലും ദൈവത്തെ സ്നേഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ധനം ചെലവ് ചെയ്യുകയാണെങ്കിൽ ആ ധനത്തിലും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ അനുഗ്രഹങ്ങൾ ചൊരിയപ്പെടുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ ധനം സ്വയം വരികയില്ല മറിച്ച് അല്ലാഹുവിന്റെ നിശ്ചയത്തോടുകൂടിയാണ് അത് വരുന്നത്."(മജ്മൂആ ഇശ്തിഹാറ്ത്ത് വാല്യം 3, പേജ് 497)

ഈ പോയന്റ് മനസ്സിലാക്കേണ്ടത് കാലത്തിന്റെ സുപ്രധാന ആവശ്യമാണ്. ആദരണീയനായ രക്ഷിതാവിന്റെ തന്റെ ദാസരോടുള്ള പെരുമാറ്റവും അത്ഭുതകരംതന്നെ. അവൻ കുറച്ച് സമ്പത്ത് സ്വയം നൽകി അതേ ധനത്തിൽനിന്ന് കുറച്ച് നൽകാനും പറഞ്ഞു. അതിന് അധികമധികമായി പ്രതിഫലം നൽകുമെന്ന വാഗ്ദാനവും നൽകിയിരിക്കുന്നു.

തന്റെ ദാസരോട് തന്റെ മാർഗത്തിൽ ചെലവ് ചെയ്യാൻ പറഞ്ഞിടത്ത്

يَسْـَٔلُوْنَكَ مَاذَا يُنْفِقُوْنَ ۬ قُلِ الْعَفْوَ (2:220)

എന്നും പറഞ്ഞിരിക്കുന്നു. എന്താണ് ചെലവ് ചെയ്യേണ്ടതെന്നും അവർ നിന്നോട് ചോദിക്കുന്നു. നീ അവരോട് പറയുക (ആവശ്യങ്ങളിൽനിന്ന്) ശേഷിച്ചതെല്ലാം. താൻ പ്രദാനം ചെയ്തതിനെക്കുറിച്ച് പറയുന്നിടത്തെല്ലാം وَاللّٰهُ يَرْزُقُ مَنْ يَّشَآءُ بِغَيْرِ حِسَابٍ (2:213) അതായത് അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അളവറ്റ് അവൻ രിസ്ഖ് നൽകുന്നുവെന്നും പറഞ്ഞിരിക്കുന്നു.

അതായത് അല്ലാഹു നൽകുമ്പോൾ അളവില്ലാതെ നൽകുന്നു. എന്നാൽ, അവന്റെ മാർഗത്തിൽ ചെലവ് ചെയ്യാൻ നിർദേശിക്കുമ്പോൾ പരിമിതമായ അളവ് അതിന് നിശ്ചയിക്കുന്നു. ഇസ്ലാമിക സാമ്പത്തികവ്യവസ്ഥിതിയുടെ സംജ്ഞയിൽ അതിന് 'ശറഹ്' എന്നു പറയുന്നു. തന്റെ വരുമാനത്തെ അത് നേടിയെടുക്കുന്നതിൽ തന്റെ കഴിവിനേക്കാൾ എത്രയോ അധികം യഥാർഥ ദാതാവിന്റെ അനുഗ്രഹവും കാരുണ്യവും ഉണ്ടായിരിക്കും. എന്നിരിക്കെ അതിന്റെ ഒരു ചെറിയ വിഹിതം തിരിച്ചുചോദിക്കുമ്പോൾ അതിൽ ഉപേക്ഷ വരുത്തുകയും എല്ലാം അറിയുന്നവനിൽനിന്ന് തന്റെ യഥാർഥ വരുമാനം താൻ മറച്ചുവെക്കുകയും ചെയ്തിരിക്കുന്നു എന്ന് ധരിക്കുന്നവൻ വല്ല മൗഢ്യനുമല്ലാതിരിക്കില്ല.

ഇതു സംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്)പറയുന്നു:

"എന്റെ ടാക്സ് ഇത്ര വരും ഞാനതിൽ കുറച്ച് അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗത്തിലും ഗവർമെന്റിന്റെ ബാധ്യതകൾ നിറവേറ്റുന്നതിലും ഇത്ര കുറവ് വരുത്തിയാൽ എന്റെ പക്കൽ ഇത്ര സമ്പാദ്യമെ ഉണ്ടാകൂ എന്ന ചിന്തയുണ്ടായാൽ-ചിന്ത വന്നത് പ്രശ്നമൊന്നുമല്ല. അല്ലാഹു പിടിക്കുകയുമില്ല. എന്നാൽ- അതനുസരിച്ച് പ്രവർത്തിച്ച് ടാക്സ് മോഷ്ടിച്ചാൽ ഗവർമെന്റിന് നഷ്ടമുണ്ടാക്കിയാൽ അല്ലെങ്കിൽ സത്യം പറയാതിരുന്നാൽ തങ്ങളുടെ ചന്ദകളിൽ വരുമാനം കുറച്ച് കാണിച്ചാൽ അല്ലാഹു പിടിക്കുന്നതാണ്. ഒരുപാട് അനുഭവങ്ങളുണ്ട്. ഒരുപാട് ആളുകളുടെ ഉദാഹരണങ്ങളുണ്ട്. അത്തരക്കാരുടെ വരുമാനവും ക്രമേണ കുറഞ്ഞുവരും. അവർ വെളിപ്പെടുത്തുന്ന വരുമാനം വരെ അത് ചെന്നെത്തി നിൽക്കുന്നു. ഇത് പിടിക്കപ്പെടുന്ന പാപമാണ്. ചുരുക്കത്തിൽ ഹൃദയത്തിൽ നിശ്ചയിച്ചുറച്ചാൽ അതിനായി കുഴപ്പങ്ങളും ചതിയും ചെയ്തു തുടങ്ങുന്നു." (ഖുത്ബ ജുമുഅ 26.10.2018)

ഖലീഫത്തുൽ മസീഹ് നാലാമൻ സാമ്പത്തികത്യാഗത്തിൽ അല്ലാഹുവുമായി തങ്ങളുടെ ഇടപാട് നേരെയാക്കാത്തവരുടേയും തങ്ങളുടെ ധനത്തിൽനിന്ന് അല്ലാഹുവിന്റേയും അവന്റെ ദീനിന്റേയും പങ്ക് തഖ്വയോടുകൂടി മാറ്റിവെക്കാത്തവരുടേയും മറ്റു കാര്യങ്ങളും വഷളാകുന്നുവെന്നും വീട്ടിലെ സമാധാനം നഷ്ടമാകുന്നുവെന്നും കച്ചവടത്തിൽ നഷ്ടം വരാൻ തുടങ്ങുന്നുവെന്നും പറഞ്ഞിരിക്കുന്നു.(മാലീ നിളാം, ഭാഗം 1, പേജ് 96)

ഇവിടെ ഞാനൊരു ഈമാൻ വർദ്ധക സംഭവം പറയാൻ ആഗ്രഹിക്കുകയാണ്. എങ്ങനെയാണ് അല്ലാഹു തന്റെ മാർഗത്തിൽ തുറന്ന മനസ്സോടെ തോതനുസരിച്ച് ചന്ദ നൽകുന്നവരെ അനുഗ്രഹിക്കുന്നതെന്ന് നമ്മുടെ പ്രിയപ്പെട്ട ഹുദൂർ തന്റെ മാർച്ച് 26 ലെ ഖുത്ബയിൽ പറയുന്നത് കേൾക്കുക. ഐവറികോസ്റ്റിലെ ബസ്സം(Bassam) നഗരത്തിലെ ഒരു നവഅഹ്മദിയായ യാഗോ അലിഡോ(Yago Alido) സാഹിബിനോട് ജമാഅത്തിന്റെ സമ്പത്ത് വ്യവസ്ഥിതിയിൽ ചന്ദയുടെ തോതും അതിന്റെ ക്രമീകരണവുമൊക്കെ പറഞ്ഞുകൊടുത്തപ്പോൾ അടുത്തദിവസം അദ്ദേഹം തന്റെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ തോതനുസരിച്ച് ആംചന്ദയും വഖ്ഫെ ജദീദ്, തഹ്രീക്കെ ജദീദ് എന്നീ ചന്ദകളും നൽകാൻ സമ്മതിക്കുകയുണ്ടായി. അത് ഏകദേശം 50 പൗണ്ട് ആയിരുന്നു. ഇത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വലിയ സംഖ്യയായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ ചന്ദയായിരുന്നു ഇത്. നമ്മുടെ മുഅല്ലിം സാഹിബ് ആ ചന്ദയ്ക്കുള്ള രസീത് എഴുതികൊടുക്കുന്ന വേളയിൽ, 'താൻ താങ്കളോട് 2 വർഷം മുമ്പേ വാങ്ങിയ കടം നാളെ വന്ന് തന്നിൽനിന്ന് വാങ്ങണമെന്ന്' പറഞ്ഞുള്ള ഒരു ഫോൺകോൾ അദ്ദേഹത്തിന് വരികയുണ്ടായി. യാഗോ അലിഡോ സാഹിബ് അത്ഭുതത്തോടുകൂടി പറയുന്നു: 'ഈ വ്യക്തിക്ക് കടം വാങ്ങിയതിനു ശേഷം മടക്കിത്തരേണ്ട ഒരു ഭാവവും ഉണ്ടായിരുന്നില്ല. എനിക്കൊരു പ്രതീക്ഷയും ഇല്ലായിരുന്നു.' ഇതെല്ലാം കേവലം ചന്ദ നൽകിയതുകൊണ്ട് സംഭവിച്ചതാണ്. ഈ കിട്ടാക്കടം കിട്ടിയെന്നു മാത്രമല്ല ഇതിനു ഏതാനും നാളുകൾക്കുശേഷം പുതിയ വർഷം മുതൽ 'താങ്കൾക്ക് ഒരു ഗ്രേഡ് കൂടുമെന്നും താങ്കളുടെ ശമ്പളത്തിൽ 50% വർദ്ധനയുണ്ടാകുമെന്നും' അറിയിച്ചുകൊണ്ടുള്ള ഗവർമെന്റിന്റെ ഭാഗത്തുനിന്ന് ഒരു കത്തും അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം തന്റെ വർദ്ധനയോടുകൂടിയ ശമ്പളം ലഭിച്ചയുടനെ തന്റെ ചന്ദയും തോതനുസരിച്ച് ഇരട്ടിയാക്കുകയുണ്ടായി. അദ്ദേഹം തന്റെ പ്രതിമാസ ചന്ദ കൃത്യമായി അടയ്ക്കുന്നതോടൊപ്പം മസ്ജിദിന്റെ മോടിപിടിപ്പിക്കലിനും അലങ്കാരത്തിനുമായും തന്റെ കൈയിൽനിന്ന് ഇപ്പോൾ പണം ചെലവഴിച്ചുവരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ അനുഗ്രഹവർഷമാണെന്നും അവന്റെ മാർഗത്തിൽ സാമ്പത്തികത്യാഗം ചെയ്യുന്നതിന്റെ ഫലമാണെന്നും അദ്ദേഹം

ഇപ്പോൾ എല്ലാവരോടും പറഞ്ഞുകൊണ്ടിരിക്കുകയാണ്."

നോക്കൂ, എങ്ങനെയാണ് അല്ലാഹു പുതുതായി വരുന്നവർക്കും مِنْ حَيْثُ لَا يَحْتَسِبُ (65:4) എന്നതിന്റെ ദൃശ്യം കാണിച്ചുകൊടുക്കുക മാത്രമല്ല മറിച്ച് فَيُضٰعِفَهٗ لَهٗۤ اَضْعَافًا كَثِيْرَةً (2:246) എന്ന വാഗ്ദാനം ഉടനടി പൂർത്തിയാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

തോതനുസരിച്ച് ചന്ദ നൽകുന്നത് വാസ്തവത്തിൽ അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കലാണ്. ദുർബലമാനസർ തോതനുസരിച്ച് ചന്ദ നൽകുന്നതിനെ കുറിച്ച് കരുതുന്നത് തങ്ങൾ അധികം ചെലവഴിച്ചു എന്നാണ്. ബാഹ്യമായി നാം ചെലവഴിക്കൽ എന്നു കരുതുന്നത് അല്ലാഹു പറഞ്ഞതുപ്രകാരം അത് ചെലവാകുകയില്ല എന്നതായിരിക്കും. മറിച്ച് തന്റെ പ്രീതി കാംക്ഷിച്ച് താൻ പറഞ്ഞ ലക്ഷ്യത്തിന് നിങ്ങൾ ചെലവ് ചെയ്യുകയാണെങ്കിൽ അത് നിങ്ങളുടെ കണക്ക് പുസ്തകത്തിൽ നിക്ഷേപിക്കപ്പെടുമെന്ന് അല്ലാഹു പറയുന്നു. നിങ്ങൾക്ക് ആവശ്യമുള്ളപ്പോൾ അല്ലാഹു അത് തിരിച്ചുനൽകുന്നതായിരിക്കും.

ഒരു ഖുദ്സിയായ ഹദീഥാണ്. അല്ലാഹു പറഞ്ഞതായി നബി(സ) പറയുന്നു: അല്ലയോ ആദമിന്റെ മകനേ! നീ നിന്റെ ഖജനാവ് എന്റെ പക്കൽ നിക്ഷേപിച്ച് സ്വസ്ഥനാവുക. തീ പിടിക്കുമെന്ന അപായമോ വെള്ളത്തിൽ മുങ്ങുമെന്ന ആശങ്കയോ ഏതെങ്കിലും മോഷ്ടാവ് മോഷ്ടിക്കുമെന്ന ഭയമോ വേണ്ട. നീ എന്റെ പക്കൽ നിക്ഷേപിച്ച ഖജനാവ് ഞാൻ നീ ഏറ്റവുമധികം ആവശ്യക്കാരനായിരിക്കുമ്പോൾ നിനക്ക് തിരികെ നൽകുന്നതാണ്.' (കൻസുൽഉമ്മാൽ, വാള്യം 6, പേജ് 352, ഹദീഥ് 16021)

നമ്മൾ എത്ര ധനം അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നു എന്നതിനല്ല പ്രാധാന്യം. മറിച്ച് നാം അല്ലാഹു നിയോഗിച്ചവനെ അനുസരിച്ചുകൊണ്ട് തോതനുസരിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവ് ചെയ്യുന്നുണ്ടോ ഇല്ലയോ എന്നതാണ് കാതലായ കാര്യം. ഒരു ധനാഢ്യൻ ലക്ഷക്കണക്കിന് രൂപ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചുവെന്നു വരാം. എന്നാൽ, അദ്ദേഹത്തിന്റെ ചന്ദ തോതനുസരിച്ചുള്ളതല്ലെങ്കിൽ അവസരത്തിനൊത്ത് ഉന്നത നിലവാരം കാഴ്ചവെച്ചുകൊണ്ട് തന്റെ വരുമാനത്തിൽനിന്ന് തോതനുസരിച്ച് അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുന്ന ഒരു ദരിദ്രന്റെ തുലോം നിസ്സാരമായ ത്യാഗംപോലും പ്രതിഫലത്തിൽ അധികമായിരിക്കുന്നതാണ്. അല്ലാഹുവിന് ധനത്തിന്റെ ആവശ്യമില്ല. അവൻ നിങ്ങളുടെ ഹൃദയാവസ്ഥയെ വിലയിരുത്തുന്നു. അനുസരണത്തിന്റെ ആത്മാവും ത്യാഗാവേശവും പരിഗണിച്ചുകൊണ്ടവൻ നമ്മെ കടാക്ഷിക്കുന്നു.

ഇന്ന് ലോകത്ത് സമ്പന്ന ദരിദ്ര വ്യത്യാസം കൂടാതെ ജനങ്ങൾ തങ്ങളുടെ ധനം പെട്ടെന്ന് രണ്ടിരട്ടിയോ മൂന്നിരട്ടിയോ ഒക്കെ ആയിത്തീരാൻ പ്രലോഭനപരമായ പരസ്യങ്ങളിൽ വീണ് സമ്പാദ്യം മുഴുവനും ഫൈനാൻസ് കമ്പനികളിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. പലപ്പോഴും തങ്ങളുടെ മുഴുവൻ സമ്പാദ്യവും അങ്ങനെ നഷ്ടപ്പെടുത്തുന്നു. എന്നാൽ, ദൈവിക ജമാഅത്തുകൾ എപ്പോഴും തങ്ങളുടെ സമ്പാദ്യം ദൈവിക കല്പനകൾക്കനുസൃതമായി ചെലവ് ചെയ്തുകൊണ്ട് ദൈവപ്രീതി കാംക്ഷിച്ചുകൊണ്ടിരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "നാം എപ്പോഴും നമ്മുടെ ജമാഅത്തിലുള്ളവരോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദും(അ) അല്ലാഹുവിനുവേണ്ടി തങ്ങളുടെ ജീവനും സമ്പത്തും സമർപിക്കുകയെന്ന് എപ്പോഴും ആവശ്യപ്പെട്ടുകൊണ്ടിരുന്നതു തന്നെയാണ്. എന്നാൽ, എല്ലാ കാലത്തും ഇതിന്റെ നിലവാരം മാറിക്കൊണ്ടിരുന്നു. ജനങ്ങൾ ആദ്യദിവസം ഇതുകേട്ടപ്പോൾ മുന്നോട്ടുവന്ന് തങ്ങളുടെ ജീവനും സ്വത്തും ഇതാ സമർപിക്കുന്നുവെന്ന് പറഞ്ഞു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരുടെ മറുപടി കേട്ടു. എന്നിട്ട് പറഞ്ഞു: നിങ്ങൾ നമസ്കരിക്കുക, നോമ്പ് പിടിക്കുക. ഇസ്‌ലാം-അഹ്മദിയ്യത്തിനെ പ്രചരിപ്പിക്കുക. നിങ്ങളുടെ ധനത്തിൽനിന്ന് എന്തെങ്കിലും ദീനീസേവനത്തിനു നല്കുക. ഈ പ്രവൃത്തി വളരെ നിസാരമാണല്ലോ എന്നോർത്ത് അവർ അത്ഭുതപ്പെട്ടു. പിന്നെന്തിനാണ് വരൂ, നിങ്ങളുടെ ജീവനും സ്വത്തുവകകളും ത്യാഗം ചെയ്യാൻ പറഞ്ഞത്! കുറച്ചു കാലം കഴിഞ്ഞപ്പോൾ ജീവനും സമ്പത്തും ത്യാഗം ചെയ്യേണ്ട സമയം ആസന്നമായിരിക്കുന്നുവെന്ന് ജനങ്ങളോട് പറയപ്പെട്ടപ്പോൾ ജനങ്ങൾ വീണ്ടും ജീവനും ധനവുംകൊണ്ട് ഹാജരാവുകയുണ്ടായി. നിങ്ങൾ ഒരു രൂപയിൽ നിന്ന് ഒരു പൈസ ചന്ദ നൽകിക്കൊണ്ടിരിക്കുക എന്ന് അവരോട് പറയപ്പെട്ടു. അതിന് കുറച്ച് നാളുകൾക്കുശേഷം വരിക നിങ്ങളുടെ ജീവനും ധനവും ദീനീസേവനങ്ങൾക്ക് സമർപ്പിക്കുകയെന്ന് കേന്ദ്രത്തിൽനിന്ന് വീണ്ടും ആഹ്വാനമുണ്ടായി. ഈ സ്ഥിതിവിശേഷം അങ്ങനെ പുരോഗമിക്കുകയുണ്ടായി. ചില്ലിക്കാശിൽനിന്ന് തുടങ്ങി പിന്നീട് ഒരു പൈസയിലും രണ്ടു പൈസയിലും എത്തി. ഇനി രണ്ട് പൈസയല്ല മൂന്ന് പൈസ നൽകിക്കൊണ്ടിരിക്കുക എന്ന് പറയപ്പെട്ടു. മൂന്ന് പൈസ നൽകിക്കൊണ്ടിരുന്നപ്പോൾ നാല് പൈസ നൽകിക്കൊണ്ടിരിക്കുക എന്ന് പറഞ്ഞു. പിന്നീട് സമയം വന്നപ്പോൾ തങ്ങളുടെ സ്വത്തിൽനിന്നും വരുമാനത്തിൽനിന്നും വസിയ്യത്ത് ചെയ്യുകയെന്നും വസിയ്യത്തിലും ചുരുങ്ങിയത് പത്തിലൊന്ന് 1/10 ഉണ്ടായിരിക്കേണ്ടതാണെന്നും പറയപ്പെട്ടു. പത്തിലൊന്ന് വളരെക്കുറവാണ്. നിങ്ങൾ ഒൻപതിലൊന്ന് നൽകാൻ ശ്രമിക്കേണ്ടതാണെന്നും അല്ലാഹു നൽകിയിട്ടുള്ളവർ ഇതിലും അധികം ത്യാഗങ്ങൾ ചെയ്യേണ്ടതാണെന്നും പറയപ്പെട്ടു. ഗ്രഹിക്കുന്ന മനസ്സും ചിന്തിക്കുന്ന മസ്തിഷ്കവും നൽകിയിട്ടുള്ളവർ പടിപടിയായി തങ്ങൾ ആ ലക്ഷ്യത്തിലേക്ക് അടുപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് അറിയുന്നു. അത് കൂടാതെ സമൂഹങ്ങൾ ഒരിക്കലും ജീവിസ്സുറ്റതായിരിക്കുകയില്ലെന്നും അവർക്കറിയാം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ യഥാർഥമായ നിലയിൽ വ്യക്തമാകുമ്പോൾ കാലങ്ങൾ പിന്നിട്ട കാരണം ജീവനും സമ്പത്തും ത്യാഗം ചെയ്യുക എന്നതുകൊണ്ട് അർഥമാകുന്നത് ഒരു രൂപയ്ക്ക് ഒരു അണയോ ഒന്നര അണയോ ചന്ദ നൽകുക എന്നാണെന്നും ജീവന്റെ ത്യാഗം എന്നതുകൊണ്ട് വിവക്ഷിക്കുന്നത് ആഴ്ചയിലോ മാസത്തിലോ ഒന്ന് ഒന്നര മണിക്കൂർ സമയം നൽകുക എന്നാണെന്നും കരുതുന്നതാണ്. എന്നാൽ, ഒന്നോ ഒന്നരയോ അണ ചന്ദ നൽകേണ്ട സമയ മായിരിക്കുകയില്ല അത്. തങ്ങളുടെ സമയങ്ങളിൽനിന്നും ഒന്നോ ഒന്നരയോ മണിക്കൂർ മാത്രം സമയം നൽകേണ്ടതായിരിക്കുകയില്ല. മറിച്ച് മുഴുവൻ ധനവും മുഴുവൻ ജീവനും അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യേണ്ട സമയമായിരിക്കുമത്. ആ സമയം ഒന്നോ ഒന്നരയോ അണ ചന്ദ നൽകണമെന്ന ചോദ്യമായിരിക്കുകയില്ല. മറിച്ച്, തങ്ങളുടെ മുഴുവൻ ധനവും മുഴുവൻ സ്വത്തുക്കളും ഒരു നിമിഷംകൊണ്ട് കയ്യൊഴിക്കേണ്ട ആവശ്യമായിരിക്കുമുണ്ടാവുക. (അൽഫദ്ൽ, ഏപ്രിൽ 10, 1962. 1946-ലെ ശൂറാ പ്രഭാഷണം)

സാമ്പത്തികത്യാഗങ്ങൾ ആവശ്യമായിക്കൊണ്ടിരിക്കുന്ന മുറയ്ക്ക് ഖലീഫമാരുടെ ആഹ്വാനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. അന്നേരം നമുക്ക് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ജീവത്യാഗവും ധനത്യാഗവും ചെയ്തുകൊണ്ട് പോകേണ്ടതായി വരും.

ഇനി ഞാൻ വസിയ്യത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങൾ എന്ന വിഷയത്തെക്കുറിച്ച് അൽപം പ്രതിപാദിക്കുന്നതാണ്.

ലോകത്തിന്റെ ഭാവി ഇപ്പോൾ അഹ്മദിയ്യത്തുമായി ബന്ധിപ്പിച്ചിരിക്കുന്നുവെന്നുള്ളത് അല്ലാഹുവിന്റെ ഒരു തീരുമാനമാണ്. ലോകവ്യാപകമാകേണ്ട ഒരു വ്യവസ്ഥിതിക്ക് ആ സംവിധാനത്തെ മുന്നോട്ടു നയിക്കുന്നതിന് സമ്പൂർണവും സമഗ്രവുമായ ഒരു കർമ പദ്ധതി ആവശ്യമുണ്ട്. ആ നവലോകക്രമത്തിന്റെ പേർ വസിയ്യത്ത് വ്യവസ്ഥിതി എന്നാണ്.

ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:

"അതിനാൽ ഇക്കാലഘട്ടത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഇസ്‌ലാമിക തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും ലോകത്തുനിന്ന് എല്ലാവിധ കുഴപ്പങ്ങളും കഷ്ടതകളും ദൂരീകരിക്കുകയും ചെയ്യേണ്ടത് ഖാത്തമുൽ ഖുലഫായുടെ ഉത്തരവാദിത്വമായിരുന്നു. ഇസ്‌ലാമിക സ്കീമിന്റെ അടിസ്ഥാനപരമായ തത്ത്വം സകല മനുഷ്യരുടേയും ആവശ്യങ്ങൾ പൂർത്തീകരിക്കുക എന്നതാണ്. എ

**ലോകത്തിന് ആശ്വാസം നൽകുന്നതും ഓരോ വ്യക്തിയുടേയും ജീവിതം ഐശ്വര്യപൂർണമാക്കുന്നതും അതോടൊപ്പം ദീനിനെ സംരക്ഷിക്കുന്നതുമായ നവലോകക്രമത്തിന് 1905ൽ ഖാദിയാനിൽ അസ്തിവാരമിട്ടിരിക്കുന്നു. ഇനി ലോകത്തിന് പുതിയൊരു നവലോകക്രമത്തിന്റേയും ആവശ്യമില്ല." (മാലീ നിളാം, പേജ് 40,41)**

ന്നാൽ, ഈ ജോലി പൂർത്തിയാകുന്ന നേരത്ത് വ്യക്തിത്വപരവും കുടുംബപരവുമായ ജീവിത്തിന്റെ സൂക്ഷ്മമായ വികാരങ്ങൾ ഹനിക്കാൻ പാടില്ല. ഈ സേവനം സമ്പന്നരിൽനിന്ന് ഒരു ബലാൽക്കാരവും കൂടാതെ ഐഛ്ചികമായ എടുക്കേണ്ടതാണ്. ഈ വ്യവസ്ഥിതി ദേശീയമായിരിക്കില്ല. മറിച്ച്, അന്തർദേശീയമായിരിക്കുന്നതാണ്. അല്ലാഹുവിന്റെ ദൂതൻ ഈ പുതിയ വ്യവസ്ഥിതിക്ക് 1905ൽ സമാരംഭം കുറിച്ചു. അത് അൽവസിയ്യത്തിലൂടെയായിരിക്കുന്നു. ഇസ്‌ലാമിക ഭരണകൂടത്തിന് മുഴുലോകത്തിനും ഭക്ഷണം നൽകണമെങ്കിൽ, മുഴുലോകത്തിനും വസ്ത്രം നൽകണമെങ്കിൽ, മുഴുലോകത്തിനും പാർപ്പിടമൊരുക്കണമെങ്കിൽ, മുഴുലോകത്തും രോഗികൾക്ക് ചികിത്സാ സംവിധാനമൊരുക്കണമെങ്കിൽ, മുഴുലോകത്തുനിന്നും അജ്ഞത അകറ്റണമെങ്കിൽ, വിദ്യാഭ്യാസ സംവിധാനമൊരുക്കണമെങ്കിൽ മുൻകാലത്തെ അപേക്ഷിച്ച് ഭരണകൂടത്തിന്റെ കൈയിൽ ധാരാളം പണം ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ ഇക്കാലത്ത് യഥാർഥ സ്വർഗം പ്രാപിക്കാൻ ആഗ്രഹിക്കുന്നവർക്ക് സ്വന്തം ഇഷ്ട പ്രകാരം തങ്ങളുടെ ധനത്തിൽനിന്ന് ചുരുങ്ങിയത് പത്തിലൊന്നും പരമാവധി മൂന്നിലൊന്നുവരേയും വസിയ്യത്ത് ചെയ്യുന്ന ഒരു സംവിധാനം അല്ലാഹു ഒരുക്കിയിരിക്കുന്നുവെന്ന് അവന്റെ കല്പനപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ) വിളംബരം ചെയ്തു. ചുരുക്കത്തിൽ നവലോകക്രമത്തിന് 1910–ൽ റഷ്യയിലല്ല അടിത്തറ പാകിയത്. ഇപ്പോഴത്തെ യുദ്ധങ്ങൾക്കുശേഷം വരും വർഷങ്ങളിൽ യൂറോപ്പിലും ആയിരിക്കില്ല അതിന് അടിത്തറപാകുന്നത്. മറിച്ച് ലോകത്തിന് ആശ്വാസം നൽകുന്നതും ഓരോ വ്യക്തിയുടേയും ജീവിതം ഐശ്വര്യപൂർണമാക്കുന്നതും അതോടൊപ്പം ദീനിനെ സംരക്ഷിക്കുന്നതുമായ നവലോകക്രമത്തിന് 1905ൽ ഖാദിയാനിൽ അസ്ഥിവാരമിട്ടിരിക്കുന്നു. ഇനി ലോകത്തിന് പുതിയൊരു നവലോകക്രമത്തിന്റേയും ആവശ്യമില്ല." (മാലീ നിളാം, പേജ് 40,41)

**നിങ്ങൾ സ്വർഗം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ത്യാഗം ചെയ്യേണ്ടത് നിങ്ങൾക്ക് അനിവാര്യമാണ്. എന്നാൽ, സ്വർഗത്തിന്റെ വിലയും മൂല്യവും നിങ്ങളുടെ ഹൃദയത്തിലില്ലെങ്കിൽ നിങ്ങളുടെ ധനം നിങ്ങളുടെ പക്കൽതന്നെവെച്ചുകൊള്ളുക. നമുക്ക് നിങ്ങളുടെ പണത്തിന്റെ ആവശ്യമില്ല." (മാലീനിളാം, പേജ് 42)**

ഈ അനുഗൃഹീത വ്യവസ്ഥിതിയിൽ പങ്കാളിയാകാനുള്ള അവസരം അല്ലാഹു നമുക്ക് കനിഞ്ഞരുളിയിരിക്കുന്നുവെന്നത് നമ്മുടെ സൗഭാഗ്യമാണ്. എന്നാൽ, ഒരു ഭാഗത്ത് നമ്മൾ അല്ലാഹുവിന്റെ സന്തതികളുടെ സംഘമാണെന്ന് വാദിക്കുകയും മറുഭാഗത്ത് ഇത്തരമൊരു അനുഗൃഹീത പദ്ധതിയിൽ ഭാഗഭാക്കാതിരിക്കുകയും ചെയ്തുകൊണ്ട് സ്വന്തം അവകാശവാദത്തെത്തന്നെ വ്യർഥമാക്കുകയും ചെയ്യുന്നത് എത്രമാത്രം നിർഭാഗ്യകരമാണ്.

വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കാളിയാവുന്നതിനെ കുറിച്ച് എത്രമാത്രം നിഷ്കർഷിച്ചിട്ടുണ്ട് എന്നതിന് താഴെ ഉദ്ധരിക്കുന്ന ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഒരു ഉദ്ധരണിയിലൂടെത്തന്നെ വ്യക്തമാകുന്നതാണ്.

"ഈ വ്യവസ്ഥിതിയിൽ പങ്കാളിയാകുന്നതിലൂടെയാണ് ഒരു സത്യവിശ്വാസിയുടെ വിശ്വാസം പവിത്രീകരിക്കപ്പെടുന്നത്. അങ്ങനെ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹം കരസ്ഥമാക്കട്ടെ. കപടവിശ്വാസി മാത്രമാണ് ഈ വ്യവസ്ഥിതിയിൽനിന്ന് വിട്ടുനിൽക്കുന്നത്. ആരുടെമേലും ഒരു ബലാൽക്കാരവുമില്ല. എന്നാൽ, അതോടൊപ്പം ഇതിൽ നിങ്ങളുടെ ഈമാന്റെ പരീക്ഷണമുണ്ട് എന്നും പറഞ്ഞിരിക്കുന്നു. നിങ്ങൾ സ്വർഗം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ ത്യാഗം ചെയ്യേണ്ടത് നിങ്ങൾക്ക് അനിവാര്യമാണ്. എന്നാൽ, സ്വർഗത്തിന്റെ വിലയും മൂല്യവും നിങ്ങളുടെ ഹൃദയത്തിലില്ലെങ്കിൽ നിങ്ങളുടെ ധനം നിങ്ങളുടെ പക്കൽതന്നെവെച്ചുകൊള്ളുക. നമുക്ക് നിങ്ങളുടെ പണത്തിന്റെ ആവശ്യമില്ല." (മാലീനിളാം, പേജ് 42)

ജമാഅത്തംഗങ്ങളെ ഉപദേശിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

"വസിയ്യത്ത് വ്യവസ്ഥിതി പൂർണമാകുമ്പോൾ അത് മുഖേന തബ്‌ലീഗ് മാത്രമല്ല നടക്കുക. മറിച്ച് ഇസ്‌ലാം വിഭാവന ചെയ്യുന്ന പ്രകാരം ഓരോ മനുഷ്യന്റേയും ആവശ്യങ്ങൾ ഇതു മുഖേന പൂർത്തിയാക്കപ്പെടുന്നതാണ്. ദുഃഖവും കഷ്ടവും ഇതുമുഖേന ലോകത്തുനിന്ന് ഇല്ലായ്മ ചെയ്യപ്പെടും. യത്തീമുകൾ ഭിക്ഷ യാചിക്കുകയില്ല. വിധവകൾ ജനങ്ങളുടെ മുന്നിൽ കൈനീട്ടുകയില്ല. ഗതിയില്ലാതെ പൊറുതിമുട്ടി അലയേണ്ടിവരില്ല. എന്തുകൊണ്ടെന്നാൽ വസിയ്യത്ത് കുട്ടികളുടെ മാതാവായിരിക്കും. യുവാക്കളുടെ പിതാവായിരിക്കും. സ്ത്രീകളുടെ ഭർത്താവയിരിക്കും. ഒരു ബലാൽക്കാരവും കൂടാതെ സ്നേഹത്തോടും ആത്മസംതൃപ്തിയോടുംകൂടി ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്. അവർ നൽകുന്നതിന് പ്രതിഫലം ലഭിക്കാതെ പോവുകയില്ല. മറിച്ച് നൽകുന്നവർക്ക് അല്ലാഹുവിന്റെ പക്കൽനിന്ന് ഉത്തമ പ്രതിഫലം ലഭിക്കുന്നതാണ്. ധനികർ നഷ്ടത്തിലാവുകയില്ല; ദരിദ്രരും. സമൂഹങ്ങൾ തമ്മിലുള്ള കലഹമുണ്ടാവുകയില്ല. മറിച്ച് ഇതിന്റെ ഔദാര്യം ലോകം മുഴുവൻ വ്യാപിക്കുന്നതാണ്. അതിനാൽ നിങ്ങൾ പെട്ടെന്നുതന്നെ വസിയ്യത്ത് ചെയ്യുക; പെട്ടെന്നുതന്നെ നവലോകക്രമം പടുത്തുയർത്തുന്നതിന് നാലുഭാഗത്തുനിന്നും ഇസ്‌ലാം അഹ്മദിയ്യത്തിന്റെ പതാക പാറിപ്പറക്കുന്ന ആ അനുഗൃഹീത സുദിനം വന്നെത്തുന്നതിനു വേണ്ടി! അതോടൊപ്പം വസിയ്യത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ച എല്ലാ സ്നേഹിതർക്കും ഞാൻ മംഗളം നേരുകയാണ്. ഇതുവരെ ഈ വ്യവസ്ഥിതിയിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് അല്ലാഹു ഇതിനുള്ള സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ–ചെയ്യട്ടെയെന്നും അവരും ഇതിൽ പങ്കാളികളായിക്കൊണ്ട് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളാൽ സമ്പുഷ്ടരാവുകയും ചെയ്യുന്നതിന് ഞാൻ ദുആ ചെയ്യുന്നു." (മാലീ നിളാം, പേജ് 42)

**ദുഃഖവും കഷ്ടവും ഇതുമുഖേന ലോകത്തുനിന്ന് ഇല്ലായ്മ ചെയ്യപ്പെടും. യത്തീമുകൾ ഭിക്ഷ യാചിക്കുകയില്ല. വിധവകൾ ജനങ്ങളുടെ മുന്നിൽ കൈനീട്ടുകയില്ല. ഗതിയില്ലാതെ പൊറുതിമുട്ടി അലയേണ്ടിവരില്ല. എന്തുകൊണ്ടെന്നാൽ വസിയ്യത്ത് കുട്ടികളുടെ മാതാവായിരിക്കും. യുവാക്കളുടെ പിതാവായിരിക്കും. സ്ത്രീകളുടെ ഭർത്താവായിരിക്കും. ഒരു ബലാൽക്കാരവും കൂടാതെ സ്നേഹത്തോടും ആത്മസംതൃപ്തിയോടുംകൂടി ഇതുമുഖേന സഹോദരൻ സഹോദരനെ സഹായിക്കുന്നതാണ്.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഇത് കേവലം വിദൂര സ്വപ്നമാണെന്ന് കരുതേണ്ട. ആകാശഭൂമിയുടെ ചക്രവർത്തിയായ ദൈവത്തിന്റെ നിശ്ചയമാണിത്."

ശക്തമായ ഈ വാക്കുകളിൽനിന്ന് വസിയ്യത്ത് വ്യവസ്ഥിതിയുടെ മഹത്ത്വവും പ്രതാപവും നമുക്ക് ബോധ്യമാവുന്നതാണ്. ഈ പാവന വ്യവസ്ഥിതിക്ക് അസ്തിവാരമിടുമ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തൂലികയിലൂടെ നിർഗളിച്ച വാക്കുകൾക്ക് ഇന്ന് 113 വർഷം പൂർത്തിയാകുമ്പോൾ വിശിഷ്യാ അഞ്ചാം ഖിലാഫത്തിന്റെ ഈ അനുഗൃഹീത കാലഘട്ടത്തിൽ വസിയ്യത്ത് വ്യവസ്ഥിതിയുടെ ഈ ആഗോള വ്യാപനം കാണുമ്പോൾ ഹൃദയം അല്ലാഹുവിനോടുള്ള സ്തുതിയാൽ നിർഭരമാകുന്നതാണ്. മഹത്തായ ഈ വസിയ്യത്ത് വ്യവസ്ഥിതിക്ക് അസ്തിവാരമിട്ട ഭാരതവാസികളായ നമ്മൾ എത്രകണ്ട് നമ്മുടെ പ്രതിജ്ഞകളെ നിറവേറ്റിയിട്ടുണ്ടെന്നും കാലത്തിന്റെ ഖലീഫയുടെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് ഈ പ്രവചനപൂർത്തീകരണത്തിന്റെ ഭാഗമായിട്ടുണ്ടെന്നും ആത്മപരിശോധന നടത്തേണ്ടതായിട്ടുണ്ട്.

മസീഹ് മൗഊദ്(അ) തുടർന്നു പറയുന്നു:

"ഈ വസിയ്യത്ത് എഴുതുന്നതിൽ ആരുടെ ധനമാണോ സ്ഥിരമായി സഹായകമാകുന്നത് അവരുടെ പ്രതിഫലവും സ്ഥായിയായിരിക്കും. നിലനിൽക്കുന്ന നന്മയായി അത് ഭവിക്കുന്നതാണ്. വസിയ്യത്ത് വ്യവസ്ഥിതിക്ക് നൂറുവർഷം തികയുന്ന അവസരത്തിൽ നമ്മുടെ പ്രിയപ്പെട്ട ഹുദൂർ തിരുമനസ്സ് 2005 ൽ വസിയ്യത്ത് വ്യവസ്ഥിതിയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നടത്തിയ ആഗ്രഹപ്രകടനത്തിലേക്ക് ഞാൻ ഈ അവസരത്തിൽ നി ങ്ങളുടെ ശ്രദ്ധ തിരിക്കാൻ ആഗ്രഹിക്കുകയാണ്. ഹുദൂർ പറയുന്നു: "ഈ വ്യവസ്ഥിതിയിൽ പൂർണ ഊർജ്ജസ്വലതയോടുകൂടി പങ്കാളികളാവുക. സ്വയം ഇതിൽ പങ്കാളിയായവർ തങ്ങളുടെ ഭാര്യാമക്കളേയും മറ്റു ബന്ധുക്കളേയും ഇതിൽ ഉൾപ്പെടുത്താൻ ശ്രമിക്കുക. അല്ലാഹുവിന്റെ മസീഹിന്റെ ആഹ്വാനത്തിന് ലബ്ബയ്ക്ക് പറഞ്ഞുകൊണ്ട് ത്യാഗത്തിന്റെ ഉന്നത നിലവാരം കാഴ്ചവെക്കുക. അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി ഇന്നത്തേക്ക് 100 വർഷം പൂർത്തിയാകുന്ന വേളയിൽ

## ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:
## "ഇത് കേവലം വിദൂര സ്വപ്നമാണെന്ന് കരുതേണ്ട. ആകാശഭൂമിയുടെ ചക്രവർത്തിയായ ദൈവത്തിന്റെ നിശ്ചയമാണിത്."

ലോകത്തെ ഓരോ രാജ്യത്തിലേയും ഓരോ ജമാഅത്തിലേയും വരുമാനമുള്ളവരിൽനിന്ന്, ചന്ദ കൊടുക്കുന്നവരിൽനിന്ന് ചുരുങ്ങിയത് 50%മെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ മഹത്തായ വ്യവസ്ഥിതിയിൽ ഉൾപ്പെട്ടിരിക്കണമെന്ന് മുമ്പേയും ഒരവസരത്തിൽ പ്രകടിപ്പിച്ചിട്ടുള്ള എന്റെ ആഗ്രഹം ഞാൻ പ്രകടിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് ജമാഅത്തംഗങ്ങളുടെ ഭാഗത്തുനിന്ന് അല്ലാഹുവിന്റെ സന്നിധിയിൽ ഒരു നിസാരമായ കാണിക്കയായിരിക്കും.

തുടർന്നു പറയുന്നു: 'വസിയ്യത്ത് വ്യവസ്ഥിതിക്ക് ഖിലാഫത്ത് വ്യവസ്ഥിതിയു മായി അഗാധമായ ഒരു ബന്ധമുണ്ട്. എന്തുകൊണ്ടെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ വഫാത്തിനെക്കുറിച്ചുള്ള വാർത്തകൾക്കിടയിൽ ഒരുഭാഗത്ത് ജമാഅത്തിന്റെ തർബിയ്യത്തിനെക്കുറിച്ചുള്ള ആശങ്കയുണ്ടാവുകയാൽ അദ്ദേഹം സാമ്പത്തികത്യാഗത്തിന്റെ വ്യവസ്ഥിതി നടപ്പിലാക്കിയപ്പോൾതന്നെ തന്റെ മരണവാർത്തയിൽ ദുഃഖാർത്തരാകരുതെന്നും അല്ലാഹു ഈ പ്രസ്ഥാനത്തെ വ്യർഥാവിലാക്കുകയില്ലെന്നും മറിത്ത് രണ്ടാം ശക്തിപ്രഭാവത്തിന്റെ കരങ്ങൾ എല്ലാവരേയും താങ്ങിനിറുത്തുമെന്നുമുള്ള സുവാർത്തയും ജമാഅത്തിന് നൽകുകയുണ്ടായി. അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ ഖിലാഫത്ത് വ്യവസ്ഥിതിയെക്കുറിച്ച് പ്രവചനം ചെയ്തത് ഈ രണ്ട് വ്യവസ്ഥിതികളും തമ്മിൽ അഗാധമായ ഒരു ബന്ധമുണ്ട് എന്നാണ് തെളിയിക്കുന്നത്. എപ്രകാരം വസിയ്യത്ത് വ്യവസ്ഥിതിയിൽ പങ്കാളികളായിക്കൊണ്ട് മനുഷ്യന് തഖ്‌വയുടെ ഉന്നതനിലവാരം തങ്ങളിൽ ഉണ്ടാക്കിയെടുക്കുവാൻ സാധിക്കുമോ അതേപ്രകാരം അഹ്മദിയ്യാ ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ നുകം തങ്ങളുടെ കഴുത്തുകളിൽ വെക്കുന്നതുമൂലം അവരുടെ ആത്മീയജീവിതത്തിന്റെ നിലനിൽപ് സംഭാവ്യമായിത്തീരുകയും ചെയ്യുന്നു. സാമ്പത്തികത്യാഗത്തിന്റെ വ്യവസ്ഥിതിയും ഖിലാഫത്തന്റെ അനുഗൃഹീത തണലിൽ മാത്രമേ സുദൃഢമാവുകയുള്ളൂ. അതുകൊണ്ട് ഖിലാഫത്ത് നിലനിൽക്കുവോളം ജമാഅത്തിന്റെ സാമ്പത്തികത്യാഗങ്ങളുടെ നിലവാരവും ഉയർന്നുകൊണ്ടിരിക്കുന്നതാണ്. ദീനും അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നതാണ്. അല്ലാഹു നിങ്ങളെ ഈ രണ്ട് വ്യവസ്ഥിതിയുമായി ബന്ധിപ്പിച്ചുനിറുത്തട്ടെ എന്ന് ഞാൻ ദുആ ചെയ്യുകയാണ്. ഈ വസിയ്യത്ത് പദ്ധതിയിൽ ഇതുവരെ ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് ഇതിൽ പങ്കാളിയായിക്കൊണ്ട് ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങളാൽ സമ്പുഷ്ടമാകാനുള്ള സൗഭാഗ്യവും അല്ലാഹു പ്രദാനം ചെയ്യുമാറാകട്ടെ. ഓരോ അഹ്മദിയും എപ്പോഴും ഖിലാഫത്ത് വ്യവസ്ഥിതിയുമായി ആത്മാർഥതയുടേയും കൂറിന്റേയും ബന്ധം നിലനിറുത്താനും ഖിലാഫത്തിന്റെ നിലനിൽപ്പിന് എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കാനും തങ്ങളുടെ സകല മാന അഭിവൃദ്ധിക്കും ഖിലാഫത്തിന്റെ പാശത്തെ മുറുകെപിടിക്കാനും അല്ലാഹു സഹായിക്കുമാറാകട്ടെ. അല്ലാഹു ഓരോ അഹ്മദിക്കും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കാനും അത് പൂർത്തിയാക്കാനുമുള്ള സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ! സകലരേയും തന്റെ പ്രീതിയുടെ മാർഗത്തിൽ ചരിപ്പിച്ചുകൊണ്ട് നമ്മുടെ എല്ലാവരുടേയും പര്യവസാനം ഉത്തമമാക്കിത്തീർക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ. (അൽഫള്ൽ, 29 ജൂലൈ–ആഗസ്ത് 2005)

ഈ വ്യവസ്ഥിതിയിൽ പങ്കാളിയാവുന്നതുകൊണ്ടുള്ള അനുഗ്രഹങ്ങളെക്കുറിച്ച് വളരെ ചുരുങ്ങിയ വാക്കുകളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത് "സ്വർഗീയ ജീവിതം നേടുമെന്നാണ്." ഈ വാക്കുകൾ അന്ത്യനാളിൽ നൽകപ്പെടുമെന്ന വാഗ്ദാനവും ഇടപാടുമല്ല. മറിച്ച്, ഈ വ്യവസ്ഥിതിയിൽ പങ്കാളികളായിക്കൊണ്ട് ഈ ലോകത്തുതന്നെ താമസംവിനാ സ്വർഗീയജീവിതം അവർക്ക് ലഭ്യമാകുമെന്നാണ്. ആർക്കെങ്കിലും ഈ ലോകത്ത് സ്വർഗത്തിന്റെ മാധുര്യം നുകരാൻ സാധിച്ചില്ലെങ്കിൽ അവർക്ക് പരലോകത്തും ഈ അനുഗ്രഹത്തിൽനിന്ന് ഒന്നും ലഭിക്കാത്തവരായി മാറുമെന്നാണ് ഖുർആൻ നമ്മളോട് പറയുന്നത്. ഇതെല്ലാം അറിഞ്ഞിട്ടും ഈ ലോകത്തുതന്നെ സ്വർഗീയജീവിതം നേടാൻ ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടാവുമോ? ഈ അനുഗ്രഹത്തിൽനിന്ന് തിരസ്കൃതനാവാൻ ഏത് ഹതഭാഗ്യനാണ് ഇഷ്ടപ്പെടുക. അല്ലാഹു ആരേയും അങ്ങനെ ആക്കാതിരിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) സംഭാവ്യമായ രീതിയിൽ വസിയ്യത്ത് വ്യവസ്ഥിതിയുടെ അനുഗ്രഹങ്ങളും പ്രാധാന്യവും വ്യക്തമാക്കിയതോടൊപ്പം ഇതിൽ പങ്കാളികളാകാൻ നിർദേശിച്ചുകൊണ്ട് ഉപദേശിക്കാനുള്ള തന്റെ കർത്തവ്യം പൂർണമായും പൂർത്തീകരിക്കുകയും ചെയ്തു. അദ്ദേഹം അങ്ങേയറ്റം വേദനയോടും സഹതാപത്തോടും ഇതെല്ലാം വിവരിക്കുകയുണ്ടായി. അൽവസിയ്യത്ത് എന്ന ഗ്രന്ഥം താഴെ പറയുംവിധം വാക്കുകളാൽ ഉപസംഹരിക്കുകയുണ്ടായി:

"ലോകത്തെ സ്നേഹിച്ചുകൊണ്ട് എന്റെ കല്പനയെ തിരസ്കരിക്കുന്നവർ ഒരുപാടുണ്ടാകും. എന്നാൽ, വളരെ പെട്ടെന്ന് ലോകത്തുനിന്ന് അവർ വേർപ്പെടുത്തപ്പെടുന്നതാണ്. അങ്ങനെ അവസാന നേരത്ത് *ഹാദാ മാ വഅദർറഹ്മാനു വ സ്വദഖൽ മുർസലൂൻ* എന്ന് പറയുന്നതാണ്. *വസ്സലാമു അലാ മനിത്തബഅൽ ഹുദാ"*

കാലത്തിന്റെ ഇമാമിന്റെ കൈയിൽ ബയ്അത്തിന്റെ പ്രതിജ്ഞ ചെയ്തിട്ടുകൂടി ഈ ശക്തമായ കല്പനയെ തിരസ്കരിക്കുന്നവരെക്കുറിച്ച് എത്ര വേദനയും ദുഃഖവുമാണ് അദ്ദേഹം പ്രകടിപ്പിച്ചിരിക്കുന്നത്. അല്ലാഹു ഒരഹ്മദിയേയും അത്തരം ഹതഭാഗ്യരാക്കാതിരിക്കട്ടെ!

അല്ലാഹു നമുക്കേവർക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ മനസ്സിലാക്കിക്കൊണ്ട് ഈ അനുഗൃഹീത വസിയ്യത്ത് പദ്ധതിയിൽ പങ്കാളിയാവാനുള്ള സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

വസിയ്യത്ത് വ്യവസ്ഥിതിയുമായി ബന്ധപ്പെട്ട് സ്ഥാപിതമായ ബിഹിശ്തി മഖ്ബറക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) മൂന്ന് തവണ ജ്ഞാനപൂർണവും വേദനാനിർഭരവുമായ ദുആകൾ ചെയ്തിട്ടുണ്ട്. അതിപ്രകാരമാണ്:

"ഞാൻ ദുആ ചെയ്യുകയാണ്. അല്ലാഹു ഇതിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഇതിനെ സ്വർഗീയ ശ്മശാനമാക്കുമാറാകട്ടെ. ഇത് യഥാർഥത്തിൽ ദീനിന് ദുൻയാവിനെക്കാളും മുന്തിക്കലാണ്. ലൗകിക സ്നേഹം പരിത്യജിക്കുകയും അല്ലാഹുവിന്റേതായിത്തീരുകയും തങ്ങളുടെ അന്തരങ്ങളിൽ പരിശുദ്ധ പരിവർത്തനം ഉണ്ടാക്കുകയും നബി(സ)തിരുമേനിയുടെ സ്വഹാബാക്കളെപ്പോലെ കൂറിലും സത്യസന്ധതയിലും മാതൃക കാണിക്കുകയും ചെയ്യുന്ന ഈ ജമാഅത്തിലെ പരിശുദ്ധഹൃദയത്തിന് ഉടമകളായവരുടെ അന്ത്യവിശ്രമ കേന്ദ്രമാക്കട്ടെ. ആമീൻ. യാ റബ്ബൽ ആലമീൻ.

"ഞാൻ വീണ്ടും ദുആ ചെയ്യുകയാണ്. സർവ്വശക്തനായ അല്ലാഹുവേ, ഈ സ്ഥലം യഥാർഥത്തിൽ നിന്റേതായിത്തീരുകയും തങ്ങളുടെ പ്രവർത്തനങ്ങളിൽ ലൗകിക താൽപര്യങ്ങൾ കലർന്നിട്ടില്ലാത്ത എന്റെ ജമാഅത്തിൽനിന്നുള്ള പരിശുദ്ധാത്മാക്കളുടെ ഖബറുകളായിത്തീരുകയും ചെയ്യേണമേ. ആമീൻ. യാ റബ്ബിൽ ആലമീൻ.

"ഇനി മൂന്നാമതും ഞാൻ ദുആ ചെയ്യുകയാണ്. സർവ്വശക്തനും ദയാലുവും പൊറുക്കുന്നവനും കരുണാമയനുമായ എന്റെ നാഥാ! നിന്റെ ഈ ദൂതനിൽ സത്യമായി വിശ്വസിക്കുകയും ഒരുവിധ കപടതയും ശരീരേച്ഛകളും ദുർഭാവനയും തങ്ങളുടെ ഉള്ളിൽ വെച്ചുപുലർത്താതിരിക്കുകയും വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും കർത്തവ്യങ്ങൾ യഥാവിധി നിർവ്വഹിക്കുകയും നിനക്ക് വേണ്ടിയും നിന്റെ മാർഗത്തിൽ നീ തൃപ്തിപ്പെട്ടവിധം ജീവത്യാഗം വരിക്കുകയും അതിനുപുറമെ പരിപൂർണമായും നിന്റെ സ്നേഹത്തിൽ ഉന്മത്തരാണെന്നും നിന്റെ ദൂതനുമായി കൂറോടും ആദരവോടും തെളിഞ്ഞ വിശ്വാസത്തോടും കൂടി സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യുന്നവരാണെന്നും നീ അറിയുന്നവർക്കുവേണ്ടി മാത്രം ഇവിടെ ഖബറുകൾക്കുള്ള സ്ഥലം നൽകുകയും ചെയ്യേണമേ. ആമീൻ. യാ റബ്ബൽ ആലമീൻ." (അൽവസിയ്യത്ത്, പേജ് 17–19)

അല്ലാഹു നമുക്കേവർക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉയർന്ന പ്രതീക്ഷകൾക്കൊത്ത് വിശ്വാസത്തിന്റേയും അനുസരണത്തിന്റേയും ഉന്നത നിലവാരം കാഴ്ചവെക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. തദ്വാരനാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ യഥാർഥ അവകാശികളാകുമാറാകട്ടെ. ആമീൻ.

...........★...........★...........★...........

2018 ജൽസാ സാലാന ഖാദിയാൻ പ്രസംഗത്തിൽ നിന്ന്

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം കാലത്തിന്റെ ആവശ്യകതയുടേയും ദൈവസഹായത്തിന്റേയും വെളിച്ചത്തിൽ

മൻസ്വൂർ അഹ്മദ് മസ്റൂർ (എഡിറ്റർ ബദ്ർ വീക്കിലി ഖാദിയാൻ)

മൊഴിമാറ്റം: ശബീൽ അഹ്മദ് പഴയങ്ങാടി

പതിനാലാം നൂറ്റാണ്ടിന്റെ കാലഘട്ടം ഇസ്ലാമിന് എത്രത്തോളം അപകടവും ദുർഘടവും നിറഞ്ഞ കാലഘട്ടമായിരുന്നെന്നാൽ തത്തുല്യമായ ഒരു സ്ഥിതിവിശേഷം പൂർവകാലത്തെങ്ങും കാണപ്പെടുകയില്ല. രണ്ടുവിധത്തിൽ ഇസ്ലാമിന് കഠിനമായ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. ഒന്ന് ആന്തരികമായിട്ടുള്ളതാണ്. അതിൽ മുസ്ലിംകൾ പരിപൂർണമായും ഇസ്ലാമിൽനിന്ന് ദൂരപ്പെട്ടിട്ടുണ്ടായിരുന്നു. രണ്ടാമത്തേത് പുറത്തുനിന്ന് ഇസ്ലാമിന്റെമേലുണ്ടായ മറ്റു മതങ്ങളുടെ ശക്തിമത്തായ ആക്രമണമായിരുന്നു. മുസ്ലിംകളുടെ ആന്തരികമായ ദുർഗതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവരുടെ വിശ്വാസപരവും കർമപരവുമായ അവസ്ഥ അങ്ങേയറ്റം നാശമായിരുന്നു. നോമ്പ്, ഹജ്ജ്, സക്കാത്ത് മുതലായവയുമായി അവർക്ക് വിദൂരബന്ധം പോലുമുണ്ടായിരുന്നില്ല. വിശുദ്ധഖുർആൻ പാഴ്വസ്തുപോലെ പിൻപുറം തള്ളപ്പെട്ടു. ലക്ഷക്കണക്കിനാളുകൾ കലിമ പോലും അറിയാത്തവരായിത്തീർന്നു. വിശ്വാസത്തിന്റെ സ്ഥിതി ഇതായിരുന്നു. അല്ലാഹുവിലും അവന്റെ ദൂതന്മാരിലും മലക്കുകളിലും, വിശുദ്ധഖുർആനെ സംബന്ധിച്ചും അവർക്കിടയിലുണ്ടായ വിശ്വാസം നിമിത്തം ഇസ്ലാമിന് പ്രതിസന്ധിയുണ്ടാക്കിത്തീർത്തു. മുസ്ലിം പണ്ഡിതന്മാർ ഇസ്ലാമിന്റെ കടവേരറുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പൊതുജനങ്ങളാവട്ടെ വന്യജീവികളെപോലെയായിത്തീർന്നു. ധനാഢ്യന്മാർ സുഖലോലുപജീവിതത്തിൽ മുഴുകി. നീതി നടത്തേണ്ടവർ വഞ്ചകരായിത്തീർന്നു. മുസ്ലിംകളുടെ പ്രത്യേകതയായിരുന്ന സ്പഷ്ടമായ ധാർമികഗുണങ്ങൾ അവരിൽനിന്നും ഇന്ന് അങ്ങേയറ്റം വിദൂരത്തായിത്തീർന്നിരിക്കുന്നു. ഇസ്ലാമിന്റെ ഏതെല്ലാം കാര്യങ്ങളാണ് ജനങ്ങൾ ഉപേക്ഷിച്ചതെന്നുപോലും ഇന്ന് ചർച്ചചെയ്യപ്പെടുന്നില്ല. മറിച്ച്, ഇന്നത്തെ മുസ്ലിംകളിൽ ഇസ്ലാമിന്റെ വല്ലതും അവശേഷിക്കുന്നുണ്ടോ എന്ന ചോദ്യമാണ് കേൾക്കുന്നത്. ഇനി നമ്മൾ ഇസ്ലാമിന്റെ പുറത്തുനിന്ന് ഇസ്ലാമിനുമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ എടുക്കുകയാണെങ്കിൽ നാനാഭാഗത്തുനിന്നും ഇസ്ലാം ആക്ഷേപങ്ങൾക്ക് കുറിമാനമാക്കപ്പെടുകയാണ്. ലക്ഷക്കണക്കായ ആരോപങ്ങൾ ഇസ്ലാമിന്റെമേൽ ഉന്നയിക്കപ്പെടുന്നു. അതിനുവേണ്ടി കോടിക്കണക്കായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ഒരുഭാഗത്ത് മുസ്ലിം രാജ്യങ്ങൾ പരസ്പരം കലഹിച്ചുകൊണ്ടിരിക്കുമ്പോൾ മറുഭാഗത്ത് എല്ലാവിധമായ ആഭ്യന്തരകുഴപ്പങ്ങളും നാശങ്ങളും വിതച്ചുകൊണ്ടിരിക്കുന്നു. പൊതുജനങ്ങൾ ഭരണകൂടത്തിന്റെയും ഭരണകൂടം പൊതുജനങ്ങളുടെയും രക്തത്തിന് വേണ്ടി ദാഹിച്ചുകൊണ്ടിരിക്കുന്നു.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "ഓ സത്യാന്വേഷികളെ! ചിന്തിച്ചുനോക്കുവിൻ. ഇസ്ലാമിന് അനുഗുണമായി ദൈവികസഹായം അനിവാര്യമായി വന്ന സമയമല്ലേ ഇത്. ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് ഇസ്ലാമിനെ വലയം ചെയ്തിരിക്കുന്നതെന്ന് നിങ്ങൾ അറിഞ്ഞുകഴിഞ്ഞില്ലേ. എത്രയെത്ര ആളുകളാണ് ഇസ്ലാമിൽനിന്ന് പുറത്തുപോയത്. എത്രമാത്രം ആളുകളാണ് ക്രിസ്ത്യാനികളിൽ ചെന്ന്ചേർന്നത്. എത്രമാത്രം ആളുകൾ നാസ്തികരും പ്രകൃതിവാദികളുമായി മാറി. ശിർക്കും നൂതനചിന്താഗതികളും തൗഹീദിന്റേയും സുന്നത്തിന്റേയും സ്ഥാനം അടക്കിവാഴുന്നു. ഇസ്ലാമിനെ ഖണ്ഡിച്ചുകൊണ്ട് എത്രയെത്ര ഗ്രന്ഥങ്ങളാണ് രചിക്കപ്പെടുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളത്. അതിനാൽ നിങ്ങൾ ചിന്തിച്ചശേഷം മറുപടി പറയുക. ഈ നൂറ്റാണ്ടിൽ ഇസ്ലാമിന്റേമേൽ പുറത്തുനിന്നുണ്ടാകുന്ന ആക്രമണങ്ങളെ പ്രതിരോധിക്കാൻ അല്ലാഹുവിൽനിന്ന് ഒരു വ്യക്തി ആഗതനാവേണ്ടത് അനിവാര്യമായിരുന്നില്ലേ? അൽപം ശിരസ്സുയർത്തിനോക്കുവിൻ. ഇസ്ലാമിനെ ഏതെല്ലാം തരത്തിലുള്ള വിപത്തുകളാണ് വളഞ്ഞുവെച്ചിരിക്കുന്നത്. നാനാഭാഗത്തുനിന്നും ശത്രുപക്ഷത്തുനിന്നുള്ള ശരങ്ങൾ ഇസ്ലാമിനെതിരിൽ തൊടുത്തുകൊണ്ടിരിക്കുന്നു. കോടിക്കണക്കായ എത്ര ആത്മാക്കളെയാണ് ഈ വിഷം ബാധിച്ചിട്ടുള്ളത്. വൈജ്ഞാനികവും ബുദ്ധിപരവും തത്ത്വജ്ഞാനപരവുമായ കൊടുങ്കാറ്റുകളും കുതന്ത്രങ്ങളുടെ കൊടുങ്കാറ്റും ആഞ്ഞടിച്ചുകഴിഞ്ഞു. കുത്സിതപദ്ധതികളുടെയും ആജ്ഞാലംഘനത്തിന്റെയും അരാചകത്വത്തിന്റെയും പ്രലോഭനങ്ങളുടെയും അത്യാഗ്രഹങ്ങളുടേയും കോളിളക്കങ്ങൾ അടിച്ചുയരുന്നു. നാസ്തികതയുടെയും നിരീശ്വരവാദത്തിന്റെയും സൃഷ്ടിപൂജയുടെയും നൂതനവാദത്തിന്റെയും പ്രളയം സർവതലങ്ങളിലും ബാധിച്ചുകഴിഞ്ഞു. ഇത്തരത്തിലുള്ള കൊടുങ്കാറ്റുകളിലേക്ക് അൽപം ദൃഷ്ടി തുറന്നുനോക്കുവിൻ. നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ ഇത്തരം കോളിളക്കങ്ങളുടെ ഒരുദാഹരണം കഴിഞ്ഞകാലങ്ങളിൽ ഏതെങ്കിലുമൊരു കാലത്ത് എടുത്ത് കാണിക്കാൻ സാധിക്കുമോ?" (ആയിനയെ കമാലാത്തെ ഇസ്ലാം, പേജ്. 252)

ഇത്രയും ശക്തിമത്തായ ആവശ്യം നേരിട്ടുകൊണ്ടിരിക്കുന്ന ഇത്തരമൊരു കാലഘട്ടത്തിൽ മുഹമ്മദ് നബി(സ)യുടെ സുവാർത്തകൾ പഠിച്ച് മുസ്ലിംകളുടെ മാർഗദർശനത്തിനുവേണ്ടി അവരെ സൽപന്ഥാവിലൂടെ നയിക്കുന്നതിന് മഹ്ദി മസീഹിന്റെ ആവിർഭാവം അനിവാര്യമായിരുന്നു. നബി(സ)തിരുമേനിയുടെ സുവാർത്ത ഇപ്രകാരമായിരുന്നു: പ്രിയമുസ്ലിംകളേ, ഇബ്നു മർയം നിങ്ങളിൽ ഇറങ്ങുന്നകാലം നിങ്ങളുടെ സന്തോഷകാലമായിരിക്കും. അദ്ദേഹം മുഖേന ഇസ്ലാമിനുണ്ടാകുന്ന സാർവ്വലൗകിക വിജയത്തെക്കുറിച്ചുള്ള സുവിശേഷം നബി(സ) തിരുമേനി തന്റെ ഉമ്മത്തിന് നൽകി. എല്ലാ പുണ്യാത്മാക്കളും ഐകകണ്ഠ്യേന വാഗ്ദത്ത മസീഹ് പതിനാലാം നൂറ്റാണ്ടിൽ ആഗതനാകുമെന്ന് ഉൽഘോഷിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ദൂതരുടെ പ്രവചനവും സമുദായനേതാക്കളുടെ ദിവ്യദർശനങ്ങളുമനുസരിച്ച് കൃത്യസമയത്ത് പതിനാലാം നൂറ്റാണ്ടിൽതന്നെ അത് സംഭവിച്ചു. കൃത്യമായ ആവശ്യമുള്ള സമയത്തുതന്നെ അല്ലാഹു മുഹമ്മദിയ്യാ ഉമ്മത്തിനുമേൽ അങ്ങേയറ്റം കരുണചെയ്തുകൊണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ)യെ വാഗ്ദത്ത മഹ്ദി ഇമാമും മസീഹുമായി നിയോഗിക്കുകയുണ്ടായി. അദ്ദേഹം പറയുന്നു: "ഇസ്ലാമിക വിശ്വാസങ്ങൾ ഭിന്നാഭിപ്രായങ്ങൾകൊണ്ട് നിറഞ്ഞുകിടന്നിരുന്ന അവസരത്തിലാണ് ഞാൻ നിയോഗിതനായിരിക്കുന്നത്. ഒരു വിശ്വാസവും തർക്കവിമുക്തമല്ലായിരുന്നു. ഞാൻ എന്റെ സത്യതയിലേക്ക് മറ്റേതെങ്കിലും തെളിവ് കാണിക്കേണ്ടതുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, കാലത്തിന്റെ ആവശ്യം തന്നെ സ്വയം തെളിവായിരിക്കുകയത്രെ." (ഉറൂറത്തുൽ ഇമാം, പേജ് 495)

"ഭൂമിയിൽ അധിവസിക്കുന്ന മുഴുവനാളുകൾക്കും വേണ്ടിയാണ് ഞാൻ നിയുക്തനായിട്ടുള്ളത്. അത് ഏഷ്യയിലുള്ളവരാകട്ടെ, യൂറോപ്പിലുള്ളവരാകട്ടെ, അതല്ല അമേരിക്കയിലുള്ളവരാകട്ടെ." (തിർയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ, വാല്യം 15, പേജ് 515)

'ഈ കാലഘട്ടത്തിലുള്ള ജനങ്ങളെ എന്നിലേക്ക് വിളിക്കുക മാത്രമല്ല ഞാൻ ചെയ്യുന്നത്, മറിച്ച് കാലഘട്ടം തന്നെയാണ് എന്നെ വിളിച്ചത്. നിങ്ങൾ സത്യവിശ്വാസമുള്ളവരാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷാപൂർവ്വം കാത്തുകാത്തിരുന്നശേഷം അപ്രത്യക്ഷമായോ എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി അതിനെ വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി. മനുഷ്യനെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രസ്താവിക്കുന്നതു നിറുത്തിവെക്കുവാൻ എനിക്കാവുകയില്ല.' (ഫത്ഹെ ഇസ്ലാം, റൂഹാനീ ഖസാഇൻ, വാല്യം 3. പേജ് 8)

ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവസഹായത്തിന്റെ ചില കാര്യങ്ങളെ കുറിച്ചാണ് ഞാൻ ഇനി പറയുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഏകദേശം നാൽപത് വയസ്സ് പ്രായമായപ്പോൾ അല്ലാഹു അദ്ദേഹത്തെ ദിവ്യബോധനത്തിലൂടെ *അലയ്സല്ലാഹുബികാഫിൻ അബ്ദഹു* എന്ന വെളിപാടറിയിച്ചു. ദൈവികപിന്തുണയുടെയും സഹായത്തിന്റെയും ആദ്യ ദിവ്യബോധനമായിരുന്നു ഇത്. ഇതിനുശേഷം അടിക്കടി അല്ലാഹു പിന്തുണച്ചുകൊണ്ടും സഹായിച്ചുകൊണ്ടുമുള്ള ദിവ്യബോധനങ്ങളും വിജയത്തേയും മുന്നേറ്റത്തെയും കുറിച്ചുള്ള വാ

ഗ്ദാനങ്ങളും അദ്ദേഹത്തിന് നൽകിക്കൊണ്ടിരുന്നു. പിന്നീട് ജീവിതകാലം മുഴുവനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അവന്റെ മഹത്തായ പിന്തുണയും സഹായവും ലഭിച്ചുകൊണ്ടേയിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച അല്ലാഹുവിന്റെ അതിമഹത്തായ ഒരു സഹായത്തെക്കുറിച്ച് വിവരിക്കാം. അതാണ് സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം. സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനി പ്രവചിച്ചിട്ടുണ്ടായിരുന്നു. നമ്മുടെ സത്യവാനായ മഹ്ദി വാദമുന്നയിക്കുമ്പോൾ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് രേഖയായി അല്ലാഹു സൂര്യനും ചന്ദ്രനും ഗ്രഹണമുണ്ടാക്കുന്ന ദൃഷ്ടാന്തം ആകാശലോകത്ത് വെളിപ്പെടുത്തും. അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചതുമുതൽ ഇന്നേവരെ ഒരു പ്രവാചകവാദിക്കും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിന് ഉണ്ടാക്കിയിട്ടില്ലാത്ത ദൃഷ്ടാന്തമായിരിക്കും ആ സൂര്യചന്ദ്രഗ്രഹണം. ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതതിയതികളിൽ ആദ്യരാത്രിയിലും, സൂര്യന് ഗ്രഹണം ബാധിക്കുന്ന നിശ്ചിതദിനങ്ങളിൽ മധ്യദിനത്തിലുമായിരിക്കും അതുണ്ടാകുക. സയ്യദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 1889ൽ ബയ്അത്ത് വാങ്ങാൻ തുടങ്ങുകയും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന് അസ്തിവാരമിടുകയും ചെയ്തു. കൃത്യം അഞ്ച് വർഷങ്ങൾക്കുശേഷം അതായത് 1894ൽ അല്ലാഹു അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം വെളിപ്പെടുത്തി. 1894ൽ ഈ ഗ്രഹണം ഏഷ്യയിലും യൂറോപ്പിലും ആഫ്രിക്കയിലും വെളിപ്പെട്ടു. അടുത്തവർഷം 1895-ൽ അമേരിക്കയിലും ഇത് വെളിപ്പെട്ടു. മുസ്ലിംകൾ നശിച്ചുപോയിരിക്കുന്നുവെന്നും പതിനാലാം നൂറ്റാണ്ട് ഇതാ ആരംഭിച്ചുകഴിഞ്ഞുവെന്നും ഇമാം മഹ്ദി വെളിപ്പെടാൻ സമയമായിരിക്കുന്നുവെന്നും അക്കാലത്ത് ജനങ്ങൾ പറയാറുണ്ടായിരുന്നു. ഇമാം മഹ്ദിയുടെ ആഗമനത്തെക്കുറിച്ചുള്ള ഈ ചർച്ച വീടുവീടാന്തരം നടക്കുമായിരുന്നു. ഈ ദൃഷ്ടാന്തം വെളിപ്പെട്ടപ്പോൾ ശതക്കണക്കിന് സത്യാത്മാക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തു. ഒരുഭാഗത്ത് അഹ്മദികൾക്ക് ഖാദിയാനിൽ അതൊരുത്സവമായിരുന്നുവെങ്കിൽ മറുഭാഗത്ത് ശത്രുക്കൾ പരിഭ്രാന്തിയിലും ദുഃഖത്തിലുമായിരുന്നു. മിർസാ ഗുലാം അഹ്മദ് മഹ്ദി മസീഹിന്റെ വാദവുമായി രംഗപ്രവേശം ചെയ്തിരിക്കുന്നുവെന്നതിൽ ഉലമാക്കൾക്ക് തങ്ങളുടെ പരാജയവും നിന്ദ്യതയും അപാനവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. കാരണം അദ്ദേഹത്തിനുവേണ്ടി സൂര്യചന്ദ്രഗ്രഹണത്തിന്റെ അടയാളം വെളിപ്പെടുത്തിയിരിക്കുന്നു. ഒരു വ്യക്തി ഒരു മൗലവിയോട് സൂര്യചന്ദ്രഗ്രഹണത്തെക്കുറിച്ചുള്ള ഹദീഥിനെക്കുറിച്ച് അന്വേഷിക്കുകയുണ്ടായി. മൗലവി പറഞ്ഞു: 'ഹദീഥൊക്കെ ശരിതന്നെയാണ്. പക്ഷേ, മിർസാ സാഹിബിന്റെ വലയിൽ പെടേണ്ടതില്ല.' ഇനി ഇപ്പോൾ ജനങ്ങൾ മിർസാ സാഹിബിനെ അംഗീകരിക്കുമല്ലോ എന്നോർത്ത് ശത്രുപണ്ഡിതന്മാർ അങ്ങേയറ്റം പരിഭ്രാന്തിയുടെ ലോകത്തായിരുന്നു.

ഈ ഹദീഥ് സന്ദേഹത്തിന്റെയും സംശയത്തിന്റെയും വൃത്തത്തിൽ കൊണ്ടുവരികയും എന്നിട്ട് ആക്ഷേപമുന്നയിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റൊരു പോംവഴിയും ശത്രുപണ്ഡിതന്മാരുടെ കൈയിൽ ഇല്ലായിരുന്നു. അവർ ആക്ഷേപമുന്നയിച്ചുകൊണ്ട് പറഞ്ഞ ഒരു കാര്യം ഈ ഹദീഥ് 'മൗളൂഅ്' അഥവാ കെട്ടിയുണ്ടാക്കപ്പെട്ട ഹദീഥാണെന്നായിരുന്നു. അതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഏതെങ്കിലും അഗ്രസ്ഥാനീയനായ മുഹദ്ദിഥിന്റെ (ഹദീഥ് നിരൂപകരുടെ) ഗ്രന്ഥത്തിൽനിന്ന് ഈ ഹദീഥ് മൗളൂആയ ഹദീഥാണെന്ന് സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ അവർക്ക് ഉടനടി നൂറുരൂപ ഇനാം നൽകുന്നതാണ്. നിങ്ങളിഷ്ടപ്പെടുന്ന സ്ഥലത്ത് അമാനത്തെന്ന നിലയിൽ പ്രസ്തുത സംഖ്യ നിക്ഷേപിക്കുന്നതാണ്. അല്ലാത്തപക്ഷം അല്ലാഹുവിനെ ഭയപ്പെടുവിൻ! എന്നോടുള്ള വൈരാഗ്യത്താൽ ദിവ്യാത്മാക്കളായ പണ്ഡിതന്മാർ എഴുതിവെച്ച സ്വഹീഹായ ഹദീഥുകളെ എന്തിനാണ് കെട്ടിഉണ്ടാക്കപ്പെട്ട ഹദീഥായി ചിത്രീകരിക്കുന്നത്?" (തുഹ്ഫയെ ഗോൾഡവിയ, റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 133, 134)

ചന്ദ്രഗ്രഹണം റമളാനിലെ ആദ്യരാത്രിയിൽ വെളിപ്പെട്ടിട്ടില്ല മറിച്ച് പതിമൂന്നാം രാത്രിയാണ് ഉണ്ടായതെന്നും അതുപോലെ സൂര്യഗ്രഹണം റമളാനിലെ പതിനഞ്ചാം പകൽ വെളിപ്പെടാതെ 28-ാം തിയതിയാണ് ഉണ്ടായതെന്നുമായിരുന്നു മറ്റൊരാക്ഷേപം. ഇതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ ലോകമുണ്ടായതുമുതൽ ചന്ദ്രഗ്രഹണത്തിനുവേണ്ടി അല്ലാഹു നിശ്ചയിച്ചിട്ടുള്ള രാവുകൾ മൂന്നാണ്. അതാണ് ദൈവിക പ്രകൃതിനിയമവ്യവസ്ഥിതി; 13, 14, 15 എന്നീ രാവുകൾ. അതുപോലെ സൂര്യഗ്രഹണത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ട ദിനങ്ങൾ പ്രകൃതി നിയമമനുസരിച്ച് ചന്ദ്രമാസത്തിന്റെ 26, 27, 28 ദിനങ്ങളുമാണ്.' (ഹഖീഖത്തുൽ വഹയ്, റൂഹാനി ഖസാഇൻ, വാള്യം 22, പേജ് 203)

ചുരുക്കത്തിൽ ചന്ദ്രഗ്രഹണത്തിന്റെ ആദ്യദിനം പതിമൂന്നാം രാവും സൂര്യഗ്രഹണത്തിന്റെ മധ്യദിനം എപ്പോഴും മാസത്തിന്റെ ഇരുപത്തിയെട്ടാം ദിനവുമാണെന്ന് മനസ്സിലാകുന്നു.

എപ്രകാരം അബുൽഹക്കം അബുജഹ്ലായിത്തീർന്നോ അപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള എതിർപ്പിൽ അല്ലാഹു ഉലമാക്കളെ ജാഹിലീങ്ങളാക്കിത്തീർത്തു. ഒന്നാമതായി പ്രകൃതിനിയമത്തിനു വിരുദ്ധമായി ആദ്യരാത്രിയിൽ ചന്ദ്രഗ്രഹണമുണ്ടാകേണ്ടതായിരുന്നു എന്നവർ ആവശ്യപ്പെട്ടു. രണ്ടാമതായി ഹദീഥിൽ വന്ന ഖമർ എന്ന പദത്തെക്കുറിച്ച് അവർ ചിന്തിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഹദീഥിൽ ഹിലാൽ എന്നല്ല മറിച്ച് ഖമർ എന്നാണ് വന്നിരിക്കുന്നത്. ആദ്യ മൂന്നുദിവസംവരെയുള്ള ചന്ദ്രനെ ഹിലാൽ എന്നാണ് പറയുന്നത്. അതിനുശേഷമുള്ളതിനെ ഖമർ എന്ന് പറയുന്നു." അവിടന്ന് പറഞ്ഞു: "നാളിതുവരെയുള്ള സകല അറബി പണ്ഡിതന്മാരും യോജിച്ചുവന്നിട്ടുള്ള ഒരു വസ്തുതയാണിത്. അറബി ഭാഷാ പടുക്കളിൽ ആരുംതന്നെ അതിന് എതിരോ നിഷേധിയോ ആയിട്ടില്ല. ഇക്കാര്യത്തിൽ നിനക്ക് സംശയമുണ്ടെങ്കിൽ ഖാമൂസ്, താജുൽ ഉറൂസ് സിഹാഹ് തുടങ്ങിയ ഗ്രന്ഥങ്ങളും ലിസാനുൽ അറബെന്ന മഹദ്ഗ്രന്ഥവും അതുപോലെ അറബി ഭാഷ്യക്കാരും പദ്യഗദ്യരചയിതാക്കളുടെ രചനകളും പൗരാണിക രചനകളും, കവിതകളും ശ്രദ്ധാപൂർവ്വം നോക്കിക്കൊൾക. ഇപ്പറഞ്ഞതിനു വിപരീതമായി സ്ഥാപിക്കാൻ സാധിക്കുകയാണെങ്കിൽ നാം നിങ്ങൾക്ക് ആയിരം രൂപ ഇനാം നൽകുന്നതാണ്. പ്രവാചകശിരോമണിയുടെ വചനങ്ങളേയും സാഹിത്യനിപുണന്മാരുടെ നേതാക്കളുടെ വചനങ്ങളുടെയും അവയുടെ യഥാസ്ഥാനങ്ങളിൽനിന്ന് അവയുടെ യഥാർഥ അർഥങ്ങളെ വളച്ചൊടിക്കാൻ ശ്രമിക്കരുത്. ഓ ദരിദ്രവാസി നീ ദൈവത്തെ ഭയപ്പെടുക! അറബികളെക്കാളും അനറബികളെക്കാളും സാഹിത്യനിപുണനും പാശ്ചാത്യപൗരസ്ത്യദേശങ്ങളിൽ സർവ്വസ്വീകാര്യനുമായ ആ സമ്പൂർണനായ മഹാനുഭാവനു മുന്നിൽ ധാർഷ്ട്യം കാണിക്കാതിരിക്കുക. അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും അന്തസ്സ് പരിഗണിക്കാതിരിക്കാൻ നിനക്ക് എന്ത് സംഭവിച്ചു?" (നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 197)

അവിടന്ന് വീണ്ടും പറയുന്നു: "കഴിഞ്ഞകാലങ്ങളിൽ ഇതുപോലെയുള്ള ഒരു സംഭവം നിങ്ങൾക്ക് എടുത്തുകാണിക്കാൻ സാധിക്കുമോ? അതായത് താൻ അല്ലാഹുവിൽനിന്നുള്ള ഒരാളാണെന്ന് വാദിക്കുകയും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിങ്ങൾ ഇപ്പോൾ കണ്ടതുപോലെ റമളാൻ മാസത്തിൽ ചന്ദ്രനും സൂര്യനും ഗ്രഹണം ബാധിച്ചതായി കാണുകയും ചെയ്തിട്ടുണ്ടോ? നിങ്ങൾക്ക് അങ്ങനെ വല്ലതും കണ്ടെത്താൻ കഴനിയുന്നുവെങ്കിൽ എടുത്തുവരുവിൻ. നിങ്ങൾക്ക് ആയിരം രൂപ സമ്മാനം നൽകുന്നതാണ്. അങ്ങനെ ചെയ്തുകാണിക്കുവാൻ കഴിയുമെങ്കിൽ നിങ്ങൾക്കുള്ളതാണ് ഈ സമ്മാനം. അങ്ങനെ സ്ഥാപിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ -ഇല്ല, നിങ്ങൾക്കൊരിക്കലും അങ്ങനെ കാണിക്കുവാൻ സാധിക്കുകയില്ല- കുഴപ്പം സൃഷ്ടിക്കുന്നവർക്കുവേണ്ടി അല്ലാഹു തയ്യാറാക്കിയിട്ടുള്ള അഗ്നിയെ നിങ്ങൾ ഭയപ്പെടുക." (നൂറുൽ ഹഖ്, റൂഹാനി ഖസാഇൻ, വാള്യം 8, പേജ് 20)

ഇനി മഹത്തായ മറ്റൊരു ദൈവികപിന്തുണയെ കുറിച്ച് നമുക്ക് നോക്കാം. അത് പ്രവചനങ്ങളാണ്. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ദൃഷ്ടാന്തങ്ങളും മുഅ്ജിസത്തുകളും നിറഞ്ഞ പ്രവചനങ്ങൾ നല്കി. അത് ആ മഹാത്മാവിന്റെ സത്യത്തിനുള്ള ഏറ്റവും വലിയ അടയാളമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നുബുവ്വത്തിന്റെ അടയാളങ്ങളിൽ അതിമഹത്തായ ദൃഷ്ടാന്തമായ മുഅ്ജിസത്തായി പ്രവചനങ്ങളുടെ മുഅ്ജിസത്താണ് ഗണിക്കപ്പെടുന്നത്. പ്രവചനങ്ങൾക്ക് സമാനമായ മറ്റൊരു മുഅ്ജിസത്തും ഇല്ലതന്നെ. അതിനാൽ ദൈവനിയുക്തനായ മഹാത്മാക്കളെ അവരുടെ പ്രവചനങ്ങളിലൂടെ തിരിച്ചറിയേണ്ടതാണ്.' (ലക്ചർ ലുധിയാന, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 256)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു ആയിരക്കണക്കിന് പ്രവചനങ്ങൾ നല്കിയിട്ടുണ്ട്. മസീഹ് മൗഊദ്(അ) തന്റെ തിർയാഖുൽ ഖുലൂബ് എന്ന ഗ്രന്ഥത്തിൽ 75ഉം, നുസൂലുൽ മസീഹിൽ 150ഉം, ഹഖീഖത്തുൽ വഹ്യിൽ 208 ഉം പ്രവചനങ്ങൾ ദൃഷ്ടാന്തങ്ങളായും, ദൈവികസഹായങ്ങളായും മുഅ്ജിസത്തുകളായും ഉല്ലേഖനം ചെയ്തിട്ടുണ്ട്. അവിടന്ന് പറയുന്നു. "എന്റെ ഗ്രന്ഥമായ നുസൂലുൽ മസീഹ് നോക്കിയാൽ അടയാളങ്ങൾ വെളിപ്പെടുത്തുന്നതിൽ ഒരുതരത്തിലുള്ള വിവേചനവും അല്ലാഹു കാണിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതാണ്. ഭൂമിയുടെ ഒരു വലിയ ഭാഗം സമുദ്രത്താൽ നിറഞ്ഞിരിക്കുന്നതുപോലെ ഈ പ്രസ്ഥാനം അല്ലാഹുവിന്റെ അടയാളങ്ങളാൽ നിറഞ്ഞിരിക്കുകയാണ്. ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ വെളിപ്പെടാതെ ഒരു ദിവസവും കടന്നുപോകുന്നില്ല." (തജല്ലിയാത്തെ ഇലാഹിയ്യ, റൂഹാനി ഖസാഇൻ, വാള്യം 20, പേജ് 411)

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു ദൃഷ്ടാന്തംതന്നെ മതിയാകുന്നതാണെന്നും ഇതുകൊണ്ടുതന്നെ അയാളുടെ ഹൃദയം വിറകൊള്ളുന്നതാണെന്നും ഞാൻ പറയുന്നു. എന്നാൽ, ഇവിടെയാണെങ്കിൽ ഒന്നല്ല, നൂറുക്കണക്കിൽ ദൃഷ്ടാന്തങ്ങൾ കാണപ്പെടുന്നു. എന്നുമാത്രമല്ല

അവ എണ്ണിത്തിട്ടപ്പെടുത്തുവാൻ സാധിക്കാത്തത്ര അധികമാണെന്നു ഞാൻ വാദിക്കുകയാണ്.' (ലക്ചർ ലുധിയാന, റൂഹാനിഖസാഇൻ, വാള്യം 20, പേജ് 257)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൃഷ്ടാന്തങ്ങൾക്കുമേൽ ദൃഷ്ടന്തങ്ങൾ കാണിച്ചുകൊണ്ടേയിരുന്നു. എന്നാൽ, എതിരാളികൾ അതെല്ലാം നിഷേധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. മിർസാ സാഹിബിന്റെ എല്ലാ പ്രവചനങ്ങളും കള്ളമായി പുലർന്നുവെന്ന് മൗലവി ഥനാഉല്ലാഹ് അമൃത്സരി വിവാദരംഗത്ത് ലജ്ജാകരമായ ഒരു കളവ് പറയുകയാണ് ചെയ്തത്. ഇതു കൂടാതെയും പല കളവുകളും ആ മനുഷ്യൻ പറഞ്ഞു. അതിനൊക്കെ മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഅ്ജാസെ അഹ്മദി എന്നൊരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. മൗലവി ഥനാഉല്ലായുടെ ആക്ഷേപങ്ങൾക്ക് മറുപടിയായി മസീഹ് മൗഊദ്(അ) എഴുതി. "സത്യവാനാണെങ്കിൽ ഖാദിയാനിൽ വന്ന് എന്റെ ഏതെങ്കിലുമൊരു പ്രവചനം കള്ളമാണെന്ന് സ്ഥാപിക്കുക. അപ്രകാരം ഓരോ പ്രവചനങ്ങൾക്കും നൂറുനൂറു രൂപ വീതം സമ്മാനമായി അയാൾക്ക് നൽകുന്നതായിരിക്കും. കൂടാതെ പോക്കുവരവിനുള്ള ചെലവുകൾ വേറെയും നൽകുന്നതാണ്.' (ഇഅ്ജാസെ അഹ്മദി, റൂഹാനി ഖസാഇൻ, വാള്യം 19, പേജ് 112)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഓർത്തുകൊള്ളുവിൻ! നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ 150 പ്രവചനം രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത് കളവാകുന്നപക്ഷം മൗലവി സനാഉല്ലാഹ് സാഹിബിന് പതിനഞ്ചായിരം രൂപ കൊണ്ടുപോകാവുന്നതാണ്. എന്നുമാത്രമല്ല ഇപ്രകാരം ദൂഷ്യം പറഞ്ഞു നടക്കുന്നതിൽനിന്ന് അദ്ദേഹത്തിന് രക്ഷപ്പെടുകയും ചെയ്യാം. അതുമല്ല ഈ പ്രവചനങ്ങളോടൊപ്പം അതിനെ സ്ഥാപിക്കുന്ന വേറെ തെളിവുകളും ഈ വാദത്തിന്റെ അടിസ്ഥാനത്തിൽ ത്തന്നെ ഓരോ പ്രവചനത്തിനും നൂറുരൂപ നൽകികൊണ്ടേയിരിക്കും. ഇപ്പോൾ ഒരു ലക്ഷത്തിലധികം ആളുകളാണ് എന്റെ ജമാഅത്തിലുള്ളത്. ചുരുക്കത്തിൽ ഞാൻ മൗലവി ഥനാഉല്ലാഹ് സാഹിബിനുവേണ്ടി എന്റെ ജമാഅത്തംഗങ്ങളിൽനിന്ന് ഓരോ രൂപവീതം വാങ്ങിയാലും ഒരു ലക്ഷം രൂപയാകും. അതെല്ലാം അദ്ദേഹത്തിന് കൊടുക്കുന്നതുമാണ്. രണ്ട് ചില്ലി കാശിനു വേണ്ടി ദൈവകോപം വിളിച്ചുവരുത്തുന്ന ദൂഷ്യം പറഞ്ഞുനടക്കുന്നതും, സ്വന്തം അനുയായികളുടെ മരണത്തിന് കഫൻ തുണി അണിയിച്ചും വഅള് പറഞ്ഞു നടന്നും നിത്യജീവിത ച്ചെലവ് നടത്തുന്ന ഇദ്ദേഹത്തന് ഒരുലക്ഷം രൂപ ലഭിക്കുക എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഒരു സ്വർഗം ലഭ്യമാകലാണ്. എന്നാൽ, ഞാൻ വിശദീകരിച്ച ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കാതിരിക്കുകയും, ഞാൻവെച്ച നിബന്ധനകളോടുകൂടി നിജസ്ഥിതി അറിയുവാൻ ഖാദിയാനിൽ വരാതിരിക്കുകയുമാണെങ്കിൽ ലുധിയാന എന്ന സ്ഥലത്തുവെച്ച് നടന്ന വ്യർഥമായ വർത്തമാനങ്ങളുടെയും നിർലജ്ജങ്ങളായ കളവുകളുടേയുംമേൽ ശാപമുണ്ടാകുന്നതാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഞാൻ വാദത്തോടുകൂടി പറയുന്നു. അങ്ങേയറ്റം സ്പഷ്ടമായി പുലർന്ന എന്റെ ആയിരക്കണക്കിന് വ്യക്തമായ പ്രവചനങ്ങളുണ്ട്. ലക്ഷക്കണക്കിനാളുകൾ ഇതിന് സാക്ഷികളാണ്. അതിന്റെ ഉദാഹരണങ്ങൾ കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ തിരഞ്ഞാൽ, നബി തിരുമേനി(സ)യിലല്ലാതെ മറ്റൊരിടത്തും അതിനുദാഹരണം ലഭിക്കുകയില്ല." (കശ്തിയെനൂഹ്, റൂഹാനീ ഖസാഇൻ വാള്യം 19, പേജ് 6)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "കഴിഞ്ഞ 1300 വർഷത്തിന്നിടയിൽ അല്ലാഹു എന്നോട് സംസാരിക്കുകയും ഭാഷണം നടത്തുകയും, അദൃശ്യകാര്യങ്ങൾ വെളിപ്പെടുത്തുകയും ചെയ്തതുപോലെ എനിക്ക് അനുഗ്രഹങ്ങൾ നല്കിയതുപോലെ ആർക്കുംതന്നെ നൽകിയിട്ടില്ല. ഇനി ആരെങ്കിലും ഇക്കാര്യം നിഷേധിക്കുകയാണെങ്കിൽ അതിനുള്ള തെളിവ് കൊണ്ടുവരേണ്ടതും അങ്ങനെയുള്ളവരുടെ ഉത്തരവാദിത്വമായിരിക്കും." (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 406)

അവിടന്ന് വീണ്ടും പറയുന്നു: "ഇനി ലോകത്തുള്ള എല്ലാ സമുദായങ്ങളും ഒരുമിച്ചുകൂടി എനിക്കെതിരിൽ നിന്നുകൊണ്ട് ആർക്കാണ് അല്ലാഹു അദൃശ്യകാര്യങ്ങൾ അറിയിക്കുന്നത് ആർക്കുവേണ്ടിയാണ് അവൻ വലിയ വലിയ അടയാളങ്ങൾ പ്രകടിപ്പിക്കുന്നതെന്നുമുള്ള കാര്യത്തിൽ ഏറ്റുമുട്ടുകയാണെങ്കിൽ നിശ്ചയമായും ഞാൻ വിജയശ്രീലാളിതനായിത്തീരുന്നതാണ്." (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 181)

ആ മഹാത്മാവ് പറയുന്നു: "ഞാൻ അല്ലാഹുവിൽനിന്ന് ദൃഢമായ ജ്ഞാനം കരസ്ഥമാക്കിക്കൊണ്ട് പറയുകയാണ്, ഈ മൗലവിമാർ എല്ലാവരും തങ്ങളുടെ പീർമാരേയും ഒരുമിച്ചുകൂട്ടി ദിവ്യബോധനത്തിന്റെ കാര്യത്തിൽ ഞാനുമായി നേരിടാൻ തയ്യാറാവുകയാണെങ്കിൽ അല്ലാഹു അവർക്കെതിരിൽ എനിക്ക് വിജയം നൽകുന്നതാണ്. കാരണം ഞാൻ ദൈവത്തിൽനിന്നുള്ളവനാണ്." (അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ, വാള്യം 11, പേജ് 341)

ഇനി അടുത്തതായി അല്ലാഹുവിൽനിന്ന് മസീഹ് മൗഊദ്(അ)ന് ലഭിച്ച മറ്റൊരു മഹത്തായ സഹായത്തെക്കുറിച്ച് ഞാൻ പ്രതിപാദിക്കുകയാണ്. അത് ആ മഹാത്മവിന് ലഭിച്ച ഖുർആനികജ്ഞാനത്തിന്റേതായിരുന്നു. അവിടന്ന് പറയുന്നു: "ഇന്നേക്ക് ഇരുപത് കൊല്ലം മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ ഈ ഇൽഹാം കാണാവുന്നതാണ്. *അർറഹ്മാനു അല്ലമൽ ഖുർആൻ* ഈ ഇൽഹാമിന്റെ അടിസ്ഥാനത്തിൽ അല്ലാഹു എനിക്ക് ഖുർആനികജ്ഞാനം തന്നരുളിയിരിക്കുന്നു. എന്നെ അവൻ സമുദ്രത്തെപ്പോലെ ദിവ്യജ്ഞാനങ്ങളാലും സത്യതത്ത്വജ്ഞാനങ്ങളാലും നിറച്ചിരിക്കുന്നു. എനിക്ക് അവൻ അടിക്കടി ഇൽഹാം (ദിവ്യവെളിപാടുകൾ) നൽകിക്കൊണ്ടിരിക്കുന്നു. ഈ കാലഘട്ടത്തിൽ, ദൈവികജ്ഞാനങ്ങളിലും ദൈവസ്നേഹത്തിലും നിന്റെ ദിവ്യജ്ഞാനത്തോടും നിന്റെ സ്നേഹത്തോടും കിടപിടിക്കുന്നവൻ വേറെ ആരുമില്ല എന്നവൻ പറയുന്നു." (ഉറൂറത്തുൽ ഇമാം, റൂഹാനി ഖസാഇൻ, വാള്യം 13, പേജ് 502)

അവിടന്ന് പറയുന്നു: "ഇനി മറ്റൊരു പ്രവചനം അത് ദൈവികദൃഷ്ടാന്തമാണ്. *അർറഹ്മാനു അല്ലമൽ ഖുർആൻ* എന്നതാണത്. ഈ ആയത്തിൽ അല്ലാഹു ഖുർആനികജ്ഞാനം വാഗ്ദാനം ചെയ്തിരിക്കുന്നു. ഒരാൾക്കും ഖുർആനികജ്ഞാനത്തിൽ എന്നെ നേരിടാൻ സാധിക്കാത്തതരത്തിൽ അല്ലാഹു ഈ വാഗ്ദാനം പൂർത്തീകരിച്ചു. ഈ രാജ്യത്തുള്ള മൗലവിമാരിൽനിന്ന് ഏതെങ്കിലുമൊരു മൗലവി ഖുർആനികജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ ഞാനുമായി നേരിടുകയും ഏതെങ്കിലുമൊരു അധ്യായത്തിന്റെ തഫ്സീർ ഞാൻ എഴുതുകയും എതിരാളിയും അങ്ങനെയൊന്ന് എഴുതുകയുമാണെങ്കിൽ അയാൾ തികച്ചും നിന്ദ്യനാവുകയും എനിക്കെതിരിൽ പരാജയപ്പെടുകയും ചെയ്യും. എന്നെ നേരിടാൻ സാധിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് ഞാൻ പലതവണ ആവർത്തിച്ചാവർത്തിച്ചു വിളിച്ചിട്ടും മൗലവിമാർ ഈ വെല്ലുവിളി സ്വീകരിക്കാതിരിക്കുന്നത്. നീതിബോധവും വിശ്വാസവുമുള്ളവർക്ക് ഇത് മഹത്തായൊരു തെളിവാണ്." (അഞ്ചാമെ ആഥം, റൂഹാനി ഖസാഇൻ, വാള്യം 11, പേജ് 201)

ഹദ്റത്ത് മസീഹ് മൗഊദ്(അ) അറബി വിജ്ഞാനത്തിലും ഖുർആനികജ്ഞാനത്തിലും ഒരറിവുമില്ലാത്ത ആളാണെന്ന് മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അക്രമത്തിന്റെയും അനീതിയുടേയും മാർഗത്തിലൂടെ സാധാരണജനങ്ങളിൽ പ്രസിദ്ധം ചെയ്തുകൊണ്ടേയിരുന്നു. എന്നാൽ, പൊതുജനങ്ങളെ വഴികേടിൽനിന്ന് രക്ഷിക്കുവാനും മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ കള്ളം വെളിപ്പെടുത്താനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തെ ഖുർആൻ തഫ്സീറിൽ താനുമായി നേരിടാൻ വെല്ലുവിളിച്ചു. എന്നാൽ, മുഹമ്മദ് ഹുസയ്ൻ ബട്ടാലവി പലതരത്തിലുള്ള ഒഴിവുകഴിവുകളും വിവിധ കുതന്ത്രങ്ങളും പലതരത്തിലുള്ള അനാവശ്യ നിബന്ധനകളും വെച്ചുകൊണ്ട് ഓടിരക്ഷപ്പെടുകയാണുണ്ടായത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ടാംതവണ വീണ്ടും ന്യായപൂർത്തീകരണമെന്നോണം തന്നെ നേരിടാൻ ഹുസയ്ൻ ബട്ടാലവിയെ വിളിക്കുകയും കറാമാത്തുസ്വാദിഖീൻ എന്ന ഗ്രന്ഥം ഏതാനും ചില ദിനങ്ങൾകൊണ്ട് എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത ഗ്രന്ഥത്തിൽ സൂറഃ ഫാത്തിഹായുടെ തഫ്സീറും ഹദ്റത്ത് നബി(സ)തിരുമേനിയെ പ്രകീർത്തിച്ചുകൊണ്ട് 661 വരികളടങ്ങുന്ന നാല് ഖസീദയും എഴുതിക്കൊണ്ട് അതിന് തത്തുല്യമായത് സമർപിക്കുവാൻ മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ പ്രത്യേകിച്ചും മറ്റു മൗലവിമാരെ പൊതുവെയും ഒരുമാസത്തെ അവധി വെച്ചുകൊണ്ട് വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു: 'മൂന്നാളെ സാക്ഷിനിറുത്തിക്കൊണ്ട് തന്റെ കവിതകളും വ്യാഖ്യാനങ്ങളും എന്റെ കവിതകളെക്കാളും വ്യാഖ്യാനങ്ങളെക്കാളും ഉന്നതമാണെന്ന് തെളിയിക്കുകയും ഒരുമാസത്തെ അവധിക്കുള്ളിൽ ഇത് പ്രസിദ്ധീകരിക്കുകയും ചെയ്താൽ അങ്ങനെയുള്ള ആൾക്ക് ഞാൻ ആയിരം രൂപ അയാളുടെ കൈയിൽ റൊക്കമായി കൊടുക്കുന്നതാണ്." (കറാമാത്തു സ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 47)

അവിടന്ന് പറയുന്നു: "തലയിൽ അഹങ്കാരത്തിന്റെയും പൊങ്ങച്ചത്തിന്റെയും കീടങ്ങളുള്ള ഈ മൗലവിമാരെല്ലാം ഈ വിനീതനുമേൽ അടിക്കടി കുഫ്റ് ഫത്വയും മതപരിത്യാഗവും ആരോപിച്ചുകൊണ്ടിരിക്കുന്നു. അവർ സ്വയം എന്തൊക്കെയോ ആണെന്ന് അഹങ്കരിക്കുന്നു. അവർ ഡൽഹിയിലുള്ളവരാകട്ടെ, ലഖ്നൗവിലുള്ളവരാകട്ടെ, ലാഹോറിലുള്ളവരാകട്ടെ മറ്റേതെങ്കിലും നഗരങ്ങളിലുള്ളവരാകട്ടെ അവർക്ക് അല്പമെങ്കിലും ലജ്ജയുണ്ടെങ്കിൽ നാമുമായി ഏറ്റുമുട്ടുകയും ആയിരം രൂപ സമ്മാനത്തുക കരസ്ഥമാക്കുകയും ചെയ്യട്ടെ."(കറാമാത്തുസ്വാദിഖീൻ, റൂഹാനി ഖസാഇൻ, വാള്യം 7, പേജ് 63)

മാന്യശ്രോതാക്കളേ! ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനുശേഷം പീർ മെഹ്ർ അലി ശാഹ് ഗോൽഡവിയെ പ്രത്യേകമായും മറ്റു പണ്ഡിതന്മാരെ പൊതുവേയും ലാഹോറിലെ ഒരു സമ്മേളനത്തിൽ വിശുദ്ധഖുർആന്റെ നാല്പത് ആയത്തുകളുടെ അറബി തഫ്സീർ എഴുതി താനുമായി ഏറ്റുമുട്ടുന്നതിന് വെല്ലുവിളിക്കുകയുണ്ടായി. എന്നാൽ, പീർ മെഹ്ർ അലിശാഹ് വിവിധ കുതന്ത്രങ്ങളും തടസ്സങ്ങളും ഉന്നയിച്ച് പിന്തിരിഞ്ഞോടുകയാണ് ചെയ്തത്. പിന്നീട് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ താൻ മിർസാ സാഹിബുമായി ഏറ്റുമുട്ടാൻ തയ്യാറാ

ണെന്നും അതിനു സാധിക്കുമെന്നും പറഞ്ഞുകൊണ്ടേയിരുന്നു.

ഒരു പ്രവാചകന്റെ പ്രവൃത്തി അടിക്കടി ഹുജ്ജത്ത് പൂർത്തീകരിച്ചുകൊണ്ടിരിക്കുക എന്നതാണ്. കാരണം അത് സത്യാത്മാക്കൾക്ക് മാർഗദർശനം ഉൾക്കൊള്ളുന്നതിനു കാരണമായിത്തീരും. വീണ്ടും രണ്ടാംതവണ ഹുജ്ജത്ത് (ന്യായപൂർത്തീകരണത്തിനുവേണ്ടി) സൂറഃ ഫാത്തിഹയുടെ തഫ്സീർ 70 ദിവസങ്ങൾക്കുള്ളിൽ വീട്ടിലിരുന്ന് എഴുതി പ്രസിദ്ധീകരിക്കണമെന്നും ഞാനും അതുപോലെ ചെയ്യുന്നതാണെന്നും അറിയിച്ചു. മാത്രമല്ല, ഈ തഫ്സീർ രചിക്കുന്നതിനുവേണ്ടി ലോകത്തുള്ള എല്ലാ പണ്ഡിതന്മാരുടെയും സഹായം അദ്ദേഹത്തിന് തേടാവുന്നതാണെന്നും, എല്ലാ അറബിഭാഷാ പണ്ഡിതന്മാരെയും സാഹിത്യകാരന്മാരെയും അദ്ദേഹത്തിന് വിളിക്കാവുന്നതാണെന്നും അവിടന്ന് അറിയിച്ചു. ലാഹോറിലും മറ്റു നാടുകളിലുമുള്ള അറബിപണ്ഡിതന്മാരെയും പ്രൊഫസർമാരേയും സഹായത്തിന് വിളിക്കാവുന്നതാണ്. 1900 ഡിസംബർ 15മുതൽ 70 ദിവസത്തിനുള്ളിൽ ഈ ജോലിക്കുവേണ്ടി നാം അവർക്ക് കാലയളവ് നൽകുന്നു. തഫ്സീർ എഴുതിയതിനുശേഷം മൂന്ന് അറബി സാഹിത്യകാരന്മാർ അദ്ദേഹത്തിന്റെ തഫ്സീർ സമഗ്രവും സാഹിത്യസമ്പുഷ്ടവുമാണോ എന്ന് തീരുമാനിക്കട്ടെ. അത് ജ്ഞാനസമ്പൂർണമാണെങ്കിൽ ഞാൻ 500 രൂപ റൊക്കം നൽകുന്നതായിരിക്കുമെന്നും എന്റെ എല്ലാ ഗ്രന്ഥങ്ങളും കത്തിച്ച് ചാമ്പലാക്കുകയും അയാളുടെ കൈയിൽ ബൈഅത്ത് ചെയ്യുകയും ചെയ്യുന്നതുമാണെന്ന് മസീഹ് മൗഊദ്(അ) പ്രഖ്യാപിച്ചു. (അർബഈൻ നമ്പർ 4, റൂഹാനി ഖസാഇൻ, വാല്യം 17, പേജ് 449)

നിശ്ചിത അവധിക്കുള്ളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇഅ്ജാസുൽ മസീഹ് എന്ന പേരിൽ സാഹിത്യസമ്പുഷ്ടമായ വളരെ ഉയർന്നനിലവാരത്തിലുള്ള സൂറഃഫാത്തിഹായുടെ തഫ്സീർ പ്രസിദ്ധീകരിച്ചു. എന്നാൽ, പീർ മെഹർ അലിക്ക് ഒന്നുംതന്നെ പ്രസിദ്ധം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അയാളുടെ പേര് മെഹർ അലി എന്നല്ല. മറിച്ച്, മുഹർ അലി എന്നാണ്. കാരണം ഈ വിനീതനും അദ്ദേഹത്തെ നിശബ്ദനാക്കിയതുകൊണ്ട് എന്റെ ഗ്രന്ഥമായ ഇഅ്ജാസുൽ മസീഹിന്റെ അത്ഭുതം അദ്ദേഹത്തിനുമേൽ മുദ്രയായിത്തീർന്നു.' (നുസൂലിൽമസീഹ്, റൂഹാനി ഖസാഇൻ, വാല്യം 18, പേജ് 432)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഏതൊരുവന്റെ കൈകളിൽ എന്റെ ജീവനിരിക്കുന്നുവോ അവനാണ! വിശുദ്ധഖുർആന്റെ യാഥാർഥ്യങ്ങളും തത്ത്വസാരങ്ങളും മനസ്സിലാക്കുന്ന കാര്യത്തിൽ അല്ലാഹു എനിക്ക് എല്ലാവരുടേയുംമേൽ വിജയം തന്നരുളിയിരിക്കുന്നു. ഞാൻ ഖുർആന്റെ തഫ്സീറിനുവേണ്ടി അടിക്കടി മൗലവിമാരെ വിളിച്ചതുപോലെ ഏതെങ്കിലുമൊരു എതിരാളിയെ മൗലവി ഞാനുമായി ഏറ്റുമുട്ടാൻ തയ്യാറായാൽ ദൈവം അയാളെ ലജ്ജിതനും നിന്ദിതനുമാക്കിത്തീർക്കും. എനിക്ക് വിശുദ്ധഖുർആന്റെ ആശയങ്ങൾ നൽകപ്പെട്ടിരിക്കുന്നു എന്നത് അല്ലാഹു എനിക്ക് നൽകിയ ഏറ്റവും വലിയ ദൃഷ്ടാന്തം തന്നെയാണ്.'(സിറാജെമുനീർ, റൂഹാനീ ഖസാഇൻ വാല്യം 12, പേജ് 41)

ലാഹോറിലെ മുൻശി ഇലാഹിബഖ്ശ് അക്കൗണ്ടന്റ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശിഷ്യരിൽപെട്ട ആളായിരുന്നു. ആത്മാർഥതയിലും കൂറിലും വളരെ ഉയർന്ന നിലവാരത്തിലുള്ള ആളായിരുന്നു. 1889ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിന് അസ്തിവാരമിടുകയും തന്റെ മുരീദുമാരോട് തനിക്ക് ബയ്അത്ത് ചെയ്യാൻ നിർദേശിക്കുകയും ചെയ്തപ്പോൾ മുൻശി ഇലാഹി ബഖ്ശ് പെട്ടെന്ന് പതറി പിന്തിരിഞ്ഞുകളഞ്ഞു. മുൻശി ഇലാഹി ബഖ്ശ് ഖാദിയാനിൽ വന്ന് ലക്കുലഗാനുമില്ലാതെ തനിക്കുണ്ടായ സ്വപ്നങ്ങളും ഇൽഹാമുകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കേൾപിച്ചു. അയാൾ പറഞ്ഞു: 'ഞാൻ താങ്കളോട് ഞാനെന്തിന് താങ്കൾക്കു ബയ്അത്തു ചെയ്യണം എന്നു പറയുന്നതായി സ്വപ്നം കണ്ടു; താങ്കൾ എനിക്ക് ബയ്അത്തു ചെയ്യുക.' തുടർന്ന് തന്റെ ഈ പഴയ സുഹൃത്തിനെ നാശത്തിൽനിന്ന് രക്ഷിക്കാൻവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) അങ്ങേയറ്റം മഹത്തായ ഒരു ഗ്രന്ഥം ഉറൂറത്തുൽ ഇമാം (ഇമാമിന്റെ ആവശ്യകത) എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ട് പറഞ്ഞു: എന്റെ പ്രിയസുഹൃത്തേ! നാം ദിവ്യജ്ഞാനത്തിലും സത്യതത്ത്വങ്ങളിലും ആത്മീയാനുഗ്രഹങ്ങളിലും വിശന്നവനും ദാഹിച്ചവനുമാകുന്നു. ഒരു സമുദ്രം മുക്കിക്കുടിച്ചാലും തൃപ്തിപ്പെടുകയില്ല. ആരെങ്കിലും നമ്മെ തന്റെ ദാസ്യത്തിലേക്ക് എടുത്തുകൊള്ളാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ബയ്അത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും അതിന്റെ യഥാർഥമായ തത്ത്വജ്ഞാനവും ഉൾക്കൊണ്ടുകൊണ്ട് നാമുമായി ഈ ക്രയവിക്രയം നടത്തുന്നത് വളരെ എളുപ്പമുള്ള കാര്യമാകുന്നു. അദ്ദേഹത്തിന്റെ പക്കൽ നമുക്ക് നൽകപ്പെട്ടിട്ടില്ലാത്ത സ്വർഗ്ഗീയാനുഗ്രഹങ്ങളും സത്യതത്ത്വജ്ഞാനങ്ങളും ദിവ്യസമ്പത്തുകളും ഉണ്ടെങ്കിലും, നമുക്ക് തുറന്നുതന്നിട്ടില്ലാത്ത ഖുർആനികജ്ഞാന നിധികൾ അദ്ദേഹത്തിന് തുറന്നുകിട്ടിയിട്ടുണ്ടെങ്കിലും ബിസ്മില്ലാഹ് ആവന്ദ്യാത്മാവ് നമ്മുടെ ദാസ്യത്തിന്റേയും അനുസരണത്തിന്റേയും കൈ സ്വീകരിച്ചുകൊള്ളട്ടെ. ആത്മീയജ്ഞാനങ്ങളും ഖുർആനിക രഹസ്യങ്ങളും സ്വർഗീയാനുഗ്രഹങ്ങളും അദ്ദേഹം നമുക്ക് പകരം നല്കുകയും ചെയ്യട്ടെ! അധികമായ ക്ലേശങ്ങൾ ഏൽപിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നമ്മുടെ മുൽഹം(വെളിപാടുകാരൻ) ആയ സ്നേഹിതൻ ഏതെങ്കിലും ഒരു യോഗത്തിൽ സൂറഃഇഖ്ലാസിന്റെ തത്ത്വരഹസ്യങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിക്കട്ടെ. അതിനേക്കാൾ ആയിരം മടങ്ങ് ശ്രേഷ്ഠമായ വ്യാഖ്യാനങ്ങൾ നൽകാൻ നമുക്ക് സാധിക്കാത്തപക്ഷം നാം അദ്ദേഹത്തിന് കീഴ്വണങ്ങിക്കൊള്ളാം." (ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 498)

അവിടന്ന് പറയുന്നു: 'ഞാൻ സത്യം ചെയ്തു പറയുന്നു, എപ്രകാരം നമ്മുടെ സുഹൃത്ത് പണ്ഡിതനായ മൗലവി അബ്ദുൽ കരീം സാഹിബ് ഉപദേശപ്രസംഗ വേളയിൽ വിശുദ്ധഖുർആന്റെ സത്യതത്ത്വങ്ങളും ദിവ്യജ്ഞാനങ്ങളും വിവരിച്ചുതന്നതിന്റെ ആയിരത്തിലൊരംശംപോലും എന്റെ ബഹുമാന്യ സുഹൃത്തിന്റെ നാവിൽനിന്ന് പുറത്തുവരുമെന്ന് എനിക്ക് വിശ്വാസമില്ല.'(ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 500)

നമ്മുടെ ജമാഅത്തിൽ എന്റെ കൈയിൽ ബയ്അത്ത് ചെയ്തിട്ടുള്ള ദൈവദാസരിൽ ഉജ്ജ്വല പ്രഭാവനും മഹാപണ്ഡിതനുമായ ഒരു ധന്യാത്മാവുണ്ട്. അത് ഹക്കീം ഹാഫിള് ഹാജിയുൽ ഹറമയ്ൻ നൂറുദ്ദീൻ സാഹിബാണ്. ലോകത്തെങ്ങുമുള്ള ഖുർആൻ തഫ്സീറുകൾ അദ്ദേഹം തന്റെ പക്കൽ സൂക്ഷിച്ചുപോരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ആയിരക്കണക്കായ ഖുർആനികജ്ഞാനങ്ങളുടെ ഭണ്ഡാരമാണ്. താങ്കൾക്ക് യഥാർഥത്തിൽ ബയ്അത്ത് വാങ്ങാനുള്ള ശ്രേഷ്ഠത നല്കപ്പെട്ടിട്ടുണ്ടെങ്കിൽ ഖുർആന്റെ ഒരു അധ്യായം സത്യതത്ത്വങ്ങളോടും ദിവ്യജ്ഞാനങ്ങളോടുംകൂടി അദ്ദേഹത്തിന് കേൾപ്പിച്ചുകൊടുക്കുക. ഇക്കൂട്ടർ എന്റെ കൈകളിൽ ബയ്അത്ത് ചെയ്തിട്ടുള്ളതും മറ്റ് വെളിപാടുവാദികളെയെല്ലാം കൈയൊഴിച്ചതും ഭ്രാന്തായതുകൊണ്ടൊന്നുമല്ലല്ലോ?"

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അദ്ദേഹം തന്റെ ഇൽഹാമിയായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് മുമ്പേ തന്റെ ഖുർആനികജ്ഞാനങ്ങളുടെ മാതൃക ആദ്യം മൗലവി സാഹിബിനൊന്ന് കാണിച്ചുകൊടുക്കട്ടെ. ഈ അത്ഭുതകരമായ പ്രതിഭാസത്തിന്റെ പ്രകാശപ്പൊലിമ മുഖേന നൂറുദ്ദീനെപോലുള്ള ഒരു ഖുർആൻഭക്തനിൽനിന്ന് ബയ്അത്ത് സ്വീകരിക്കട്ടെ. അപ്പോൾ ഞാനും എന്റെ ജമാഅത്തും താങ്കളിൽ ബലിയായിരിക്കും."(ഉറൂറത്തുൽ ഇമാം, റൂഹാനീ ഖസാഇൻ വാല്യം 13, പേജ് 501)

മതപരവും ഖുർആനിക വിജ്ഞാനങ്ങളും അതിന്റെ യാഥാർഥ്യങ്ങളും തത്ത്വസാരങ്ങളും ഉൾക്കൊള്ളുന്ന പരമോന്നത സാഹിത്യത്തിൽ ഞാൻ ഇച്ഛിക്കുന്നതുപോലെയുള്ള തഫ്സീർ ഒരിക്കലുംതന്നെ മറ്റാർക്കും എഴുതാൻ കഴിയുകയില്ല. ലോകം മുഴുവനും എനിക്കെതിരിൽ ഒരുമിച്ചുകൂടി ഞാനുമായി ഏറ്റുമുട്ടിയാലും ഞാൻ തന്നെയായിരിക്കും വിജയശ്രീലാളിതനാവുകയും ദൈവാനുഗ്രഹത്താൽ എന്റേത് തന്നെയായിരിക്കും ഏറ്റവും മികച്ചുനിൽക്കുകയും ചെയ്യുക." (അയ്യാമുസ്സുൽഹ് റൂഹാനീ ഖസാഇൻ വാല്യം 14, പേജ് 407)

അവസാനമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉന്നതമായ നിർദേശങ്ങളിൽനിന്ന് ഏതാനും ചില വരികൾ സമർപിച്ചുകൊണ്ട് എന്റെ വിഷയം അവസാനിപ്പിക്കാം. ആ പുണ്യാത്മാവ് പറയുന്നു: "വിശുദ്ധഖുർആന്റെ ജ്ഞാനങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. സൂക്ഷ്മതത്ത്വങ്ങളും ദിവ്യമായ സ്വർഗീയ ദൃഷ്ടാന്തങ്ങളും അനിതരസാധാരണങ്ങളായ നിലയിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. കൂടാതെ ഇസ്ലാമിന്റെ സൗന്ദര്യവും പ്രകാശവും അനുഗ്രഹങ്ങളും ദൈവം പുതിയ രൂപത്തിൽ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു. കാണാൻ സാധിക്കുന്ന കണ്ണുള്ളവർ കാണട്ടെ. എവിടെയാണ് യഥാർഥ ആവേശമുള്ളതെന്ന് അവർ അന്വേഷിച്ചുകണ്ടെത്തട്ടെ. അല്ലാഹുവിനോടും നബി(സ)തിരുമേനിയോടുമുള്ള സ്നേഹം ഏതിലാണെന്ന് നോക്കട്ടെ. അല്ലാഹു തന്റെ പരിശുദ്ധകരങ്ങളാൽ അസ്തിവാരമിട്ട അവന് ഇഷ്ടപ്പെട്ട ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യട്ടെ. കൂടാതെ ഇപ്പോൾ വഹ്യുടേയും ഖിലാഫത്തിന്റേയും മാർഗം അടഞ്ഞുകിടക്കുന്നുവെന്നും ഇനി ദൃഷ്ടാന്തങ്ങൾ വെളിപ്പെടുകയില്ലെന്നും ദുആ സ്വീകാര്യമാവുകയില്ലെന്നും പറയുന്നത് നാശത്തിന്റെ വഴിയാണ്. അത് രക്ഷയുടെ വഴിയല്ല. ദൈവത്തിന്റെ അനുഗ്രഹങ്ങളെ നിഷേധിക്കാതിരിക്കുക. എഴുന്നേൽക്കൂ! പരിശോധിക്കൂ! അതിനുശേഷം സാമാന്യബുദ്ധിയുള്ള മനുഷ്യനാണെങ്കിൽ നിഷേധിക്കാവുന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ കഴിവുകൾ കാണുകയും അവന്റെ സത്യാത്മാക്കളിലൂടെ പ്രകടമാകുന്ന അവന്റെ കരങ്ങളിലെ പ്രകാശം ദർശിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ ഈ സത്യത്തെ മുറുകെപിടിക്കുവിൻ. (ബർക്കാത്തുദ്ദുആ, റൂഹാനീ ഖസാഇൻ വാല്യം 6. പേജ് 24)

**നബി(സ)തിരുമേനി പറഞ്ഞു:** "അസഭ്യവും അശ്ലീലവും കുടുംബബന്ധം മുറിക്കലും വിശ്വസ്തരെ വഞ്ചകരായി കാണലും വഞ്ചകരെ വിശ്വസ്തരായി ധരിക്കലും ഖിയാമത്തിന്റെ അടയാളങ്ങളിൽപ്പെട്ടതാകുന്നു."

**(അഹ്മദ്)**

പേജ് 1 ൽ നിന്ന് ⤵

## മസീഹ് മൗഊദിന്റെ മരണത്തിനു വേണ്ടി ആരൊക്കെയാണോ പ്രാർഥിച്ചത് അതിവേഗം അവർ മരണത്തെ സ്വയം കഴുത്തിലണിഞ്ഞു.

“നബി(സ) തിരുമേനിയുടെ കാലത്തിനുശേഷം ഏതെങ്കിലും ദൈവദാസനും സത്യാത്മാവിനുമെതിരിൽ എന്റെ ശത്രുക്കൾക്ക് എനിക്കെതിരിലുണ്ടായതുപോലെ ഇത്ര വ്യക്തവും തെളിമയാർന്നതുമായ പരാജയവും നിന്ദ്യതയും എപ്പോഴെങ്കിലും ആർക്കെങ്കിലുമുണ്ടായിട്ടുണ്ടെന്ന് ഞാനൊരിക്കലും വിശ്വസിക്കുന്നില്ല. അവർ എന്റെ അന്തസ്സിനുമേൽ ആക്രമണം നടത്തിയപ്പോൾ അവർതന്നെ നിന്ദ്യരായി. എന്റെ ജീവനുമേൽ ആക്രമണം നടത്തി, ഇയാളുടെ സത്യത്തിന്റേയും കളവിന്റേയും കാലാവധി ഇതാണെന്നും തങ്ങൾക്കുമുമ്പേ ഇയാൾ മരിക്കുമെന്നും പറഞ്ഞവർ സ്വയം മരിച്ചു. മൗലവി ഗുലാം ദസ്തഗീറിന്റെ ഗ്രന്ഥം കാലങ്ങളായി പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്.

എത്ര തന്റേടത്തോടുകൂടിയാണ് അയാൾ എഴുതുന്നത്, ഞങ്ങളിലാരാണോ കള്ളവാദി അയാൾ ആദ്യം മരിക്കുമെന്ന്. പിന്നീട് അയാൾതന്നെ മരിച്ചു. ആരാണോ എന്റെ മരണം കൊതിച്ചത്, ഞങ്ങളിലാരാണോ കള്ളവാദി അവൻ ആദ്യം മരിക്കുമെന്ന് പറഞ്ഞത് അവസാനം അയാൾ മരിച്ചു. ഒന്നല്ല രണ്ടല്ല. പ്രത്യുത അഞ്ചുപേർ അങ്ങനെതന്നെ പറയുകയും ഈ ലോകത്തുനിന്ന് വിടപറയുകയും ചെയ്തു.” (തുഹ്ഫഗോൾഡവിയ, റൂഹാനീ ഖസാഇൻ, വാള്യം 17, പേജ് 46)

## ഒരു ലോകത്തെ അടിമകളെ പോലെ ശിഷ്യന്മാരാക്കി. ഭൂമിയുടെ അറ്റങ്ങളോളം പ്രശസ്തി നല്കുകയും ചെയ്തു.

ഒന്നാമതായി നിങ്ങളിൽനിന്നുള്ള അലീഗഢുകാരനായ മൗലവി ഇസ്മായീൽ എനിക്കെതിരിൽ ഞങ്ങളിൽ ആരാണോ കള്ളവാദി അയാൾ ആദ്യം മരിക്കുമെന്ന് പറഞ്ഞു. നിങ്ങൾക്കറിയാം അയാൾ മരിച്ചിട്ട് 10 വർഷം കഴിഞ്ഞു. മണ്ണിൽ അയാളുടെ എല്ലുകൾപോലും ഇപ്പോൾ കിട്ടുകയില്ല. പിന്നീട് പഞ്ചാബിൽ മൗലവി ഗുലാം ദസ്തഗീർ ഖസ്വൂരി എഴുന്നേറ്റു. താൻ എന്തൊക്കെയോ ആണെന്ന് അയാൾ കരുതി. അയാൾ തന്റെ ഗ്രന്ഥത്തിൽ എനിക്കെതിരെ ഞങ്ങളിൽ ആരാണോ വ്യാജവാദി അയാൾ മുമ്പേ മരിക്കുമെന്ന് എഴുതി; വർഷങ്ങളായി ഗുലാം ദസ്തഗീറും മരിച്ചിട്ട്. പ്രസിദ്ധീകരിച്ച ആ ഗ്രന്ഥം ഇപ്പോഴുമുണ്ട്. ഇപ്രകാരംതന്നെ മൗലവി റശീദ് അഹ്മദ് ഗംഗോഹി എഴുന്നേറ്റു. എനിക്കെതിരിൽ ഒരു നോട്ടീസിറക്കി. വ്യാജന്റെമേൽ ലഅ്നത്ത് ചൊല്ലി. അല്പനാളുകൾക്കുള്ളിൽ അന്ധനായി. നോക്കൂ! പാഠം പഠിക്കുക. പിന്നീട് ലഘോക്കെകാരനായ മൗലവി ഗുലാം മുഹ്‌യിദ്ദീൻ എഴുന്നേറ്റു. അയാളും അത്തരത്തിലുള്ള ഇൽഹാം പ്രസിദ്ധീകരിച്ചു. അവസാനം അയാളും വേഗം ലോകത്തുനിന്ന് വിടവാങ്ങി. പിന്നീട് അബ്ദുൽ ഹഖ് ഗസ്നവി എഴുന്നേറ്റു. മുഖാമുഖം മുബാഹല ചെയ്ത് പ്രാർഥനകൾ നടത്തി; വ്യാജവാദിയുടെമേൽ അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ. അനുഗ്രഹങ്ങൾ ഉണ്ടാകാതിരിക്കട്ടെ. ലോകത്ത് അയാളുടെ ദുആ സ്വീകാരത്തിന്റെ പേരും അടയാളവും പോലും ഉണ്ടായില്ല. അതിനാൽ അയാളുടെ ആ പ്രാർഥനകൾക്ക് എന്തു ഫലമാണുണ്ടായതെന്ന് നിങ്ങൾ സ്വയം നോക്കുക; ഇപ്പോൾ അയാൾ ഏതവസ്ഥയിലാണെന്നും ഞാൻ ഏതവസ്ഥയിലാണെന്നും. നോക്കുക! ഈ മുബാഹലയ്ക്കുശേഷം എല്ലാ ഓരോ കാര്യത്തിലും അല്ലാഹു നമുക്ക് അഭിവൃദ്ധിനല്കി. വലിയ വലിയ അടയാളങ്ങൾ വെളിപ്പെടുത്തി. ആകാശത്തുനിന്നും ഭൂമിയിൽനിന്നും ഒരു ലോകത്തെ എന്നിലേക്കു മടക്കിത്തന്നു. മുബാഹല ഉണ്ടായപ്പോൾ നാല്പതു പേരാണെന്നു തോന്നുന്നു എന്റെ സ്നേഹിതന്മാരായുണ്ടായിരുന്നത്. ഇന്ന് അവരുടെ സംഖ്യ എഴുപതിനായിരത്തിനടുത്താണ്. സാമ്പത്തികമായ വിജയങ്ങൾ ഇതുവരെ രണ്ടുലക്ഷം രൂപയേക്കാളധികമാണ്. ഒരു ലോകത്തെ അടിമയെപോലെ ശിഷ്യന്മാരാക്കി. ഭൂമിയുടെ അറ്റങ്ങളോളം എനിക്ക് പ്രശസ്തി നല്കി. കൗതുകമുണ്ടാകുന്നത് ആദ്യം ഖാദിയാനിൽ വരികയും എന്റെ ശിഷ്യന്മാരുടെ സൈന്യം എത്രത്തോളം ഇവിടെ തമ്പടിച്ചിരിക്കുന്നുവെന്ന് നോക്കിക്കാണുകയും ചെയ്യുമ്പോഴാണ്. പിന്നീട് അമൃതസറിൽ അബ്ദുൽഹഖ് ഗസ്നവിയെ ഏതെങ്കിലും കടയിലോ അല്ലെങ്കിൽ ചന്തയിലോ നടക്കുന്നത് നോക്കുക; ഏതവസ്ഥയിലാണ് നടക്കുന്നതെന്ന്. അഹോ കഷ്ടം! അല്ലാഹുവിന്റെ ശക്തി പരസ്യമായ നിലയിൽ എന്നെ പിന്തുണച്ചുകൊണ്ട് ആകാശത്തിന് ഇറങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ, ഇക്കൂട്ടർ തിരിച്ചറിയുന്നില്ല.” (നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ, വാള്യം 18, പേജ് 409)

## മസീഹ് മൗഊദ് മരിക്കാൻ ആയിരം മൗലവി ദുആ ചെയ്താലും അവരെല്ലാവരും നശിച്ചൊടുങ്ങുന്നതായിരിക്കും

ചിലർ എന്റെ ദിവ്യദൃഷ്ടാന്തങ്ങൾ വെളിപ്പെട്ടതുനിമിത്തം എന്റെ ശത്രുക്കളായിത്തീർന്നു. അവർ എന്നെ എതിരിൽ നിറുത്തി ഞങ്ങളിലാരാണോ കള്ളവാദി അവൻ ആദ്യം മരിക്കണമെന്ന് സ്വയം ദുആ ചെയ്തു;മൗലവി ഗുലാം ദസ്തഗീർ ഖസ്വൂരിയും മൗലവി ഇസ്മായീൽ അലീഗഢിയും പരേതനായ മുഹമ്മദു ഹുസയനും കള്ളവാദിയുടെമേൽ ലഅ്നത്തു ചൊല്ലി ദുആ ചെയ്തതുപോലെ. അവരെല്ലാവരും മരിച്ചൊടുങ്ങി. ദൃഢഗാഢമായി മനസിലാക്കിക്കൊള്ളുക, എന്നെ എതിരിൽ നിറുത്തി അവരിൽ ആയിരം മൗലവി ഞങ്ങളിൽ കള്ളവാദി ആദ്യം മരിക്കണമെന്ന് ദുആ ചെയ്തിരുന്നുവെങ്കിൽ തീർച്ചയായും അവരിലെല്ലാ ഉലമാ സംഘവും ഇവർ മരിച്ചൊടുങ്ങിയതുപോലെ മരിക്കുമായിരുന്നു. അഹങ്കാരിയായ ഏതെങ്കിലും മൗലവിയ്ക്ക് ഇതിൽ സംശയമുണ്ടോ?” (നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 466, അടിക്കുറിപ്പ്)

ജമാഅത്തിന്റെ ആയിരക്കണക്കിന് ശത്രുക്കൾ പ്ലേഗ് ബാധിച്ചു മരിച്ചു. സിർറുൽഖിലാഫ എന്ന ഗ്രന്ഥത്തിന്റെ 62-ാം പേജിൽ എതിരാളികളുടെ മേൽ നാശം പതിക്കുന്നതിനും അവരെ പ്ലേഗ് ബാധിക്കുന്നതിനും ദുആ ചെയ്തിട്ട് ഒമ്പതുവർഷം കഴിഞ്ഞു. ഇതുവരെ ആയിരക്കണക്കിന് എതിരാളികൾ പ്ലേഗും മറ്റു ദുരന്തങ്ങളും മുഖേന നാശമടഞ്ഞു കഴിഞ്ഞിരിക്കുന്നു. ആ ദുആ ഇങ്ങനെയായിരുന്നു.

وخذ ربّ مَن عادى الصّلاح و مُفسدًا
و نزّل عليه الرِجز حقًّا و دَمّرِ
وَفَرِّجْ كُرُوبِيْ يَا كَرِيْمِى وَ نَجِّنِىْ
و مزّق خصيمى يَا اِلٰهى و عَفّرِ

തർജമ: “എന്റെ അല്ലാഹുവേ! കുഴപ്പക്കാരായ എല്ലാവരുടേയുംമേൽ പ്ലേഗ് ഇറക്കിയോ മറ്റേതെങ്കിലും വിപത്തുകൊണ്ടോ നീ നശിപ്പിച്ചാലും അല്ലെങ്കിൽ മറ്റേതെങ്കിലും ശിക്ഷ നല്കിയാലും. എനിക്കു വിഷമങ്ങളിൽനിന്ന് മോചനം നല്കിയാലും. എന്റെ ശത്രുവിനെ ധൂളീകരിച്ചാലും. അവരെ മണ്ണിനോടു ചേർത്താലും. മൺതരിയാക്കിയാലും. മണ്ണിൽ കുഴിച്ചുമൂടിയാലും. അങ്ങനെ രാജ്യത്ത് പ്ലേഗിറങ്ങി. നമ്മുടെ ജമാഅത്തിന്റെ ശത്രുക്കളായ ആയിരക്കണക്കിന് ലുബ്ധന്മാർ പ്ലേഗ് ബാധിച്ചു മരിച്ചു. തിരഞ്ഞെടുക്കപ്പെട്ട മൗലവിമാരെ കുറിച്ചല്ലാതെ വരും കാലത്തെ കുറിച്ച് വിവരമൊന്നുമില്ല. അവരിൽ ചിലർ അന്ധരായി. ചിലർ ചെകിടരായി. ചിലർ ഭ്രാന്തരായി. അവരിൽ ധാരാളമാളുകൾ മരിച്ചൊടുങ്ങി. ഈ ദുആയുടെ ഫലമായാണ് മൗലവി ശാഹ്ദീൻ ഭ്രാന്തനായത്. റശീദ് അഹ്മദ് ഗംഗോഹി അന്ധനായി.(പിന്നീട് പാമ്പ് കടിച്ചുമരിച്ചു.വിവ:) മുഹമ്മദ് ബഖ്ശ് പ്ലേഗ് ബാധിച്ചു മരിച്ചു. ലുധിയാനയിലെ മൂന്നു മൗലവിയും നാശമടഞ്ഞു. മുഹമ്മദ് ഹസൻ ഭീൻ നശിപ്പിക്കപ്പെട്ടു. ഗുലാം ദസ്തഗീർ ഖസ്വൂരി നശിപ്പിക്കപ്പെട്ടു. ലഘോക്കെക്കാരനായ മുഹ്‌യിദ്ദീൻ നശിപ്പിക്കപ്പെട്ടു. അസ്ഗർ അലിയുടെ ഒരു കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. മൗലവി മുഹമ്മദ് ഹുസയ്ൻ നിന്ദ്യതയുടെ ദുആയ്ക്ക് വിധേയനായി.”(നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18 പേജ് 534)

## ചീത്തവിളിക്കുന്നതിൽ ഒന്നാമനായ സഅ്ദുല്ലാഹ് ലുധിയാനവിയുടെ നാശം!

മുൻശീ സഅ്ദുല്ലാഹ് ലുധിയാനവി ദുർഭാഷണത്തിലും ചീത്തവിളിയിലും അതിരുകടക്കുകയും തന്റെ പദ്യങ്ങളിലും ഗദ്യങ്ങളിലും എത്രമാത്രം എന്നെ ചീത്ത പറഞ്ഞുവെന്നാൽ, പഞ്ചാബിലെ മുഴുവൻ ദുർഭാഷികളായ ശത്രുക്കളിലുംവച്ച് ഒന്നാമനായ വൃത്തികെട്ട നാവിന്റെ ഉടമയാണ് അയാളെന്ന് ഞാൻ കരുതുന്നു. അപ്പോൾ ഞാൻ അയാൾ എന്റെ ജീവിതകാലത്തുതന്നെ അപജയനായി മരിക്കണമെന്ന് അല്ലാഹുവിന്റെ സവിധത്തിൽ ദുആ ചെയ്തു. അങ്ങനെ നിന്ദ്യനായി അയാൾ മരിച്ചു. കേവലം ചീത്തവിളി മാത്രമായിരുന്നില്ല ഈ ദുആ ചെയ്യാൻ കാരണം. മറിച്ച് ഏറ്റവും വലിയ കാരണം അയാൾ എന്റെ മരണം മോഹിച്ചിരുന്നുവെന്നതാണ്.........ഈ ആഗ്രഹം എല്ലാ ശത്രുക്കളിലും ഉണ്ടാകുമെങ്കിലും അയാളുടെ ജീവിതത്തിൽത്തന്നെ ഞാൻ മരിക്കണമെന്നത് അയാളുടെ ആഗ്രഹമായിരുന്നു. പക്ഷേ, ഇയാൾ എല്ലാവരേയും കവച്ചുവച്ചു. ലോകമുണ്ടായ കാലംമുതൽ അത്തരം വൃത്തികെട്ട ചീത്തകൾ ഏതെങ്കിലും നബിയേയോ മുർസലിനേയോ എന്നെ ഇയാൾ പറഞ്ഞതുപോലെ ആരെങ്കിലും പറഞ്ഞിട്ടുള്ളതായി ഞാൻ കരുതുന്നില്ല...... ഈ എല്ലാ കാര്യങ്ങളും കാണത്താൽ ഞാൻ അയാളെ കുറിച്ച് ഇങ്ങനെ ദുആ ചെയ്തു: എന്റെ ജീവിതത്തിൽ അയാളെ പരാജയപ്പെടുത്തുകയും നിന്ദ്യനാക്കി മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹു അങ്ങനെതന്നെ ചെയ്തു. 1907 ജനുവരി ആദ്യത്തെ ആഴ്ചതന്നെ നിമോണിയപ്ലേഗ് ബാധിച്ച് ഈ ലോകത്തുനിന്ന് ആയിരക്കണക്കിന് ദുഃഖത്തോടെ വിടപറഞ്ഞുപോയി.” (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാള്യം 22, പേജ് 435)

## സത്യസന്ധമായ വാദം എല്ലാ വശത്തൂടെയും തിളങ്ങുന്നു

“സത്യസന്ധതയിലധിഷ്ഠിതമായ വാദം, അതിനോടൊപ്പം ഒരേ തരത്തിലുള്ള തെളുവുകളല്ല ഉൾക്കൊള്ളുന്നത്. മറിച്ച് നാലുഭാഗവും മിന്നിത്തിളങ്ങുന്ന വൈരക്കല്ലുപോലെ ആ വാദവും എല്ലാ വശത്തൂടെയും തിളങ്ങുന്നു. അതിനാൽ ഞാൻ ശക്തമായും പറയുന്നു, മസീഹ് മൗഊദാണെന്നുള്ള എന്റെ വാദം എല്ലാ വശത്തൂടെയും തിളങ്ങിക്കൊണ്ടിരിക്കുന്ന തേജോവിലാസത്തോടുകൂടിയതാണ്.” (ലക്ചർ ലാഹോർ, റൂഹാനീ ഖസാഇൻ, വാള്യം 20, പേജ് 188)

ധാരാളം ഈമാൻ വർധക മാർഗോപദേശങ്ങളിൽനി ന്ന് വളരെ കുറച്ചേ അവതരിപ്പിക്കാൻ സാധിച്ചിട്ടുള്ളു. അല്ലാഹു എല്ലാവർക്കും പ്രത്യേകിച്ചും നമ്മുടെ മുസ്‌ലിം സഹോദരങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തിരിച്ചറിയാനും അദ്ദേഹത്തെ വിശ്വസിക്കാനും തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ. അദ്ദേഹം പറയുന്നു:“അല്ലയോ ജനങ്ങളെ കേട്ടുകൊള്ളുക! ഭൂമിയും ആകാശവും സൃഷ്ടിച്ച അല്ലാഹുവിന്റെ പ്രവചനമാണിത്. അവൻ തന്റെ ഈ ജമാഅത്തിനെ സകല രാജ്യങ്ങളിലും വ്യാപിപ്പിക്കുന്നതാണ്. തെളിവുകളുടേയും പ്രമാണങ്ങളുടേയും അടിസ്ഥാനത്തിൽ എല്ലാത്തിന്റേയുംമേൽ അതിനു വിജയം നല്കും. ആ നാൾ വരുന്നു! എന്നല്ല അതടുത്തെത്തിയിരിക്കുന്നു! ലോകത്ത് ആദരവോടെ സ്മരിക്കപ്പെടുന്ന മതം ഇതൊന്ന് മാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ ജമാഅത്തിലും അങ്ങേയറ്റം ദർജയുള്ളതും അസാധാരണമായതുമായ അനുഗ്രഹങ്ങൾ ചൊരിയുന്നതായിരിക്കും. ഇതിനെ ഉന്മൂലനം ചെയ്യാൻ ചിന്തിക്കുന്ന എല്ലാ ഓരോരുത്തരേയും പരാജയപ്പെടുത്തുന്നതായിരിക്കും. ഈ വിജയം എന്നെന്നും നിലനില്ക്കും; ഖിയാമത്തുന്നാൾവരുന്നതുവരെ! (തദ്ക്കിറത്തു ശ്ശഹാദത്തയ്ൻ പേജ് 67) – **(മൻസ്വൂർ അഹ്മദ് മസ്റൂർ)**